Newspaper for Malayalees Worldwide ◆Estd.2020

# വാചകം
# VACHAKAM

CHICAGO
Vol.5 / Issue 10/ Pages32
01
ഒക്ടോബർ 2025
ബുധനാഴ്ച
1201 കന്നി 15

www.vachakam.com
news@vachakam.com

02 America | 11 Canada | 12 Keralam | 17 India | 20 Socialmedia | 22 Cinema | 26 Sports | 28 Technology | 30 World



Newspaper for Malayalees Worldwide ◆Estd.2020

# വാചകം
# VACHAKAM

CHICAGO
Vol.5 / Issue 10/ Pages 32
01
ഒക്ടോബർ 2025
ബുധനാഴ്ച
1201 കന്നി 15

www.vachakam.com
news@vachakam.com

02 America | 11 Canada | 12 Keralam | 17 India | 20 Socialmedia | 22 Cinema | 26 Sports | 28 Technology | 30 World

# യുഎസിൽ സർക്കാർ സ്തംഭിച്ചോ?



## ഷട്ട്ഡൗൺ രാഷ്ട്രീയ നാടകമോ?

ഷട്ട്ഡൗണിലേയ്ക്ക് നീങ്ങിയിരിക്കുകയാണ് അമേരിക്കയിൽ സർക്കാർ. യുഎസ് ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് അനുവദിക്കുന്നതിനായുള്ള ധനബില്ല് പാസാക്കുന്നതിൽ യുഎസ് കോൺഗ്രസിലെ ഡെമോക്രാറ്റുകളും റിപ്പബ്ലിക്കൻമാരും തമ്മിൽ ധാരണയിലെത്താത്തതിനെ തുടർന്നാണ് സർക്കാർ ഷട്ട്ഡൗണിലേയ്ക്ക് നീങ്ങിയത്. എന്നാൽ ഷട്ട്ഡൗണുമായി ബന്ധപ്പെട്ട് നിരവധി ഊഹാപോഹങ്ങളും പുറത്തുവരുന്നുണ്ട്.എന്താണ് ഈ ഷട്ട്ഡൗൺ, എങ്ങനെയാണ് ഇത് സംഭവിക്കുന്നത്, ഇത് അമേരിക്കയിലെ സാധാരണക്കാരെ എങ്ങനെയാണ് ബാധിക്കുന്നത് എന്നെല്ലാം ഒന്ന് പരിശോധിക്കാം.ഇപ്പോൾ സർക്കാർ സ്ഥാപനങ്ങൾ ഏതാണ്ട് ഭാഗികമായി അടച്ചുപൂട്ടിയ നിലയിലാണ്. യുഎസിലെ എല്ലാ സർക്കാർ വകുപ്പുകളും ഇതോടെ സ്തംഭിക്കുമെന്നാണ് റിപ്പോർട്ടുകൾ പറയുന്നത്.

**നിക്ഷേപകർക്കും ഉദ്യോഗസ്ഥർക്കും തലവേദന**: കഴിഞ്ഞ അരനൂറ്റാണ്ടായുള്ള ചരിത്രത്തിൽ മുമ്പത്തെ 20 അടച്ചുപൂട്ടലുകൾ ശരാശരി എട്ട് ദിവസം നാല് ദിവസം മാത്രമാണ് നീണ്ടുനിന്നത്. ചില സർക്കാർ സേവനങ്ങളും ഫെഡറൽ തൊഴിലാളികൾക്കുള്ള ശമ്പളവും താൽ

ശേഷം പേജ് 8ൽ

## 'ഖത്തറിനെ തൊട്ടാൽ സൈനിക നടപടി ഉൾപ്പെടെ ഉറപ്പാക്കും'; ഉത്തരവിൽ ഒപ്പുവെച്ച് ട്രംപ്



വാഷിംഗ്ടൺ: ഖത്തറിനെ ഏതെങ്കിലും രാജ്യം ആക്രമിച്ചാൽ സൈനിക നടപടി ഉൾപ്പെടെയുള്ള സുരക്ഷ ഉറപ്പാക്കുമെന്ന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. ഇതു സംബന്ധിച്ച എക്സിക്യൂട്ടീവ് ഉത്തരവിൽ ട്രംപ് ഒപ്പുവച്ചു. ഹമാസ് നേതാക്കളെ ലക്ഷ്യമിട്ട് ഖത്തർ തലസ്ഥാനമായ ദോഹയിൽ ഇസ്രയേൽ വ്യോമാക്രമണം നടത്തി ഏതാനും ദിവസങ്ങൾക്കു ശേഷമാണ് എക്സിക്യൂട്ടീവ് ഉത്തരവിൽ ട്രംപ് ഒപ്പിട്ടത്. ഖത്തറിനെതിരായ ആക്രമണം യുഎസിന് ഭീഷണിയാണെന്നും ഖത്തറിന്റെ പരമാധികാരത്തിനോ അടിസ്ഥാന സൗകര്യങ്ങൾക്കോ നേരെയുള്ള ഏതൊരു സായുധ ആക്രമണത്തെയും ഭീഷണിയായി കണക്കാക്കുമെന്നും എക്സിക്യൂട്ടീവ് ഉത്തരവിൽ പറയുന്നു. ആക്രമണം ഉണ്ടായാൽ, യുഎസിന്റെയും ഖത്തറിന്റെയും താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും സമാധാനവും സ്ഥിരതയും പുനസ്ഥാപിക്കുന്നതിനും നയതന്ത്രപരവും സാമ്പത്തികവും ആവശ്യമെങ്കിൽ സൈനികവുമായ എല്ലാ നിയമപരവും ഉചിതവുമായ നടപടികളും അമേരിക്ക സ്വീകരിക്കുമെന്ന് ട്രംപ് വ്യക്തമാക്കി. ഖത്തറിൽ യുഎസ് സൈന്യത്തിന് താവളം ഉണ്ട്. പകരമായി ഖത്തറിന്റെ സുരക്ഷയും യു

ശേഷം പേജ് 8ൽ

മുതിർന്ന കുട്ടികൾക്കായി ഒരു വിനോദം (സി.രാധാകൃഷ്ണൻ എഴുതുന്നു)... പേജ് 07

കോടതികളുടെയും കണ്ണു കെട്ടും; കുതന്ത്രങ്ങളുമായി ക്വാറി മാഫിയ ........................ പേജ് 15

കരയോഗ വിലാസം ശരിദൂരം തേടി മുന്നണികൾ .................. പേജ് 16


ജനങ്ങളുടെ കണ്ണീർക്കായലിലാണോ തള്ളുകൊണ്ടുള്ള വള്ളംകളി? ................................ പേജ് 24

വാങ്ചുക്ക് ലഡാക്കിന്റെ പ്രിയ പുത്രനോ? ...................... പേജ് 25

ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

# സഹനത്തിന്റേയും അഹിംസയുടേയും പ്രതീകം: ഇന്ന് ഗാന്ധി ജയന്തി



രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ 156-ാം ജന്മദിനമാണ് ഒക്ടോബർ രണ്ടിന് രാജ്യം കൊണ്ടാടുന്നത്. ഒരു ആയുഷ്കാലം മുഴുവൻ സത്യത്തിനും അഹിംസയ്ക്കും വേണ്ടി നിലകൊണ്ട്, രാജ്യത്തിന് സ്വാതന്ത്ര്യം നേടിക്കൊടുത്ത മഹാനാണ് മോഹൻദാസ് കരംചന്ദ് ഗാന്ധി എന്ന മഹാത്മാ ഗാന്ധി. ഗാന്ധിജിയോടുള്ള ആദരസൂചകമായി ഐക്യരാഷ്ട്രസഭ ഇതേ ദിവസം അന്താരാഷ്ട്ര അഹിംസാദിനമായി ആചരിക്കുന്നു.

എല്ലാ വർഷവും ഒക്ടോബർ രണ്ടിന് രാജ്യം മുഴുവൻ ഗാന്ധി ജയന്തി ആഘോഷിക്കുന്നു. 156 വർഷങ്ങൾക്ക് മുമ്പ്, ഈ ദിവസം ആണ് 'ബാപ്പു' എന്നും 'രാഷ്ട്രപിതാവ്' എന്നും അറിയപ്പെടുന്ന മഹാത്മാ ഗാന്ധിജി ജനിച്ചത്. ഗാന്ധിജിയുടെ അഹിംസാത്മക പ്രത്യയശാസ്ത്രം മൂലമാണ് ഒക്ടോബർ 2 അന്താരാഷ്ട്ര അഹിംസ ദിനമായി മാറിയത്.

എന്റെ ജീവിതമാണ് എന്റെ സന്ദേശം എന്ന് ലോകത്തോട് വിളിച്ച് പറഞ്ഞ മഹാത്മാ ഗാന്ധിയ്ക്ക് സ്വതന്ത്ര ഇന്ത്യയിൽ ഒരു വർഷം പോലും തികച്ച് ജീവിക്കാനായില്ല. 1948 ജനുവരി 30 ന് നഥുറാം വിനായക് ഗോഡ്സെ എന്ന മതഭ്രാന്തൻ മഹാത്മാ ഗാന്ധിയെ വെടിവെച്ച് കൊലപ്പെടുത്തുകയായിരുന്നു.

# 500 ബില്യൺ ഡോളർ ആസ്തി! മസ്കിന് മുകളിൽ പരുന്തും പറക്കില്ല



വാഷിംഗ്ടൺ : ശതകോടീശ്വരനും ടെസ്‌ല സിഇഒയുമായ ഇലോൺ മസ്കിന്റെ ആസ്തി 500 ബില്യൺ ഡോളറിലെത്തി. ഫോബ്സിന്റെ ശതകോടീശ്വരന്മാരുടെ സൂചിക പ്രകാരം അദ്ദേഹത്തിന്റെ നിലവിലെ ആസ്തി 500.1 ബില്യൺ ഡോളറാണ്. ഈ വർഷം ഇലക്ട്രിക് കമ്പനിയുടെ ഓഹരികളിലെ തിരിച്ചുവരവും ടെക് സംരംഭകന്റെ മറ്റ് സ്റ്റാർട്ടപ്പുകളുടെ മൂല്യം കുതിച്ചുയർന്നതും ഇതിന് കാരണമായി.

ടെസ്‌ല മസ്കിന്റെ സമ്പത്തിന്റെ ഏറ്റവും വലിയ ചാലകശക്തിയായി തുടരുന്നു. ഇലക്ട്രിക് കാർ നിർമ്മാതാക്കളായ കമ്പനിയുടെ ഓഹരികൾ ഈ വർഷം 14 ശതമാനത്തിലധികം ഉയർന്നു, ബുധനാഴ്ച മാത്രം ഏകദേശം 4 ശതമാനം വർധനവ് ഉൾപ്പെടെ. ആ ഒറ്റ ദിവസത്തെ മൂല്യം മസ്കിന്റെ സ്വകാര്യ സമ്പത്തിലേക്ക് 7 ബില്യൺ യുഎസ് ഡോളറിലധികം ചേർത്തു.

ഫോർബ്സിന്റെ ശതകോടീശ്വരന്മാരുടെ റാങ്കിംഗിൽ രണ്ടാം സ്ഥാനത്ത് വളരെ പിന്നിലായി ഒറാക്കിൾ സഹസ്ഥാപകൻ ലാറി എലിസണാണ്.

ബുധനാഴ്ചത്തെ കണക്കനുസരിച്ച് അദ്ദേഹത്തിന്റെ ആസ്തി ഏകദേശം 351.5 ബില്യൺ യുഎസ് ഡോളറായിരുന്നു.

# അടുത്ത ലക്കത്തിൽ ആരംഭിക്കുന്നു..! പുലിറ്റ്സർ ജേതാവ്

**ആമുഖം**

വാചകം ന്യൂസ് വാരികയുടെ ഒട്ടേറ വായനക്കാരുടെ അഭിപ്രായത്തെ മാനിച്ച് ഞങ്ങൾ ഇതാ ഒരു നോവൽ പ്രസിദ്ധീകരിക്കുകയാണ്. ഇതൊരു സാധാരണ ത്രില്ലർ നോവലോ പൈങ്കിളക്കഥയോ അല്ല.

ഇതൊരു ടൈം ട്രാവർ ഇൻഫോടെയിൻമെന്റ് ഫിക്ഷൻ നോവലാണ്. മലയാളഭാഷയിൽ ഇത്തരമൊന്ന് ഇതാദ്യം. ഈ നോവലിൽ ഉൾപ്പെട്ടിരിക്കുന്ന കലാസൃഷ്ടികളും സാഹിത്യ, ശാസ്ത്ര, ചരിത്ര പരാമർശങ്ങളും സ്ഥലവും കാലവും തികച്ചും വാസ്തവങ്ങളാണ്. സ്വകാര്യത സംരക്ഷിക്കുന്നതിനും സുരക്ഷാപരമായ കാരണങ്ങളാലും അതിന്റെ പേര് മാറ്റിയിട്ടുണ്ട്.

കേരളത്തിൽ ഇടുക്കി ജില്ലയിലെ ചെപ്പുകുളം എന്ന മലയോരപ്രദേശത്ത് ജനിച്ച റോബിൻസ് എന്ന അനാഥന്റെ കഥയാണിത്. അവനെ ഫാ. ജയിംസ് എടുത്തുവളർത്തി ലോകത്തിന്റെ നെറുകയിലെത്തിക്കുന്നു. ക്ലേശകരമായ ചുറ്റുപാടിൽ വളർന്നു ആ ചെറുപ്പക്കാരൻ. അവന്റെ പ്രേമഭാജനം. ഒടുവിൽ അയാൾ ലോകം അറിയുന്ന പത്രപ്രവർത്തകനും പുലിറ്റ്സർ ജേതാവുമായിമാറുന്ന അതിസാഹസികമായ കഥ.




ജീവിതത്തോട് പടപൊരുതി വിജയം വരിച്ച, ജീവിച്ചിരുന്ന കുറെ പ്രഗത്ഭരുടെ ജീവിതം ഒരു ഇൻഫോടൈംൻമെന്റ് ഫിക്ഷനായി അവതരിപ്പിക്കുന്നു. അമേരിക്കൻ-ആഫ്രിക്കൻ രാജ്യങ്ങളിലെ ന്യൂസ് റിപ്പോർട്ടിംഗിനിടെ നേരിടേണ്ടി വരുന്ന ഭയാനകമായ സംഭവങ്ങൾ, കണ്ടുമുന്ന വേറിട്ട വ്യക്തിത്വങ്ങൾ, കപ്പലപകടത്തിൽ കടലിൽ അനുഭവപ്പെട്ട ദുരിതങ്ങൾ. അവിടെ നിന്നും കരകയറി ചെന്നെത്തുന്നത് തലവെട്ടികളുടെ നാട്ടിൽ. അത് പിന്നീട് ആ ചെറുപ്പക്കാരന്റെ ജീവിതഗതിയെതന്നെ മാറ്റിമറിച്ചു.

എല്ലാത്തരം വായനക്കാരേയും മോട്ടിവേറ്റ് ചെയ്യാനുതകുന്ന രീതി അവലംബിച്ചുകൊണ്ടുള്ള അതിമനോഹരമായ രചനാ രീതി.

പ്രേമം, കാമം, രതി, ജിവിതരീതി, സാഹസീക യാത്രകൾ... എല്ലാം ചേരുംപടി ചേർത്ത് മലയാളഭാഷയിൽ പുതിയൊരു വായനാനുഭവം സമ്മാനിക്കുന്ന കൃതി..! ഓരോ വായനക്കാരനും ഏതെങ്കിലുമൊക്കെ അവസരത്തിൽ ഇതിലെ കഥാപാത്രമായി മറുന്നൊരനുഭവം ഉറപ്പായും ഉണ്ടെന്ന മറ്റൊരു പ്രത്യേകതയും ഇതിനുണ്ട്.

വായനക്കാരെ പ്രചോദിപ്പിക്കുകയും കർമ്മനിരതരാക്കുകയും ചെയ്യുന്നതോടൊപ്പം 'അസാധ്യം' എന്ന് നിങ്ങൾ കരുതിപ്പോരുന്നതുപലതും സാധ്യമാണെന്നു ബോധ്യപ്പെടുത്തുന്നു. എഴുത്തുകാരന്റെ മനശ്ശക്തി പരിശീലന രംഗത്തെ പതിറ്റാണ്ടുകളായുള്ള അനുഭവസമ്പത്ത് ഇതിലെ ഉള്ളടക്കത്തിന്റെ മാറ്റ് വർദ്ധിപ്പിക്കുന്നു.

ഭരത് അവാർഡ് നേടിയ അനശ്വരകലാകാരനായ പി.ജെ. ആന്റണിയുടെ ജീവിതത്തെ ആസ്പദമാക്കി മാതൃഭൂമി ബുക്സ് പ്രസിദ്ധീകരിച്ച ഭരതനടനം എന്ന നോവലിനു ശേഷം മുതിർന്ന പത്രപ്രവർത്തകനും ഞങ്ങളുടെ പത്രാധിപരുമായ ശ്രീ. ജോഷി ജോർജ് എഴുതുന്ന നോവൽ ആടുത്തലക്കത്തിൽ ആരംഭിക്കുന്നു. തുടക്കം മുതൽ ഇത് വായിക്കുകയും അഭിപ്രായം അറിയിക്കുകയും ചെയ്യണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം
**ജോസ് ചെന്നിക്കര**
**ചെയർമാൻ & സിഇഒ,**
**വാചകം ന്യൂസ്, ഷിക്കാഗോ**

Published from Chicago by Vachakam Ltd, 1001 E. Chicago Ave. Ste.151, Naperville Illinois 60540, USA. (Corporate Office).


Chairman & CEO: Jose Chennikkara
Vice Chairman and CEO:
Cyril Chennikkara
Editor: Joshy George
Online Editor: Robins Antony
Overseas Operations Director:
Rosy John.
Contributors:
C. Radhakrishnan
Dr. Sebastian Paul
N.P. Chekutty
Sergey Antony
Antony Chadayammury
Babu Kadalikad
Phone: 1-773-888-2242, 1-773-842-9149
1-773-888-2243 (WhatsApp)
E-Mail: news@vachakam.com
vachakamonline@gmail.com
website www.vachakam.com
(A newspaper (print & online)
for Malayalees worldwide)
Cost $1.00 per copy
**Phone Number: 1-773-888-2242**
**1-773-842-9149**
**Email: vachakamonline@gmail.com**

**E-Paper reading**
**visit vachakam.com**

Disclaimer
Vachakam Ltd. assumes no liability or responsibility for claims against advertisements, advertorials, articles or copyright issues.

# American Diary | 50 Years Ago

## *"The Thrilla in Manila": Ali vs Frazier III*



On October 1, 1975, Muhammad Ali and Joe Frazier fought for the heavyweight championship at a sweltering arena in The Philippines. An estimated one billion people worldwide watched the fight that came to be known as "The Thrilla in Manila," one of the greatest and most brutal boxing matches in history.

Five decades later, one still hears the echoes, the reverberations of that final, epic struggle between two heavyweight legends. After all, it was more than a championship boxing match, much more. It was a monumental clash of wills, a last battle between bitter rivals, the final, indisputable proof of a legendary champion's greatness, and the night when, on the biggest possible stage, the whole world saw how boxing, when distilled to its very essence, is not a game or a sport at all, but something else entirely.

October 01, 1975

**എഡിറ്റോറിയൽ**

# 'വാചകം' ആറാം സംവത്സരത്തിലേക്ക്

വാചകം വാരിക ഇതാ ആറാം സംവത്സരത്തിലേക്ക് കടക്കുകയായി. ഒരു വാരികയുടെ നില നിൽപ്പിന്റെ കാര്യത്തിൽ ആറുവർഷം ചുരുങ്ങിയ കാലയളവാണ്. എന്നാൽ അതിന്റെ രൂപപ്പെടലിൽ സുപ്രധാനമായ കാലയളവാണിത്. തികച്ചും പ്രൊഫഷണൽ രീതിയിൽ, പക്വതയോടെ ഭാവിയെ സമീപിക്കാനുള്ള ആദ്യ ചുവടുകളാണീവർഷങ്ങൾ.

സാങ്കേതികമായ വളർച്ചയ്ക്കും രാഷ്ട്രീയമായ മാറ്റങ്ങൾക്കും സാക്ഷ്യം വഹിച്ച വർഷങ്ങളിലൂടെയാണ് നാം കടന്നു പോയത്. വാർത്തകൾ ചൂടാറാതെ എത്തിക്കാൻ ഞങ്ങൾ കഴിയുന്നത്ര ശ്രദ്ധിക്കാറുണ്ട്. ഒപ്പം ഉള്ളടക്കത്തിന്റെ മേന്മ നാൾക്കുനാൾ ഉയർത്തിക്കൊണ്ടുവരാനും കഴിഞ്ഞിട്ടുണ്ട്. വായനക്കാരുടെ ഇങ്കിതമനുസരിച്ച് ഒട്ടേറെ മാറ്റങ്ങൾ ഇതിനോടകം വരുത്തിയിട്ടുണ്ട്.

പ്രിയ വായനക്കാരെ, നിങ്ങളാണ് ഞങ്ങളുടെ ബലം. ഒരു പ്രസിദ്ധീകരണം മനസ്സിന്റെ സൃഷ്ടിയാണ്. അതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന മനസ്സുകളുടെ മേന്മയായിരിക്കും അതിൽ പ്രതിഫലിക്കുക. ഈ പ്രസിദ്ധീകരണം അത്തരത്തിലുള്ള മനസ്സുകളുടെ കൂട്ടായ പ്രവർത്തനത്തിന്റെ ഫലമാണ്.

എന്തുതന്നെയായാലും ഉന്നതമായ നിലവാരം പുലർത്താനും സത്യത്തിനും നീതിക്കും വേണ്ടി നിലകൊള്ളാനും ഞങ്ങൾ എന്നും പ്രതിജ്ഞാബദ്ധരാണെന്ന് ഈ അവസരത്തിൽ ഒരിക്കൽക്കൂടി ഓർമിപ്പിക്കട്ടെ.


*സസ്നേഹം വാചകം പ്രവർത്തകർ*

# റീ...പോളിംഗ്




*ഗാന്ധിജയന്തി ദിനത്തിൽ മുഖ്യമന്ത്രിയുടെ സന്ദേശം വിദ്യാർത്ഥികൾക്ക് നേരിട്ട് എത്തിക്കാൻ നിർദ്ദേശം.*

# കേരള ക്ലബ് ഷിക്കാഗോ ചീട്ടുകളി ഒക്ടോബർ 4ന്




ഷിക്കാഗോ മലയാളികൾക്ക് ചീട്ടുകളിയുടെ പുതിയ ഒരു അനുഭവം കുറിക്കുവാനായി ഷിക്കാഗോ കേരള ക്ലബ് മുമ്പോട്ട് വന്നിരിക്കുകയാണ്. ഒക്ടോബർ 4 ശനിയാഴ്ച ഡെസ്പ്ലെയിൻസിലുള്ള ക്നാനായ കാത്തോലിക് സൊസൈറ്റി (കെ.സി.എസ്) ഹാളിൽ മത്സരങ്ങൾ കൃത്യം 9 മണിക്ക് ആരംഭിക്കുന്നു. രാവിലെ 8 മണിക്ക് രജിസ്ട്രേഷൻ ആരംഭിക്കുന്നതായിരിക്കും. പുരുഷൻമാർക്കും വനിതകൾക്കും 28 (ലേലം), റമ്മി (പുരുഷൻമാർക്കും വനിതകൾക്കും) പുറമെ വനിതൾക്കു മാത്രമായി 28 (ലേലം) മത്സരങ്ങളും നടത്തുന്നതായിരിക്കും.

കേരള ക്ലബ് ചീട്ടുകളി മത്സരത്തിലേക്കു എല്ലാ ചീട്ടുകളി പ്രേമികളെയും വളരെ സ്നേഹത്തോടെ സംഘാടക സമിതി സ്വാഗതം ചെയ്യുന്നു. 28 (ലേലം) ഓപ്പൺ വിഭാഗത്തിൽ 3 അംഗ ടീമിന്റെ രജിസ്ട്രേഷൻ ഫീ 150 ഡോളറും, റമ്മി വിഭാഗത്തിൽ ഇന്റിവിജ്വൽ രജിസ്ട്രേഷൻ ഫീ 100 ഡോളറും വനിതാ വിഭാഗത്തിൽ 3 അംഗ ടീമിന്റെ രജിസ്ട്രേഷൻ ഫീ 75 ഡോളറും ആയിരിക്കും.

ജോണിക്കുട്ടി പിള്ളവീട്ടിൽ, മനോജ് അച്ചേട്ട്, ജിതേഷ് ചുങ്കത്ത്, ടോമി വള്ളിപ്പറമ്പിൽ, ബെന്നി വാച്ചാച്ചിറ എന്നിവർ കോർഡിനേറ്റർസായ കമ്മിറ്റിയും കേരള ക്ലബ് പ്രസിഡന്റ് സ്റ്റാൻലി കളരിക്കേമുറിയുടെ നേതൃത്വത്തിലുള്ള ഭരണ സമിതിയും ഈ സീസണിലെ ആദ്യത്തെ കാർഡ് ഗെയിസ് അവസ്മരണീയമാക്കുവാൻ പ്രയത്നിക്കുന്നു.

വിജയികൾക്കായി 7000 ഡോളറിൽ അധികം വരുന്ന ക്യാഷ് അവാർഡുകളും എവർ റോളിങ്ങ് ട്രോഫികളും കാത്തിരിക്കുന്നു. വനിതകൾക്ക് മാത്രമായി നടത്തപ്പെടുന്ന ലേലം (28 ) മത്സര വിജയികൾക്ക് 1000 ൽ അധികം ഡോളറാണ് സമ്മാനതുക നൽകുന്നത്.

ജോയ് നെടിയകാലയിൽ, സൈമൺ കോട്ടൂർ, സിറിയക് കൂവക്കാട്ടിൽ, ടോമി നെല്ലാമറ്റം, ജയ്ബു കുളങ്ങര, ഷാൻ കദളിമറ്റം, ജോസ്മോൻ ചെമ്മാച്ചേൽ, കുരുവിള ജെയിംസ്, ഡോ. സൂസൻ എടുക്കുത്തറ, ബിനു പൂത്തുറയിൽ, കലവറ ഗ്രോസറി ആൻഡ് ഫുഡ്, സഞ്ജു മാത്യു പുളിക്കത്തൊട്ടിയിൽ, കൈരളി ഫുഡ്സ്, റോയൽ ഗ്രോസറീസ് ആൻഡ് ഇവെന്റ്സ്, റോയൽ മഹാരാജ, എലൈറ്റ് ഗെയിമിംഗ്, ഡോ. മാത്യു ജോസഫ്, ജിമ്മി വാച്ചാച്ചിറ, ജിബിറ്റ് കിഴക്കേക്കുറ്റ്, ബിജു ജെയിംസ്, അച്ചീവ് റീൽറ്റർസ് (തോമസ് കുരുവിള, സാബു അച്ചേട്ട്, മോഹൻ സെബാസ്റ്റ്യൻ, ജോർജ് പണിക്കർ, ലൂക് ചിറയിൽ, ജോർജ് മാത്യു), റോയ് മുളകുന്നം, സ്റ്റാൻലി കളരിക്കാമുറിയിൽ എന്നിവരും കേരള ക്ലബ്ബിലെ അംഗങ്ങളും സ്പോൺസർ ചെയ്യുന്ന ഈ ചീട്ടുകളി മത്സരത്തിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്യുന്നു.

കൂടുതൽ വിവരങ്ങൾക്കായി മനോജ് അച്ചേട്ട് 224-522-2470, ജോണിക്കുട്ടി പിള്ളവീട്ടിൽ 847-924-3493, ടോമി തോമസ് 847-942-5706 എന്നിവരുമായി ബന്ധപ്പെടുക.

# സാഹിത്യവേദി ഒക്ടോബർ 3ന്, എസ്. അനിലാലിന്റെ കഥ അവതരണവും ചർച്ചയും



ഷിക്കാഗോ: സാഹിത്യവേദിയുടെ അടുത്ത സമ്മേളനം ഒക്ടോബർ 3 വെള്ളിയാഴ്ച ഷിക്കാഗോ സമയം വൈകുന്നേരം 7:30 നു സൂം വെബ് കോൺഫറൻസ് വഴിയായി കൂടുന്നതാണ്.

(Zoom Meeting Link https://us02web.zoom.us/j/81475259178 Passcode: 2990

Meeting ID: 814 7525 9178)

സാഹിത്യവേദി അംഗവും മുൻ ലാനാ പ്രസിഡന്റും കഥാകൃത്തുമായ എസ്. അനിലാൽ അദ്ദേഹത്തിന്റെ വംശാവലി എന്ന കഥ അവതരിപ്പിക്കുകയും ചർച്ച നയിക്കുകയും ചെയ്യുന്നതാണ്.

ഫിത്ർ സകാത്ത് (2024), പ്ലാക്ക് (2011), സബ്രീന (2020) എന്നീ കഥാ സമാഹാരങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ 'എല്ലിസ് ഐലന്റിൽ നിന്ന്', 'ക്രിസ്തുമസ് നോട്ടങ്ങൾ' തുടങ്ങിയ ആന്തോളജികൾ, 'ലേഡി ലിബർട്ടി' (യാത്രാക്കുറിപ്പ്), ആനുകാലികങ്ങളിലും നവമാധ്യമങ്ങളിലുമായി നിരവധി ലേഖനങ്ങളും കഥകളും, എന്നിവ എഴുതിയിട്ടുണ്ട്.

മുംബൈ ജ്വാല അവാർഡ് (2023), ഏറ്റുമാനൂർ കാവ്യവേദിയുടെ കഥാ സമാഹാരത്തിനുള്ള അവാർഡ്, മൂന്നാമത് റ്റി.എ. റസാഖ് പുരസ്കാരം (2021), ഫൊക്കാന കാരൂർ അവാർഡ് (2022), പുരോഗമന കലാസാഹിത്യസംഘത്തിന്റെ നീലകണ്ഠപിള്ള പുരസ്കാരം (2024) എന്നീ അംഗീകാരങ്ങളും അദ്ദേഹത്തെ തേടി എത്തിയിട്ടുണ്ട്. 'ദി ടെസ്റ്റമെന്റ്', 'സമയരഥം പിന്നോട്ട്' എന്നീ ഡോക്യുമെന്ററികളും 'മനസ്സറിയാതെ' എന്ന മിനി സിനിമയും എഴുതി സംവിധാനം ചെയ്തു. നെയ്യാറ്റിൻകര സ്വദേശിയായ അദ്ദേഹം 1997 മുതൽ ഷിക്കാഗോയിലാണ് സ്ഥിരതാമസം.

ഓഗസ്റ്റ് മാസ സാഹിത്യവേദിയിൽ മുൻ ലാനാ പ്രസിഡന്റ് ഷാജൻ ആനിത്തോട്ടം തന്റെ അഞ്ച് പുസ്തകങ്ങൾ പരിചയപ്പെടുത്തിയത് സാഹിത്യവേദി അംഗങ്ങൾ ഏറെ ആസ്വദിച്ചു. എല്ലാ സാഹിത്യ സ്നേഹികളേയും ഒക്ടോബർ മാസ സാഹിത്യവേദിയിലേക്കു സഹർഷം സ്വാഗതം ചെയ്യുന്നു.

കൂടുതൽ വിവരങ്ങൾക്ക്: എസ്. അനിലാൽ (630-400-9735), പ്രസന്നൻ പിള്ള (630-935-2990), ജോൺ ഇലക്കാട് (773-282-4955)



# ഷിക്കാഗോ വോളിബോൾ ടൂർണ്ണമെന്റ്: ടോമി അമ്പനാട്ട് ടൂർണ്ണമെന്റ് കമ്മിറ്റി ചെയർമാൻ



ഷിക്കാഗോ: ഫൊക്കാന മിഡ് വെസ്റ്റ്റീജിയന്റെനേതൃത്വത്തിൽകൈരളി ലയൺസിന്റെ സഹകരണത്തോടുകൂടി നവംബർ 29ന് നൈൽസിലുള്ള ഫിൽഡ് മാൻ വോളിബോൾ (8800 W.Kathy Ln, Niles) സ്റ്റേഡിയത്തിൽ നടക്കുന്ന വോളിബോൾ ടൂർണ്ണമെന്റിന്റെ കമ്മറ്റി ചെയർമാനായി ടോമി അമ്പനാട്ടിനെ തെരഞ്ഞെടുത്തു. ഒട്ടേറെ തീപാറുന്ന മത്സരങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടുള്ള ഷിക്കാഗോയിലേക്ക് ഫൊക്കാനയുടെ നേതൃത്വത്തിൽ നടത്തുന്ന ഈ വാശിയേറിയ മത്സരങ്ങൾ എല്ലാ വോളിബോൾ പ്രേമികളെയും ആവേശത്തിലെത്തിക്കും. അവസാനം നടക്കുന്ന വാശിയേറിയ പ്രദർശന മത്സരത്തിൽ കൊമ്പുകോർക്കുന്നത് പഞ്ചാബ് ടീമും കേരള ടീമും തമ്മിലായിരിക്കും. ഷിക്കാഗോ മലയാളി അസോസിയേഷന്റെയും, ഷിക്കാഗോ ബ്രദേഴ്സ് ക്ലബ്ബിന്റെയും പ്രസിഡന്റായി പ്രവർത്തിച്ചിട്ടുള്ള ടോമി അമ്പനാട്ട് മികച്ച സംഘാടകൻ കൂടിയാണ്. തുടർന്ന് വിവിധ കമ്മറ്റികളെ തിരഞ്ഞെടുത്തു. ടൂർണ്ണമെന്റ് കമ്മറ്റി വൈസ് ചെയർമാൻ: മാത്യു തട്ടാമറ്റം, പബ്ലിസിറ്റി കമ്മറ്റി കൺവീനർ: ഷിബു മുളയാനിക്കുന്നേൽ, എന്റർടെയിൻ കമ്മറ്റി കൺവീനർ: ജോസ് ജോർജ്, കോ -കൺവീനേഴ്സ്: ബോബി വർഗീസ്, നിരൻ മുണ്ടിയിൽ, അഖിൽ മോഹൻ, ബിന്ദു കൃഷ്ണൻ, ഫുഡ് കമ്മറ്റി: ലീസ് ടോം മാത്യു, പ്രജിൽ അലക്സാൻഡർ, സൂസൻ ചാക്കോ, ലിനു ജോസഫ്, ജോൺസൺ കാരിയ്ക്കൽ, രവി കുട്ടപ്പൻ, പ്രോഗാം കോർഡിനേറ്റേഴ്സ്: വിജി നായർ, സുജ ജോൺ, മാത്യു ചാണ്ടി, സേവ്യർ ഒറവനാകളത്തിൽ, ടൈം മാനേജ്മെന്റ്: മനോജ് വഞ്ചിയിൽ, സായി പുല്ലാപ്പള്ളിൽ, ഫസ്റ്റ് എയ്ഡ് കമ്മറ്റി: മാറ്റ് വിലങ്ങാട്ടുശ്ശേരി, സുനിന ചാക്കോ. നിരവധി നാഷണൽ മത്സരങ്ങൾനടത്തിവിജയിപ്പിച്ചിട്ടുള്ളഷിക്കാഗോ കൈരളി ലയൺസിന്റെ സഹകരണത്തോടുകൂടിയാണ് ഫൊക്കാന ഷിക്കാഗോ വോളി ടൂർണമെന്റ് 2025 നടത്തുന്നത്. എല്ലാ വോളിബോൾ പ്രേമികളെയും നവം. 29ന് 12 മുതൽ നൈൽസിലുള്ള ഫീൽഡ് മാൻ റിക്രിയേഷൻ സെന്ററിലേക്ക് സ്വാഗതം ചെയ്യുന്നതായി സംഘാടകർ അറിയിച്ചു.

▶ *ഷിബു മുളയാനിക്കുന്നേൽ*



# കെ.സി.എസ് ഷിക്കാഗോയിലെ മുതിർന്ന പൗരന്മാരുടെ തീർത്ഥാടന യാത്ര ലിബർട്ടിവില്ലിലേക്ക്

ഷിക്കാഗോ: ലിബർട്ടിവില്ലിലുള്ള സെന്റ് മാക്സിമിലിയൻ കോൾബെയുടെ നാഷണൽ ദേവാലയത്തിലേക്ക് കെ.സി.എസ് ഷിക്കാഗോ സീനിയർ സിറ്റിസൺസ് അവിസ്മരണീയമായ ഒരു തീർത്ഥാടനം നടത്തി. ഷിക്കാഗോ അതിരൂപതയിലെ ഒരു ആദരണീയ തീർത്ഥാടന കേന്ദ്രവും സെന്റ് ബൊണവെഞ്ചർ പ്രവിശ്യയിലെ കൺവെൻചൽ ഫ്രാൻസിസ്കൻ സന്യാസിമാരുടെ ശുശ്രൂഷയുമായ ഈ ദേവാലയം, പങ്കെടുത്തവർക്ക് ആഴത്തിലുള്ള ആത്മീയവും പ്രതിഫലനപരവുമായ അനുഭവം പ്രദാനം ചെയ്തു.

23 മുതിർന്ന പൗരന്മാരുടെ ഒരു സംഘം ക്നാനായ കമ്മ്യൂണിറ്റി സെന്ററിൽ നിന്ന് അഞ്ച് വാഹനങ്ങളിലായി ആരാധനാലയത്തിലേക്ക് യാത്ര ആരംഭിച്ചു. യാത്ര കൂട്ടായ്മ, പ്രാർത്ഥന, എന്നിവയാൽ ശ്രദ്ധേയമായ ട്രിപ്പ് ഭക്തിയുടെയും സഹവർത്തിത്വത്തിന്റെയും ഒരു ദിവസമാക്കി മാറ്റി. ഈ തീർത്ഥാടനത്തിന്റെ വിജയം ഉറപ്പാക്കിയ ചിന്തനീയമായ നേതൃത്വവും ആസൂത്രണവും സീനിയർ സിറ്റിസൺ കോർഡിനേറ്റർമാരായ മാത്യു പുളിക്കത്തോട്ടിലിനും മാത്യു വാക്കലിനും പ്രത്യേക നന്ദി രേഖപ്പെടുത്തുന്നു. കെ.സി.എസ് മുതിർന്ന സമൂഹത്തിനുള്ളിൽ വിശ്വാസവും ഐക്യവും ശക്തിപ്പെടുത്തുന്ന അർത്ഥവത്തായ ഒരു പരിപാടി സൃഷ്ടിക്കാൻ അവരുടെ സമർപ്പണം സഹായിച്ചു.

# ശേഖരൻ അപ്പുക്കുട്ടൻ ഷിക്കാഗോ ഗീതാമണ്ഡലത്തിന്റെ പുതിയ പ്രസിഡന്റ്



നോർത്ത് അമേരിക്കൻ ഹൈന്ദവ മലയാളി സംഘടനകളുടെ മാതാവായ ഷിക്കാഗോ ഗീതാമണ്ഡലത്തിന്റെ 49ാമത് വാർഷിക പൊതുയോഗത്തിൽ ഗീതാമണ്ഡലം സ്ഥാപക അംഗവും, രക്ഷാധികാരിയും, സംഘടനയുടെ വിവിധ പദവികൾ വഹിക്കുകയും ചെയ്തിട്ടുള്ള വൈക്കം സ്വദേശി ആയ ശേഖരൻ അപ്പുക്കുട്ടനെ പുതിയ പ്രസിഡന്റ് ആയി ഏകകണ്ഠേന തെരഞ്ഞെടുത്തു. ഹൈന്ദവ വിശ്വാസങ്ങളും ആചാരങ്ങളും പരിപാലിക്കുന്നതിൽ ഒട്ടും തന്നെ വിട്ടുവീഴ്ച ഇല്ലാത്ത വ്യക്തിത്വമാണ് ശേഖരൻ അപ്പുക്കുട്ടന്റേത്. വൈസ് പ്രസിഡന്റ് ആയി

തെരഞ്ഞെടുത്തിരിക്കുന്നത് സനാതന ധർമ്മ പ്രചാരണത്തിന് മുന്നിൽ പ്രവർത്തിക്കുന്ന ഡോക്ടർ വിശ്വനാഥിനെ ആണ്. ജനറൽ സെക്രട്ടറി ആയി ബൈജു മേനോനെയും ജോയിന്റ് സെക്രട്ടറി ആയി പ്രജീഷിനെയും, ട്രഷറർ ആയി ശങ്കർ ശങ്കരനെയും, ജോയിന്റ് ട്രഷറർ ആയി രവി നായരെയും തെരഞ്ഞെടുത്തു. രമ നായർ, ബിജു കൃഷ്ണൻ, അശോകൻ കൃഷ്ണൻ, രവി ദിവാകരൻ, രവി മുണ്ടക്കൽ, രവി കുട്ടപ്പൻ, രാജീവ് പൊന്നിശ്ശേരി, സന്തോഷ് നായർ, ശിവ ഗുരുസ്വാമി എന്നിവരെ ഡയറക്ടർ ബോർഡിലേക്കും തെരഞ്ഞെടുത്തു.

ഹൈന്ദവ മൂല്യങ്ങളിലും, ആചാരാനുഷ്ഠാനങ്ങളിലും നിലയുറച്ച് പ്രവർത്തിക്കുന്ന ഒരു തലമുറയെ സൃഷ്ടിക്കുവാനും, അതോടൊപ്പം ആത്മീയ ഗ്രന്ഥങ്ങൾ പഠിക്കുവാനും പ്രചരിപ്പിക്കുവാനുംഹൈന്ദവജനതയെസജ്ജമാക്കുക എന്നതാണ് തന്റെ പ്രഥമ ദൗത്യം എന്നും, ഗോൾഡൻ ജൂബിലിയിലേക്ക് കടക്കുന്ന സംഘടനയുടെ പ്രവർത്തനങ്ങൾക്ക് ശക്തിപകരുവാൻ എല്ലാവരുടെയും സഹായ സഹകരണങ്ങൾ ഉണ്ടാവണം എന്നും ശേഖരൻ അപ്പുക്കുട്ടൻഅഭ്യർത്ഥിച്ചു.തദവസരത്തിൽഗീതാമണ്ഡലത്തിന്റെ പ്രവർത്തനങ്ങൾക്കായി തുടർന്നും സമൂഹത്തിലെ എല്ലാ സത്ജനങ്ങളുടെയും സഹായസഹകരണങ്ങൾപ്രതീക്ഷിക്കുന്നതായും ജനറൽ സെക്രട്ടറി ബൈജു മേനോൻ പറഞ്ഞു.

# ഹൂസ്റ്റൻ സെന്റ് ബേസിൽസ് യാക്കോബായ സുറിയാനി പള്ളിയിൽ പരിശുദ്ധ യെൽദോ മോർ ബസ്സേലിയോസ് ബാവായുടെ പെരുന്നാൾ



ഹൂസ്റ്റൻ : മഹാപരിശുദ്ധനായ യെൽദോ മോർ ബസ്സേലിയോസ് ബാവായുടെ നാമത്തിൽ സ്ഥാപിതമായ ഹൂസ്റ്റൻ സെന്റ് ബേസിൽസ് സുറിയാനി പള്ളിയുടെ പ്രധാന പെരുന്നാൾ 2025 ഒക്ടോബർ മാസം 4, 5 (ശനി, ഞായർ) തിയതികളിൽ പൂർവ്വാധികം ഭംഗിയായി കൊണ്ടാടുന്നു.

പരിശുദ്ധ് അന്ത്യോഖ്യ സിംഹാസനത്തിൽ നിന്നും മലങ്കരയിലെ സത്യവിശ്വാസം സംരക്ഷിക്കുന്നതിന് വേണ്ടി എ.ഡി 1655ൽ വാർദ്ധക്യത്തിന്റെ ക്ഷീണം കണക്കാക്കാതെ തന്റെ മക്കളെ തേടി എഴുന്നള്ളി അനേക നാളത്തെ യാത്ര കൊണ്ട്, അതിഭയങ്കരമായിരുന്ന ഹൈറേഞ്ചിലെ ഘോരവനങ്ങളിലൂടെ കാട്ടുമൃഗങ്ങളിൽ നിന്ന് അത്ഭുതകരമായി രക്ഷപ്പെട്ട്, കാൽനടയായി ആ വന്ദ്യവയോധികനായ പുണ്യപിതാവ് കോതമംഗലത്ത് എത്തിച്ചേർന്ന് 13 -ാം ദിവസം (കന്നി 19) ഉച്ച തിരിഞ്ഞ് മൂന്നു മണിക്ക് ഈ ലോകത്തു നിന്ന് യാത്ര പറഞ്ഞു കർതൃസന്നിധിയിലേക്കു വാങ്ങിപ്പോയി. കോതമംഗലത്ത് മോർ തോമാശ്ലീഹായുടെ നാമത്തിലുള്ള പരിശുദ്ധ ദേവാലയത്തിൽ കബറടക്കി.

ഈ വർഷത്തെ പെരുന്നാളിന്റെ പ്രധാന കാർമ്മികൻ അമേരിക്കൻ മലങ്കര അതിഭദ്രാസന മെത്രാപ്പോലീത്ത ആർച്ച്ബിഷപ് അഭിവന്ദ്യ യെൽദോ മോർ തീത്തോസ് തിരുമേനിയാണ്. 4-ാം തിയതി ശനിയാഴ്ച സന്ധ്യാപ്രാർത്ഥനയും, വചന ശുശ്രൂഷയും തുടർന്ന് നമുക്ക് നേർച്ചയും ഉണ്ടായിരിക്കുന്നതാണ്. 5-ാം തിയതി ഞായറാഴ്ച രാവിലെ 8 മണിക്ക് പ്രഭാത പ്രാർത്ഥനയും തുടർന്ന് അഭിവന്ദ്യ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ വിശുദ്ധ കുർബാനയും നടത്തപ്പെടുന്നു. വിശുദ്ധ കുർബാനാനന്തരം പ്രദിക്ഷിണം, പാച്ചോർ നേർച്ച, സ്നേഹവിരുന്ന് എന്നിവയോടു കൂടി ഈ വർഷത്തെ പെരുന്നാൾ സമാപിക്കുന്നതാണ്.

ഈ പെരുന്നാളിൽ നേർച്ചകാഴ്ചകളോടെ വന്നു സംബന്ധിപ്പാൻ വികാരി റവ. ഫാദർ ബിജോ മാത്യു കതൃനാമത്തിൽ ഏവരെയും ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് റവ. ഫാദർ ബിജോ മാത്യു 404-707-8284, സെക്രട്ടറി സിമി ജോസഫ് 973-870-1720, ട്രഷറർ തോമസ് വർക്കി 979-329-1446 എന്നിവരുമായി ബന്ധപ്പെടാവുന്നതാണ്.

▶ *വർഗീസ് പാലമലയിൽ*

# ചെറുപുഷ്പ മിഷൻ ലീഗ് ഷിക്കാഗോ രൂപത ഓർഗനൈസേർസ് മീറ്റ്

ഷിക്കാഗോ: ചെറുപുഷ്പ മിഷൻ ലീഗ് (സി.എം.എൽ.) ഷിക്കാഗോ രൂപതാ ഓർഗനൈസേർസ് മീറ്റ് സംഘടിപ്പിച്ചു. ഷിക്കാഗോ രൂപതാ മെത്രാൻ മാർ ജോയ് ആലപ്പാട്ട് സംഗമം ഉദ്ഘാടനം ചെയ്തു. ചെറുപുഷ്പ മിഷൻ ലീഗ് രൂപതാ പ്രസിഡന്റ് സിജോയ് സിറിയക് പറപ്പള്ളിൽ യോഗത്തിൽ അധ്യക്ഷത വഹിച്ചു. രൂപതാ ഡയറക്ടർ ഫാ. ജോർജ്ജ് ദാനവേലിൽ സ്വാഗതവും രൂപതാ ജനറൽ സെക്രട്ടറി റ്റിസൺ തോമസ് നന്ദിയും പറഞ്ഞു. രൂപതാ ജോയിന്റ് ഡയറക്ടർ സിസ്റ്റർ ആഗ്നസ് മരിയാ എം.എസ്.എം.ഐ, എക്സിക്യൂട്ടീവ് അംഗങ്ങളായ സോണിയ ബിനോയ്, ആൻ റ്റോമി എന്നിവർ സംസാരിച്ചു.

രൂപതയിലെ വിവിധ ഇടവകളിൽ നിന്നുള്ള മിഷൻ ലീഗിന്റെ വൈസ് ഡിറക്ടർമാരും ഓർഗനൈസർമാരും ജോയിന്റ് ഓർഗനൈസർമാരും മീറ്റിംഗിൽ പങ്കെടുത്തുകൊണ്ട് ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്തു.



# എം. സ്വരാജിനും എസ്. ഹരീഷിനും ഷിക്കാഗോയിൽ സ്വീകരണം നൽകി

ഷിക്കാഗോ: അമേരിക്കയിലെ കലാ സാസ്കാരിക സംഘടയായ അല യുടെ മൂന്നാമത് സാംസ്ക്കാരികോൽസവമായ അല ലിറ്ററൽ ഫെസ്റ്റിവലിൽ പങ്കെടുക്കുവാൻ ഷിക്കാഗോയിലെത്തിയ മുൻ എം.എൽ.എയും സാംസ്കാരിക രാഷ്ട്രീയ പ്രവർത്തകനും ചിന്തകനുമായ എം. സ്വരാജിനും, ജേ.സി.ബി പ്രൈസ് ഫോർ ലിറ്ററേച്ചർ ജേതാവും നോവലിനും കഥയ്ക്കും കേരള സാഹിത്യ അക്കാഡമി അവാർഡും സിനിമാ തിരക്കഥയ്ക് സംസ്ഥാന അവാർഡും വിവാധമായ മീശ എന്ന നോവലിന്റെ ഗ്രന്തകാരനുമായ എസ്. ഹരീഷിനും ഷിക്കഗോ ഒഹയർ എയർപോർട്ടിൽ ഷിക്കാഗോയിലെ സാമൂഹിക സംസ്കാരിക പ്രവർത്തകർ ചേർന്ന് സ്വീകരണം നൽകി.






## സാക്രമെന്റോ സെന്റ് ബേസിൽ ദേവാലയത്തിൽ

# പ്രധാന പെരുന്നാളും ഇടവകയുടെ പത്താം വാർഷികവും



സാക്രമെന്റോ: മഹാപരിശുദ്ധനായ യൽദോ മോർ ബസേലിയോസ് ബാവായുടെ നാമത്തിൽ സ്ഥാപിതമായിരിക്കുന്ന സാക്രമെന്റോ സെന്റ് ബേസിൽ ദേവാലയത്തിൽ പരിശുദ്ധന്റെ 340-ാം ഓർമ്മപ്പെരുന്നാളും ഇടവകയുടെ 10-ാം വാർഷികവും 2025 ഒക്ടോബർ 3, 4 (വെള്ളി, ശനി) ദിവസങ്ങളിൽ നോർത്ത് അമേരിക്കൻ അതിഭദ്രാസനത്തിന്റെ ആർച്ച് ബിഷപ്പും, പാത്രിയർക്കൽ വികാരിയുമായ യൽദോ മോർ തീത്തോസ് തിരുമേനിയുടേയും വൈദീകരയുടേയും കാർമ്മികത്വത്തിൽ ഭംഗിയായി ആഘോഷിക്കുവാൻ കർത്താവിൽ ശരണപ്പെടുന്നു.

1987ൽ മോറാൻ മോർ ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ പാത്രിയർക്കീസ് ബാവ അദ്ദേഹത്തെ പരിശുദ്ധനായി പ്രഖ്യാപിച്ചു. 3-ാം തീയതി വൈകിട്ട് മേണിക്ക് അഭിവന്ദ്യ യൽദോ മോർ തീത്തോസ് തിരുമേനിക്ക് പള്ളി അങ്കണത്തിൽ സ്വീകരണം നൽകുന്നതും, തുടർന്ന് സന്ധ്യാ പ്രാർത്ഥനയും റവ. ഫാദർ അനൂപ് ജേക്കബ് അച്ചന്റെ വചനശുശ്രൂഷയും സണ്ടേ സ്കൂൾ വാർഷികവും, അത്താഴവിരുന്നും ഉണ്ടായിരിക്കുന്നതാണ്.

4-ാം തീയതി രാവിലെ 8.15ന് പ്രഭാത പ്രാർത്ഥനയും തുടർന്ന് അഭിവന്ദ്യ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ വിശുദ്ധ കുർബ്ബാനയും നടത്തപ്പെടുന്നു. തുടർന്ന് മദ്ധ്യസ്ഥ പ്രാർത്ഥനയും വചന ശുശ്രൂഷയും ഉണ്ടായിരിക്കുന്നതാണ്. വിശുദ്ധ കുർബ്ബാനാനന്തരം പ്രദിക്ഷിണം, ആശിർവാദം എന്നിവ ഉണ്ടായിരിക്കുന്നതാണ്. തുടർന്ന് ഇടവകയുടെ 10-ാം വാർഷിക ആഘോഷങ്ങൾ ഇടവക മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യും. യോഗത്തിൽ വച്ച് ഇടവകയുടെ 10-ാം വാർഷിക സുവനീർ 'തൈബൂസോ' അഭിവന്ദ്യ തിരുമേനി പ്രകാശനം ചെയ്യും യോഗത്തിൽ വിവിധ സഭാസാമുദായിക നേതാക്കളും, വൈദീകരും പങ്കെടുത്ത് സംസാരിക്കും. വികാരി റവ. ഫാദർ കുര്യാക്കോസ് പുതുപ്പാടി യോഗത്തിലേക്ക് ഏവരേയും സ്വാഗതം ചെയ്യും. ട്രഷറാർ പ്രതീഷ് അബ്രഹാം, യോഗത്തിന് നന്ദി രേഖപ്പെടുത്തും. തുടർന്നുള്ള സ്നേഹവിരുന്നോടെ പെരുന്നാൾ സമാപിക്കും. ഈ പെരുന്നാളിൽ നേർച്ചക്കാഴ്ചകളോടെ വന്ന് സംബന്ധിച്ച് അനുഗ്രഹം പ്രാപിപ്പാൻ വികാരി റവ. ഫാദർ കുര്യാക്കോസ് പുതുപ്പാടി കർതൃനാമത്തിൽ ഏവരേയും സ്നേഹത്തോടെ ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് വിവാരി റവ. ഫാദർ കുര്യാക്കോസ് പുതുപ്പാടി 954-907-7154, വൈസ് പ്രസിഡന്റ് യൽദോസ് പാലക്കാടൻ 916-479-1507, സെക്രട്ടറി യൽദോസ് പി.ജി. 904-483-1679, ട്രഷറാർ പ്രതീഷ് എബ്രഹാം 916-846-8920 എന്നിവരുമായി ബന്ധപ്പെടാവുന്നതാണ്.

*വർഗീസ് പാലമലയിൽ*

# 7.6 ബില്യൺ ഡോളറിന്റെ ധനസഹായം റദ്ദാക്കി യുഎസ് ഊർജ്ജ വകുപ്പ്





വാഷിംഗ്ടൺ: നൂറുകണക്കിന് ഊർജ്ജ പദ്ധതികൾക്കുള്ള 7.56 ബില്യൺ ഡോളറിന്റെ ധനസഹായം റദ്ദാക്കുന്നതായി യുഎസ് ഊർജ്ജ വകുപ്പ് ബുധനാഴ്ച അറിയിച്ചു. കാലിഫോർണിയ, ന്യൂയോർക്ക് എന്നിവയുൾപ്പെടെ 16 ഡെമോക്രാറ്റിക് നേതൃത്വത്തിലുള്ള സംസ്ഥാനങ്ങളിലെ കാലാവസ്ഥാ സംബന്ധമായ ധനസഹായത്തിൽ ഏകദേശം 8 ബില്യൺ ഡോളർ ഭരണകൂടം നിർത്തലാക്കുമെന്ന് വൈറ്റ് ഹൗസ് ബജറ്റ് ഡയറക്ടർ റസ്സൽ വോട്ട് എക്സിലെ ഒരു പോസ്റ്റിൽ പറഞ്ഞതിന് മണിക്കൂറുകൾക്ക് ശേഷമാണ് വകുപ്പിന്റെ പ്രഖ്യാപനം.

ഫെഡറൽ ഗവൺമെന്റ് ഷട്ട്ഡൗണിന്റെ ഭാഗമായി ബുധനാഴ്ച പുറപ്പെടുവിച്ച 26 ബില്യൺ ഡോളറിന്റെ ധനസഹായ മരവിപ്പിന്റെ ഭാഗമാണ് ഈ നീക്കം. ബുധനാഴ്ച വൈകി പുറത്തിറക്കിയ പ്രസ്താവനയിൽ, 223 പദ്ധതികളെ പിന്തുണയ്ക്കുന്ന 321 സാമ്പത്തിക അവാർഡുകൾ റദ്ദാക്കുമെന്ന് ഡിഒഇ പറഞ്ഞു. പദ്ധതികൾ പട്ടികപ്പെടുത്തിയിട്ടില്ലെങ്കിലും, ശുദ്ധമായ ഊർജ്ജം, കാര്യക്ഷമത, ഗ്രിഡ് വിന്യാസം, നൂതന ഗവേഷണം, നിർമ്മാണം, ഫോസിൽ ഇന്ധനങ്ങൾ എന്നിവയ്ക്ക് ഉത്തരവാദികളായ ആറ് ഏജൻസി ഓഫീസുകളാണ് ഗ്രാന്റുകൾ നൽകിയതെന്ന് ഡിഒഇ വ്യക്തമാക്കി.

# ഷംഷാബാദ് രൂപതക്കുവേണ്ടി പുതിയ ദേവാലയം നിർമ്മിച്ച് നൽകാൻ കുഞ്ഞു മിഷനറിമാർ

## മിഷൻ ലീഗ് മൂന്നാം രൂപതാതല സമ്മേളനം ശനിയാഴ്ച കൊപ്പേലിൽ

കൊപ്പേൽ: ഷിക്കാഗോ സീറോ മലബാർ രൂപതയുടെ ജൂബിലിയോടനുബന്ധിച്ചു ചെറുപുഷ്പ മിഷൻ ലീഗിന്റെ (സി.എം.എൽ) മൂന്നാം രൂപതാതല സമ്മേളനം ഒക്ടോബർ 4നു കൊപ്പേൽ സെന്റ് അൽഫോൻസാ സീറോ മലബാർ ദേവാലയത്തിൽ അരങ്ങേറും. രൂപതയിലെ മിഷൻ ലീഗ് നേതൃത്വം പങ്കെടുക്കുന്ന ഈ സമ്മേളനത്തിൽ രൂപതയിലെ മറ്റു ഇടവകളിൽ നിന്നുമുള്ള മിഷൻ ലീഗ് അംഗങ്ങളും, പ്രത്യേകിച്ച് ടെക്സാസ് ഒക്ലഹോമ റീജണിൽ നിന്നുമുള്ള അറുനൂറോളം മിഷൻ ലീഗ് അംഗങ്ങളും പങ്കെടുക്കും. കുഞ്ഞു മിഷനറിമാരെ വരവേൽക്കാൻ കൊപ്പേൽ ഇടവക ഒരുങ്ങി.




രൂപതാ ബിഷപ്പ് മാർ ജോയ് ആലപ്പാട്ട്, ബിഷപ്പ് എമിരറ്റസ് മാർ ജേക്കബ് അങ്ങാടിയത്ത്, സി.എം.എൽ ഡയറക്ടറും മതബോധന ഡയറക്ടറുമായ റവ. ഡോ. ജോർജ് ദാനവേലിൽ, സിസ്റ്റർ ആഗ്നസ് മരിയ എം.എസ്.എം.ഐ. (ജോയിന്റ് ഡയറക്ടർ), സിജോയ് സിറിയക് (പ്രസിഡന്റ്), ടിസൺ തോമസ് (സെക്രട്ടറി) തുടങ്ങിയവരും സമ്മേളനത്തിൽ പങ്കെടുക്കും. മിഷൻ ലീഗിന്റെ ആഭിമുഖ്യത്തിൽ ഷംഷാബാദ് രൂപതക്കുവേണ്ടി പുതുതായി ഒരു ദേവാലയം നിർമ്മിച്ച് നൽകുവാനുള്ള പ്രത്യേക പ്രൊജക്റ്റിനായി രൂപതയിലെ മിഷൻ ലീഗ് അംഗങ്ങൾ തയ്യാറെടുക്കുന്നതായി റവ. ഡോ. ജോർജ് ദാനവേലിൽ അറിയിച്ചു. ഈ ദേവാലയ നിർമ്മാണ പ്രോജക്ടിന്റെ കിക്കോഫും കൊപ്പേൽ സെന്റ് അൽഫോൻസാ ഇടവകയിൽ നടക്കുന്ന മിഷൻ ലീഗിന്റെ രൂപതാ സമ്മേളനത്തിൽ വച്ചു നടക്കും.

ഇടവക വികാരി ഫാ. മാത്യൂസ് കുര്യൻ മുഞ്ഞനാട്ട്, അസിസ്റ്റന്റ് വികാരി ഫാ. ജിമ്മി എടക്കുളത്തൂർ കുര്യൻ എന്നിവർ ഇടവകയിൽ നടക്കുന്ന സമ്മേളനത്തിലേക്ക് ഏവരേയും ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നതായി അറിയിച്ചു.

ഇവരോടൊപ്പം മിഷൻ ലീഗ് സൗത്ത് വെസ്റ്റ് സോൺ എക്സിക്യൂട്ടീവ് അംഗം ആൻ ടോമി, സെന്റ് അൽഫോൻസാ അനിമേറ്റർ റോസ്മേരി, ഇടവക ട്രസ്റ്റിമാരായ ജോഷി കുര്യാക്കോസ്, റോബിൻ കുര്യൻ, റോബിൻ ജേക്കബ് ചിറയത്ത്, രഞ്ജിത്ത് മാത്യു തലക്കോട്ടൂർ, സെബാസ്റ്റ്യൻ പോൾ (സെക്രട്ടറി) എന്നിവരും പരിപാടികൾ വിജയകരമാക്കാൻ നേതൃത്വം നൽകുന്നു.

*മാർട്ടിൻ വിലങ്ങോലിൽ*

MEDICARE SUPPLEMENTS & ADVANTAGE PLANS
GET YOUR MEDICARE QUESTIONS ANSWERED

MEDICARE

Medicare coverage can be confusing and it is important to make the best decision for you and your health.
There are four different parts of Medicare:

Part A
Hospital Insurance

Part C
$0 Premium Medicare Advantage Plans

Part B
Medical Insurance

Part D
Prescription Drug Coverage

Medicare Supplement Plans Offered by Various Companies at Competitive Rates

CALL or TEXT RAJ SURENDRAN
Senior Medicare Specialist

708-945-3985


www.questwealthgroup.com
rsurendran007@gmail.com



There is no obligation,
All consultations are FREE!

**കഥയില്ലായ്മകൾ**

# മുതിർന്ന കുട്ടികൾക്കായി ഒരു വിനോദം


സി. രാധാകൃഷ്ണൻ

ഏതിലെ പോയാൽ വീട്ടിലെത്താം എന്ന് കുട്ടികൾക്കായി ഒരു കളിച്ചിത്രം ഇല്ലേ, അതുപോലെ മുതിർന്നവർക്കായി ഒരു സമസ്യ ഇതാ:

ഇവിടെ കളി തമാശയല്ല, കാര്യം തന്നെയാണ് സമസ്യ എന്നുള്ളതാണ് പ്രധാന വ്യത്യാസം. കള്ളനെ കണ്ടുപിടിക്കുക എന്നാണ് ഈ കളിയുടെ പേര്.

ചോദ്യം ഇതാണ്: 30 കൊല്ലം ജോലി ചെയ്ത ഒരാൾ റിട്ടയർ ചെയ്പ്പോൾ കിട്ടിയ സമ്പാദ്യം 12 ലക്ഷം രൂപ ഒരു നാഷണലൈസ്ഡ് ബാങ്കിൽ നിക്ഷേപിച്ചു. പത്തു കൊല്ലം മുമ്പായിരുന്നു ഇത്.

അന്ന് ഒരു കിലോ അരിക്ക് 12 ഉറുപ്പികയായിരുന്നു വില. എല്ലാറ്റിന്റെയും വിലനിലവാരം ആ തോതിൽ തന്നെ. ഇപ്പോൾ അരിക്ക് വില കിലോക്ക് 60 ഉറുപ്പിക.

ഇതേ തോതിൽ എല്ലാറ്റിനും വില കൂടി. അഥവാ ഉറുപ്പികയുടെ വില അഞ്ചിലൊന്നായി കുറഞ്ഞു.

അതായത് അയാൾ ബാങ്കിലിട്ട തുകയുടെ അഞ്ചിൽ നാലു ഭാഗവും ആരോ അടിച്ചുമാറ്റിയിരിക്കുന്നു!

ഈ മോഷണം നടത്തിയത് ആരാണ് എന്നാണ് കണ്ടെത്തേണ്ടത്. കള്ളന്മാരോ കൊള്ളക്കാരോ അല്ല.

ഒരു പൂട്ടും ആരും പൊളിച്ചിട്ടില്ല. ലക്ഷം 12ഉം ബാങ്കിൽ തന്നെ ഉണ്ടല്ലോ. കൊള്ളയടിച്ചത് ബാങ്ക് അല്ല. കടലാസിൽ എഴുതി കൊടുത്ത മുഴുവൻ തുകയും അയാൾക്ക് എപ്പോൾ വേണമെങ്കിലും തിരിച്ച് എടുക്കാമല്ലോ.

എലിയോ ചിതലോ തിന്നതല്ല. ബാങ്കിൽ ആവശ്യത്തിനു കീടനാശിനികളും എലിക്കെണികളും ഒക്കെ ഉണ്ട്. പണ്ട് കലക്കത്ത് കുഞ്ചൻ നമ്പ്യാർ അമ്പലപ്പുഴ തമ്പുരാനോട് പറഞ്ഞ പോലെയാണ് കാര്യം:




ഉണ്ട് എന്നാൽ ഇല്ല! ഇല്ല എന്ന് പറയാൻ വയ്യ!

കാരണം, ഉണ്ട്! 'ഉണ്ടില്ല' എന്ന അവസ്ഥ!!

ഞാൻ എന്റെ വീട്ടുകാരിയോട് ചോദിച്ചു. സാമ്പത്തിക ശാസ്ത്രം പഠിച്ച അവൾക്കും അറിയില്ല.

ഒന്നുരണ്ടു ബാങ്ക് മാനേജർമാരോട് അന്വേഷിച്ചു.

അവർ ചിരിച്ചതേ ഉള്ളൂ. അറിവുണ്ടെങ്കിലും പറയാൻ മടി!

പണമിടപാട് നടത്തുന്നവർ ആരും തന്നെ അറിയാമെങ്കിലും പറയില്ല എന്ന് ഒരു സൂത്രക്കാരൻ പറഞ്ഞു തന്നു.

കാരണം, എല്ലാ കച്ചവടക്കാർക്കും ഇതാണ് ലാഭം. അവർ ഉറങ്ങുമ്പോൾ അവരുടെ സ്റ്റോക്കിന്റെ വില കൂടിക്കൊണ്ടിരിക്കും! എല്ലാ കച്ചവടവും ലാഭം!

നമ്മുടെ മുതലും നമ്മളെയും സംരക്ഷിക്കേണ്ട സർക്കാർ തന്നെയാണ് നമ്മുടെ മുതൽ മോഷ്ടിക്കുന്നത് എന്ന് പറഞ്ഞുതന്നത് നാട്ടിലെ ഒരു വക്കീൽ ഗുമസ്തൻ ആണ്. നോട്ട് അച്ചടിക്കാൻ അവർക്കേ അവകാശമുള്ളൂ. അവർ ആവശ്യം പോലെ അത് ചെയ്യുന്നു.

കേടായ നോട്ടിന് പകരം മാത്രമല്ല അവർക്ക് ആവശ്യമുള്ളതൊക്കെ അച്ചടിച്ചെടുക്കും. അങ്ങനെ ദിനം തോറും പണപ്പെരുപ്പം വർദ്ധിക്കും. അതനുസരിച്ച് പണത്തിന്റെ വില കുറയും.

12 ലക്ഷത്തിന് 10 കൊല്ലം മുമ്പ് ഉണ്ടായിരുന്നതിന്റെ ആറിൽ ഒന്ന് മതിപ്പേ ഉള്ളൂ ഇപ്പോൾ എങ്കിൽ അതിന്റെ ആറിൽ അഞ്ചും കൊള്ളയടിച്ചു കൊണ്ടുപോയത് സാക്ഷാൽ സർക്കാർ!

എന്നാൽ അതിപ്പോൾ അവരുടെ കയ്യിൽ ഉണ്ടോ? ഇല്ല! അത് ലോകത്തുള്ള കച്ചവടക്കാരുടെ ലാഭമായി മാറി.


പക്ഷേ, പരാതി പറയാൻ നിവൃത്തിയില്ല. കാരണം, ഭരണം ജനാധിപത്യമാണ്. എന്നുവെച്ചാൽ നമുക്ക് വേണ്ടി നമ്മെ നാം തന്നെ ഭരിക്കുന്ന വ്യവസ്ഥിതി!

അതായത് തത്വത്തിൽ നമ്മുടെ മുതൽ നാം തന്നെ മോഷ്ടിച്ചു! ഈ ഉത്തരം എഴുതിയാലേ നൂറു മാർക്ക് കിട്ടൂ!!

കാതലായ കാര്യം: തന്റെ മുതൽ സൂക്ഷിക്കാൻ അറിയാത്തവന്റെ സമ്പാദ്യം നാണമില്ലാത്തവർ കട്ടുകൊണ്ടു പോകുന്നു!!

സത്യമേവ ജയതേ!!

# സീറോമലബാർ നാഷണൽ ഫാമിലി കോൺഫറൻസിന്റെ ജൂബിലി സ്മരണിക ബിഷപ്പ് മാർ ജോയ് ആലപ്പാട്ട് പ്രകാശനം ചെയ്തു



ഫിലാഡൽഫിയ: ഷിക്കാഗോ സെ. തോമസ് സീറോമലബാർ രൂപതയിലെ പ്രമുഖ അത്മായസംഘടനയായ സീറോമലബാർ കത്തോലിക്കാ കോൺഗ്രസിന്റെ (എസ്.എം.സി.സി.) രജതജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് 2024 സെപ്തംബർ 27 മുതൽ 29 വരെ ദേശീയ തലത്തിൽ ഫിലാഡൽഫിയയിൽ നടന്ന സീറോമലബാർ കുടുംബസംഗമത്തിന്റെ ജൂബിലി സ്മരണിക ആതിഥേയ ഇടവകയായ ഫിലാഡൽഫിയ സെ. തോമസ് സീറോമലബാർ പള്ളിയിൽ ഫാമിലി കോൺഫറൻസിന്റെ മുഖ്യരക്ഷാധികാരിയും, ഷിക്കാഗോ സീറോമലബാർ രൂപതാദ്ധ്യക്ഷനുമായ ബിഷപ്പ് മാർ ജോയ് ആലപ്പാട്ട് റിലീസ് ചെയ്തു.

കോൺഫറൻസിന്റെ ഒന്നാം വാർഷികദിനമായ 2025 സെപ്തംബർ 28 ഞായറാഴ്ച്ച ദിവ്യബലിക്കുശേഷം ക്രമീകരിക്കപ്പെട്ട ഹൃസ്വമായ ചടങ്ങിൽ വച്ചാണ് സ്മരണികാപ്രകാശനം നിർവഹിക്കപ്പെട്ടത്. ദിവ്യബലിയിൽ സഹകാർമ്മികരായ ഇടവകവികാരി റവ. ഡോ. ജോർജ് ദാനവേലിൽ, റവ. ഫാ. ജോസ് വരിക്കപ്പള്ളിൽ, റവ. ഫാ. ജസ്റ്റിൻ പനച്ചിക്കൽ, സുവനീർ കമ്മിറ്റിഅംഗങ്ങൾ, കൈക്കാരന്മാർ, വിശ്വാസിസമൂഹം എന്നിവർ ജൂബിലി സ്മരണിക പ്രകാശനകർമ്മത്തിനു സാക്ഷികളായി.

എസ്.എം.സി.സി.ജൂബിലിയോടനുബന്ധിച്ച് മൂന്നു ദിവസങ്ങളിലായി നടത്തപ്പെട്ട വിവിധ പ്രോഗ്രാമുകളുടെ ചിത്രങ്ങൾ, ശ്രദ്ധേയമായ സെമിനാർ വിഷയങ്ങളിലൂന്നിയ ഈടുറ്റ ലേഖനങ്ങൾ, ഫാമിലി കോൺഫറൻസ് റിപ്പോർട്ട്, വിശിഷ്ട വ്യക്തികളുടെ ആശംസാ സന്ദേശങ്ങൾ എന്നിവ ഉൾപ്പെടുത്തി ബഹുവർണകളറിൽ തയാറാക്കിയ സ്മരണിക ഓർമ്മയിൽ സൂക്ഷിച്ചുവക്കാനാവുന്ന നിരവധി നിമിഷങ്ങൾ പ്രദാനം ചെയ്യുന്നതോടൊപ്പം എസ്.എം.സി.സിയുടെ ആരംഭവും, വളർച്ചയും സംബന്ധിച്ച അറിവുകളും അനുവാചകർക്ക് നൽകുന്നു.

കോൺഫറൻസ് രജിസട്രേഷൻ ചെയർമാനും, ജുബിലി വെബ്സൈറ്റ്, ജൂബിലി സംബന്ധമായ ഡിജിറ്റൽമീഡിയ പരസ്യപ്രസിദ്ധീകരണങ്ങൾ എന്നിവതയാറാക്കിയസിബിച്ചൻചെമ്പ്ളായിൽ ആയിരുന്നു സുവനീറിന്റെ ചീഫ് എഡിറ്റർ. 2009ൽ പ്രസിദ്ധീകരിച്ച എസ്.എം.സി.സി. പത്താം വാർഷിക സ്മരണികയുടെ ചീഫ് എഡിറ്ററും സിബിച്ചൻ തന്നെയായിരുന്നു. ഡോ. ജയിംസ് കുറിച്ചി കോർഡിനേറ്ററായ സുവനീർ കമ്മിറ്റിയിൽ ജോർജ് മാത്യു സി.പി.എ., ജോസ് മാളേയ്ക്കൽ, ജോർജ് വി. ജോർജ്, ജോജോ കോട്ടൂർ, സജി സെബാസ്റ്റ്യൻ, ജോസ് തോമസ്, റോഷിൻ പ്ലാമൂട്ടിൽ, ജയിൻ സന്തോഷ്, ഷാജി മിറ്റത്താനി, സിബിച്ചൻ ചെമ്പ്ളായിൽ എന്നിവർ അംഗങ്ങളായിരുന്നു.

എസ്.എം.സി.സിയുടെ രജതജൂബിലിആഘോഷങ്ങളോടനുബന്ധിച്ച് 2024 സെപ്തംബറിൽ നടന്ന ദേശീയ കുടുംബസംഗമം വടക്കേ അമേരിക്കയിലെ സീറോമലബാർ കത്തോലിക്കരുടെ ഏറ്റവുംവലിയഒത്തുചേരലായിരുന്നു. ബിഷപ്പ് മാർ ജോയ് ആലപ്പാട്ട് മുഖ്യ രക്ഷാധികാരിയും, എസ്.എം.സി.സി.നാഷണൽ ഡയറക്ടർ റവ. ഫാ. ജോർജ് എളംബാശേരിൽ; ആതിഥേയഇടവക വികാരി റവ. ഡോ. ജോർജ് ദാനവേലിൽ എന്നിവർ രക്ഷാധികാരികളും, ജോർജ് മാത്യു സി.പി.എ. (ചെയർപേഴ്സൺ), ഡോ. ജയിംസ് കുറിച്ചി, മേഴ്സി കുര്യാക്കോസ് (കോ-ചെയർപേഴ്സൺസ്), ജോസ് മാളേയ്ക്കൽ (ജനറൽ സെക്രട്ടറി), ഷോണിമ മാറാട്ടിൽ (ജോ. സെക്രട്ടറി), ജോർജ് വി. ജോർജ് (ട്രഷറർ), ജോജോ കോട്ടൂർ, ജോൺസൺ കണ്ണൂക്കാടൻ (നാഷണൽ കോർഡിനേറ്റർമാർ) എന്നിവരും, ഫിലഡൽഫിയ ഇടവക കൈക്കാരന്മാരായ സജി സെബാസ്റ്റ്യൻ, ജോജി ചെറുവേലിൽ, ജോസ് തോമസ്, പോളച്ചൻ വറീദ്, ജെറി കുരുവിള, വിവിധ സബ്കമ്മിറ്റി ചെയർപേഴ്സൺസും ഉൾപ്പെടെയുള്ള സിൽവർ ജൂബിലി കമ്മിറ്റിയാണ് കോൺഫറൻസിനു വേണ്ട ക്രമീകരണങ്ങൾ ചെയ്തത്.

◗ ജോസ് മാളേയ്ക്കൽ



# ഷട്ട്ഡൗൺ രാഷ്ട്രീയ നാടകമോ?

(ഒന്നാം പേജ് തുടർച്ച)

ക്കാലികമായി നിർത്തിവയ്ക്കുന്നത് ഒരിക്കലും സമ്പദ്‌വ്യവസ്ഥയെ തകർക്കാൻ ഇത് പര്യാപ്തമായ ഒന്നല്ല.എന്നാൽ സാമ്പത്തിക കാര്യനിർവ്വഹണ ചുമതലയുള്ള നിക്ഷേപകർക്കും ഉദ്യോഗസ്ഥർക്കും ഇത് ഒരു തലവേദനയല്ലെന്ന് അർത്ഥമില്ലെന്ന് ഫെഡ് ഉദ്യോഗസ്ഥർ തന്നെ വ്യക്തമാക്കുന്നു. ഉദാഹരണത്തിന് നാല് ആഴ്ചകൾക്കുള്ളിൽ പലിശ നിരക്കുകൾ സംബന്ധിച്ച് ഒരു തീരുമാനം ഉണ്ടാകും. അത് അവരെ ഏറ്റവും ആശങ്കപ്പെടുത്തുന്ന രണ്ട് കാര്യങ്ങളിൽ ആയിരിക്കും സംഭവിക്കുക. അതിൽ ഒന്ന് തൊഴിൽ വിപണിയും മറ്റൊന്ന് പണപ്പെരുപ്പവും ആണ്.

അടച്ചുപൂട്ടൽ നിലനിൽക്കുന്നിടത്തോളം, ബ്യൂറോ ഓഫ് ലേബർ സ്റ്റാറ്റിസ്റ്റിക്സ്, ബ്യൂറോ ഓഫ് ഇക്കണോമിക് അനാലിസിസ്, സെൻസസ് ബ്യൂറോ എന്നിവ പുറപ്പെടുവിച്ച സൂക്ഷ്മമായ കണക്കുകൾക്ക് പകരക്കാരായി കണക്കാക്കപ്പെടുന്ന സ്വകാര്യ മേഖലയിൽ നിന്നുള്ള ഡാറ്റാ സെറ്റുകൾ അവർ പരിശോധിക്കേണ്ടി വരും. സമ്പദ്‌വ്യവസ്ഥ പരിവർത്തനത്തിലാണെന്ന് കണ്ടെത്താൻ ശ്രമിക്കുന്ന ഒരു നിമിഷത്തിൽ തങ്ങൾക്ക് ഔദ്യോഗിക സ്ഥിതിവിവരക്കണക്കുകൾ ലഭിക്കില്ല എന്നത് തന്നെ വേദനിപ്പിക്കുന്നുവെന്ന് ഷിക്കാഗോ ഫെഡ് പ്രസിഡന്റ് ഓസ്റ്റൻ ഗൂൾസ്ബീ ചൊവ്വാഴ്ച ഫോക്സ് ബിസിനസിലെ 'ദി ക്ലാമൻ കൗണ്ട്ഡൗൺ' എന്ന പരിപാടിയിൽ പറഞ്ഞു.

### സമീപ ഭാവിയിൽ കൂടുതൽ വെട്ടിക്കുറവുകൾ ഉണ്ടായേക്കും

തൊഴിൽ വിപണിയെക്കുറിച്ചുള്ള വർദ്ധിച്ചുവരുന്ന ആശങ്കകളെത്തുടർന്ന് ഡിസംബറിന് ശേഷം ആദ്യമായി ഫെഡ് കഴിഞ്ഞ മാസം പലിശ നിരക്ക് കുറച്ചു. എന്നിരുന്നാലും, ആ തീരുമാനത്തോടൊപ്പം നയരൂപീകരണ വിദഗ്ധരുടെ പ്രവചനങ്ങൾ കാണിക്കുന്നത്, തൊഴിൽ വിപണിയിലെ അപകട സാധ്യതകൾ സമീപ ഭാവിയിൽ കൂടുതൽ വെട്ടിക്കുറവുകൾ ആവശ്യപ്പെടാൻ തക്കവണ്ണം പ്രാധാന്യമർഹിക്കുന്നതാണെന്ന് അവരിൽ പലർക്കും ബോധ്യപ്പെട്ടിട്ടില്ല എന്നാണ്.

### യുഎസ് കർഷകർക്ക് ദുരിതം

ബുധനാഴ്ച ആരംഭിച്ച യുഎസ് ഫെഡറൽ ഗവൺമെന്റ് അടച്ചുപൂട്ടൽ കർഷകർക്കുള്ള ചില പണമടയ്ക്കലുകൾ നിർത്തലാക്കുകയും ഫെഡറൽ കാർഷിക വായ്പകളിലേക്കുള്ള പ്രവേശനം വൈകിപ്പിക്കുകയും ചെയ്യും. ഇതിനകം കുറഞ്ഞ വിള വില, റെക്കോർഡ് ഉയർന്ന കടങ്ങൾ, ശരത്കാല വിളവെടുപ്പിലെ വ്യാപാര യുദ്ധം എന്നിവ നേരിടുന്ന ഉൽപാദകർക്ക് ഇത് ഏറ്റവും പുതിയ തിരിച്ചടിയാണ്. പേയ്‌മെന്റുകളിലെ ചെറിയ തടസ്സങ്ങൾ പോലും കർഷകരുടെ സാമ്പത്തിക പ്രതിസന്ധിയെ കൂടുതൽ ആഴത്തിലാക്കും.

അടച്ചുപൂട്ടലുകൾക്കിടയിൽ, ഗണ്യമായ എണ്ണം ഫെഡറൽ ജീവനക്കാരെ പിരിച്ചുവിടുകയും പല പ്രവർത്തനങ്ങളും താൽക്കാലികമായി നിർത്തുകയും ചെയ്തിട്ടുണ്ട്. യുഎസ് കൃഷി വകുപ്പിന്റെ വെബ്സൈറ്റിൽ പോസ്റ്റ് ചെയ്ത ഏജൻസി ഷട്ട്ഡൗൺ പദ്ധതികൾ പ്രകാരം, 85,907 പേരടങ്ങുന്ന ജീവനക്കാരിൽ പകുതിയോളം പേരെ പിരിച്ചുവിട്ടതായാണ് കമ്പനി വെബ്സൈറ്റിൽ പോസ്റ്റ് ചെയ്തിരിക്കുന്നത്.അതേസമയം പോഷകാഹാര പരിപാടികളുടെ നടത്തിപ്പ്, ഭക്ഷ്യ പരിശോധനകൾ തുടങ്ങിയ നിർണായകമെന്ന് കരുതുന്ന ചില പ്രവർത്തനങ്ങൾ യുഎസ്ഡിഎ തുടരുമെന്ന് പദ്ധതികൾ സൂചിപ്പിക്കുന്നു. എന്നാൽ കാർഷിക വായ്പകളുടെ പ്രോസസ്സിംഗ്, കർഷകർക്ക് പണമടയ്ക്കൽ തുടങ്ങിയ ഭൂരിഭാഗവും നിർത്തലാക്കും.

കൂടാതെ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ നികുതി ഇളവിലും ചെലവ് ബില്ലിലും ഉൾപ്പെടുത്തിയിട്ടുള്ള കോടിക്കണക്കിന് ഡോളറിന്റെ ദുരന്ത സഹായവും ഇതിൽ ഉൾപ്പെടും.അർക്കൻസാസിലെ പാരഗൗൾഡിൽ ആടുകളെ വളർത്തുന്ന ടിം വെൽസ്, സമീപകാല കാലാവസ്ഥാ സംഭവങ്ങളിൽ നിന്നുള്ള നഷ്ടങ്ങൾക്ക് ദുരന്ത സഹായത്തിനായി ഈ മാസം അപേക്ഷിക്കാൻ പദ്ധതിയിട്ടിരുന്നു, എന്നാൽ ഷട്ട്ഡൗൺ സമയത്ത് പുതിയ അപേക്ഷകൾ സ്വീകരിക്കാത്തത് അദ്ദേഹത്തിന് തിരിച്ചടിയായിരിക്കുകയാണ്. കാർഷിക സമ്പദ്‌വ്യവസ്ഥയുടെ അവസ്ഥ ഇങ്ങനെയാണെന്ന് അദ്ദേഹം പറയുന്നു.

ട്രംപ് ഭരണകൂടവും യുഎസ്ഡിഎയും അടച്ചുപൂട്ടലിന് ഡെമോക്രാറ്റുകളെയാണ് കുറ്റപ്പെടുത്തിയത്. എന്നാൽ കോൺഗ്രസിന്റെ ഇരുസഭകളും വൈറ്റ് ഹൗസും നിയന്ത്രിക്കുന്നത് റിപ്പബ്ലിക്കൻമാരാണെന്നും അതിനാൽ അവരാണ് ഇതിന് കാരണമെന്നും ഡെമോക്രാറ്റുകൾ പറഞ്ഞു.

### വ്യാപാര യുദ്ധം, വിലക്കുറവ്

വിളവെടുപ്പ് സീസണിൽ യന്ത്രങ്ങൾ, വളം, മറ്റ് ചെലവുകൾ എന്നിവയ്ക്കായി കർഷകർ പലപ്പോഴും യുഎസ്ഡിഎ വായ്പകളെ ആശ്രയിക്കുന്നതിനാൽ ഈ അടച്ചുപൂട്ടലിന്റെ സമയം പ്രത്യേകിച്ച് ഇവയെല്ലാം തടസ്സപ്പെടുത്തുന്നതാണെന്ന് സാമ്പത്തിക വിദഗ്ധൻ ഹാർട്ട് പറഞ്ഞു. അടുത്ത വർഷത്തെ വളർച്ചാ സീസണിനായി ആസൂത്രണം ചെയ്യുന്ന കർഷകരും ഈ അടച്ചുപൂട്ടലിൽ അകപ്പെട്ടേക്കാമെന്ന് ബൈഡൻ ഭരണകൂടത്തിന് കീഴിലുള്ള യുഎസ്ഡിഎയുടെ ഫാം സർവീസ് ഏജൻസിയുടെ അഡ്മിനിസ്ട്രേറ്റർ സാക്ക് ഡ്യൂഷെനോക്സ് പറഞ്ഞു.

### പിരിച്ചുവിടലുകൾ ഉടൻ

വൈറ്റ് ഹൗസ് മുന്നറിയിപ്പ് നൽകുന്നത് അടച്ചുപൂട്ടൽ നീണ്ടുനിന്നാൽ പിരിച്ചുവിടലുകൾ ഉടൻ ഉണ്ടാകുമെന്നാണ്. വൈസ് പ്രസിഡന്റ് ജെ.ഡി. വാൻസ് അന്തിമ തീരുമാനങ്ങളൊന്നും എടുത്തിട്ടില്ലെന്ന് പറഞ്ഞിട്ടും, സർക്കാർ അടച്ചുപൂട്ടലിന്റെ ആദ്യ ദിവസം തൊഴിലാളി പിരിച്ചുവിടലുകൾ ഉടൻ ഉണ്ടാകുമെന്ന് വൈറ്റ് ഹൗസ് ബുധനാഴ്ച തന്നെ മുന്നറിയിപ്പ് നൽകിയിരുന്നു. സർക്കാർ ഏജൻസികൾ ഇതിനകം തന്നെ വെട്ടിക്കുറയ്ക്കലിന് തയ്യാറെടുക്കുകയാണെന്ന് വൈറ്റ് ഹൗസ് പ്രസ് സെക്രട്ടറി കരോലിൻ ലീവിറ്റ് മാധ്യമപ്രവർത്തകരോട് പറഞ്ഞിരുന്നു.

വെട്ടിക്കുറയ്ക്കലുകൾ എവിടെ നടത്താമെന്നത് സംബന്ധിച്ച് പ്രസിഡന്റ് തന്റെ കാബിനറ്റിനെയും മാനേജ്മെന്റ് ആൻഡ് ബജറ്റ് ഓഫീസിനെയും കൂടാതെ വിവിധ ഏജൻസികളുമായി ചേർന്ന് പ്രവർത്തിക്കുന്നുണ്ട്. പിരിച്ചുവിടലുകൾ ഉടൻ ഉണ്ടാകുമെന്ന് തങ്ങൾ വിശ്വസിക്കുന്നുവെന്ന് ലീവിറ്റ് പറഞ്ഞു. ചില തൊഴിലാളികളെ പിരിച്ചുവിടുമോ എന്നത് സംബന്ധിച്ച് അന്തിമ തീരുമാനമെടുത്തിട്ടില്ലെങ്കിലും, അടച്ചുപൂട്ടൽ തുടർന്നാൽ സ്ഥിതിഗതികൾ വേഗത്തിൽ പിരിച്ചുവിടലുകളിലേക്ക് നീങ്ങുമെന്ന് വാൻസ് സമ്മതിച്ചു.

### എന്തൊക്കെ അടച്ചിടും എന്തെല്ലാം പ്രവർത്തിക്കും

അടച്ചുപൂട്ടൽ ദൈനംദിന ജനജീവിതം പ്രതിസന്ധിയിലാക്കും. അവശ്യ സർവീസുകൾ തുടർന്നും പ്രവർത്തിക്കുമെങ്കിലും, പല സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങളും സേവനങ്ങളും തടസപ്പെടും. എന്തൊക്കെ തുറന്ന് പ്രവർത്തിക്കുമെന്നും എന്തൊക്കെ അടച്ചിടുമെന്നും അറിയാം.

### തുറന്ന് പ്രവർത്തിക്കുന്നവ

സാമൂഹിക സുരക്ഷ, മെഡികെയർ, മെഡിക്കെയ്ഡ്.സാമൂഹിക സുരക്ഷാ ചെക്കുകൾ കൃത്യ സമയത്ത് വിതരണം ചെയ്യുന്നത് തുടരും.മെഡികെയർ, മെഡിക്കെയ്ഡ് എന്നിവയുടെ പരിരക്ഷ തടസമില്ലാതെ ലഭിക്കും. ജീവനക്കാരെ പിരിച്ചുവിടുന്നുണ്ടെങ്കിൽ, മേൽപ്പറഞ്ഞവയുടെ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകാൻ സാധ്യതയുണ്ട്.

### വിമാനയാത്രയും ടിഎസ്എയും

എയർ ട്രാഫിക് കൺട്രോളർമാരും ടിഎസ്എ ഏജന്റുമാരും ജോലി ചെയ്യുന്നത് തുടരും. അതുവഴി വിമാനത്താവളങ്ങൾ തുറന്നുപ്രവർത്തിക്കുകയും സർവീസുകൾ തുടരുകയും ചെയ്യും. ജീവനക്കാരുടെ കുറവ്, ഓവർടൈം വേതനം ലഭിക്കാത്തത് എന്നിവ കാരണം കാലതാമസവും കാത്തിരിപ്പും വർധിക്കാൻ ഇടയുണ്ട്.

### സൈന്യവും നാഷണൽ ഗാർഡും

സൈനിക ദൗത്യങ്ങൾ തുടരും, പക്ഷേ ഗവൺമെന്റ് സ്തംഭനം അവസാനിക്കുന്നതുവരെ ജീവനക്കാർക്ക് ശമ്പളം ലഭിക്കാനിടയില്ല. ജോലിയിലുള്ള നാഷണൽ ഗാർഡ് അംഗങ്ങൾ അസൈൻമെന്റുകൾക്കായി റിപ്പോർട്ട് ചെയ്യുന്നത് തുടരും. പ്രസിഡന്റ് ട്രംപ് വാഷിങ്ടൺ ഡിസിയിൽ ഗാർഡുകളെ വിന്യസിക്കാനും കുറ്റകൃത്യങ്ങൾ തടയുന്നതിന് മെംഫിസ്, പോർട്ട്‌ലാൻഡ് തുടങ്ങിയ നഗരങ്ങളിലേക്ക് സുരക്ഷ വ്യാപിപ്പിക്കാനും നടപടികൾ സ്വീകരിക്കുന്നതായി റിപ്പോർട്ടുണ്ട്.

### ഇമിഗ്രേഷൻ, ബോർഡർ സർവീസുകൾ

ഇമിഗ്രേഷൻ ആൻഡ് കസ്റ്റംസ് എൻഫോഴ്സ്മെന്റ്, കസ്റ്റംസ് ആൻഡ് ബോർഡർ പ്രൊട്ടക്ഷൻ പോലുള്ള ഏജൻസികൾ അവയുടെ പ്രധാന പ്രവർത്തനങ്ങൾ തുടർന്നും നടത്തും.

### തപാൽ സർവീസ്

തപാൽ സേവനങ്ങളിലൂടെ വകുപ്പ് സ്വയം വരുമാനം കണ്ടെത്തുന്നതിനാൽ ഈ വിഭാഗത്തിന്റെ പ്രവർത്തനം തടസപ്പെടില്ല.സ്നാപ് (ഫുഡ് സ്റ്റാമ്പുകൾ) താത്കാലികംസ്നാപ് ആനുകൂല്യങ്ങൾ (ഫുഡ് സ്റ്റാമ്പുകൾ) താത്കാലികമായി തുടർന്നും ലഭിക്കും. എന്നാൽ ഏതാനും ആഴ്ചകൾ കഴിഞ്ഞാൽ ഇതിനായുള്ള ഫണ്ട് തീർന്നുപോയേക്കാം. സ്നാപ്പിന് എത്ര തുക ലഭ്യമാണെന്ന് യുഎസ്ഡിഎ വ്യക്തമാക്കിയിട്ടില്ല.

### താത്കാലികമായി അടച്ചിടാൻ സാധ്യതയുള്ളവ

ഡബ്ല്യുഐസി (സ്ത്രീകൾ, ശിശുക്കൾ, കുട്ടികൾ എന്നിവർക്കുള്ള പദ്ധതി). വനിതകൾക്കും കുഞ്ഞുങ്ങൾക്കുമുള്ള സ്പെഷ്യൽ സപ്ലിമെന്റൽ ന്യൂട്രീഷൻ പ്രോഗ്രാമിന് മതിയായ ഫണ്ടില്ല. ഗവൺമെന്റ് സ്തംഭനമുണ്ടായി ഒരാഴ്ചയ്ക്കുള്ളിൽ തന്നെ ഡബ്ല്യുഐസി-യുടെ ഫണ്ട് തീർന്നുപോയേക്കാമെന്ന് നാഷണൽ WIC അസോസിയേഷനിലെ ജോർജിയ മാഷെൽ മുന്നറിയിപ്പ് നൽകി.

### സ്മിത്സോണിയൻ മ്യൂസിയങ്ങളും നാഷണൽ സൂവും

എല്ലാ സ്മിത്സോണിയൻ മ്യൂസിയങ്ങളും നാഷണൽ സൂവും അടച്ചിടും. പക്ഷേ മൃഗങ്ങളുടെ സംരക്ഷണം തുടരും. ഗവൺമെന്റ് സ്തംഭന സമയത്ത് ലൈവ് അനിമൽ ക്യാമറകൾ ഓഫാക്കും.

### ദേശീയോദ്യാനം

ദേശീയോദ്യാന സർവീസിന്റെ പ്രവർത്തനം സംബന്ധിച്ച് അവ്യക്തത തുടരുകയാണ്.മുമ്പുണ്ടായ ഗവൺമെന്റ് സ്തംഭനത്തിൽ ചില പാർക്കുകൾ തുറന്നിരുന്നുവെങ്കിലും ജീവനക്കാർ ഉണ്ടായിരുന്നില്ല. ഇത് മാലിന്യം കുന്നുകൂടാനും സ്വത്തുക്കൾ നശിക്കാനും കാരണമായി. ഇതുവരെ ആഭ്യന്തര വകുപ്പ് ഗവൺമെന്റ് സ്തംഭനം നേരിടാനുള്ള പദ്ധതി പുറത്തിറക്കിയിട്ടില്ല.

### ഫെഡറൽ ജീവനക്കാർ

അവശ്യ സർവീസുകളിലെ ഫെഡറൽ ജീവനക്കാർ ജോലിക്ക് റിപ്പോർട്ട് ചെയ്യണം. പക്ഷേ സ്തംഭനം അവസാനിക്കുംവരെ ശമ്പളം ലഭിക്കില്ല. അവശ്യ സർവീസുകളിൽ അല്ലാത്ത ചില ജീവനക്കാരെ ശമ്പളമില്ലാതെ പിരിച്ചുവിടാനിടയുണ്ട്. എന്നാൽ 2019ലെ നിയമം അനുസരിച്ച് പിന്നീട് മുൻകാല പ്രാബല്യത്തോടെയുള്ള നഷ്ടപരിഹാരം നൽകേണ്ടതുണ്ട്.

### ഷട്ട്ഡൗൺ രാഷ്ട്രീയ നാടകമോ...?

യുഎസിൽ ഷട്ട്ഡൗണോ? ഇത് കേൾക്കുമ്പോൾ പല രാജ്യങ്ങളിലെയും ആളുകൾ പരിഭ്രാന്തിയിലാകുന്നത് സ്വാഭാവികമാണ്. എല്ലാം തകർന്നു, രാജ്യത്തിന്റെ ഭരണ സംവിധാനം നിലച്ചു, സർക്കാരിന് ഇനി ചെലവഴിക്കാൻ പണമില്ല എന്നൊക്കെയാണ് പലരുടെയും ധാരണ. എന്നാൽ, യാഥാർഥ്യം അത്രയ്ക്ക് ഭീകരമല്ല. ഇത് ഒരു സാങ്കേതികപരമായ പ്രതിസന്ധി മാത്രമാണെന്നാണ് വിദഗ്ധർ അഭിപ്രായപ്പെടുന്നത്. ഫെഡറൽ സർക്കാരിന് ഓരോ സാമ്പത്തിക വർഷവും പ്രവർത്തിക്കുന്നതിന് കോൺഗ്രസ് (സെനറ്റും ജനപ്രതിനിധി സഭയും) ഫണ്ടിങ് ബില്ലുകൾ പാസാക്കേണ്ടതുണ്ട്. മൊത്തം 12 ബില്ലുകളാണ് സാധാരണയായി പാസാക്കേണ്ടത്.

സെപ്തംബർ 30 അർധരാത്രിക്ക് മുമ്പായി ഈ ബില്ലുകൾ പാസാക്കി പ്രസിഡന്റ് ഒപ്പിടണം. എന്നാൽ ചില രാഷ്ട്രീയ വിഷയങ്ങളിലോ ബജറ്റിലെ മറ്റ് ചെലവഴിക്കൽ നിർദ്ദേശങ്ങളിലോ കോൺഗ്രസിലെ രാഷ്ട്രീയ പാർട്ടികൾ തമ്മിൽ അഭിപ്രായ വ്യത്യാസങ്ങളുണ്ടാകുന്നതോടെ ബില്ലുകൾ പാസാകാൻ കാലതാമസം ഉണ്ടാകും. അങ്ങനെ വരുമ്പോൾ നിലവിലുള്ള ഫണ്ടിങ് ഇല്ലാതാകുന്നു. ഫണ്ടിങ് ഇല്ലാതാകുമ്പോൾ, ആന്റിഡെഫിഷ്യൻസി ആക്ട് അനുസരിച്ച്, ഫെഡറൽ ഏജൻസികൾക്ക് പണം ചെലവഴിക്കാനോ കടം വാങ്ങുന്നതിനോ കഴിയില്ല. ഇതാണ് ഷട്ട്ഡൗൺ എന്ന അവസ്ഥയിലേക്ക് ഭരണകൂടത്തെ എത്തിക്കുന്നത്. ഷട്ട്ഡൗൺ എന്നാൽ സർക്കാരിന്റെ എല്ലാ പ്രവർത്തനങ്ങളും പൂർണ്ണമായി നിലയ്ക്കുന്നു എന്ന് അർത്ഥമില്ല.

മറിച്ച് ഫണ്ടിങ് ലഭിക്കാത്തതിനെത്തുടർന്ന്, ചില ഏജൻസികളുടെ അത്യാവശ്യമല്ലാത്ത പ്രവർത്തനങ്ങൾ താൽക്കാലികമായി നിർത്തലാക്കുന്നു എന്ന് മാത്രം. അതേസമയം മറ്റ് രാജ്യങ്ങളിൽ, പ്രത്യേകിച്ച് ഇന്ത്യ പോലുള്ള രാജ്യങ്ങളിൽ, സർക്കാർ അടച്ചുപൂട്ടൽ എന്ന് കേൾക്കുമ്പോൾ പലരും കരുതുന്നത് രാജ്യം ഭരിക്കാൻ സർക്കാരിന് പണമില്ലാതായി അല്ലെങ്കിൽ ഭരണ സംവിധാനം പൂർണ്ണമായും നിലച്ചുപോയി എന്നാണ്.

എന്നാൽ ഇത് ഒരു തെറ്റിധാരണ മാത്രമാണ്. ഇതൊരു സാമ്പത്തിക തകർച്ചയല്ല, മറിച്ച് പണം ചെലവഴിക്കുന്നതിനുള്ള നിയമപരമായ അനുമതി ഇല്ലാത്തതിന്റെ പ്രശ്നം മാത്രമാണ് എന്നതാണ് യാഥാർത്ഥ്യം.

അതായത് രാജ്യത്തിന്റെ ട്രഷറിയിൽ പണമുണ്ടാകും. എന്നാൽ അത് ഉപയോഗിക്കാൻ കോൺഗ്രസിന്റെ അംഗീകാരം ലഭിച്ചിട്ടില്ല എന്ന് മാത്രം. അതുകൊണ്ട് കോൺഗ്രസ് ഫണ്ടിങ് ബിൽ പാസാക്കി അനുമതി നൽകിയാൽ ഉടൻ തന്നെ പ്രശ്നം പരിഹരിക്കപ്പെടുകയും ചെയ്യും. മാത്രമല്ല സൈന്യം, സുരക്ഷാ സേന, എയർ ട്രാഫിക് കൺട്രോളർമാർ, പൊലീസ്, തപാൽ സർവീസുകൾ തുടങ്ങിയ രാജ്യത്തിന്റെ സുരക്ഷയ്ക്കും ജീവനും സ്വത്തിനും അത്യാവശ്യമായ എല്ലാ സർവീസുകളും ഷട്ട്ഡൗൺ സമയത്തും തുടരും.

അപ്പോൾ പറഞ്ഞുവന്നത് യുഎസ് ഷട്ട്ഡൗൺ എന്നത് സർക്കാരിന്റെ രാഷ്ട്രീയ തർക്കങ്ങളുടെ ഫലമായുണ്ടാകുന്ന ഒരു താൽക്കാലിക ബജറ്റ് മരവിപ്പിക്കൽ മാത്രമാണ് എന്നതാണ്. അത് ഒരു രാജ്യത്തിന്റെ ഭരണ സംവിധാനം തന്നെ തകരുന്ന വൻ ദുരന്തമല്ല എന്ന് സാരം. ഷട്ട്ഡൗൺ ഭീകരമായ ഒരവസ്ഥയല്ല.

എങ്കിലും യുഎസിലെ സാധാരണക്കാർക്ക് ഇത് ചെറിയ രീതിയിൽ ബുദ്ധിമുട്ടുണ്ടാക്കും. അതായത് അത്യാവശ്യമല്ലാത്ത ഫെഡറൽ ജീവനക്കാർക്ക് ശമ്പളമില്ലാത്ത അവധി നൽകുന്നത് അവരുടെ കുടുംബത്തിന്റെ സാമ്പത്തിക സ്ഥിതിയെ താൽക്കാലികമായി ബാധിക്കും. എങ്കിലും ഷട്ട്ഡൗൺ അവസാനിച്ച ശേഷം ഇവർക്ക് കുടിശികയെല്ലാം മുഴുവനായി ലഭിക്കുകയും ചെയ്യും.

അതുപോലെ, വിസ/പാസ്പോർട്ട് അപേക്ഷകളുടെ പ്രോസസിങ് മന്ദഗതിയിലാകുകയോ താൽക്കാലികമായി നിലയ്ക്കുകയോ ചെയ്യാനും സാധ്യതയുണ്ട്. മിക്ക ദേശീയ പാർക്കുകളും അടച്ചിടും. ഇത് വിനോദസഞ്ചാരികളെയും പ്രാദേശിക കച്ചവടക്കാരെയും ബാധിക്കും.

കൂടാതെ ഫെഡറൽ ഏജൻസികൾ കൈകാര്യം ചെയ്യുന്ന ഭവന വായ്പകൾ, ബിസിനസ് വായ്പകൾ തുടങ്ങിയവയുടെ പ്രോസസിങ്ങും വൈകാൻ സാധ്യതയുണ്ട്. എന്നാൽ, സാമൂഹ്യ സുരക്ഷാ പെൻഷനുകൾ, മുതിർന്ന പൗരന്മാർക്കുള്ള മെഡികെയർ തുടങ്ങിയ പല പ്രധാനപ്പെട്ട ആനുകൂല്യങ്ങളും പേയ്മെന്റുകളും ഷട്ട്ഡൗൺ സമയത്തും മുടങ്ങാതെ ലഭിക്കും.

പറഞ്ഞ് വന്നത്, ഈ രാഷ്ട്രീയ നാടകം അവസാനിക്കുമ്പോൾ കോൺഗ്രസിലെ നേതാക്കൾ ഒരു ധാരണയിലെത്തി ബില്ലിൽ ഒപ്പിടുകയും കാര്യങ്ങളെല്ലാം വേഗത്തിൽ സാധാരണ നിലയിലേക്ക് തിരിച്ചെത്തുകയും ചെയ്യും. അതോടെ ഇപ്പോഴത്തെ ആശങ്കയും ചർച്ചകളും പടിക്ക് പുറത്താകുകയും ചെയ്യും.

## 'ഖത്തറിനെ തൊട്ടാൽ സൈനിക നടപടി ഉൾപ്പെടെ ഉറപ്പാക്കും'; ഉത്തരവിൽ ഒപ്പുവെച്ച് ട്രംപ്

(ഒന്നാം പേജ് തുടർച്ച)

എസ് ഉറപ്പാക്കുന്നുണ്ട്. എന്നാൽ ഇതിനെ മറികടന്നാണ് യുഎസിന്റെ സഖ്യകക്ഷിയായ ഇസ്രയേൽ ദോഹയിൽ ആക്രമണം നടത്തിയത്. ഖത്തറിന്റെ പരമാധികാരത്തെ മറികടന്ന ആക്രമണത്തിൽ ഇസ്രയേൽ പ്രധാനമന്ത്രി നെതന്യാഹു കഴിഞ്ഞ ദിവസം മാപ്പു ചോദിച്ചിരുന്നു. ഖത്തർ പ്രധാനമന്ത്രിയെ വിളിച്ചാണ് നെതന്യാഹു ഖേദം പ്രകടിപ്പിച്ചത്.





**Holiday Let**
**Penthouse in Kochi**
Two bed Penthouse with Balcony on the 18th floor, fully furnished, air-conditioned, is available for short stay in the heart of Kochi.
Close to shops/Restaurants/ Shopping centres.
Beautiful view of Kochi City.
Location - Vennala near Holiday Inn Hotel.
**Contact NG Jerome**
**Mob: +91 9446211630**
#092425

**ഷിക്കാഗോ സബർബിൽ കെയർഗിവറെ ആവശ്യമുണ്ട്**

**ഷിക്കാഗോയുടെ സബർബായ Northlakeൽ** താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ വന്നും പോയും (7 Days, 5 Hours Daily) പ്രായമുള്ള ഒരു അമ്മച്ചിയെ നോക്കുവാൻ ആളെ ആവശ്യമുണ്ട്.
**ബന്ധപ്പെടുക: 847 – 648 – 3300**
#100125

**ബേബി സിറ്ററെ ആവശ്യമുണ്ട്**

**ഡസ്പ്ലെയിൻസിൽ താമസിക്കുന്ന മലയാളി** കുടുംബത്തിന് വന്നുപോയോ വീട്ടിൽ താമസിച്ചോ ബേബി സിറ്റിംഗിന് ആളെ ആവശ്യമുണ്ട്.
**ബന്ധപ്പെടുക:**
**മോഹിൻ 773 – 679 – 5526,**
**ആൽബി 773 – 396 – 0535**
#091725

**SEEKING BRIDEGROOM**

**Knanaya Parents, Kerala** invite proposal for their daughter, 31, 154 cm, M.Tech (Bio-Technology) & PhD. Now she is working in Chennai.
**Contact:+1-630-642-4596**
**Email: lukescyriac@gmail.com**
#092425

**SEEKING BRIDE**


**We are seeking** a suitable alliance for our nephew, aged 29, from Idukki.
He has completed his MBA from Rajagiri College of Social Sciences and is currently working in our family business.
We are looking for a Christian (RCSC) girl from a respected family background. Interested families may contact us for further details.
**Chavara ID: CKTA459984**
**847-778-6907 (Chicago)**
#100125

**വരനെ ആവശ്യമുണ്ട്**

**ഫ്ളോറിഡയിലെ മിയാമിയിൽ താമസിക്കുന്ന** മാതാപിതാക്കൾ, RN ആയി മിയാമിയിൽ ജോലി ചെയ്യുന്ന 28 വയസ്സുള്ള ക്നാനായ യുവതി (യുഎസ് സിറ്റിസൺ)അനുയോജ്യരായ ക്നാനായ കാത്തലിക് യുവാക്കളിൽനിന്നും വിവാഹാലോചന ക്ഷണിക്കുന്നു.
**ബന്ധപ്പെടുക: 786 – 868 – 7192, 786 – 825 – 5748**
#092425


## നൊവേന

### വിശുദ്ധ യൂദാ ശ്ലീഹാ നൊവേന



ഈശോയുടെ വിശ്വസ്തദാസനും സ്നേഹിതനു അപ്പസ്തോലനുമായ വിശുദ്ധ യൂദായേ ദിവ്യഗുരുവിനെ ശത്രുക്കളുടെ കരങ്ങളിൽ ഏൽപ്പിച്ചുകൊടുത്തവന്റെ പേരിനോട് അങ്ങയുടെ പേരിനുള്ള സാമ്യം പലരും അങ്ങയെ മറക്കുവാൻ കാരണമാക്കിയല്ലോ. എങ്കിലും നിരാശാജനകവും അസാധ്യവുമായ കാര്യങ്ങളുടെ മദ്ധ്യസ്ഥനായി തിരുസഭ അങ്ങേ സാർവ്വത്രികമായി വണങ്ങുകയും അങ്ങേ സഹായം അപേക്ഷിക്കുകയും ചെയ്യുന്നു. വളരെയധികം കഷ്ടപ്പെടുന്ന എനിക്കിവേണ്ടി പ്രാർത്ഥിക്കണമേ ആശയററ സന്ദർഭങ്ങളിൽ ദൃശ്യമായ സഹായം അതിവേഗം പ്രദാനം ചെയ്യുന്നതിന് അങ്ങേയ്ക്കു സംസിദ്ധമായിരിക്കുന്ന പ്രത്യോകാനുകൂല്യത്തെ എന്ക്കുവേണ്ടി വിനിയോഗിക്കണമെന്ന് ഞാനങ്ങയോടഭ്യർത്ഥിക്കുന്നു.

എന്റെ എല്ലാ ആവശ്യങ്ങളിലും കഷ്ടതകളിലും ദു:ഖങ്ങളിലും പ്രത്യേകിച്ച് ... (നിയോഗം)... സ്വർഗ്ഗത്തിൽ നിന്നുള്ള സഹായവും ആശ്വാസവും കിട്ടുന്നതിനുമായി ഈ വലിയ ആവശ്യനേരത്ത് എന്റെ സഹായത്തിന് എത്തേണമെ.

അങ്ങനെ അങ്ങയോടും മറ്റെല്ലാ വിശുദ്ധരോടും കൂടെ ദൈവത്തെ അനവരതം സ്തുതിക്കുന്നതിന് എനിക്ക് ഇടയാകട്ടെ. ഓ! വാഴ്ത്തപ്പെട്ട വി യൂദായേ ഈ വലിയ അനുഗ്രഹത്തെ ഞാൻ എന്നും സ്മരിക്കുന്നതാണെന്നും എന്റെ ശക്തിയുള്ള പ്രത്യേക മദ്ധ്യസ്ഥനായി അങ്ങയെ വണങ്ങുന്നതിൽ ഞാൻ ഒരിക്കലും കുറവു വരുത്തുകയില്ലെന്നും അങ്ങയോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിന് എന്റെ സർവ്വ കഴിവുകളും വിനിയോഗിക്കുന്നതാണെന്നും ഞാൻ ഇതാ പ്രതിജ്ഞ ചെയ്യുന്നു.

**ക്രിസ്റ്റി തോമസ്**
#100125

### ഉണ്ണിയീശോയോടുള്ള നൊവേന



ഇഹലോകവാസികളായ ഞങ്ങളേരോരുത്തരോടുമുള്ള സ്നേഹത്താൽ മനുഷ്യാവതാരം ചെയ്ത് ഞങ്ങളുടെ ഇടയിലേക്ക് വരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. പാപികളായ ഞങ്ങളുടെ അയോഗ്യതകൾ പരിഗണിക്കാതെ ഞങ്ങളിൽ ഒരുവനായിത്തീരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ, കാലിത്തൊഴുത്തിൽ പിറന്ന് എളിമയോടെയും വിനയത്തിന്റെയും മാതൃകയായി ജീവിച്ചതിന് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

പാപികളായ ഞങ്ങളിൽ അനുഗ്രഹവർഷം ചൊരിഞ്ഞുകൊണ്ടിരിക്കുന്ന അങ്ങേയ്ക്കു ഞങ്ങൾ നന്ദിപറയുന്നു. അങ്ങേ തിരുമുമ്പിൽ അണഞ്ഞ് ഈ നെവേനയിൽ ഇന്നു ഞങ്ങൾ പ്രത്യേകമായി അപേക്ഷിക്കുന്നു..... ആവശ്യങ്ങൾ ഞങ്ങൾക്ക് ഒരോരുത്തർക്കും സാധിച്ചുതരണമെന്ന് തകർന്ന ഹൃദയത്തോടുകൂടി അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു.
ആമേൻ

**ജെറി കുര്യാക്കോസ്**
#100125


Newspaper for Malayalees Worldwide ◆Estd.2020
വാചകം VACHAKAM
To Advertise
1 773 – 888 – 2242
1 773 – 842 – 9149
1 773 – 888 – 2243
vachakamonline@gmail.com
news@vachakam.com
Vachakam.com
For E-Paper reading visit Vachakam.com


## ട്രംപിന് തിരിച്ചടി: ലിസ കുക്കിന് ഫെഡറൽ റിസർവ് ഗവർണറായി തുടരാമെന്ന് സുപ്രീം കോടതി



വാഷിംഗ്ടൺ: അമേരിക്കൻ കേന്ദ്ര ബാങ്കായ ഫെഡറൽ റിസർവിന്റെ ഗവർണറായി ലിസ കുക്കിന് പദവിയിൽ തുടരാൻ സുപ്രീം കോടതിയുടെ അനുമതി. പദവിയിൽ നിന്ന് പുറത്താക്കിയ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന് സുപ്രീം കോടതിയിൽ വീണ്ടും തിരിച്ചടി നേരിട്ടിരിക്കുകയാണ്. 2026 ജനുവരിയിൽ കേസിൽ കോടതി വാദം കേൾക്കുന്നത് വരെ ലിസ കുക്കിന് പദവിയിൽ തുടരാമെന്ന് സുപ്രീം കോടതി വ്യക്തമാക്കി.

ഭവന വായ്പാച്ചട്ടങ്ങളിൽ ബോധപൂർവം തെറ്റായ വിവരങ്ങൾ നൽകിയെന്ന് ആരോപിച്ച് ഓഗസ്റ്റിലാണ് ട്രംപ് ലിസ കുക്കിനെ പുറത്താക്കിയത്. അമേരിക്കയുടെ ചരിത്രത്തിൽ ആദ്യമായിരുന്നു കേന്ദ്രബാങ്കിന്റെ ഗവർണറെ ഒരു പ്രസിഡന്റ് പദവിയിൽ നിന്ന് നീക്കുന്നത്.

അതേസമയം കുക്കിനെ പദവിയിൽ നിന്ന് നീക്കം ചെയ്യാനുള്ള ശ്രമങ്ങളുമായി മുന്നോട്ട് പോകുമെന്ന് ട്രംപ് ഭരണകൂടം അറിയിച്ചു. കൃത്യമായ കാരണത്തോടെ നിയമപരമായാണ് ലിസ കുക്കിനെ പ്രസിഡന്റ് ട്രംപ് സ്ഥാനത്ത് നിന്ന് നീക്കം ചെയ്തതെന്നും തങ്ങളുടെ വാദങ്ങൾ കോടതിയിൽ വ്യക്തമാക്കി അന്തിമ വിജയം നേടാൻ ശ്രമിക്കുമെന്നും വൈറ്റ് ഹൗസ് വക്താവ് കുഷ് ദേശായി പ്രസ്താവനയിൽ പറഞ്ഞു.

ഫെഡറൽ റിസർവിന്റെ ഗവർണറാകുന്ന ആദ്യ 'ബ്ലാക്ക് അമേരിക്കൻ' വനിതയുമായിരുന്നു ലിസ. പിന്നാലെ തന്നെ പുറത്താക്കാൻ പ്രസിഡന്റിന് അധികാരമില്ലെന്നും ആരോപണങ്ങളിൽ കഴമ്പില്ലെന്നും വാദിച്ചു കുക്ക് കോടതിയെ സമീപിക്കുകയായിരുന്നു.

## വിദേശത്ത് വൈവിധ്യ നയങ്ങൾ പ്രോത്സാഹിപ്പിക്കുന്ന ഗ്രൂപ്പുകൾക്കുള്ള ധനസഹായം റദ്ദാക്കും: പദ്ധതിയുമായി ട്രംപ്



വാഷിംഗ്ടൺ: ലിംഗ വ്യക്തിത്വവും വൈവിധ്യവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വിദേശത്ത് പ്രവർത്തിക്കുന്ന സംഘടനകൾക്കുള്ള യുഎസ് ധനസഹായം തടയാൻ ട്രംപ് ഭരണകൂടം പദ്ധതിയിടുന്നു. മെക്സിക്കോ സിറ്റി നയത്തിന്റെ ഒരു പ്രധാന വിപുലീകരണമാണ് പുതിയ നയംകൊണ്ട് ട്രംപ് ലക്ഷ്യമിടുന്നത്. ഇത് യുഎസ് ആഗോള ആരോഗ്യ ധനസഹായം സ്വീകരിക്കുന്ന വിദേശ ഗ്രൂപ്പുകളെ ഗർഭഛിദ്രം നടത്തുന്നതിൽ നിന്നോ പ്രോത്സാഹിപ്പിക്കുന്നതിൽ നിന്നോ തടയുന്നു. അത്തരം കാര്യങ്ങൾക്ക് മറ്റ് ധനസഹായ സ്രോതസ്സുകൾ ഉപയോഗിച്ചാണ് പണം നൽകുന്നതെങ്കിൽ പോലും തടയപ്പെടുന്നതാണ് പുതിയ പദ്ധതി.

മെക്സിക്കോ സിറ്റി പോളിസി എന്നറിയപ്പെടുന്ന റിപ്പബ്ലിക്കൻ സംരംഭത്തിന്റെ വിപുലീകരണമായാണ് പുതിയ നിയന്ത്രണങ്ങളെ കണക്കാക്കുന്നത്. മറ്റ് ഫണ്ടിംഗ് സ്രോതസ്സുകൾ ആ സേവനങ്ങൾക്ക് പണം നൽകിയാലും, യുഎസ് ആരോഗ്യ ധനസഹായം സ്വീകരിക്കുന്നവർ ഗർഭഛിദ്ര സേവനങ്ങൾ നൽകുന്നതോ പ്രോത്സാഹിപ്പിക്കുന്നതോ തടയുന്നുവെന്ന് പൊളിറ്റിക്കോ റിപ്പോർട്ട് ചെയ്യുന്നു.

പുതിയ നയം 'വൈവിധ്യം, തുല്യത, ഉൾപ്പെടുത്തൽ' എന്നിവയെ പിന്തുണയ്ക്കുന്ന അമേരിക്കൻ ആസ്ഥാനമായുള്ള വിദേശ സ്ഥാപനങ്ങൾക്കുള്ള യുഎസ് ധനസഹായം നിർത്തലാക്കുമെന്നാണ് സൂചന. ഇത് ട്രംപ് ഭരണകൂടം വംശീയ വിവേചനമായി കണക്കാക്കുന്നു, അല്ലെങ്കിൽ സ്ത്രീകൾക്ക് ദോഷകരമാണെന്ന് കരുതുന്നുവെന്ന് പൊളിറ്റിക്കോ വ്യക്തമാക്കുന്നു. ലാഭേച്ഛയില്ലാത്ത സ്ഥാപനങ്ങൾക്കും, വിദേശ സർക്കാരുകൾക്കും, ഐക്യരാഷ്ട്രസഭയുടെ പരിപാടികൾക്കും ഈ നിരോധനം ബാധകമാകുമെന്ന് റിപ്പോർട്ടുകൾ പറയുന്നു.

മെക്സിക്കോ സിറ്റി നയത്തിന്റെ മുൻ ആവർത്തനങ്ങളിൽ ഗർഭഛിദ്രം പ്രോത്സാഹിപ്പിക്കുന്നതിനായി നികുതിദായകരുടെ ധനസഹായം അനുവദിച്ച പഴുതുകൾ അടയ്ക്കുന്നതിന് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് ഉടൻ തന്നെ അധിക നടപടികൾ സ്വീകരിക്കുമെന്നും യുഎസ് വിദേശ സഹായത്തിന്റെ ഓരോ ചില്ലിക്കാശും അമേരിക്കൻ മൂല്യങ്ങൾക്ക് മുൻഗണന നൽകുന്നുണ്ടെന്ന് ഉറപ്പാക്കുമെന്നും ഉദ്യോഗസ്ഥൻ കൂട്ടിച്ചേർത്തു. ഗ്ലോബൽ ഹെൽത്ത് കൗൺസിൽ, എംഎസ്ഐ റീപ്രൊഡക്റ്റീവ് ചോയ്സസ് എന്നീ രണ്ട് സംഘടനകളെ ട്രംപ് ഭരണകൂടം അവരുടെ പദ്ധതികളുടെ വിശദാംശങ്ങൾ അറിയിച്ചതായി പൊളിറ്റിക്കോ സ്റ്റോറി റിപ്പോർട്ട് ചെയ്തു.

# ഖത്തർ ലോക തലസ്ഥാനമാകുമോ?

ലോകത്തിലെ ഒട്ടുമിക്ക പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നത് ഖത്തറിൽ വച്ചാണ്. ദോഹയിൽ നടക്കുന്ന ചർച്ചകളാണ് സമവായത്തിലേക്ക് എത്തുന്നത് എന്നതാണ് അതിന് കാരണം. അഫ്ഗാനിലെയും സിറിയയിലെയും റഷ്യയിലെയും അമേരിക്കയിലെയും പ്രശ്നങ്ങൾ ദോഹയിൽ ചർച്ച ചെയ്ത് രമ്യതയിലെത്തിയിട്ടുമുണ്ട്. ഇസ്രായേലും ഹമാസും ആഫ്രിക്കൻ നേതാക്കളും ചർച്ചകൾക്ക് വേണ്ടി ദോഹയിലെത്തി പരിഹാരം തേടിയിരുന്നു.




എന്നാൽ തങ്ങളുടേതല്ലാത്ത കാരണത്താൽ ആക്രമണം നേരിടേണ്ടി വന്ന രാജ്യം കൂടിയാണ് ഖത്തർ. ഇറാനും ഇസ്രായേലും ഖത്തറിനെ ആക്രമിച്ചത് ഖത്തറുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ ആയിരുന്നില്ല. അതിനിടെയാണ് വ്യത്യസ്തമായ ഒരു ആവശ്യം ഉയർന്നിരിക്കുന്നത്. ഐക്യരാഷ്ട്ര സഭയുടെ ആസ്ഥാനം ഖത്തറിലേക്ക് മാറ്റണം എന്നാണ് ആവശ്യം. അതിനുള്ള കാരണം വിശദീകരിക്കാം.

യുഎൻ ആസ്ഥാനം അമേരിക്കയിലെ ന്യൂയോർക്കിലാണ്. യുഎൻ സമ്മേളനത്തിലേക്ക് ലോകത്തെ മിക്ക രാഷ്ട്ര നേതാക്കളും എത്താറുണ്ട്. ഇവർക്ക് ന്യൂയോർക്കിൽ പ്രത്യേക പരിഗണന ലഭിക്കുകയും ചെയ്യും. യാത്രകൾക്ക് വിലക്കേർപ്പെടുത്താറുമില്ല. ഐക്യരാഷ്ട്രസഭയുടെ ഉപരോധം നേരിടുന്നവർക്ക് മാത്രമാണ് വിലക്ക്. എന്നാൽ ഇത്തവണ മറിച്ചും ചില കാര്യങ്ങൾ നടന്നു.

### മഹ്മൂദ് അബ്ബാസിന് അനുമതി നൽകിയില്ല

പലസ്തീൻ അതോറിറ്റി പ്രസിഡന്റ് മഹ്മൂദ് അബ്ബാസിന് അമേരിക്ക വിസ അനുവദിച്ചില്ല. അദ്ദേഹം യുഎന്നിൽ സംസാരിച്ചത് വീഡിയോ കോൺഫറൻസ് വഴിയാണ്. അതേസമയം, ഗാസയിലെ ആക്രമണത്തിൽ വലിയ പ്രതിഷേധം നേരിടുന്ന ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു ന്യൂയോർക്കിൽ എത്തുകയും ചെയ്തു. നെതന്യാഹുവിന്റെ യുഎന്നിലെ പ്രസംഗം മിക്ക രാജ്യങ്ങളും ബഹിഷ്കരിച്ചു.

പലസ്തീൻ അതോറിറ്റി പ്രസിഡന്റിന് വിസ നൽകാതിരുന്ന അമേരിക്കയുടെ നടപടി വിമർശിക്കപ്പെട്ടിരുന്നു. തൊട്ടുപിന്നാലെ കൊളംബിയൻ പ്രസിഡന്റ് ഗുസ്താവോ പെട്രോയുടെ വിസ അമേരിക്ക റദ്ദാക്കുകയും ചെയ്തു. അദ്ദേഹം യുഎന്നിൽ സംസാരിച്ച ശേഷമാണ് ഇക്കാര്യം അറിഞ്ഞത്. ന്യൂയോർക്കിൽ നടന്ന ഇസ്രായേൽ വിരുദ്ധ പരിപാടിയിൽ സംസാരിച്ചതാണ് പെട്രോയുടെ വിസ റദ്ദാക്കാൻ കാരണമത്രെ.

### യുഎൻ ആസ്ഥാനം ദോഹയിലേക്ക് മാറ്റണം

കൊളംബിയയിൽ തിരിച്ചെത്തിയ ശേഷമാണ് പെട്രോ അമേരിക്ക വിസ റദ്ദാക്കിയ കാര്യം അറിയുന്നത്. കടുത്ത ഭാഷയിൽ അദ്ദേഹം പ്രതികരിച്ചു.

ഒരു രാജ്യത്തിന്റെ പ്രസിഡന്റ് എന്ന നിലയിൽ തന്റെ അഭിപ്രായം എവിടെ വച്ചും സ്വതന്ത്രമായി പറയും. മാനവിക ഐക്യത്തിന് വേണ്ടിയാണ് സംസാരിച്ചത് എന്നും പെട്രോ എക്സിൽ കുറിച്ചു.

ഖത്തറിലേക്ക് യുഎൻ ആസ്ഥാനം മാറ്റണം എന്ന നിർദേശം കൊളംബിയയുടെ പ്രസിഡന്റാണ് മുന്നോട്ട് വച്ചത്. എല്ലാവരെയും ഉൾക്കൊള്ളാൻ സാധിക്കുന്ന രാജ്യത്താകണം യുഎൻ ആസ്ഥാനം എന്ന് പെട്രോ പറഞ്ഞു. ഡൊണാൾഡ് ട്രംപ് യുഎന്നിന്റെ തത്വങ്ങൾ ലംഘിക്കുകയാണ് ചെയ്യുന്നത്.

കുറച്ചുകൂടി ജനാധിപത്യപരമായ സ്ഥലത്തേക്ക് യുഎൻ മാറണം. ദോഹ യുഎൻ ആസ്ഥാനമാകണം എന്നാണ് തന്റെ നിർദേശം എന്നും പെട്രോ പറഞ്ഞു.

# അവരിൽ നിന്നും യുഎഇ എന്തുകൊണ്ട് വേറിട്ട് നിന്നു?





ഗാസയിൽ ഇസ്രായേൽ നടത്തുന്ന ആക്രമണം ലോകത്താകമാനം ചർച്ച ചെയ്യുന്ന വിഷയമാണ്. ഐക്യരാഷ്ട്ര സഭയുടെ ജനറൽ അസംബ്ലിയിൽ ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിനെതിരെ വിവിധ രാജ്യങ്ങൾ നടത്തിയ പ്രതിഷേധം ഇതിന്റെ ഭാഗമായിരുന്നു. നെതന്യാഹു പ്രസംഗം തുടങ്ങുന്ന വേളയിൽ എല്ലാവരും പുറത്തേക്ക് പോകുകയാണ് ചെയ്തത്.

പ്രതിഷേധത്തിന്റെ ഭാഗമായി നിരവധി അറബ്-ആഫ്രിക്കൻ രാജ്യങ്ങൾക്ക് പുറമെ ലാറ്റിനമേരിക്കയിലെയും യൂറോപ്പിലെയും രാജ്യങ്ങളും ഇറങ്ങിപ്പോയിരുന്നു. എന്നാൽ യുഎഇ പ്രതിനിധി നെതന്യാഹു പ്രസംഗിക്കുന്ന വേളയിൽ ഇറങ്ങിപ്പോയില്ല എന്നാണ് റിപ്പോർട്ട്. ഇത് വ്യത്യസ്തമായ ചർച്ചകൾക്ക് ഇടയാക്കി. എന്തുകൊണ്ടാണ് യുഎഇ പ്രതിനിധി സഭ ബഹിഷ്കരിക്കാതിരുന്നത് എന്ന ചോദ്യമാണ് ഉയരുന്നത്. ഇസ്രായേലുമായി നയതന്ത്ര ബന്ധം സ്ഥാപിച്ച ഏതാനും മുസ്ലിം രാജ്യങ്ങളിൽ ഒന്നാണ് യുഎഇ. ഡൊണാൾഡ് ട്രംപിന്റെ ഒന്നാമൂഴത്തിൽ അദ്ദേഹം മുൻകൈ എടുത്താണ് യുഎഇ-ഇസ്രായേൽ നയതന്ത്ര ബന്ധം സ്ഥാപിച്ച അബ്രഹാം കരാർ ഒപ്പുവച്ചത്. പിന്നീട് ഇസ്രായേൽ സൗദി അറേബ്യയുമായി ചർച്ച നടക്കവെയാണ് പശ്ചിമേഷ്യയിലെ രാഷ്ട്രീയം മാറി മറിഞ്ഞത്.

ഖത്തർ, ജോർദാൻ, അൾജീരിയ തുടങ്ങി നിരവധി രാജ്യങ്ങളുടെ പ്രതിനിധികൾ നെതന്യാഹുവിന്റെ പ്രസംഗം ബഹിഷ്കരിച്ചിരുന്നു. എന്നാൽ യുഎഇ ഇതിനോടൊപ്പം ചേർന്നില്ല. പകരം നെതന്യാഹുവുമായി യുഎഇയുടെ വിദേശകാര്യ മന്ത്രി ശൈഖ് അബ്ദുല്ല ബിൻ സായിദ് അടച്ചിട്ട മുറിയിൽ ചർച്ച നടത്തുകയായിരുന്നു. ഈ ചർച്ചയാണ് യുഎഇയെ മാറ്റി ചിന്തിപ്പിച്ചതത്രെ.

### യുഎഇ ഇസ്രായേലിനോട് ആവശ്യപ്പെട്ടത് ഇതാണ്

ബഹിഷ്കരണം പ്രതിസന്ധി രൂക്ഷമാക്കുകയാണ് ചെയ്യുക എന്നും ചർച്ചയിലൂടെ പരിഹാരം കാണുകയാണ് വേണ്ടതെന്നും യുഎഇ നിലപാട് സ്വീകരിച്ചു എന്നാണ് റിപ്പോർട്ടുകൾ. ഗാസയിൽ ആക്രമണം നിർത്തണം, സഹായ വസ്തുക്കളുടെ വിതരണം നടക്കണം, വെടിനിർത്തൽ പ്രഖ്യാപിക്കണം, ദ്വിരാഷ്ട്ര പരിഹാരമാണ് വേണ്ടത് തുടങ്ങിയ കാര്യങ്ങൾ നെതന്യാഹുവുമായുള്ള ചർച്ചയിൽ ശൈഖ് അബ്ദുല്ല ഊന്നിപ്പറഞ്ഞു എന്നാണ് വിവരം.

എന്നാൽ മേഖലയിലെ രാജ്യങ്ങളുടെ ഒറ്റക്കെട്ടായുള്ള പ്രതിഷേധത്തിൽ നിന്ന് യുഎഇ വിട്ടുനിന്നത് ശരിയായില്ല എന്ന വിമർശനം സോഷ്യൽ മീഡിയയിൽ ചിലർ പങ്കുവച്ചു. സമാധാനം പുലരുക ചർച്ചയിലൂടെ മാത്രമാണ് എന്ന് യുഎഇയെ പിന്തുണയ്ക്കുന്നവരും അഭിപ്രായപ്പെടുന്നു. ഇറങ്ങിപ്പോകുന്നതിനേക്കാൾ നല്ല മാർഗം ചർച്ചയാണെന്നും ഇവർ ചൂണ്ടിക്കാട്ടുന്നു.

അതേസമയം പാലസ്തീന് കൂടുതൽ പിന്തുണ ലഭിക്കുന്നു എന്നതാണ് രാജ്യാന്തര തലത്തിൽ സംഭവിക്കുന്ന പുതിയ മാറ്റം. ബ്രിട്ടനും ഫ്രാൻസും ഉൾപ്പെടെ നിരവധി പ്രമുഖ രാജ്യങ്ങളാണ് പലസ്തീനെ രാഷ്ട്രമായി അംഗീകരിച്ചിരിക്കുന്നത്. നെതന്യാഹുവിനെ അറസ്റ്റ് ചെയ്യണം എന്ന ആവശ്യം പല രാജ്യങ്ങളും ഉന്നയിച്ചു. എന്നാൽ ഗാസയിൽ ആക്രമണം തുടരുമെന്നു നെതന്യാഹു വ്യക്തമാക്കി.



# എച്ച്–1 ബി വിസയ്ക്ക് ചെലവേറുന്നു; ബദലാകുമോ ഒ–1 വിസ ?




എച്ച്–1 ബി വിസയ്ക്ക് ചെലവേറിയതോടെ മറ്റൊരു വിസയിലേക്ക് ശ്രദ്ധതിരിക്കുകയാണ് കമ്പനികളും പ്രൊഫഷണലുകളും. തങ്ങളുടെ മേഖലകളിൽ ഉയർന്ന നിലയിൽ അംഗീകരിക്കപ്പെട്ട വ്യക്തികൾക്കായുള്ള വിസയായ ഒ–1 വിസയിലേയ്ക്കാണ് കമ്പനികൾ ഇപ്പോൾ ശ്രദ്ധ തിരിക്കുന്നത്. മാത്രമല്ല വളരെ കർശനമായി പരിമിതപ്പെടുത്തിയിട്ടുള്ള വിസ കൂടിയാണിത്.

പുതിയ എച്ച്–1 ബി വിസകൾക്ക് 1,00,000 ഡോളർ (ഏകദേശം 88 ലക്ഷം രൂപയിലധികം) ഫീസ് ചുമത്താനുള്ള യു എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെതീരുമാനം ലോകമെമ്പാടുമുള്ള പ്രൊഫഷണലുകളെയും കമ്പനികളെയും അസ്വസ്ഥരാക്കിയിട്ടുണ്ട്. പുതുതായി എച്ച്–1 ബി വിസയ്ക്ക് അപേക്ഷിക്കുന്നവരെ മാത്രമേ ഉയർന്ന ഫീസ് ബാധിക്കുകയുള്ളൂവെന്ന് വൈറ്റ്ഹൗസ് വ്യക്തമാക്കിയെങ്കിലും ഇത് വലിയ അനിശ്ചിതത്വത്തിനും ഉത്കണ്ഠയ്ക്കും കാരണമായിട്ടുണ്ട്. പ്രത്യേകിച്ച് സാങ്കേതിക, വിദ്യാഭ്യാസ മേഖലകളിൽ.

### ഒ–1 വിസയുടെ പ്രധാന സവിശേഷതകൾ

അസാധാരണ വൈദഗ്ദ്ധ്യമുള്ള ആളുകൾക്കായാണ് ഒ–1 വിസ രൂപകൽപ്പന ചെയ്തിരിക്കുന്നത്. അതായത് ഗുണഭോക്താവ് അവരുടെ മേഖലയിൽ കാര്യമായ അംഗീകാരം നേടിയിട്ടുള്ള ആളായിരിക്കും. ഈ വിസ രണ്ട് തരത്തിലാണ് വരുന്നത്.

തങ്ങളുടെ മേഖലകളിൽ ഉയർന്ന നിലയിൽ അംഗീകരിക്കപ്പെട്ട വ്യക്തികൾക്കായി കർശനമായി പരിമിതപ്പെടുത്തിയിട്ടുള്ള വിസയാണ് ഒ–1 വിസ. ലോട്ടറി അടിസ്ഥാനമാക്കിയിട്ടുള്ളതും ഇപ്പോൾ വളരെ ചെലവേറിയതായ എച്ച്–1ബി വിസ പ്രോഗ്രാമിൽ നിന്നും വ്യത്യസ്തമായി ഒ–1 വിസ നൈപുണ്യത്തെ അടിസ്ഥാനമാക്കിയുള്ള ഒരു ബദൽ വാഗ്ദാനം ചെയ്യുന്നു. ശാസ്ത്രം, വിദ്യാഭ്യാസം, ബിസിനസ് അല്ലെങ്കിൽ അത്ലറ്റിക്സ് എന്നീ വിഭാഗങ്ങളിലായി ഒ–1എ വിസയാണ് നൽകുന്നത്. മാത്രമല്ല കലയിലോ സിനിമാരംഗത്തോ ടെലിവിഷനിലോ നേട്ടങ്ങൾ കൈവരിച്ചവർക്ക് ഒ1–ബി വിസ നൽകും. തുടക്കത്തിൽ മൂന്ന് വർഷം വരെയാണ് ഈ വിസ അനുവദിക്കുക. ഒരു വർഷത്തെ വർദ്ധനവോടെ ഇത് നീട്ടാനും കഴിയും. എച്ച്–1ബി വിസയിൽ നിന്ന് വ്യത്യസ്തമായി ലോട്ടറിയോ വാർഷിക പരിധിയോ ഇല്ല. വിസ അംഗീകാര നിരക്ക് ഏകദേശം 93 ശതമാനം ആണ്. യോഗ്യതയുള്ള പ്രൊഫഷണലുകൾക്ക് മികച്ച ഒരു ഓപ്ഷനാണ് ഒ–1 വിസ.

### ഒ–1 വിസയ്ക്ക് അപേക്ഷിക്കുന്നതിനുള്ള നടപടിക്രമം

**1. നിങ്ങളുടെ യോഗ്യത സ്ഥിരീകരിക്കുക:** നിങ്ങളുടെ മേഖലയിലെ അസാധാരണ വൈദഗ്ദ്ധ്യ മാനദണ്ഡം നിങ്ങൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുക. അവാർഡുകൾ, മീഡിയ കവറേജ് അല്ലെങ്കിൽ പ്രധാന നേട്ടങ്ങളുടെ തെളിവ് ശേഖരിക്കുക.

**2. ഒരു യുഎസ് സ്പോൺസർ ആവശ്യമാണ്:** നിങ്ങളുടെ അപേക്ഷ ഫയൽ ചെയ്യുന്നതിന് ഒരു യുഎസ് ഏജന്റിനൊപ്പം നിങ്ങൾക്ക് ഒരു യുഎസ് തൊഴിലുടമ, ഏജന്റ് അല്ലെങ്കിൽ വിദേശ തൊഴിലുടമ ആവശ്യമാണ്. ഒരു ഏജന്റ് വഴി അപേക്ഷിക്കുന്നില്ലെങ്കിൽ സ്വയം അപേക്ഷ സമർപ്പിക്കാൻ അനുവദിക്കില്ല.

**3. എല്ലാ രേഖകളും ശേഖരിച്ച് അപേക്ഷ തയ്യാറാക്കുക:** അംഗീകൃത ശുപാർശ കത്തുകൾ തൊഴിൽ കരാർ, അല്ലെങ്കിൽ വിശദമായ ജോലി ഓഫർ എന്നിവ ആവശ്യമാണ്. നിങ്ങളുടെ അസാധാരണ നേട്ടങ്ങൾ കാണിക്കുന്നതിനുള്ള രേഖകളും തെളിവുകളും വേണം.

**4. യുഎസ്സിഐഎസിൽ ഫോം ഐ129 ഫയൽ ചെയ്യുക:** നിങ്ങളുടെ സ്പോൺസർ അനുബന്ധ രേഖകൾക്കൊപ്പം ഫോം ഐ129 (കുടിയേറ്റേതര തൊഴിലാളിക്കുള്ള അപേക്ഷ) ഫയൽ ചെയ്യുന്നു. പ്രോസസിംഗിന് സാധാരണയായി 23 മാസം എടുക്കും. എന്നാൽ പ്രീമിയം പ്രോസസിംഗ് (15 ദിവസം) അധിക ഫീസടച്ചാൽ ലഭ്യമാണ്.

**5. യുഎസ്സിഐഎസ് തീരുമാനത്തിനായി കാത്തിരിക്കുക:** അംഗീകാരം ലഭിച്ചാൽ, നിങ്ങൾക്ക് ഒരു അംഗീകാര അറിയിപ്പ് ലഭിക്കും. കൂടുതൽ തെളിവുകൾ ആവശ്യമുണ്ടെങ്കിൽ യുഎസ്സിഐഎസ് അത് ആവശ്യപ്പെട്ടേക്കാം.

**6. ഒ–1 വിസ സ്റ്റാമ്പിനായി അപേക്ഷിക്കുക(യുഎസിന് പുറത്താണെങ്കിൽ):** ഫോം ഡിഎസ്160 പൂരിപ്പിക്കുക, വിസ ഫീസ് അടയ്ക്കുക, ഒരു കോൺസുലാർ അഭിമുഖം ഷെഡ്യൂൾ ചെയ്യുക. നിങ്ങളുടെ പാസ്പോർട്ട്, അംഗീകാര അറിയിപ്പ്, കരാർ, മറ്റ് രേഖകൾ എന്നിവ കരുതുക.

**7. വിസ അഭിമുഖത്തിൽ പങ്കെടുക്കുക:** യുഎസ് എംബസി/കോൺസുലേറ്റിൽ നിങ്ങളുടെ കേസ് അവതരിപ്പിക്കുകയും നിങ്ങളുടെ ജോലിയെയും നേട്ടങ്ങളെയും കുറിച്ചുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകുകയും ചെയ്യുക. ചില അപേക്ഷകർ അഭിമുഖ ഇളവുകൾക്ക് യോഗ്യത നേടിയേക്കാം.

**8. നിങ്ങളുടെ വിസ സ്വീകരിച്ച് യുഎസിലേക്ക് യാത്രതിരിക്കുക:** അംഗീകാരം ലഭിച്ചു കഴിഞ്ഞാൽ നിങ്ങളുടെ വിസ സ്റ്റാമ്പ് ചെയ്യപ്പെടും. അംഗീകൃത കാലയളവിലേക്ക് നിങ്ങൾക്കും യോഗ്യരായ ആശ്രിതർക്കും (ജീവിതപങ്കാളിക്കും 21 വയസ്സിന് താഴെയുള്ള കുട്ടികൾക്കും ഒ–3 വിസ) യുഎസിൽ പ്രവേശിക്കാം.

### ചെലവ് കുറവ്

എച്ച്–1ബി വിസയേക്കാൾ ചെലവ് ഒ–1 വിസയ്ക്ക് കുറവാണ്. 250 ഡോളറാണ് ഫീസ്. പ്രോസസിംഗ് ചെലവുമടക്കം ഏകദേശം 12,000 ഡോളർ വരും. എച്ച്–1ബി വിസ ഫീസിൽ വരുത്തിയ മാറ്റവുമായി താരതമ്യം ചെയ്യുമ്പോൾ ഇത് വളരെ കുറവാണ്.

ഒ–1 ഒരു കുടിയേറ്റേതര വിസയാണ്. താൽക്കാലികമായി യുഎസിൽ ജോലി ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് ഉപയോഗപ്പെടുത്താം. ഇതിനു വിപരീതമായി ഐൻസ്റ്റീൻ വിസ എന്ന് വിളിക്കുന്ന ഇബി 1എ വിസ സ്ഥിര താമസത്തിനുള്ള ഒരു വഴി വാഗ്ദാനം ചെയ്യുന്നു. രണ്ട് വിഭാഗങ്ങളും അസാധാരണമായ കഴിവുള്ള വ്യക്തികളെ ലക്ഷ്യമിട്ടുള്ളതാണ്. എന്നാൽ ഇബി1എ ഉയർന്ന തലത്തിലുള്ള അന്താരാഷ്ട്ര അംഗീകാരത്തോടെയുള്ളതാണ്. എച്ച്1ബി വിസയ്ക്കുള്ള ബദലായി പലരും ഒ–1 വിസയെ കാണുന്നു.

# 'എക്സ്' ജെൻഡർ പാസ്പോർട്ടുകളുള്ളവർക്ക് മുന്നറിയിപ്പ് നൽകി കാനഡ



ഒട്ടാവ: ജെൻഡർ എക്സ് എന്ന് മാർക്ക് ചെയ്ത മൂന്നാം ലിംഗ പാസ്പോർട്ടുകളുള്ളവർക്ക് യുഎസലേക്കും മറ്റ് രാജ്യങ്ങളലേക്കും പ്രവേശിക്കുന്നതിൽ പ്രശ്നങ്ങൾ നേരടേണ്ടിവരുമെന്ന് മുന്നറിയിപ്പ് നൽകി കാനഡ. എക്സ് എന്ന് മാർക്ക് ചെയ്ത പാസ്പോർട്ടുകൾ കാനഡ നൽകുന്നുണ്ടെങ്കിലും മറ്റ് രാജ്യങ്ങളലേക്കുള്ള നിങ്ങളുടെ പ്രവേശനമോ ഗതാഗതമോ ഉറപ്പുനൽകാൻ കഴിയില്ല എന്ന് ഗ്ലോബൽ അഫയേഴ്സ് കാനഡ മുന്നറിയിപ്പ് നൽകി.

ഈ വർഷം ആദ്യം ഫെഡറൽ ഏജൻസികൾ സർക്കാർ രേഖകളിൽ പുരുഷൻ, സ്ത്രീ എന്ന രണ്ട് ലിംഗങ്ങളെ മാത്രമേ അംഗീകരിക്കാവൂ എന്ന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിച്ചതിന്റെ പശ്ചാത്തലത്തിലാണ് ഈ മുന്നറിയിപ്പ്. 2019ലാണ് കാനഡ പാസ്പോർട്ടുകളിൽ "X" ഓപ്ഷൻ അവതരിപ്പിച്ചത്. ജനുവരി വരെ, ഫെഡറൽ ഡാറ്റ പ്രകാരം ഏകദേശം 3,600 കനേഡിയൻമാർ ഈ വിഭാഗത്തിലുണ്ട്. പുരുഷനോ സ്ത്രീയോ എന്ന സ്വന്തം ഐഡന്റിറ്റി വെളിപ്പെടുത്താൻ ആഗ്രഹിക്കാത്ത മൂന്നാം ലിംഗക്കാർക്ക് നൽകുന്ന പാസ്പോർട്ടുകളാണിവ.

# കെ വിസ; ചൈനക്കാർ അത്ര ഹാപ്പിയല്ല

ബീജിംഗ്: യുവ ശാസ്ത്ര സാങ്കേതിക പ്രതിഭകളെ ആകർഷിക്കുന്നതിനായി ചൈന പുതിയ ഒരു വിസ പ്രഖ്യാപിച്ചു. യോഗ്യരായ യുവ ശാസ്ത്ര സാങ്കേതിക പ്രൊഫഷണലുകൾക്കായി പുതിയ 'കെ വിസ'ആണ് ചൈന അവതരിപ്പിച്ചത്.

യുഎസ് എച്ച്–1ബി വിസയ്ക്ക് സമാനമായ പുതിയ 'കെ' വിസ ഒക്ടോബർ ഒന്നുമുതൽ നിലവിൽവന്നു. ഏഷ്യയിൽനിന്ന്, പ്രത്യേകിച്ച് ദക്ഷിണേഷ്യയിൽ നിന്നുള്ള ശാസ്ത്രം, സാങ്കേതികവിദ്യ, എഞ്ചിനീയറിംഗ്, ഗണിതം (STEM) മേഖലകളിൽ പഠിക്കുകയോ ജോലി ചെയ്യുകയോ ചെയ്യുന്ന യുവജനങ്ങളെ ആകർഷിക്കുക എന്നതാണ് ഈ പുതിയ വിസയുടെ ലക്ഷ്യം. വിദേശികളുടെ പ്രവേശന, എക്സിറ്റ് നിയന്ത്രണങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള തീരുമാനം പ്രഖ്യാപിക്കുന്നതിനുള്ള ഒരു ഉത്തരവിൽ ചൈനയുടെ പ്രീമിയർ ലി കിയാങ് ഒപ്പുവച്ചു.

### കെ വിസയുടെ പ്രത്യേകകൾ

നിലവിലുള്ള 12 സാധാരണ ചൈനീസ് വിസ തരങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ, അനുവദനീയമായ എൻട്രികളുടെ എണ്ണം, സാധുത കാലയളവ്, താമസ കാലയളവ് എന്നിവയുടെ അടിസ്ഥാനത്തിൽ കെ വിസകൾ ഉടമകൾക്ക് കൂടുതൽ സൗകര്യം നൽകും. ചൈനയിൽ പ്രവേശിച്ച ശേഷം, കെ വിസ ഉടമകൾക്ക് വിദ്യാഭ്യാസം, സംസ്കാരം, ശാസ്ത്ര സാങ്കേതിക വിദ്യ തുടങ്ങിയ മേഖലകളിലെ കൈമാറ്റങ്ങളിലും പ്രസക്തമായ സംരംഭക, ബിസിനസ് പ്രവർത്തനങ്ങളിലും ഏർപ്പെടാൻ അനുവാദമുണ്ടാകും.

യുവ ശാസ്ത്ര സാങ്കേതിക ബിരുദധാരികൾക്കായി പ്രത്യേകം രൂപകൽപ്പന ചെയ്തിട്ടുള്ളതാണ് ഈ വിസ. STEM ബിരുദമുള്ളവർ (സയൻസ്, ടെക്നോളജി, എഞ്ചിനീയറിംഗ്, മാത്തമാറ്റിക്സ്) ഉള്ളവർക്കാണ് മുൻഗണന. അംഗീകൃത സർവകലാശാലയിലോ ഗവേഷണ സ്ഥാപനത്തിലോ പഠനം പൂർത്തിയാക്കിയിരിക്കണം എന്നതാണ് വ്യവസ്ഥ.

എന്നാൽ ഇതിനെതിരെ ചൈനയിൽ വിമർശനവും ഉയരുന്നുണ്ട്. 'നമുക്ക് ധാരാളം ബാച്ചിലേഴ്സ് ബിരുദധാരികളുണ്ട്, മാസ്റ്റേഴ്സ്, ഡോക്ടറൽ ബിരുദങ്ങൾ ഉള്ളവരുണ്ട്. അങ്ങനെയിരിക്കെ നിങ്ങൾ വിദേശ കോളേജ് ബിരുദധാരികളെ കൊണ്ടുവരികയാണോ? സോഷ്യൽ മീഡിയയിൽ ഒരു വ്യക്തി എഴുതി.

'നമ്മുടെയൂണിവേഴ്സിറ്റിവിദ്യാർത്ഥികളെ പരസ്പരം മത്സരിക്കാൻ പ്രേരിപ്പിക്കുന്ന നിരവധി പുതിയ പ്രോഗ്രാമുകൾ ഉണ്ടായിട്ടുണ്ട്, പക്ഷേ അവസാനം, ഒരു വിദേശ പാസ്പോർട്ടിനെ മറികടക്കാൻ ഒന്നുമില്ല,' മറ്റൊരു ഉപയോക്താവ് എഴുതി. അഭിപ്രായങ്ങളിൽ വിദേശീയ വിദ്വേഷവും വംശീയവുമായ പരാമർശങ്ങളുടെ ഒരു തരംഗവും ഉണ്ടായിരുന്നു അവയിൽ പലതും പ്രത്യേകിച്ച് ഇന്ത്യൻ പൗരന്മാരെ ലക്ഷ്യം വച്ചുള്ളതാണ്. എന്നാൽ ഈ നീക്കം ലോകത്തിന് അതിന്റെ പുതിയ യുഗത്തിൽ കൂടുതൽ തുറന്നതും ആത്മവിശ്വാസമുള്ളതുമായ ചൈനയെ കാണാനുള്ള അവസരമായി വാദിക്കുന്ന ഒരു കൂട്ടവുമുണ്ട്.



# വയനാട് പുനർനിർമ്മാണത്തിന് കേന്ദ്രസഹായം, 260.56 കോടി രൂപ അനുവദിച്ചു



തിരുവനന്തപുരം: ഉരുൾപൊട്ടൽ ദുരന്തത്തിൽ തകർന്ന വയനാടിന്റെ പുനരധിവാസത്തിന് കേന്ദ്ര സർക്കാർ 260.56 കോടി രൂപ അനുവദിച്ചു. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ അദ്ധ്യക്ഷനായ ഉന്നതാധികാര സമിതിയാണ് ദേശീയ ദുരന്ത ലഘൂകരണ നിധിയിൽ നിന്ന് സഹായം അനുവദിച്ചത്. 2221 കോടി രൂപയാണ് കേരളം ആവശ്യപ്പെട്ടത്. വയനാടിലെ പുനർനിർമ്മാണത്തിന് കേന്ദ്രം ആദ്യമായി അനുവദിക്കുന്ന പ്രത്യേക സഹായമാണിത്. ഒമ്പത് സംസ്ഥാനങ്ങൾക്കായി ആകെ 4645.60 കോടിയാണ് അനുവദിച്ചത്. 2022ൽ മണ്ണിടിച്ചിൽ ദുരന്തമുണ്ടായ അസമിന് 1270.788 കോടി രൂപയാണ് കേന്ദ്രം അനുവദിച്ചത്.

വയനാട്ടിലെ ദുരന്തവുമായി ബന്ധപ്പെട്ട പുനരധിവാസ പ്രവർത്തനങ്ങൾക്ക് കേന്ദ്രസർക്കാർ നൽകിയത് സഹായധനമല്ല ഉപാധികളോടു കൂടിയ വായ്പയാണെന്നു മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ കഴിഞ്ഞ ദിവസം വ്യക്തമാക്കിയിരുന്നു.

ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി കേന്ദ്രത്തിൽ നിന്ന് ലഭിച്ച ഫണ്ടിനെ കുറിച്ചുള്ള യു.എ ലത്തീഫിന്റെ ചോദ്യത്തിന് മറുപടി നൽകുമ്പോഴാണ് 526 കോടി രൂപയാണ് ഇതുവരെ കേന്ദ്രത്തിൽ നിന്ന് ലഭിച്ചതെന്നും ഇത് സംസ്ഥാനം ആവശ്യപ്പെട്ട സഹായമല്ല മറിച്ച് വായ്പയാണെന്നും മുഖ്യമന്ത്രി വ്യക്തമാക്കിയത്.

ചൂരൽമല, മുണ്ടക്കൈ ദുരന്തങ്ങൾ അതിതീവ്ര ദുരന്തമായി പ്രഖ്യാപിക്കണമെന്നും ദേശീയ ദുരന്തമായി വിജ്ഞാപനം ചെയ്യണമെന്നുമാവശ്യപ്പെട്ട് പ്രധാനമന്ത്രിക്ക് കത്തയച്ചിരുന്നു. പ്രാഥമിക വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ 2262 കോടി രൂപയുടെ മെമ്മോറാണ്ട് സമർപ്പിച്ചു.


260.65 കോടി രൂപയുടെ ധനസഹായം കേന്ദ്രം അനുവദിച്ചെങ്കിലും തുക കിട്ടിയിട്ടില്ലെന്നും ചൊവ്വാഴ്ച നിയമസഭയിൽ മുഖ്യമന്ത്രി വ്യക്തമാക്കിയിരുന്നു.

അസം, കേരളം, മധ്യ പ്രദേശ്, ഒഡീഷ, രാജസ്ഥാൻ, ഉത്തർ പ്രദേശ്, ബിഹാർ, ചത്തീസ്ഗഡ്, ആന്ധ്ര പ്രദേശ് എന്നീ സംസ്ഥാനങ്ങൾക്കാണ് ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി ധനസഹായം ലഭിക്കുക. യോഗത്തിൽ കേന്ദ്ര ധനമന്ത്രി, കൃഷി മന്ത്രി, നിതി ആയോഗ് ഉപാധ്യക്ഷൻ എന്നിവരും പങ്കെടുത്തു.

കേന്ദ്ര ദുരന്ത നിവാരണ നിധിയിൽ നിന്നാകും ഈ സഹായം സംസ്ഥാനങ്ങൾക്ക് നൽകുക. തിരുവനന്തപുരം ഉൾപ്പെടെ രാജ്യത്തെ 11 നഗരങ്ങൾക്ക് പ്രളയദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ രണ്ടാംഘട്ട ധനസഹായമായി 2,444.42 കോടി രൂപ നൽകുന്നതിനും യോഗം അംഗീകാരം നൽകി.

ഇതിനൊപ്പം രാജ്യത്തെ നഗരങ്ങളിലെ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിന് 2444.42 കോടിയും നീക്കിവച്ചിട്ടുണ്ട്.

# സ്വർണപ്പാളി ബംഗ്ലൂരുവിലെ ക്ഷേത്രത്തിലെത്തിച്ചെന്ന് വിജിലൻസ്



തിരുവനന്തപുരം: ശബരിമലയിലെ ദ്വാരപാലക ശിൽപ്പങ്ങളുടെ സ്വർണപ്പാളി ഉണ്ണിക്കൃഷ്ണൻ പോറ്റി കൊണ്ടുപോയത് ബംഗ്ലൂരുവിലേക്കെന്ന് വിജിലൻസ് കണ്ടെത്തൽ. ശ്രീറാംപുരയിലെ അയ്യപ്പക്ഷേത്രത്തിലാണ് സ്വർണപ്പാളി എത്തിച്ചത്. ഈ ക്ഷേത്രത്തിലെ മുൻ ശാന്തിക്കാരനായിരുന്നു ഉണ്ണിക്കൃഷ്ണൻ പോറ്റി.

2019ലായിരുന്നു സംഭവം. ശ്രീകോവിലിന്റെ വാതിൽ എന്ന പേരിലുള്ള വസ്തു എത്തിച്ചെന്ന് ശ്രീറാംപുരയിലെ അയ്യപ്പക്ഷേത്രം അധികൃതർ ഒരു മാദ്ധ്യമത്തോട് വെളിപ്പെടുത്തിയിരുന്നു. ക്ഷേത്രത്തിൽ പൂജ നടത്തുകയും ഭക്തർക്ക് ദർശനത്തിനുള്ള സൗകര്യം ഒരുക്കുകയും ചെയ്തു. ഇത് സംബന്ധിച്ച് വിവരം വിജിലൻസിനും ലഭിച്ചു. വ്യവസായിയായ രമേഷ് എന്നയാൾക്കൊപ്പം ചേർന്നാണ് ഉണ്ണിക്കൃഷ്ണൻ പോറ്റി സ്വർണപ്പാളി എത്തിച്ചത്. പൂജകൾ നടത്തിയ ശേഷം പാക്ക് ചെയ്ത് കൊണ്ടുപോയെന്നും ക്ഷേത്രം അധികൃതർ പറഞ്ഞു. ഉണ്ണിക്കൃഷ്ണൻ പോറ്റിയെ 2004 ൽ പുറത്താക്കിയതാണെന്നും ക്ഷേത്രം അധികൃതർ പറഞ്ഞു. യഥാർത്ഥ സ്വർണപ്പാളി തന്നെയാണോ ഉണ്ണിക്കൃഷ്ണൻ പോറ്റി തിരികെ കൊണ്ടുവന്നതെന്ന് വിജിലൻസ് അന്വേഷിക്കും. ഉണ്ണിക്കൃഷ്ണൻ പോറ്റിയെയും ബംഗ്ലൂരുവിലെ സുഹൃത്തുക്കളെയും ചോദ്യം ചെയ്യുമെന്നും വിജിലിസൻ വ്യക്തമാക്കി.

### ശ്രീകോവിൽ വിജയ് മല്യ സ്വർണം പൂശിയത് അന്വേഷിക്കണം: പി.എസ്. പ്രശാന്ത്

സ്വർണ നിക്ഷേപ പദ്ധതിപ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡ് 467 കിലോഗ്രാം സ്വർണം റിസർവ് ബാങ്കിനെ ഏൽപ്പിച്ചതായി ദേവസ്വം ബോർഡ് പ്രസിഡന്റ് പി.എസ്. പ്രശാന്ത്. പൂജകൾക്കോ മറ്റാവശ്യങ്ങൾക്കോ ഉപയോഗിക്കുന്ന സ്വർണമാണിതെന്നും അദ്ദേഹം വ്യക്തമാക്കി. ശബരിമലയിൽ ഇപ്പോൾ ഉയർന്നുവന്ന സ്വർണപ്പാളി വിവാദം മാത്രമല്ല, ശ്രീകോവിലിൽ വിജയ് മല്യ സ്വർണം പൂശിയതുമുതലുള്ള കാര്യങ്ങളെക്കുറിച്ച് ഹൈക്കോടതയോട് സമഗ്ര അന്വേഷണം ആവശ്യപ്പെടും. തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള 18 സ്ട്രോംഗ് റൂമുകളിൽ സൂക്ഷിച്ചിരുന്ന സി വിഭാഗത്തിൽപ്പെട്ട 467 കലോ സ്വർണമാണ് റിസർവ് ബാങ്കിനെ ഏൽപ്പിച്ചത്. എ വിഭാഗത്തിൽ പൗരാണിക സ്വഭാവമുള്ളതും ബി വിഭാഗത്തിൽ ഉത്സവാവശ്യങ്ങൾക്കുള്ള സ്വർണവുമാണ്. ഇത് കൃത്യമായി കണക്കെടുത്ത് സൂക്ഷിച്ചിട്ടുണ്ട്.

ശബരിമല ശ്രീകോവിലിന് മുന്നിലെ ദ്വാരപാലക ശിൽപത്തിലെ സ്വർണപ്പാളിയുടെ അറ്റകുറ്റപ്പണി, ശിൽപത്തിലെ പീഠം എന്നിവയെക്കുറിച്ച് മാത്രമല്ല, ശ്രീകോവിലിൽ മദ്യവ്യവസായി വിജയ് മല്യ 1999ൽ സ്വർണം പൂശിയതുമുതലുള്ള പ്രവർത്തനങ്ങളിൽ അന്വേഷണം വേണമെന്നും ഇതിനായി ഉടൻ കോടതിയെ സമീപിക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി.









# എം.എസ്സി ചരക്ക് കപ്പൽ മത്സ്യബന്ധന ബോട്ടിലിടിച്ചു



കൊച്ചി: മത്സ്യബന്ധനം നടത്തുന്നതിനിടെ എംഎസ്സി ചരക്ക് കപ്പൽ മത്സ്യബന്ധന ബോട്ടിലിടിച്ചു. ഫോർട്ട് കൊച്ചിയിൽ നിന്നും തെക്ക് മാറി 53 നോർത്തിലാണ് അപകടം നടന്നത്. ഈ സമയം മത്സ്യബന്ധന ബോട്ടിൽ നാല്പതോളം പേരുണ്ടായിരുന്നു. ആർക്കും പരിക്കില്ല. തൊഴിലാളികൾ കൊച്ചിൻ കോസ്റ്റൽ പൊലീസ് സ്റ്റേഷനിൽ പരാതി നൽകി. അന്വേഷണം ആരംഭിച്ചു.

പ്രത്യാശ എന്ന മത്സ്യബന്ധന വള്ളത്തിലാണ് കപ്പൽ ഇടിച്ചത്. വള്ളത്തിന് കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെന്ന് തൊഴിലാളികൾ പറയുന്നു. മത്സ്യബന്ധനം നടത്തുന്നതിനിടെ ചരക്ക് കപ്പൽ മത്സ്യബന്ധന വള്ളത്തിൽ ഇടിക്കുകയായിരുന്നുവെന്നാണ് തൊഴിലാളികൾ പറയുന്നത് വലയിൽ കുടുങ്ങിയ മത്സ്യങ്ങൾ നഷ്ടപ്പെട്ടതിലൂടെ മാത്രം ഏതാണ്ട് 10 ലക്ഷം രൂപയുടെ നഷ്ടമുണ്ടായതായി പ്രത്യാശ വള്ളത്തിലെ തൊഴിലാളിയായ ജോസഫ് പറഞ്ഞു. വല പുറത്തെടുത്താൽ മാത്രമേ എത്ര രൂപയുടെ വല നഷ്ടപ്പെട്ടെന്ന് കണക്ക് കൂട്ടാൻ കഴിയൂവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

### ആർ.എസ്.എസിന്റെ നൂറാം വാർഷികം:

# സ്റ്റാംപും നാണയവും പുറത്തിറക്കിയത് ഭരണഘടനയെ അപമാനിക്കലെന്ന് പിണറായി വിജയൻ



തിരുവനന്തപുരം: ആർ.എസ്.എസിന്റെ നൂറാം വാർഷികവുമായി ബന്ധപ്പെട്ട് 100 രൂപ നാണയവും സ്റ്റാമ്പും പുറത്തിറക്കിയതിൽ കേന്ദ്ര സർക്കാരിനെതിരെ വിമർശനവുമായി മുഖ്യമന്ത്രി പിണറായി വിജയൻ. നടപടി ഭരണഘടനയെ അപമാനിക്കുന്നതാണെന്ന് മുഖ്യമന്ത്രി എക്സ് പ്ലാറ്റ്ഫോമിൽ പങ്കുവച്ച കുറിപ്പിൽ പറയുന്നു.

'സ്വാതന്ത്ര്യസമരത്തിൽ നിന്ന് വിട്ടുനിൽക്കുകയും കൊളോണിയൽ തന്ത്രവുമായി ഇണങ്ങിച്ചേർന്ന ഒരു വിഭജന പ്രത്യയശാസ്ത്രത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്ത ഒരു സംഘടനയെ ഇത് സാധൂകരിക്കുന്നു. നമ്മുടെ യഥാർഥ സ്വാതന്ത്ര്യ സമര സേനാനികളുടെയും അവർ വിഭാവനം ചെയ്ത മതേതര, ഏകീകൃത ഇന്ത്യയുടെയും ഓർമകൾക്ക് നേരെയുള്ള നേരിട്ടുള്ള ആക്രമണമാണ് ഈ ദേശീയ ബഹുമതി'' പിണറായി വിജയൻ എക്സിൽ കുറിച്ചു.

ഡൽഹിയിൽ സംഘടിപ്പിച്ച ആർ.എസ്.എസ് വാർഷിക വേളയിൽ കാവിക്കൊടിയേന്തിയ വനിതയുടെ ചിത്രമുള്ള നൂറ് രൂപ നാണയമാണ് പ്രധാനമന്ത്രി പുറത്തിറക്കിയത്. ഇതിന് പുറമെ പ്രത്യേക സ്റ്റാമ്പും പുറത്തിറക്കിയിട്ടുണ്ട്. ചരിത്രത്തിൽ ആദ്യമായാണ് 'ഭാരത് മാത'യുടെ ചിത്രം ഇന്ത്യൻ നാണയത്തിൽ ഉണ്ടാകുന്നതെന്ന് മോദി പറഞ്ഞു. രാജ്യത്ത് എവിടെ ദുരന്തം ഉണ്ടായാലും അവിടെ ഓടിയെത്തുന്ന സംഘടനയാണ് ആർ.എസ്.എസ് എന്നും വയനാട്ടിൽ ഉരുൾപ്പൊട്ടൽ സമയത്ത് ആദ്യം ഓടിയെത്തിയത് ആർ.എസ്.എസ് ആണെന്നും പ്രധാനമന്ത്രി വാർഷികാഘോഷ പരിപാടിയിൽ പറഞ്ഞിരുന്നു.

# തൃശൂർ ചാവക്കാട് രണ്ട് പോലീസ് ഉദ്യോഗസ്ഥർക്ക് കുത്തേറ്റു

തൃശൂർ ചാവക്കാട് രണ്ട് പോലീസ് ഉദ്യോഗസ്ഥർക്ക് കുത്തേറ്റു. ചാവക്കാട് എസ്.ഐ ശരത്ത്, സിവിൽ പോലീസ് ഓഫീസർ ടി. അരുൺ എന്നിവർക്കാണ് കുത്തേറ്റത്. ചാവക്കാട് സ്വദേശിയായ നിസാർ ആണ് കുത്തിയത്.

ഇന്ന് പുലർച്ചെയായിരുന്നു ആക്രമണം. സഹോദരനെ ആക്രമിച്ച നിസാറിനെ കീഴടക്കാൻ ശ്രമിക്കുന്നതിനിടെയാണ് കുത്തേറ്റത്. ആക്രമണത്തിൽ പരിക്കേറ്റ പോലീസ് ഉദ്യോഗസ്ഥരെ തൃശൂരിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

പരിക്ക് ഗുരുതരമായ എസ്.ഐയുടെ കൈക്ക് ശസ്ത്രക്രിയ നടന്നതായി പോലീസ് അറിയിച്ചു.

# പൂജാ ബമ്പറിന്റെ സമ്മാനങ്ങൾ വെട്ടിക്കുറച്ചു; ടിക്കറ്റ് വിലയിൽ മാറ്റമില്ല

തിരുവനന്തപുരം: ജിഎസ്ടി പരിഷ്കരണങ്ങളുടെ ഭാഗമായി പൂജ ബമ്പർ സമ്മാനത്തുകകൾ കുറച്ചു. 1.85 കോടിയുടെ സമ്മാനങ്ങളാണ് കുറച്ചത്. ഒന്നാം സമ്മാനത്തിനും രണ്ടാം സമ്മാനത്തിനും തുകയിൽ മാറ്റമില്ല.

ടിക്കറ്റ് വില 300 രൂപയായി തുടരും. മൂന്നാം സമ്മാനം പകുതിയായി കുറച്ചു. 10 ലക്ഷം രൂപ അഞ്ച് ലക്ഷം രൂപയായാണ് കുറച്ചത്. 5000 രൂപയുടെ സമ്മാനങ്ങളും കുറച്ചു.

12 കോടി രൂപയാണ് പൂജാ ബമ്പറിന്റെ ഒന്നാം സമ്മാനം. അഞ്ച് പരമ്പരകൾക്ക് ഒരു കോടി വീതമാണ് രണ്ടാം സമ്മാനം. ഓരോ പരമ്പരകൾക്കും രണ്ടു വീതം 10 ലക്ഷമാണ് മൂന്നാം സമ്മാനം. കൂടാതെ 5000, 1000, 500, 300 രൂപയുടെ മറ്റ് നിരവധി സമ്മാനങ്ങളുമുണ്ട്. 5000 രൂപയുടെ സമ്മാനം 10800 പേർക്ക് കിട്ടിയിരുന്നത് 8100 ആയിട്ടാണ് കുറച്ചത്.









# പാലക്കാട് ഡിവിഷനിൽ പാളങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ മതിൽ പണി തുടങ്ങി റെയിൽവേ



ഒറ്റപ്പാലം: പാലക്കാട് റെയിൽവേ ഡിവിഷന് കീഴിൽ പാളങ്ങൾക്ക് സുരക്ഷയുറപ്പാക്കാൻ അതിർത്തി മതിൽ നിർമിക്കാൻ റെയിൽവേ നടപടിതുടങ്ങി. ഒറ്റപ്പാലംമുതൽ കുറ്റിപ്പുറം വരെ ഏതാനും സ്ഥലങ്ങളിലും പാലക്കാട് ടൗൺ സ്റ്റേഷൻ പ്രദേശത്തും 28 കിലോമീറ്ററോളം മതിൽനിർമിക്കാനുള്ള ദർഘാസ് നടപടിയാണ് തുടങ്ങിയത്.

കൈയേറ്റസാധ്യതയുള്ള സ്ഥലങ്ങൾ, ജനസാന്ദ്രതകൂടിയ സ്ഥലങ്ങൾ, ജനവാസ മേഖലകൾ എന്നിവിടങ്ങളിലാണ് മതിൽപണിയുന്നത്. കൈയേറ്റം തടയുകയെന്നതാണ് റെയിൽവേ അറിയിക്കുന്നതെങ്കിലും വേഗമേറിയ തീവണ്ടികൾ സർവീസ് നടത്തുമ്പോൾ സുരക്ഷ ഉറപ്പാക്കലാണ് ലക്ഷ്യം.

പാലക്കാട് ടൗൺ പരിധിയിൽ 3.5 കിലോമീറ്ററിലാണ് മതിൽപണിയുന്നത്. ഇതിനുമാത്രം 4.16 കോടിരൂപയുടെ ദർഘാസാണ് വിളിച്ചിട്ടുള്ളത്. എട്ടുമാസത്തിനകം പൂർത്തിയാക്കും. ഒറ്റപ്പാലം മുതൽ കുറ്റിപ്പുറംവരെയുള്ള വിവിധസ്ഥലങ്ങളിൽ 24.33 കിലോമീറ്റർ ദൂരത്തും മതിലുയരും. ഒന്നരവർഷംകൊണ്ട് പണി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. 27.37 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഒക്ടോബർ അവസാനത്തോടെ ദർഘാസ് നടപടി പൂർത്തിയാക്കി നിർമാണത്തിലേക്ക് കടക്കാനാണ് പരിപാടി.

റെയിൽപ്പാളത്തിലേക്ക് ആളുകൾകടക്കുന്ന അനധികൃതവഴികൾ നേരത്തേ റെയിൽവേ അടച്ചിരുന്നു. 294 ഇടങ്ങളിലാണ് ഇങ്ങനെ തടഞ്ഞത്. ഇതിനുപുറമെയാണ് തിരഞ്ഞെടുത്ത സ്ഥലങ്ങളിൽ മതിൽ പണിയുന്നത്.

ഒറ്റപ്പാലം റെയിൽവേസ്റ്റേഷൻ പരിസരത്ത് നേരത്തേ മതിൽനിർമാണം തുടങ്ങിയിരുന്നു. റെയിൽവേസ്റ്റേഷൻ നവീകരണഭാഗമായിട്ടാണ് അപ്പുറത്ത് താമസിക്കുന്നവർ ഉപയോഗിച്ചിരുന്ന റോഡിന്റെ ഒരുഭാഗം എടുത്തുകൊണ്ട് മതിൽനിർമിച്ചത്. ഈ മതിൽ അവസാനിക്കുന്നപ്രദേശം സ്ഥിരം അപകടമേഖലയാണ്. മതിൽ പണിയുന്നതോടെ താമസക്കാർക്ക് വഴിയില്ലാത്ത സ്ഥിതിയാകും. എന്നാൽ, വന്ദേഭാരത് ഉൾപ്പെടെ വേഗമേറിയ തീവണ്ടികൾ സഞ്ചരിക്കുന്ന പാതയിൽ സുരക്ഷയാണ് മുഖ്യം എന്നാണ് റെയിൽവേ അധികൃതർ പറയുന്നത്.

'മുഖ്യമന്ത്രിയെ വിളിച്ചിട്ട് കിട്ടുന്നില്ല';

# സിഎം വിത്ത് മീ കോൾ സെന്ററിനെതിരെ പരാതിയുമായി യൂത്ത് കോൺഗ്രസ്

കോഴിക്കോട് : സിഎം വിത്ത് മീ കോൾ സെന്ററിലേക്ക് പരാതിപ്പെടാനായി വിളിച്ചിട്ട് കിട്ടുന്നില്ലെന്ന പരാതിയുമായി യൂത്ത് കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി വി.പി ദുൽകിഫിൽ. വടകരയിൽ വെച്ച് കഴിഞ്ഞ മാസം പൊലീസിന്റെ ഭാഗത്ത് നിന്നുണ്ടായ മോശം പെരുമാറ്റത്തെക്കുറിച്ച് പരാതിപ്പെടാനാണ് ഇന്നലെ ഉച്ചയോടെ ദുൽകിഫിൽ സിഎം വിത്ത് മീ കോൾ സെന്ററിലേക്ക് വിളിച്ചത്. ആദ്യ കോൾ ബിസിയായിരുന്നു. രണ്ടാമത്തെ കോളിൽ മുഖ്യന്ത്രിയുടെ ശബ്ദ സന്ദേശം ലഭിച്ചു. മുഖ്യമന്ത്രിയുടെ സന്ദേശത്തിന് ശേഷം കണക്ട് ചെയ്യാനായി കാത്തിരുന്നെങ്കിലും കിട്ടിയില്ല. വൈകിട്ട് വീണ്ടും വിളിച്ചെങ്കിലും ഫലമുണ്ടായില്ല.

അതേസമയം കോൾ സെന്ററിലേക്ക് ഒരേ സമയം നിരവധി വിളികൾ വരുന്നതുകൊണ്ടാണ് ചില കോളുകൾ കിട്ടാതെ വരുന്നതെന്നും തിരിച്ചു വിളിക്കുമെന്നുമാണ് കോൾ സെന്ററിലെ ഉദ്യോഗസ്ഥർ നൽകുന്ന മറുപടി. ഇന്നലെ മാത്രം 4203 കോളുകൾ വന്നു. 450 കോൾ മിഡ്സ് കോളായി. ഇതിൽ 188 പേരെ തിരികെ വിളിച്ചെന്നും ഉദ്യോഗസ്ഥർ വിശദീകരിക്കുന്നു. എന്നാൽ തന്നെ ഇതുവരെ തിരിച്ചു വിളിച്ചില്ലെന്നാണ് ദുൽകിഫിൽ പറയുന്നത്.

# താരിഫ് വിഷയത്തിൽ അമേരിക്കയ്ക്ക് മേൽ ഇന്ത്യൻ നയതന്ത്ര സമ്മർദ്ധം



താരീഫ് പ്രതിസന്ധി രൂക്ഷമായതിനെ തുടർന്ന് ഇന്ത്യയും അമേരിക്കയും വ്യാപാര ചർച്ചകൾ തുടരുകയാണ്. ഇതിനിടെ താരിഫ് നിരക്ക് 20 ശതമാനത്തിൽ താഴെയാക്കാൻ അമേരിക്കയ്ക്ക് മേൽ ഇന്ത്യ സമ്മർദം ചെലുത്തുന്നതയാണ് വിവരം. കേന്ദ്ര വൃത്തങ്ങളെ ഉദ്ധരിച്ച് വാർത്ത ഏജൻസിയാണ് ഇക്കാര്യം റിപ്പോർട്ട് ചെയ്തത്.

മറ്റ് ദക്ഷിണ തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങൾ യുഎസ് താരിഫ് നിരക്കുകൾ 15-20 ശതമാനത്തിന് ഇടയിലാണ്. ഇതിനാൽ തന്നെ ഇന്ത്യയുടെമത്സരശേഷിസംരക്ഷിക്കുന്നതിന്20ശതമാനത്തിൽ താഴെയുള്ള താരിഫുകൾക്കുള്ള സമ്മർദം നിർണായകമാണെന്നാണ് കണക്കാക്കപ്പെടുന്നത്. റഷ്യയിൽ നിന്നുള്ള എണ്ണ ഇറക്കുമതിയുമായി ബന്ധപ്പെട്ട് 25 ശതമാനം അധിക താരിഫ് ഇന്ത്യയ്ക്ക് മേൽ ട്രംപ് ഭരണകൂടം ചുമത്തിയിരുന്നു. ഇത് നീക്കം ചെയ്യണമെന്ന് ഇന്ത്യ ആവശ്യപ്പെട്ടു. ഇന്ത്യയെ ഒറ്റപ്പെടുത്തരുതെന്ന് ആവർത്തിച്ചതായും വൃത്തങ്ങൾ പ്രതികരിച്ചു.

ഇതുമായി ബന്ധപ്പെട്ട് ന്യൂയോർക്കിൽ വച്ച് യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോയുമായി ഇന്ത്യൻ വിദേശകാര്യ മന്ത്രി എസ് ജയശങ്കർ കൂടിക്കാഴ്ച നടത്തിയിരുന്നു. ചർച്ചകൾക്ക്ശേഷം, ഇന്ത്യ തന്റെ രാജ്യത്തിന് വളരെ പ്രധാനപ്പെട്ടതാണെന്ന് സൂചിപ്പിച്ച റൂബിയോ, വ്യാപാര മേഖലയിൽ ഇന്ത്യ നടത്തിയ ഇടപെടലിനെ സ്വാഗതം ചെയ്യുകയും ചെയ്തു. ജയശങ്കറുമായുള്ള കൂടിക്കാഴ്ചയ്ക്ക് ശേഷം, റഷ്യയിൽ നിന്ന് എണ്ണ വാങ്ങുന്നതിന്റെ പേരിൽ ഇന്ത്യയ്ക്ക് മേൽ ചുമത്തിയ 25 ശതമാനം അധിക താരിഫുമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിക്കാൻ യുഎസ് തയ്യാറായേക്കാമെന്നാണ് റൂബിയോ പറഞ്ഞത്.

ഉക്രെയ്നിലെ സംഘർഷം അവസാനിപ്പിക്കുന്നതിനുള്ള യുഎസ് നടപടികളെക്കുറിച്ചും റൂബിയോ സംസാരിച്ചു. ഉക്രെയ്നിലെ സംഘർഷം അവസാനിപ്പിക്കാൻ യൂറോപ്യൻ രാജ്യങ്ങൾ വേണ്ടത്ര കാര്യങ്ങൾ ചെയ്തിട്ടില്ലെന്ന് റൂബിയോ കുറ്റപ്പെടുത്തി. വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ, വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ യുഎസ് വ്യാപാര പ്രതിനിധി ജാമിസൺ ഗ്രീർ എന്നിവരും ചർച്ചകളിൽ പങ്കെടുത്തു. ചർച്ചകൾ നിരവധി ഉഭയകക്ഷി, അന്തർദേശീയ വിഷയങ്ങളുമായി ബന്ധപ്പെട്ടതാണെന്നും പ്രധാനപ്പെട്ട മേഖലകളിൽ പുരോഗതി കൈവരിക്കുന്നതിന്റെ സുസ്ഥിരമായ ഇടപെടലിന്റെ പ്രാധാന്യത്തെക്കുറിച്ച് സംസാരിച്ചതായും ജയശങ്കർ എക്സിൽ കുറിച്ചു.യോഗത്തിൽ, വിദേശകാര്യ മന്ത്രിയും സ്റ്റേറ്റ് സെക്രട്ടറിയും ഇന്ത്യൻ വാണിജ്യ വ്യവസായ മന്ത്രിയും അമേരിക്കയുടെ യുണൈറ്റഡ് സ്റ്റേറ്റ്സ് വ്യാപാര പ്രതിനിധിയും (യുഎസ്ടിആർ) പങ്കെടുത്തിരുന്നു. യോഗത്തിൽ നിരവധി ഉദ്യോഗസ്ഥരും പങ്കെടുത്തിരുന്നു. വ്യാപാരമേഖലയും താരിഫുമായിരുന്നു പ്രധാന ചർച്ചാ വിഷയം. ഉഭയകക്ഷി ബന്ധത്തിന്റെ മറ്റ് വശങ്ങളും ചർച്ച ചെയ്യപ്പെട്ടുവെന്ന് ന്യൂഡൽഹിയിൽ നടന്ന വാർത്താ സമ്മേളനത്തിൽ ജയ്സ്വാൾ പറഞ്ഞിരുന്നു.

കരാറിന്റെ വിവിധ വശങ്ങളെക്കുറിച്ച് ഇന്ത്യൻ പ്രതിനിധി സംഘം യുഎസ് സർക്കാരുമായി ചർച്ച നടത്തിയതായി വാണിജ്യ വ്യവസായ മന്ത്രാലയത്തിന്റെ പ്രസ്താവനയിലും പറയുന്നു. യുഎൻ ജനറൽ അസംബ്ലിയോടനുബന്ധിച്ച് നടന്ന വിദേശകാര്യ മന്ത്രിമാരുടെ ജി20 യോഗത്തിൽ ഉക്രെയ്നിലും ഗാസയിലും നടന്നുകൊണ്ടിരിക്കുന്ന സംഘർഷങ്ങൾ ഊർജം, ഭക്ഷണം, വളം എന്നിവയുടെ കാര്യത്തിൽ ദക്ഷിണേഷ്യയ്ക്ക് വലിയ ചെലവുകൾ വരുത്തിവച്ചിട്ടുണ്ടെന്ന് വിദേശകാര്യ മന്ത്രി എസ് ജയശങ്കർ ചൂണ്ടിക്കാട്ടി. വിഷയത്തിൽ ഇരട്ടത്താപ്പ് വ്യക്തമാണെന്നും അദ്ദേഹം സൂചിപ്പിക്കുകയാണ്ടായി.










# കോടതികളുടെയും കണ്ണു കെട്ടും; കുതന്ത്രങ്ങളുമായി ക്വാറി മാഫിയ



ബാബു കദളിക്കാട്

കരിങ്കല്ലിനു പിന്നിലെ സ്വർണ്ണത്തിളക്കത്തിൽ മതിമറക്കുന്ന വമ്പൻ ബിസിനസ് ലോബിക്ക് രാഷ്ട്രീയ നേതൃത്വങ്ങളുടെ ആശീർവാദത്തോടെ പോലീസും ബ്യൂറോക്രസിയും കേരളത്തിൽ നൽകിവരുന്ന ഒത്താശ പുതിയ കാര്യമല്ല. മണി പവറും മസിൽ പവറും കൈകോർത്ത് നാടിനെ തുരക്കവേ നിയമവും മനുഷ്യാവകാശവും നോക്കുകുത്തിയായി മാറുന്നു. പ്രകൃതി ദുരന്തങ്ങൾ അരങ്ങേറുമ്പോൾ 'ഗാഡ്ഗിൽ ഉദ്ധരണി'കളുമായി ക്വാറി മാഫിയയുടെ മേൽ ആക്ഷേപം ചൊരിയുന്ന പ്രക്രിയ അനുഷ്ഠാനം പോലെ ആവർത്തിച്ചുകെട്ടടങ്ങുകയും ചെയ്യും.



കരിങ്കൽ ക്വാറികളുടെ കാര്യത്തിൽ കൂട്ടായ ആലോചനകളും അവലോകനങ്ങളും വേണമെന്ന്നിയമമുണ്ടെങ്കിലും അതൊന്നും പാലിക്കാതെ നടത്തിയ ഇടപെടലുകൾഇടയ്ക്കിടെ ദുരന്തമായി പെയ്യുന്നു. അതിൽ കാലാവസ്ഥാ മാറ്റം മുതൽ ഉരുൾ പൊട്ടൽ വരെ ഉൾപ്പെടും. കോടതി ഉത്തരവ് വന്നിട്ടു പോലും അനധികൃത നിർമ്മാണങ്ങൾ പൊളിച്ചു മാറ്റാത്ത ജനപ്രതിനിധികളുടെ നാടാണു കേരളമെന്ന് പല തവണ തെളിഞ്ഞു. ദുരന്ത നിവാരണ അതോറിറ്റിയുടെ വിലക്കിനെതിരെ കോടതിയിൽ പോയി സ്റ്റേ മേടിക്കുന്നതു ക്വാറികളുടെ രീതിയാണ്. കേരളത്തിലെ ജിയോളജിസ്റ്റുകളിൽ ഒട്ടുമുക്കാലും ക്വാറി കമ്പനികളുടെ കിമ്പളം പറ്റുന്നു. റിട്ടയർ ചെയ്ത പല ജിയോളജിസ്റ്റുകളും അവരുടെ ശമ്പളക്കാരായി ജോലി ചെയ്യുന്നുമുണ്ട്.

വയനാട്ടിൽ അമ്പലവയലിൽ ദുരന്തനിവാരണ അതോറിറ്റി നിരോധിച്ചിട്ടും അനധികൃത ക്വാറികൾ പ്രവർത്തിക്കുന്നതിനെതിരെ ജനങ്ങൾ 2016ൽ പ്രക്ഷോഭം നടത്തിയിരുന്നു. ക്വാറികളുടെ പ്രവർത്തനം കുത്തനെയുള്ള ചെരിവുകളിൽ ഉരുൾപൊട്ടലുണ്ടാക്കുമെന്ന് ജില്ലാ കളക്ടർ മുന്നറിയിപ്പും നൽകി. ഉരുൾ പൊട്ടലിൽ ഗ്രാമങ്ങൾ തന്നെ ഇല്ലാതായിട്ടും ഇത്തരം ക്വാറികളിൽ നിന്ന് അന്യസംസ്ഥാനങ്ങളിലേക്കുൾപ്പെടെ കല്ലുകൾ പോകുന്നു. ഹൈക്കോടതിയും സുപ്രീം കോടതിയും ഹരിത ട്രിബ്യൂണലുമെല്ലാം നടത്തുന്ന ഇടപെടലുകൾ മറികടക്കാനും ബിസിനസ് ലോബിക്കു സർക്കാരിന്റെ തുണയോടെയുള്ള തന്ത്രങ്ങൾ റെഡി. കരിങ്കൽ ക്വാറികളുടെ സ്ഫോടന മേഖല വീടുകളിൽ നിന്നും കെട്ടിടങ്ങളിൽ നിന്നും 150 മീറ്റർ അകലെയായിരിക്കണമെന്ന 2023ലെ വിദഗ്ധ സമിതി റിപ്പോർട്ട് കേരള സർക്കാരിനെ അലോസരപ്പെടുത്തുന്നുണ്ട്.

ജനവാസ മേഖലയിലെ ക്വാറികളുടെ ദൂരപരിധി 50 മീറ്ററായി നിലനിർത്തണമെന്ന് ഉന്നത നീതിപീഠങ്ങളോടു വീണ്ടും ആവശ്യപ്പെടുകയാണിപ്പോൾ കേരള സർക്കാർ. ഇതുസംബന്ധിച്ചു പഠിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ടിനെതിരെ ഗുരുതര ആരോപണങ്ങളും ഉന്നയിക്കുന്നു. ഐ.ഐ.ടികൾക്കും സി.എസ്.ഐ.ആറുകൾക്കും കീഴിലെ വിദഗ്ധരുൾപ്പെട്ട ഏഴംഗ സമിതി നൽകിയ റിപ്പോർട്ട് 'തീർത്തും അശാസ്ത്രീയം' എന്നാണ് കേരളത്തിന്റെ വിലയിരുത്തൽ. ഇതു പരിഗണിച്ചു ദൂരപരിധി 50 മീറ്ററായി നിലനിർത്തണമെന്നും ദേശീയ ഹരിത ട്രൈബ്യൂണലിനു നൽകിയ സത്യവാങ്മൂലത്തിൽ പറയുന്നു.

ജനവാസ മേഖലകളിൽ നിന്നു കരിങ്കൽ ക്വാറികളുടെ ദൂരപരിധി സംസ്ഥാന സർക്കാർ 50 മീറ്റർ ആക്കിയത് ദേശീയ ഹരിത ട്രൈബ്യൂണൽ 200 മീറ്റർ ആക്കി വർധിപ്പിച്ചിരുന്നു. പാലക്കാട് കിഴക്കഞ്ചേരിയിൽ മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള ക്വാറി പ്രവർത്തനം ചൂണ്ടിക്കാട്ടി എം. ഹരിദാസൻ നൽകിയ ഹർജി പരിഗണിച്ചു പുറപ്പെടുവിച്ച ഉത്തരവിനെതിരെ സംസ്ഥാന സർക്കാരും ക്വാറി ഉടമകളും സുപ്രീം കോടതിയെ സമീപിച്ചു. ട്രൈബ്യൂണലിന്റെ നിലപാട് അംഗീകരിച്ച സുപ്രീം കോടതി 50 മീറ്റർ ദൂരപരിധി തുടരാൻ അനുവദിച്ചതോടൊപ്പമാണ് വിഷയത്തിൽ വിദഗ്ധ സമിതിയെ നിയോഗിച്ചു പഠിക്കാൻ നിർദേശിച്ചത്.

ഏഴംഗ സമിതിയുടെ 'പരിശോധന നടന്ന 2022-23 കാലത്ത് കേരളത്തിൽ 497 ക്വാറികൾ ഉണ്ടെന്നിരിക്കേ ഒമ്പതു ക്വാറികളുടെ സാഹചര്യം മാത്രം കണക്കിലെടുത്താണ് മൊത്തം സ്ഥിതി വിലയിരുത്തിയതെന്നതിനാൽ റിപ്പോർട്ട് ശരിയാകില്ലെന്നാണ് സർക്കാർ പറയുന്നത്. കുറഞ്ഞത് 23 ക്വാറികളിലെയെങ്കിലും സ്ഥിതി പരിഗണിക്കണമായിരുന്നു. ദൂരപരിധി കൂടുതൽ കർശനമാക്കേണ്ടതില്ലെന്നു വ്യക്തമാക്കുന്നതാണ് നേരിട്ടുള്ള വാദം കേൾക്കലിലെയും സർവേയിലെയും ഫലമെന്നും സത്യവാങ്മൂലത്തിലുണ്ട്. ദൂരപരിധി വർധിപ്പിക്കേണ്ടതുണ്ടെന്നു വരുത്താൻ സമിതി കാര്യങ്ങളെ പെരുപ്പിച്ചു കാണിച്ചത്രേ. ക്വാറികളിൽ നിന്നുള്ള പ്രകമ്പനവും മാലിന്യവും കുറയ്ക്കാനുള്ള വഴികളെക്കുറിച്ചു റിപ്പോർട്ടിൽ പറയുന്നതേയില്ല. അതുകൊണ്ട് റിപ്പോർട്ട് തള്ളണമെന്നും 50 മീറ്റർ ദൂരപരിധി പുനഃസ്ഥാപിക്കണമെന്നുമാണ് സത്യവാങ്മൂലത്തിലുള്ളത്.

ധൻബാദിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (ഇന്ത്യൻ സ്കൂൾ ഓഫ് മൈൻസ്), റൂർക്കിയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, റൂർക്കിയിലെ സി.എസ്.ഐ.ആർ സെൻട്രൽ ബിൽഡിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ഡെറാഡൂണിലെ വാഡിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹിമാലയൻ ജിയോളജി, ബെംഗളൂരുവിലെ ഡയറക്ടറേറ്റ് ജനറൽ ഓഫ് മൈൻസ് സേഫ്റ്റി, ധൻബാദിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മൈനിംഗ് ആൻഡ് ഫ്യൂവൽ റിസർച്ച്, കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവിടങ്ങളിലെ വിദഗ്ധർ ചേർന്നു നൽകിയ സംയുക്ത റിപ്പോർട്ടിനെയാണ് കേരളം നിരാകരിക്കുന്നത്. അന്താരാഷ്ട്ര തലത്തിൽ അംഗീകരിക്കപ്പെടുന്ന ഈ വിദഗ്ധരുടെ നിഗമനങ്ങളെയും ശുപാർശകളെയും മറികടക്കുന്ന കണ്ടെത്തലുകൾക്ക് സർക്കാരിനു മാർഗ്ഗനിർദ്ദേശമേകിയതാരെന്ന ചോദ്യം അവശേഷിക്കുന്നു.

രാജ്യത്തെമ്പാടും നിരവധി കരിങ്കൽ ക്വാറികളും ചെങ്കൽ ക്വാറികളും പ്രവർത്തിക്കുന്നുണ്ട്. പാരിസ്ഥിതിക പഠനങ്ങൾ നടത്താതെയും ബന്ധപ്പെട്ടവരിൽ നിന്ന് അനുമതി വാങ്ങാതെയും അനധികൃതമായി പ്രവർത്തിക്കുന്നവയാണ് പലതും. കേരള വന ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് (കെ.എഫ്.ആർ.ഐ) നടത്തിയ പഠനമനുസരിച്ച് കേരളത്തിൽ മാത്രം 6,800ത്തോളം കരിങ്കൽ ക്വാറികളുണ്ട്. അതേസമയം, 700 ക്വാറികൾക്ക് മാത്രമേ അനുമതി നൽകിയിട്ടുള്ളൂവെന്നാണ് സർക്കാർ വൃത്തങ്ങളുടെ പക്ഷം. ബാക്കിയത്രയും അനധികൃത ക്വാറികളാണ്. സർക്കാർ അനുമതിയോടെ പ്രവർത്തിക്കുന്നവ പോലും ചട്ടങ്ങൾ പാലിക്കാറില്ല. ഇവയിൽ 354 എണ്ണം ഭൂകമ്പ സാധ്യത മേഖലയുടെ ഒരു കിലോമീറ്റർ പരിധിക്കുള്ളിലുമാണ്.

പതിനായിരക്കണക്കിനു വരും സംസ്ഥാനത്തെ ചെങ്കൽ ക്വാറികൾ. നിയമം കാറ്റിൽ പറത്തിയാണ് നല്ലൊരു പങ്കും പ്രവർത്തിക്കുന്നത്. ടാറിട്ട റോഡുകളിൽ നിന്നും വീടുകളിൽ നിന്നും 50 മീറ്റർ ദൂരത്തിൽ മാത്രമേ ഖനനത്തിന് അനുമതിയുള്ളൂവെങ്കിലും ദൂരപരിധി പാലിക്കാത്തവയാണ് നല്ലൊരു പങ്കും. ഖനനം അവസാനിപ്പിച്ചു കഴിഞ്ഞാൽ കുഴി മണ്ണിട്ടു മൂടണമെന്നാണ് നിയമം അനുശാസിക്കുന്നത്. എന്നാൽ സംസ്ഥാനത്തുടനീളം കാണാം മണ്ണിട്ടു മൂടാത്ത ഉപയോഗം കഴിഞ്ഞ ക്വാറികൾ. വിദ്യാർത്ഥികൾ ഉൾപ്പെടെ കാൽനട യാത്രക്കാർ സഞ്ചരിക്കുന്ന വഴിയോരങ്ങളോട് ചേർന്നു പോലുമുണ്ട് ഇത്തരം പാറമടകൾ. മഴക്കാലത്ത് ഇവയിൽ വെള്ളം കെട്ടിനിൽക്കുകയും ലോലപരിസ്ഥിതി പ്രദേശങ്ങളിൽ ഭാരം താങ്ങാനാകാതെ മലയിടിച്ചിൽ സംഭവിക്കുകയും ചെയ്യുന്നു. 2018ൽ കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ പഞ്ചായത്തിലുണ്ടായ ഉരുൾപൊട്ടലിനു കാരണം മലമുകളിൽ പ്രവർത്തിച്ചിരുന്ന ക്വാറികളും മലയുടെ സ്വാഭാവിക ചെരിവുകൾ ഇല്ലാതാക്കി നടത്തിയ നിർമാണ പ്രവർത്തനവുമായിരുന്നുവെന്നാണ് വിദഗ്ധരുടെ വിലയിരുത്തൽ.

### ആഘാത പഠനം

പാറ ഖനനത്തിനടക്കമുള്ള പ്രവർത്തനങ്ങളുടെ പാരിസ്ഥിതികാനുമതിക്കാര്യത്തിൽ മാഫിയകൾക്ക് അനുകൂലമായി കേന്ദ്ര സർക്കാർ കൈക്കൊണ്ട നിലപാടിന് കേരള ഹൈക്കോടതിയിൽ നിന്ന് ഈയിടെ നേരിട്ട തിരിച്ചടി മറികടക്കാനുള്ള നീക്കവും മുറുകുന്നതായാണു സൂചന. ക്വാറികളുടെ പാരിസ്ഥിതികാനുമതി 30 വർഷമോ അല്ലെങ്കിൽ ഖനനം പൂർത്തിയാകുന്നതു വരെയോ നീട്ടി നൽകാൻ കഴിയുംവിധം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 2022 ഏപ്രിൽ 12ന് ഇറക്കിയ വിജ്ഞാപനവും അതേവർഷം ഡിസംബറിൽ പുറപ്പെടുവിച്ച സർക്കാർ മെമ്മോറാണ്ടവും ഹൈക്കോടതി റദ്ദാക്കിയിരുന്നു.

2022ലെ വിജ്ഞാപന പ്രകാരമുള്ള ഇളവിന് അർഹതയുണ്ടെന്ന് അവകാശപ്പെട്ട് 65 ക്വാറി ഉടമകളും ഹൈക്കോടതിയെ സമീപിച്ചിരുന്നെങ്കിലും ഈ ഹർജികൾ തള്ളി. വിദഗ്ദ്ധസമിതിയുടെ പരിശോധനയില്ലാതെ അനുമതി നീട്ടി നൽകുന്നത് 1986ലെ പരിസ്ഥിതി നിയമത്തിനും ചട്ടങ്ങൾക്കും 2006ലെ പരിസ്ഥിതി ആഘാത വിജ്ഞാപനത്തിനും എതിരായതിനാൽ ഭരണഘടനാവിരുദ്ധമെന്നു ജസ്റ്റിസ് സി. ജയചന്ദ്രൻ വിലയിരുത്തി. പരിസ്ഥിതിയെ ഗുരുതരമായി ബാധിക്കുമെന്നതിനാൽ ഖനനാനുമതിയുടെ കാര്യത്തിൽ വിദഗ്ദ്ധ സമിതിയാണ് തീരുമാനമെടുക്കേണ്ടതെന്ന് കണ്ണൂർ സ്വദേശി ജിജോ ജോയ് നൽകിയ ഹർജിയിൽ കോടതി പറഞ്ഞു. 2022ലെ വിജ്ഞാപനത്തോടെ, വിദഗ്ദ്ധ സമിതി നൽകിയ പരിസ്ഥിതി അനുമതിയുടെ കാലാവധി കഴിഞ്ഞാലും ഖനനം തുടരാമായിരുന്നു. തുടർ പഠനം കൂടാതെ കാലാവധി നീട്ടുന്നത് 1986ലെ പരിസ്ഥിതി നിയമത്തിനും 2006ലെ പരിസ്ഥിതി ആഘാത വിജ്ഞാപനത്തിനും കടകവിരുദ്ധമാണെന്നു കോടതി ചൂണ്ടിക്കാട്ടി.

ക്വാറികളിൽ കുട്ടികളും വഴിയാത്രക്കാരും അബദ്ധത്തിൽ വീണ് മരണം സംഭവിക്കുന്നതും വിരളമല്ല. ജനവാസ കേന്ദ്രങ്ങളുമായുള്ള പാറമടകളുടെ അകലം 50ൽ നിന്ന് 200 മീറ്ററായി വർധിപ്പിക്കണമെന്ന് 2020ൽ നിയമസഭാ സമിതി ശിപാർശ ചെയ്തെങ്കിലും നടപ്പായില്ല. 2014 ജൂൺ 18ന് നിയമസഭയിൽ പരിസ്ഥിതി സംബന്ധിച്ച സമിതി സമർപ്പിച്ച റിപ്പോർട്ടിൽ സംസ്ഥാനത്ത് നിയമവിധേയമായും അല്ലാതെയും പ്രവർത്തിക്കുന്ന ക്വാറികൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങളെയും ആഘാതങ്ങളെയും കുറിച്ച് വിശദമായി പറയുന്നുണ്ട്. പരിസ്ഥിതിക്കുണ്ടാക്കുന്ന കനത്ത നാശനഷ്ടങ്ങൾക്കു പുറമെ സമീപവാസികളിൽ ശ്വാസകോശ രോഗങ്ങൾ, വായുമലിനീകരണം, ശബ്ദമലിനീകരണം, അപകട മരണങ്ങൾ, ക്രഷർ യൂണിറ്റുകളിൽ നിന്നുണ്ടാകുന്ന പൊടിപടലം, കൃഷിക്കുണ്ടാക്കുന്ന നാശം, വനത്തിനടുത്ത് പ്രവർത്തിക്കുന്ന ക്വാറികൾ വനത്തിനും വന്യജീവികൾക്കുമുണ്ടാക്കുന്ന നാശനഷ്ടം തുടങ്ങി നിരവധി ആഘാതങ്ങളാണ് ഇവ സൃഷ്ടിക്കുന്നത്.

ഓരോ ഭൂപ്രദേശത്തിന്റെയും ആവാസ വ്യവസ്ഥ വ്യത്യസ്തമാണ്. യഥാകാലങ്ങളിൽ പഠനം പുതുക്കാതെ പദ്ധതി നടപ്പാക്കുന്നത് ആ പ്രദേശത്തെ പ്രകൃതിക്കും ജീവജാലങ്ങൾക്കും ആഘാതങ്ങൾ സൃഷ്ടിക്കാനിടയുണ്ട്. മേഘവിസ്ഫോടനം, മിന്നൽ പ്രളയം, മനുഷ്യരും ഇതര ജീവികളും ഗ്രാമങ്ങൾ ഒന്നാകെയും കുത്തിയൊലിച്ചു പോകുന്ന ഭയാനകമായ ഉരുൾ പൊട്ടലുകൾ തുടങ്ങി നിരവധി ദുരന്തങ്ങൾക്ക് സാക്ഷിയാകുകയുണ്ടായി കേരളീയ സമൂഹം സമീപ വർഷങ്ങളിൽ. കഴിഞ്ഞ വർഷം ജൂലൈ 30ന് മുണ്ടക്കൈ ചൂരൽമല പ്രദേശങ്ങളിലുണ്ടായ ഉരുൾപൊട്ടലിന്റെ ആഘാതത്തിൽ നിന്ന് സംസ്ഥാനം ഇനിയും മോചിതമായിട്ടില്ല. ചെറുതും വലുതുമായി നൂറുകണക്കിന് ഉരുൾപൊട്ടലുകളാണ് ഓരോ വർഷവും സംഭവിക്കുന്നത്. അനിയന്ത്രിതമായ ഖനനങ്ങളും മണ്ണെടുക്കലും നിർമാണ പ്രവർത്തനങ്ങളുമാണ് വലിയൊരളവോളം ഇതിനു കാരണമെന്നാണ് പരിസ്ഥിതി വിദഗ്ധരുടെ പക്ഷം.

# കരയോഗ വിലാസം ശരിദൂരം തേടി മുന്നണികൾ



**സമദൂരം ശരിദൂരം..**

ആപ്തവാക്യം അല്പം പഴയതാണെങ്കിലും മുന്നണി രാഷ്ട്രീയത്തിൽ ഇപ്പോൾ കരുത്താർജിച്ച് നിൽക്കുന്ന മുദ്രാവാക്യ സമാനമായ ആ പ്രയോഗം കണ്ടില്ലെന്ന് നടിച്ച് മുന്നോട്ടു പോകാൻ ആർക്കും കഴിയില്ല. കുരുക്കഴിക്കാൻ തീർത്തും എളുപ്പമല്ലാത്ത കരുത്തുറ്റ പ്രയോഗമാണ് അത്. പെരുന്നയിലെ കരയോഗ വിലാസം തേടി യു.ഡി.എഫ് നേതാക്കൾ യാത്ര തുടങ്ങുന്നതിന് എത്രയോ മുൻപ്, ബാന്ധവം കഴിഞ്ഞ് ഊരിവെച്ച ചെരുപ്പ് പോലും എടുക്കാതെ ഇടതു നേതൃത്വം മടങ്ങി കാതങ്ങൾ പിന്നിട്ടിരിക്കുന്നു.

തെരഞ്ഞെടുപ്പ് കാലത്ത് എക്കാലവും കേൾക്കുന്ന ഏറ്റവും വലിയ വിലപേശലിന്റെ പേരാണ് സമദൂരം.

ആരാണ് ഈ ദൂരം തീരുമാനിക്കുക? അത് സമുദായ നേതാക്കൾ ഒറ്റയ്ക്കല്ല. ആ ആശയത്തിലേക്ക് കൂടുതൽ അടുത്തുവരുന്നത് ആരാണ് അവരുടെ യോഗം പോലിരിക്കും കൂട്ടുകെട്ട്. പൊതുവേ ജാതി സമുദായങ്ങളോട് വലിയ അടുപ്പം ഒന്നും കാട്ടാറില്ലെന്ന് കരുതപ്പെട്ടിരുന്ന ഇടത് പക്ഷം ചുവട് മാറ്റിയ വിവരം അറിയാത്ത പോലെയാണ് 2025ലെ യു.ഡി.എഫ് നേതൃത്വം.

എൻ.എസ്.എസിനെയും എസ്.എൻ.ഡി.പിയേയും ഒരുപോലെ അകറ്റിയ രാഷ്ട്രീയ പാപ്പരത്തമാണ് തിരഞ്ഞെടുപ്പിന്റെ തൊട്ടുപടിവാതിൽക്കൽ നാം കണ്ടത്. എല്ലാ സമുദായത്തെയും തങ്ങൾ ഒരുപോലെ ഇഷ്ടപ്പെടുന്നുവെന്ന് എല്ലാവരെയും ബോധിപ്പിക്കേണ്ട ബാധ്യത ഇരു മുന്നണികൾക്കും കക്ഷികൾക്കും ഉണ്ട്. ഇല്ലെന്ന് എത്ര പറഞ്ഞാലും സമുദായ കക്ഷികളുടെ ശക്തി കണ്ടില്ലെന്ന് നടിച്ച് മുന്നോട്ടുപോകാൻ ആർക്കും കഴിയില്ല.

മുൻപ് കെ. കരുണാകരന്റെയും ഉമ്മൻചാണ്ടിയുടെയും കെ.എം. മാണിയുടെയും കാലത്തെ യു.ഡി.എഫ് നേതൃത്വം ന്യൂനപക്ഷങ്ങൾ സ്വന്തം പോക്കറ്റിൽ ഉണ്ടെന്ന് അറിയുമ്പോഴും പ്രബല സമുദായ നേതാക്കളെ വെറുപ്പിക്കാറില്ല.

പ്രായോഗിക രാഷ്ട്രീയത്തിന്റെ പാലം തകർന്ന് വൈകാരിക വിദ്വേഷ രാഷ്ട്രീയത്തിന്റെ ഈഗോകളിലേക്ക് പുതുകാല നേതാക്കൾ ചുരുങ്ങിപ്പോയോ?

**രാഷ്ട്രീയ ശരണം വിളികൾ**

9 വർഷത്തെ പിണറായി ഭരണത്തിൽ ഹൈന്ദവ സമുദായത്തെ വേദനിപ്പിച്ചുവെന്ന് വ്യാഖ്യാനിക്കാവുന്ന ശബരിമല സ്ത്രീ പ്രവേശന വിവാദം എത്ര തന്ത്രപരമായാണ് ഇടത് നേതൃത്വം വരുതിയിലാക്കിയത്. തദ്ദേശ തെരഞ്ഞെടുപ്പും തുടർന്നുള്ള നിയമസഭാ തെരഞ്ഞെടുപ്പും ജീവൻ മരണ പോരാട്ടമായി സി.പി.എം കാണുന്നു. ഭരണത്തുടർച്ച ഒരു പ്രതീക്ഷയുടെ മുദ്രാവാക്യമായി അവർ ഉയർത്തുന്നു. എന്നാൽ ഒട്ടനവധി ഭരണ വിരുദ്ധ വികാരങ്ങൾ ആയുധമായി കൈവശമുള്ളപ്പോഴും ദൈനംദിന പത്രവാർത്തകളുടെ, ചാനൽ ചർച്ചകളുടെ ക്ഷണിക നേരത്തെ വിവാദ പെയ്ത്തിൽ മുങ്ങി പോവുകയാണ് പ്രതിപക്ഷം.

വി.ഡി. സതീശൻ ശബരിമലയെ മറന്നു പോയി. എന്നാൽ പിണറായി വിജയൻ ശബരിമലയെ ഓർത്തു കൊണ്ടിരുന്നു. അതാണ് വ്യത്യാസം! എൻ.എസ്.എസ് ജനറൽ സെക്രട്ടറി സുകുമാരൻ നായരുടെ വാക്ക് തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ സമുദായത്തിന്റെ അവസാന വാക്കാണെന്ന് ആരും പറയില്ല. എന്നാൽ മുന്നണികളെ ഭയപ്പെടുത്താനുള്ള കരുത്ത് ആ സമുദായ നേതാവിന് ഇന്നുമുണ്ട്.

രമേശ് ചെന്നിത്തലയെ മാറ്റി വി.ഡി. സതീശനെ അവതരിപ്പിച്ച നിമിഷം മുതൽ എൻ.എസ്.എസ് നേതൃത്വം പ്രതിപക്ഷ നേതാവുമായി നല്ല ബന്ധത്തിലല്ല. അതേസമയം, സംഘടനയ്ക്ക് രാഷ്ട്രീയമില്ലെന്ന് സുകുമാരൻ നായർ ആണയിടാറുണ്ട്. അത് വെള്ളാപ്പള്ളി നടേശൻ എസ്.എൻ.ഡി.പിക്ക് വേണ്ടി പച്ചയായി രാഷ്ട്രീയം പറയുന്നത് പോലെയല്ല. പറയാതെ പറയുകയാണ് നായർ ശൈലി.

ഇപ്പോൾ സമദൂര ചിന്ത മുന്നണികളെ അലട്ടുമ്പോൾ, പിണറായി വിജയൻ തന്റെ സംഘടനയുമായി നല്ല ബന്ധം പുലർത്തി വരികയാണെന്ന് വെളിപ്പെടുത്തലും സുകുമാരൻ നായർ നടത്തി. എന്നാൽ യു.ഡി.എഫ് നേതാക്കൾ ആരും പെരുന്നയിലേക്ക് തിരിഞ്ഞു നോക്കാറില്ല. സുകുമാരൻ നായരുടെ വാക്കുകൾ ശ്രദ്ധിച്ചു കേൾക്കുക: '

മന്നത്ത് ആചാര്യൻ മുതൽ സ്വീകരിച്ച നിലപാടാണ് സമദൂരം. സംഘടനയ്ക്ക് രാഷ്ട്രീയമില്ല.

ശബരിമല വിഷയത്തിൽ എൻ.എസ്.എസിന്റെ നിലപാടിലല്ല മാറ്റമുണ്ടായിരിക്കുന്നത്. സർക്കാരിന്റെ നിലപാടിലാണ്. ഒരു രാഷ്ട്രീയപാർട്ടിക്കൊപ്പവും എൻ.എസ്.എസ് ഇല്ല. ഈ വിഷയത്തിൽ ആരും ചർച്ചയ്ക്കായി എൻ.എസ്.എസ് ആസ്ഥാനത്തേയ്ക്ക് വരേണ്ടതില്ലെന്നും സുകുമാരൻ നായർ പറഞ്ഞു.

വിധി വന്നപ്പോൾ ഇടതുസർക്കാർ സ്വീകരിച്ച സമീപനമല്ല ഇപ്പോഴവർക്ക്. അവർക്ക് വേണമെങ്കിൽ യുവതികളെ കയറ്റാമായിരുന്നു. അതുണ്ടായില്ല. അതിൽ തങ്ങൾക്ക് വിശ്വാസ്യത തോന്നി. എൻ.എസ്.എസ് ഒരു വിഷയത്തിൽ നിലപാട് സ്വീകരിക്കുന്നത് മെറിറ്റ് അനുസരിച്ചാണ്. ഒരു സർക്കാരിന്റെയും മുന്നിൽ മുട്ടുമടക്കിനിൽക്കേണ്ട കാര്യമില്ല. ഒരു ഔദാര്യവും കേന്ദ്ര, കേരള സർക്കാരുകളിൽനിന്ന് സ്വീകരിച്ചിട്ടില്ല. അർഹതപ്പെട്ടതു പോലും കിട്ടിയിട്ടില്ല.

മറ്റൊന്ന്, പന്തളത്ത് നടന്ന ശബരിമല സംരക്ഷണ സംഗമം. അതെന്തിനാണ് സംഘടിപ്പിച്ചതെന്ന് എല്ലാവർക്കും അറിയാം. ശബരിമല വിഷയത്തിൽ എൻ.എസ്.എസ് ആദ്യംതന്നെ ശക്തമായ നിലപാട് സ്വീകരിച്ചു മുന്നോട്ടുപോയപ്പോൾ ബി.ജെ.പി ഉണ്ടായിരുന്നില്ല. കോൺഗ്രസും ആദ്യം രംഗത്തുവന്നില്ല. വികാരപരമായ വിഷയമായി ഇത് മാറുന്നു എന്നു കണ്ടപ്പോഴാണ് അവരൊക്കെ നാമജപത്തിലൊക്കെ പങ്കാളികളായത്.

ബി.ജെ.പിക്ക് അന്നും ഇപ്പോഴും കേന്ദ്രത്തിൽ ഭരണമുണ്ട്. അവരുടെ നേതാവ് വി. മുരളീധരൻ അന്ന് പറഞ്ഞത് കേന്ദ്രം ആചാരം സംരക്ഷിക്കാൻ നിയമം ഉണ്ടാക്കുമെന്നാണ്. എന്നിട്ട് എന്താണുണ്ടായത്. ഇവരെന്താണ് ഒന്നും ചെയ്യാഞ്ഞത്? അതേസമയം, എൻ.എസ്.എസ് ഈ വിഷയത്തിൽ സുപ്രീംകോടതിയെ സമീപിച്ചു. അതിപ്പോൾ വിശാല ബെഞ്ചിന്റെ പരിഗണനയിലാണ്. സംസ്ഥാന സർക്കാർ നിയമം മാറ്റുമെന്ന് പറയുകയല്ല, ആചാരം സംരക്ഷിച്ചുകൊണ്ട് തീർഥാടനം നടത്തിയശേഷം അതിൽ ഉറച്ചുനിന്ന് വികസനം നടത്തുകയാണ്. തങ്ങൾ അതിനെ രാഷ്ട്രീയമായല്ല കാണുന്നത്. ക്ഷേത്രവും വിശ്വാസവും നിലനിന്നു പോകണമെന്ന് ആഗ്രഹിക്കുന്നവരൊക്കെ അതിനൊപ്പം നില കൊള്ളും.

യുവതീപ്രവേശനത്തിന് അനുകൂലമായി സർക്കാർ സുപ്രീം കോടതിയിൽ കൊടുത്ത സത്യവാങ് മൂലം മാറ്റാത്തത് നിയമപ്രശ്നമാണ്. സംസ്ഥാന സർക്കാർ ആചാരവും വിശ്വാസവും സംരക്ഷിക്കുമെന്ന് ഉറപ്പുനൽകിയിട്ടുണ്ട്. അത് വിശ്വസിക്കാം എൻ.എസ്.എസ് നേതാവിന്റെ വാക്കുകൾ.

**പാലം പണിയാൻ കോൺഗ്രസ്**

കാര്യങ്ങൾ കൈവിട്ടു പോകുന്നു എന്നറിഞ്ഞതോടെ നായർ സമുദായത്തെ പ്രീണിപ്പിക്കാൻ കോൺഗ്രസ് അഖിലേന്ത്യ നേതൃത്വത്തിന് വരെ രംഗത്തിറങ്ങേണ്ടിവന്നു. പെരുന്നയുമായി നല്ല ബന്ധമുള്ള പി.ജെ.കുര്യനെയും തിരുവഞ്ചൂർ രാധാകൃഷ്ണനെയും ആദ്യം അയച്ചു നോക്കി. നായർ വേണ്ടത്ര വഴങ്ങിയില്ല എന്ന് തോന്നിയപ്പോൾ സതീശന്റെ മനസ്സ് വകവയ്ക്കാതെ അടവുനയം മാറ്റാൻ പാർട്ടി നേതൃത്വം തീരുമാനിച്ചു.

സമുദായ നേതാക്കളുടെ 'തിണ്ണ നിരങ്ങില്ല' എന്ന പഴയ പ്രസ്താവന അവിടെ കിടക്കുന്നിടത്തോളം സതീശന് ഇക്കാര്യത്തിൽ മുന്നിൽനിന്ന് കളിക്കാൻ കഴിയില്ല. സുകുമാരൻ നായരെ കണ്ടു മടങ്ങിയ തിരുവഞ്ചൂരിന്റെ മുഖം പ്രസന്നമായിരുന്നില്ല. എന്താണ് സംസാരിച്ചത് എന്ന് പോലും പറയാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. തെരഞ്ഞെടുപ്പിൽ കനത്ത തിരിച്ചടി ഉണ്ടാകുമെന്ന റിപ്പോർട്ടുകൾ ഹൈക്കമാന്റിലേക്ക് പറന്നതോടെ കാര്യങ്ങൾ കൈവിട്ടു. കോൺഗ്രസ് നേതാക്കൾ ഒന്നൊന്നായി സുകുമാരൻ നായരെ പുകഴ്ത്താൻ തുടങ്ങി. അതിനിടെ ഇപ്പുറത്ത് വി.എൻ. വാസവനെ പോലുള്ള ഇടത് നേതാക്കൾ ഈഴവ സമുദായ നേതാവ് വെള്ളാപ്പള്ളി നടേശനേയും കണക്കറ്റ് പുകഴ്ത്തുന്ന കാഴ്ച രാഷ്ട്രീയ കേരളം കൗതുകത്തോടെയാണ് നോക്കിക്കാണുന്നത്.

ഏതായാലും, ശരി ദൂരം എന്നത് വസ്തുനിഷ്ഠമായ കാര്യത്തിൽ ആയിരിക്കണമെന്നും ശബരിമല വിഷയത്തിൽ ഒഴികെ എൻ.എസ്.എസ് ഒരു രാഷ്ട്രീയ നിലപാടും സ്വീകരിച്ചിട്ടില്ല എന്നുമാണ് പി.ജെ. കുര്യനെ പോലുള്ള നേതാക്കൾ വ്യാഖ്യാനിച്ചത് വിഷമിക്കുന്നത്. ഏതായാലും തദ്ദേശ തെരഞ്ഞെടുപ്പിന്റെ കേളികൊട്ട് ഉയരുമ്പോൾ അറിയാം സമദൂരത്തിന്റെ കരുത്ത്.

◗ പ്രജിത്ത് രാജ്

# ഷാഫി പറമ്പിലിനെതിരായ അധിക്ഷേപം: ഇ.എൻ സുരേഷ് ബാബുവിനെതിരെ കേസെടുക്കാൻ കഴിയില്ലെന്ന് പൊലീസ്

പാലക്കാട്: പാലക്കാട് സി.പി.എം ജില്ലാ സെക്രട്ടറി ഇ.എൻ സുരേഷ് ബാബു ഷാഫി പറമ്പിൽ എംപിക്കെതിരെ നടത്തിയ അധിക്ഷേപ പരാമർശത്തിൽ കേസെടുക്കാൻ കഴിയില്ലെന്ന് പാലക്കാട് നോർത്ത്പൊലീസ്. ബി.എൻ.എസ്356പ്രകാരം അപകീർത്തി കേസ് നേരിട്ട് എടുക്കാൻ കഴിയില്ലെന്നാണ് റിപ്പോർട്ട്. കോടതിയുടെ അനുമതിയോടെ മാത്രമെ കേസെടുക്കാൻ കഴിയുവെന്നാണ് റിപ്പോർട്ട്.

കോൺഗ്രസ് ബ്ലോക്ക് കമ്മറ്റി പ്രസിഡന്റ് സി.വി സതീഷാണ് പരാതി നൽകിയത്. പാലക്കാട് എ.എസ്.പിക്ക് നോർത്ത് സി.ഐ റിപ്പോർട്ട് സമർപ്പിച്ചു. ഭംഗിയുള്ള സ്ത്രീകളെ കണ്ടാൽ ഷാഫി ഉടൻ ബംഗ്ളൂരുവിലേക്ക് ട്രിപ്പ് വിളിക്കുമെന്നാണ് സുരേഷ് ബാബു പറഞ്ഞത്. ഷാഫിയും രാഹുലും ഇക്കാര്യത്തിൽ കൂട്ടുകച്ചവടം നടത്തുന്നവരാണെന്നും സ്ത്രീവിഷയത്തിൽ രാഹുലിന്റെ ഹെഡ്മാഷാണ് ഷാഫി പറമ്പിലെന്നും കോൺഗ്രസിലെ പല നേതാക്കളും രാഹുലിന്റെ അധ്യാപകരുമാണെന്നുമാണ് സുരേഷ് ബാബു പരിഹസിച്ചത്.

അതേസമയം, ഷാഫി പറമ്പിലിനെതിരെ പറഞ്ഞ കാര്യങ്ങളിൽ താൻ ഉറച്ചുനിൽക്കുകയാണെന്ന് ഇ.എൻ സുരേഷ് ബാബു മാധ്യമങ്ങളോട് പറഞ്ഞിരുന്നു. കോൺഗ്രസുകാർക്ക് പരാതി കൊടുക്കുകയോ നിയമപരമായി മുന്നോട്ടുപോകുകയോ ചെയ്യാമെന്നും അദ്ദേഹം പറഞ്ഞു. പക്ഷേ അനാവശ്യമായി കോലിട്ടിളക്കാൻ വന്നാൽ പ്രത്യാഘാതം അനുഭവിക്കാൻ പോകുന്നത് ആരായിരിക്കുമെന്ന് എല്ലാവർക്കും മനസിലാകുമെന്നും ആരെങ്കിലും പരാതി നൽകിയിട്ടുണ്ടെങ്കിൽ അത് ഷാഫി പറമ്പിൽ വീണ് കാണാൻ ആഗ്രഹിക്കുന്നവരാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

Allstate
ALL STATE INSURANCE
Products offered:
AUTO\HOME\CONDO\RENTERS
MOTORCYCLE\BUSINESS\LIFE
ATV\BOAT\FINANCIAL PRODUCTS
SERVING ILLINOIS WISCONSIN INDIANA
15700 103rd St.
Suite 250
Lemont, IL 60439
Tel: 630-273-3335

BICKY

# ആൾക്കൂട്ടത്തെ ആത്മബലമാക്കിയ ആ നേതാവ് ഇനിയില്ല

**ജനപ്രതിനിധി എന്നൊരു വാക്കിന് പുതിയ നിർവചനവും അതോടൊപ്പം ജനഹൃദയങ്ങളിൽ പുതിയ ചരിത്രവും സൃഷ്ടിച്ച പച്ചയായ മനുഷ്യനാണ് ഉമ്മൻചാണ്ടി. ഉമ്മൻചാണ്ടിയെന്നാൽ ആൾക്കൂട്ടമായിരുന്നു. തനിച്ചാകാൻ ഇഷ്ടപ്പെടാത്ത, എന്നും എപ്പോഴും ജനങ്ങൾക്ക് നടുവിൽ ജനത്തിന്റെ കൈപിടിച്ചുനിന്ന നേതാവ്. ലോകത്ത് തന്നെ ഇത്രയധികം ജനങ്ങളോട് നേരിട്ട് സംവദിച്ച മറ്റൊരു ജനനേതാവ് ഉണ്ടാകുമോ എന്നത് സംശയമാണ്. നിത്യതയിലേക്ക് എടുക്കപ്പെട്ട ആ നേതാവിന് പ്രണാമം അർപ്പിച്ചുകൊണ്ട് ഈ പരമ്പര ഇവിടെ അവസാനിക്കുകയാണ്.**





ജോഷി ജോർജ്

2015 ലാണ് ഉമ്മൻചാണ്ടിയുടെ കുടുംബവും ഒപ്പമുള്ളവരും അതു ശ്രദ്ധിച്ചു തുടങ്ങിയത്. വാർത്താസമ്മേളനങ്ങളിലും പൊതുപരിപാടികളിലെ പ്രസംഗങ്ങളിലും ആ ശബ്ദം നേർത്തു വരുന്നു. സോളർ കേസുമായി ബന്ധപ്പെട്ടുള്ള ആരോപണങ്ങൾ അദ്ദേഹത്തെ മാനസികമായി ഉലച്ചതാകാം മാറ്റത്തിനു കാരണമെന്നു കരുതി ആരും ആദ്യം സാരമാക്കിയില്ല. തിരക്കുകൾക്കിടയിൽ ചികിത്സയ്ക്കായി സമയം കണ്ടെത്താൻ ഉമ്മൻചാണ്ടി മെനക്കെട്ടുമില്ല.

എന്നാൽ, ശബ്ദ വ്യത്യാസം കൂടുതൽ പ്രകടമായതോടെ അദ്ദേഹം ചികിത്സയ്ക്കു വഴങ്ങി. തന്റെ മുന്നിലെത്തിയ രോഗിയോട് സുഹൃത്തായ ഇഎൻടി സർജൻ ഡോ. ജോൺ പണിക്കർ പറഞ്ഞു. ''ശബ്ദവ്യത്യാസത്തിനു പല കാരണങ്ങളുണ്ടാകാം. എൻഡോസ്കോപ്പി ചെയ്തു നോക്കണം.'' ഉമ്മൻചാണ്ടി സമ്മതിച്ചു.

പരിശോധിച്ചപ്പോൾ, തൊണ്ടയ്ക്കുള്ളിൽ വലത്തേ ശബ്ദനാളിയിൽ പൂപ്പൽ പോലെ തോന്നിക്കുന്ന സംശയകരമായ ഒരു വളർച്ച. മൂന്നാഴ്ചത്തെ ഇടവേളയ്ക്കു ശേഷം വീണ്ടും പരിശോധിച്ചു. ആ വളർച്ച അപ്രത്യക്ഷമായിരിക്കുന്നു. ആദ്യത്തെയും രണ്ടാമത്തെയും പരിശോധനയ്ക്കിടയിൽ കഴിച്ച ഒറ്റമൂലിയുടെ ഫലമാണതെന്ന് ഉമ്മൻചാണ്ടിയും കുടുംബാംഗങ്ങളും വിശ്വസിച്ചു.

പ്രമേഹരോഗികളിൽ കാണുന്ന ഫംഗൽ ഇൻഫെക്ഷനായിരുന്നിരിക്കാം ആദ്യം കണ്ടതും പിന്നെ കാണാതായതുമെന്ന് ഡോക്ടറും ആശ്വസിച്ചു. പിന്നെ ലക്ഷണങ്ങളൊന്നുമില്ലാതെ 4 വർഷം. യു.ഡി.എഫ് പ്രതിപക്ഷത്ത്. വീണ്ടും ശബ്ദത്തിൽ കാര്യമായി വ്യത്യാസം കണ്ടപ്പോൾ ഉമ്മൻചാണ്ടി വീണ്ടും ഡോ.ജോൺ പണിക്കർക്കു മുന്നിലെത്തി. തൊണ്ടയിൽ ചെറിയ വളർച്ച ശ്രദ്ധയിൽപെട്ട ഡോക്ടർ എത്രയും വേഗം ബയോപ്സി പരിശോധനയ്ക്കു നിർദേശിച്ചു. തിരഞ്ഞെടുപ്പു യോഗങ്ങളിൽ പ്രസംഗിക്കാനുണ്ടെന്നും അത് കഴിഞ്ഞ് വരാമെന്നും ഡോക്ടറോടു പറഞ്ഞ് അദ്ദേഹം പുറത്തിറങ്ങി.

പിന്നെ നാം കാണുന്നത് കോൺഗ്രസിന്റെ ഏറ്റവും വലിയ ക്രൗഡ്പുള്ളർ ആയ ഉമ്മൻചാണ്ടി തിരുവനന്തപുരം മുതൽ കാസർകോടു വരെ യു.ഡി.എഫ് സ്ഥാനാർഥികൾക്കു വേണ്ടി ഓടിനടന്ന് പ്രസംഗിക്കുന്നതാണ്. തിരഞ്ഞെടുപ്പു കഴിഞ്ഞു. സെപ്തംബറിലും ഒക്ടോബറിലുമായി തിരുവനന്തപുരത്തും ദുബായിലും വിശദമായ പരിശോധനകൾ നടത്തി. ഇത് സംശയകരമായ വളർച്ചയാണെന്നു കണ്ടതോടെ 2019 നവംബറിൽ വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളജിൽ ബയോപ്സി പരിശോധനയ്ക്ക് വിധേയനാക്കി. ഇതിങ്ങനെ പോയാൽ ശരിയാകില്ലെന്നു ഡോക്ടർമാർ തീർത്തു പറഞ്ഞു.

ശരീരത്തിന്റെ കൂടുതൽ ഭാഗങ്ങളിലേക്കു പടരാനിടയുള്ള കാൻസർ വളർച്ചയാണെന്നായിരുന്നു റിപ്പോർട്ട്. ഇനി വേണ്ടത് കീമോതെറപ്പിയാണെന്നു ഡോക്ടർമാർ നിർദേശിച്ചു. ഉമ്മൻചാണ്ടിയും കുടുംബവും തിരുവനന്തപുരത്തേക്കു മടങ്ങി. റീജനൽ കാൻസർ സെന്ററിൽ തുടർചികിത്സയ്ക്കായി പ്രവേശിപ്പിച്ചതിനു പിന്നാലെ വില്ലനായി ഡെങ്കിപ്പനിയെത്തി. ശാരീരിക അവശത കാരണം കീമോതെറപ്പി ഉടൻ ആരംഭിക്കാൻ കഴിയാത്ത അവസ്ഥയായി. ആ ഇടവേളയിൽ അദ്ദേഹം അലോപ്പതി ചികിത്സ മാറ്റിവച്ച ആയുർവേദ മരുന്നുകൾ പരീക്ഷിക്കാൻ തീരുമാനിച്ചു. അതുകഴിഞ്ഞ് ഉമ്മൻചാണ്ടിയും കുടുംബവും വിദഗ്ധ ചികിത്സയ്ക്കായി ജർമനിയിലേക്കു പോയി.

അവിടെ നടത്തിയ പരിശോധനകളിൽ കാൻസർ വളർച്ച കാണാനില്ലെന്നായിരുന്നു റിപ്പോർട്ട്. തിരിച്ചെത്തി കോട്ടയത്തെ ചെറിയാൻ ആശ്രമം ഹോളിസ്റ്റിക് സെന്ററിൽ നടത്തിയ എൻഡോസ്കോപ്പിയിലും വളർച്ച കണ്ടെത്താനായില്ല. ചികിത്സകളൊന്നുമില്ലാതെ 2020 ൽ ഉമ്മൻചാണ്ടി താരതമ്യേന ഉന്മേഷവാനായി.

2021 ഏപ്രിലിൽ കോവിഡ് പിടികൂടി. പിന്നാലെ വീണ്ടും വില്ലനായി ശബ്ദതടസ്സമെത്തി.

2022 ഫെബ്രുവരിയിൽ കൊച്ചിയിൽ നടത്തിയ പരിശോധനയിൽ വലത്തേ ശബ്ദനാളിയിൽ വീണ്ടും വളർച്ച തിരിച്ചറിഞ്ഞു. കീമോതെറപ്പിയിലേക്കു കടക്കാൻ ഡോക്ടർമാർ നിർദേശിച്ചു. പിന്നാലെ വിദഗ്ധ ചികിത്സയ്ക്കായി ജർമനിയിലേക്കു പോയി. കീമോതെറപ്പിക്കു പകരം ലേസർ രശ്മികൾ കൊണ്ടു കാൻസർ കോശങ്ങളെ നശിപ്പിക്കുന്ന ചികിത്സയ്ക്കു (ലേസർ സർജിക്കൽ ഡീബൾക്കിങ്) ശേഷം ഉമ്മൻചാണ്ടിയെ ബെംഗളൂരുവിലെ എച്ച്സിജി ആശുപത്രിയിലെത്തിച്ചു.

2021 ഡിസംബറിൽ നടത്തിയ പരിശോധനയിൽ വലത്തേ ശബ്ദനാളിയിൽ നിന്നു തൊണ്ടയുടെ കൂടുതൽ ഭാഗങ്ങളിലേക്ക് കാൻസർ പടരുന്നതു കണ്ടെത്തിയതോടെയാണ് ആശങ്കയേറിയത്. പിന്നാലെ ഭക്ഷണം പൂർണമായി കുഴലിലൂടെയാക്കി. കീമോതെറപ്പി താങ്ങാനാകുമോ എന്ന ആശങ്ക കാരണം അത് ഒഴിവാക്കി. പകരം പോഷകങ്ങൾ നൽകി ആരോഗ്യം നിലനിർത്താനുള്ള ശ്രമത്തിലായിരുന്നു ഡോക്ടർമാർ. ആൾക്കൂട്ടത്തിനു നടുവിൽ ജീവിച്ച ആ അദ്ഭുതമനുഷ്യനെ നിണ്ട എട്ടു വർഷം കാൻസർ എന്ന ദുർഭൂതം തട്ടിക്കളിച്ചുകൊണ്ടിരുന്നു. ഇതാ ആ ദുരിതത്തിന് അറുതിയാകാൻ പോകുന്ന നിമിഷം അടുത്തെത്തി. 2023 ജൂലൈ 18 ചോവ്വ.

ബംഗ്ളൂരു ചിന്മയ മിഷൻ ഹോസ്പിറ്റലിലെ ക്ലോക്കിൽ സമയം രാവിലെ നാലു മണിയായെന്നറിയിച്ചുകൊണ്ട് നാഴികമണി നാലുവട്ടം ശബ്ദിച്ചു. തന്റെ പ്രിയതമന്റെ ചാരത്ത് മറിയാമ്മ ചങ്കുപറിയുന്ന വേദനയോടെ മഹിമയുടെ ദിവ്യരഹസ്യത്തിൽ, വിശ്വാസപ്രമാണം ചൊല്ലിക്കൊണ്ടിരുന്നു. തൊട്ടടുത്തു തന്നെ മക്കളായ ചാണ്ടിഉമ്മൻ, മറിയ, അച്ചു എന്നിർ എന്തുചെയ്യണമെന്നറിയാതെ വീർപ്പുമുട്ടി നിൽക്കുന്നു. തീവ്രവേദനയക്കും ഗാഢമായ മയക്കത്തിനുമിടയിൽ കൃപയുടെ സാന്ദ്രപ്രകാശത്തിൽ, ഓക്സിജൻ മാസ്കിനുമുകളിൽ ഇമകൾ വിറപൂണ്ടു. ഇ.സി.ജി മോണിട്ടർ റെഗുലർ പറ്റേണിൽ നിന്നും ഫ്ളാറ്റ് പറ്റേണിലേക്ക് മെല്ലെ നിരങ്ങി നീങ്ങി നിശ്ചലമായി..!

അപ്പോൾ സമയം രാവിലെ 4.25. ആരവങ്ങൾക്കൊപ്പം ഒഴുകിനടന്ന്, ആൾക്കൂട്ടങ്ങൾ പകർന്നുനൽകിയ ഊർജമാവാഹിച്ച് ജനഹൃദയത്തിൽ ഇടം നേടിയ ഉമ്മൻചാണ്ടി എന്ന മഹാസ്നേഹപ്രവാഹം എന്നന്നേക്കുമായി നിലച്ചു..! ആ സ്നേഹസാഗരത്തിന്റെ അലയടികൾ ഇനി ജനഹൃദയങ്ങളിൽ തരംഗമായി നിലനിൽക്കും. അനേകായിരങ്ങൾക്കിടയിൽ രാവെന്നോ, പകലെന്നോ ഇല്ലാതെ, അവരിലൊരാളായി ഒഴുകിയ ആ അത്ഭുത മനുഷ്യൻ ആൾക്കൂട്ടത്തിൽ നിന്നും എന്നന്നേക്കുമായി അപ്രത്യക്ഷമാവുകയാണ്.

ആദ്യത്തെ അങ്കലാപ്പിൽ നിന്നും തെല്ല് മോചിതനായ ഉടനെ ചാണ്ടി ഉമ്മൻ തന്റെ ഫേസ് ബുക്കിൽ 'അപ്പ പോയി..!' എന്ന ഒറ്റവരി എഴുതിയിട്ടു. അപ്പോൾ കേരളം ഉറക്കത്തിൽ നിന്നും ഉണർന്നിരുന്നില്ല.

(അവസാനിച്ചു)



# ചെടിച്ചട്ടിക്ക് കൈക്കൂലി; കളിമൺ പാത്ര നിർമാണ ക്ഷേമ കോർപ്പറേഷൻ ചെയർമാനെ സ്ഥാനത്തുനിന്ന് നീക്കി

തൃശൂർ : ചെടിച്ചട്ടി ടെണ്ടറിന് കൈക്കൂലി വാങ്ങിയെന്ന ആരോപണത്തെ തുടർന്ന് അറസ്റ്റിലായ കളിമൺ പാത്ര നിർമ്മാണ ക്ഷേമ കോർപ്പറേഷൻ ചെയർമാനെ നീക്കി. സംഭവത്തിൽ കെ.എൻ. കുട്ടമണിക്കെതിരെ വിജിലൻസ് കേസെടുത്തിരുന്നു. കളിമൺ പാത്രത്തിന് കമ്മീഷൻ വാങ്ങിയതിനാണ് കേസ്.

ഇന്നെലയാണ് കുട്ടമണി തൃശൂർ വിജിലൻസിന്റെ പിടിയിലായത്. 10000 രൂപയാണ് ഇയാൾ കൈക്കൂലി ആയി വാങ്ങിയത്. വളാഞ്ചേരി കൃഷിഭവന് കീഴിൽ വിതരണം ചെയ്യാനായി ഓർഡർ ചെയ്ത 5,372 ചെടിച്ചട്ടികളിൽ ഒരു ചെടിച്ചട്ടിക്ക് മൂന്ന് രൂപ വീതം നിർമാണ യൂണിറ്റ് ഉടമയോട് കമ്മീഷൻ ആവശ്യപ്പെടുകയായിരുന്നു. തൃശൂർ ചിറ്റിശ്ശേരിയിലെ കളിമൺപാത്ര നിർമാണ യൂണിറ്റ് ഉടമയോടാണ് കമ്മീഷൻ ആവശ്യപ്പെട്ടത്. കമ്മീഷന്റെ ആദ്യ പതിനായിരം രൂപ തൃശൂർ വടക്കേ സ്റ്റാൻഡിലെ ഇന്ത്യൻ കോഫി ഹൗസിൽ വച്ച് കൈപ്പറ്റുന്നതിനിടയാണ് ഇയാൾ പിടിയിലാകുന്നത്.

കോഴിക്കോട് സ്വദേശിയായ പരാതിക്കാരനും സുഹൃത്തുക്കളും ചേർന്ന് തൃശൂർ ജില്ലയിലെ പാലിയേക്കരയിൽ ഒരു കളിമൾ പാത്രനിർമ്മാണ വ്യവസായ യൂണിറ്റ് നടത്തുന്നുണ്ട്.



കളിമൾ പാത്ര നിർമ്മാണ വിപണന കോർപ്പറേഷന് 5372 ചെടിച്ചട്ടികൾ വിതരണം ചെയ്യുന്നതിനുള്ള കരാർ പരാതിക്കാരന് ജൂലായിൽ ലഭിച്ചിരുന്നു. കഴിഞ്ഞ 21 ന് കുട്ടമണി പരാതിക്കാരനെ ഫോണിൽ വിളിച്ച് കരാർ നിൽകിയതിനുള്ള കമ്മീഷനായി 25,000 രൂപ ആവശ്യപ്പെട്ടു.

പിന്നീട് 20,000 രൂപ മതിയെന്നും ഗൂഗിൾ പേ മുഖേന അയച്ച് നൽകിയാൽ മതിയെന്നു ഇദ്ദേഹം ആവശ്യപ്പെട്ടു. കോർപറേഷന് വിതരണം ചെയ്യുന്ന ഒരോ ചെടിച്ചട്ടിക്ക് മൂന്നു രൂപ വീതം കമീഷനാണ് ആവശ്യപ്പെട്ടത്. നിലവിൽ വിതരണം ചെയ്തിരിക്കുന്ന ചെടിച്ചട്ടികളുടെ ബിൽ വേഗം മാറി നൽകാമെന്നും അതിനായി ആദ്യ ഗഡുവായ 10,000 രൂപ എത്തിച്ച് നൽകണമെന്നും ആവശ്യപ്പെട്ടു. പരാതിക്കാരൻ വിവരം തൃശൂർ വിജിലൻസ് ഡെപ്യൂട്ടി പൊലീസ് സൂപ്രണ്ടിനെ അറിയിച്ചു. ബുധനാഴ്ച രാവിലെ 11.10 ന് തൃശ്ശൂർ വടക്കേ സ്റ്റാൻഡിന് സമീപത്തെ ഇന്ത്യൻ കോഫി ഹൗസിൽ വെച്ച് പരാതിക്കാരനിൽ നിന്നു 10,000 രൂപ കൈക്കൂലി വാങ്ങുന്നതിനിടെയാണ് കുട്ടമണി വിജിലൻസ് സംഘം കൈയോടെ പിടികൂടിയത്. പ്രതിയെ തൃശൂർ വിജിലൻസ് കോടതിയിൽ ഹാജരാക്കും.



# നെതന്യാഹു വസ്ത്രത്തിൽ ക്യൂആർ കോഡ് ഘടിപ്പിച്ചതെന്തിന്?

ഐക്യരാഷ്ട്രസഭയിലെ പൊതു സമ്മേളനത്തിൽ പ്രസംഗിക്കാൻ എത്തിയപ്പോൾ ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിന്റെ വസ്ത്രത്തിൽ ക്യൂആർ കോഡ് ഘടിപ്പിച്ചിരുന്നു. എന്നാൽ, നെതന്യാഹു പ്രസംഗിക്കാൻ എത്തിയപ്പോഴേക്കും നിരവധി രാജ്യങ്ങളിലെ നയതന്ത്രജ്ഞന്മാർ കൂക്കി വിളിക്കുകയും പിന്നാലെ ഹാളിൽ നിന്ന് ഇറങ്ങിപ്പോകുകയും ചെയ്യുകയായിരുന്നു.

പ്രസംഗം തുടർന്ന നെതന്യാഹു തന്റെ വസ്ത്രത്തിൽ ഘടിപ്പിച്ച ക്യൂആർ കോഡ് സൂം ചെയ്യാനും സ്കാൻ ചെയ്യാനും ഹാളിലുണ്ടായിരുന്നവരോട് ആവശ്യപ്പെട്ടു. ഗാസയിലെ യുദ്ധം ആരംഭിച്ചത് മുതൽ തന്റെ രാജ്യത്തിന്റെ പ്രവർത്തനങ്ങൾ കാണുന്നവർക്ക് കൃത്യമായി മനസ്സിലാക്കാൻ ഇത് സഹായിക്കുമെന്ന് അദ്ദേഹം പറഞ്ഞു. പൊതുസമ്മേളനത്തിൽ പങ്കെടുക്കാനെത്തിയ ഇസ്രായേലിന്റെ പ്രതിനിധികളും ക്യുആർ കോഡുകൾ ധരിച്ചിരുന്നു.

2023 ഒക്ടോബർ ഏഴിലെ ഹമാസ് അതിക്രമങ്ങളുടെ ദൃശ്യങ്ങളുമായി ഇത് ലിങ്ക് ചെയ്തിട്ടുണ്ടെന്നായിരുന്നു നെതന്യാഹുവിന്റെ ഓഫീസ് അറിയിച്ചത്. 2023 ഒക്ടോബർ ഏഴിന് തെക്കൻ ഇസ്രായേലിൽ നടന്ന ആക്രമണങ്ങളുടെ ഭയാനകമായ ചിത്രങ്ങളും വീഡിയോകളും വ്യക്തമാക്കുന്ന വെബ്സൈറ്റിലേക്കാണ് ക്യുആർ കോഡ് ലിങ്ക് ചെയ്തിരുന്നത്.

വലിയൊരു പിൻ നിങ്ങൾ ഇവിടെ കാണുന്നുണ്ടാകും. അതൊരു ക്യുആർ കോഡ് ആണ്. നിങ്ങളുടെ ഫോൺ ഉയർത്തിപ്പിടിച്ച് അത് സൂം ചെയ്യൂ. അപ്പോൾ തങ്ങൾ എന്തിനാണ് പോരാടുന്നതെന്നും എന്തുകൊണ്ട് യുദ്ധത്തിൽ വിജയിക്കണമെന്നും നിങ്ങൾക്ക് മനസ്സിലാകും. അതെല്ലാം ഇവിടെയുണ്ടെന്നും നെതന്യാഹു പറഞ്ഞു.

ഇസ്രയേൽ പ്രധാനമന്ത്രിയുടെ പ്രസംഗം, ഗാസയിലെയും ഹമാസിന്റെയും ഫോണുകളിൽ ഇസ്രയേലിന്റെ രഹസ്യന്വേഷണ വിഭാഗം തത്സമയം കാണിച്ചുവെന്ന് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

'നിങ്ങളുടെ ആയുധങ്ങൾ താഴെ വയ്ക്കുക. എന്റെ ആളുകളെ വിട്ടയയ്ക്കുക. 48 ബന്ദികളെ മോചിപ്പിക്കുക. നിങ്ങൾ അങ്ങനെ ചെയ്താൽ നിങ്ങൾ ജീവിക്കും. നിങ്ങൾ അങ്ങനെ ചെയ്തില്ലെങ്കിൽ ഇസ്രയേൽ നിങ്ങളെ വേട്ടയാടും.' നെതന്യാഹു പറഞ്ഞു.

ഹമാസ് ബന്ദികളാക്കി വെച്ചിരിക്കുന്നവർ തന്റെ സന്ദേശം കേൾക്കുമെന്ന പ്രതീക്ഷയിൽ ഗാസ അതിർത്തിയിൽ വലിയ ഉച്ചഭാഷിണികൾ സ്ഥാപിച്ചിട്ടുണ്ടെന്നും അദ്ദേഹം പ്രസംഗത്തിനിടെ പറഞ്ഞു. ധീരന്മാരേ, നിങ്ങളുടെ പ്രധാനമന്ത്രി നെതന്യാഹു ഐക്യരാഷ്ട്രസഭയിൽ നിന്ന് തത്സമയം നിങ്ങളോട് സംസാരിക്കുന്നു. തങ്ങൾ നിങ്ങളെ ഒരു നിമിഷം പോലും മറന്നിട്ടില്ല. ഇസ്രായേൽ ജനത നിങ്ങളോടൊപ്പമുണ്ട്. പതറുകയില്ല, നിങ്ങളെല്ലാവരെയും വീട്ടിലേക്ക് കൊണ്ടുവരുന്നത് വരെ തങ്ങൾ വിശ്രമിക്കുകയില്ലെന്നും അദ്ദേഹം പറഞ്ഞു. ചില വ്യവസ്ഥകൾ പാലിച്ചാൽ മാത്രമേ യുദ്ധം അവസാനിപ്പിക്കൂവെന്നും അദ്ദേഹം വ്യക്തമാക്കി.

ഇസ്രായേലിന്റെ സുരക്ഷ ഉറപ്പാക്കുന്ന വ്യക്തമായ വ്യവസ്ഥകളോടെ യുദ്ധം അവസാനിപ്പിക്കാൻ താൻ തയ്യാറാണ്. എല്ലാ ബന്ദികളും നാട്ടിലേക്ക് മടങ്ങണം, ഹമാസ് ആയുധങ്ങൾ താഴെ വയ്ക്കണം. അധികാരത്തിൽ നിന്ന് പടിയിറങ്ങണം. ഗാസ മുനമ്പിൽ നിന്ന് ഹമാസിന്റെ നേതാക്കളെ പുറത്താക്കുകയാണ്. ട്രംപിന്റെ പദ്ധതി അനുസരിച്ച് ഗാസ പൂർണമായും സൈനികവത്കരിക്കപ്പെട്ടിരിക്കുന്നു. ഗാസ വിടാൻ ആഗ്രഹിക്കുന്ന ആർക്കും അവിടെ നിന്നും പോകാവുന്നതാണെന്നും നെതന്യാഹു പറഞ്ഞു.

2023 ഒക്ടോബർ ഏഴിന് ഇസ്രായേലിനെതിരേ ഹമാസ് നടത്തിയ ആക്രമണത്തിന് ശേഷം ഇസ്രായേൽ നടത്തി വരുന്ന യുദ്ധത്തിൽ ഇതുവരെ 60,000 പേർ കൊല്ലപ്പെട്ടതായി മാധ്യമ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. ഒക്ടോബർ ഏഴിലെ ആക്രമണത്തിൽ 1200 ൽ പരം ഇസ്രായേലികൾ കൊല്ലപ്പെടുകയും നൂറുകണക്കിന് ആളുകളെ ബന്ദിയാക്കുകയും ചെയ്തിരുന്നു.

# ഗാസയെ ഭരിക്കേണ്ടത് ഇവർ: എന്താണ് യുഎസ് മുന്നോട്ടുവച്ച നിർദേശങ്ങൾ



ഗാസയിൽ സംഘർഷം അവസാനിപ്പിക്കാൻ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് 21 നിർദേശങ്ങൾ പുറപ്പെടുവിച്ചതിന് പിന്നാലെ ഗാസയിൽ സമാധാനം പുലരാൻ പോകുന്നതായി പ്രഖ്യാപിച്ചിരിക്കുകയാണ് ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു. വെടിനിർത്തലിനായി അമേരിക്ക മുന്നോട്ടുവച്ച കരാർ അംഗീകരിക്കുന്നതായും അദ്ദേഹം വ്യക്തമാക്കിയിരുന്നു. ഹമാസ് വെടിനിർത്തൽ അംഗീകരിച്ചില്ലെങ്കിൽ ഗുരുതര പ്രത്യാഘാതങ്ങൾ നേരിടേണ്ടി വരുമെന്നും വൈറ്റ്ഹൗസിൽ വച്ച് നടന്ന വാർത്ത സമ്മേളനത്തിൽ നെതന്യാഹു വ്യക്തമാക്കിയിരുന്നു.

ട്രംപിന്റെ അധ്യക്ഷതയിൽ ഗാസയുടെ പുനർനിർമാണത്തിന് ഇടക്കാല രാജ്യാന്തര സമിതി രൂപീകരിക്കും എന്നത് അടക്കമുള്ള തീരുമാനങ്ങളും ഇസ്രായേൽ സ്വീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം തന്നെ ഗാസ ഭരിക്കുന്നതിൽ ഹമാസിന് ഒരു പങ്കും ഉണ്ടാകരുതെന്ന നിർദേശവും ഇസ്രായേലിന്റെ ഭാഗത്ത് നിന്നും ഉണ്ട്. അതേസമയം ട്രംപ് മുന്നോട്ടുവച്ച നിർദേശങ്ങളോട് ഹമാസ് ഇതുവരെ പ്രതികരിച്ചിട്ടില്ല. വെടിനിർത്തലിനും പുനർനിർമ്മാണത്തിനും പകരമായി ഹമാസ് നിരായുധരാവുകയും ഭരണത്തിൽ നിന്ന് ഒഴിയുകയും യുദ്ധ സംവിധാനങ്ങൾ (തുരങ്കങ്ങൾ ഉൾപ്പെടെ) നശിപ്പിക്കുകയും വേണം എന്ന നിർദേശവും അംഗീകരിക്കാൻ ഹമാസ് തയ്യാറാകുമോയെന്നാണ് പ്രധാന ചോദ്യം.

### യുഎസ് മുന്നോട്ടുവച്ച നിർദേശങ്ങൾ

1 . ഗാസയെ തീവ്രവാദമോ ഭീകരതയോ ഇല്ലാത്ത മേഖലയാക്കി മാറ്റും.

2. താമസക്കാരുടെ ജീവിതം മെച്ചപ്പെടുത്താനായി ഗാസ പുനർനിർമ്മിക്കും.

3. ഇരുപക്ഷവും പദ്ധതി അംഗീകരിച്ചാൽ ഉടൻ യുദ്ധം അവസാനിപ്പിക്കും, ഇസ്രായേൽ ഘട്ടംഘട്ടമായി സൈന്യത്തെ പിൻവലിക്കും.

4. ഇസ്രായേൽ അംഗീകരിച്ചാൽ 48 മണിക്കൂറിനുള്ളിൽ ജീവിച്ചിരിക്കുന്നവരും മരിച്ചവരുമായ എല്ലാ ബന്ദികളെയും തിരികെ നൽകണം.

5. ഇസ്രായേൽ നൂറുകണക്കിന് പലസ്തീൻ തടവുകാരെയും, യുദ്ധശേഷം തടവിലാക്കിയ 1,000ൽ അധികം ഗാസക്കാരെയും, പലസ്തീനികളുടെ മൃതദേഹാവശിഷ്ടങ്ങളും വിട്ടു നൽകും.

6. സമാധാനപരമായ സഹവർത്തിത്വം ഉറപ്പു നൽകുന്ന ഹമാസ് അംഗങ്ങൾക്ക് പൊതുമാപ്പ് നൽകും, വിസമ്മതിക്കുന്നവരെ വിദേശത്തേക്ക് സുരക്ഷിതമായി പോകാൻ അനുവദിക്കും.

7. പ്രതിദിനം കുറഞ്ഞത് 600 ട്രക്കുകളിലായി സഹായം എത്തിക്കും, അതിനോടൊപ്പം അടിസ്ഥാന സൗകര്യങ്ങൾ നന്നാക്കുകയും അവശിഷ്ടങ്ങൾ നീക്കുകയും ചെയ്യും.

8. യുഎൻ, റെഡ് ക്രസന്റ് പോലെയുള്ള നിഷ്പക്ഷരായ അന്താരാഷ്ട്ര ഏജൻസികൾക്ക് മാത്രമായിരിക്കും സഹായ വിതരണത്തിന്റെ ചുമതല.

9. പലസ്തീനിൽ നിന്നുള്ള സാങ്കേതിക വിദഗ്ധർ ഗാസ ഭരിക്കും, ഇതിന് യുഎസ് നേതൃത്വത്തിലുള്ളതും അറബ്, യൂറോപ്യൻ പങ്കാളികളുള്ളതുമായ ഒരു പുതിയ അന്താരാഷ്ട്ര സമിതി മേൽനോട്ടം വഹിക്കും.

10. ഗാസയെ പുനർനിർമ്മിക്കാനും നിക്ഷേപം ആകർഷിക്കാനുമായി സമഗ്രമായ സാമ്പത്തിക പദ്ധതി നടപ്പാക്കും.

11. കുറഞ്ഞ താരിഫുകളും വിപുലമായ വാണിജ്യ സാധ്യതകളുള്ളതുമായ ഒരു പ്രത്യേക സാമ്പത്തിക മേഖല സ്ഥാപിക്കും.

12. ആരെയും നിർബന്ധിച്ച് മാറ്റിപ്പാർപ്പിക്കില്ല. താമസക്കാർ അവിടെത്തന്നെ താമസിച്ച് പുനർനിർമ്മാണത്തിൽ ഏർപ്പെടാൻ പ്രോത്സാഹിപ്പിക്കും. സ്ഥലം വിട്ടു പോകുന്നവർക്ക് തിരിച്ചുവരാൻ അവകാശമുണ്ടായിരിക്കും.

13. ഹമാസിനെ ഭരണത്തിൽ നിന്ന് ഒഴിവാക്കും. തുരങ്കങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സൈനിക സംവിധാനങ്ങളും പൊളിച്ചുനീക്കും.

14. ഹമാസിൽ നിന്നോ മറ്റ് ഗ്രൂപ്പുകളിൽ നിന്നോ ഉള്ള ഭീഷണിക്കെതിരെ പ്രാദേശിക ശക്തികൾ സുരക്ഷാ ഉറപ്പ് നൽകും.

15. യുഎസും സഖ്യകക്ഷികളും ഗാസയിൽ ഒരു താൽക്കാലിക സേനയെ വിന്യസിക്കും, ദീർഘകാല സുരക്ഷയ്ക്കായി പലസ്തീൻ പോലീസിന് പരിശീലനം നൽകും.

16. ഇസ്രായേൽ ഗാസയെ കൂട്ടിച്ചേർക്കുകയോ എന്നെന്നേക്കുമായി കൈവശം വയ്ക്കുകയോ ചെയ്യില്ല. ts abilization യൂണിറ്റുകൾ സുരക്ഷ ഉറപ്പാക്കമ്പോൾ സൈന്യം നിയന്ത്രണം കൈമാറും.

17. ഹമാസ് പദ്ധതി നിരസിച്ചാൽ, ഭീകരരഹിത മേഖലകളിൽ നടപടികൾ ആരംഭിക്കും, അവിടെ ഇസ്രായേൽ നിയന്ത്രണം ts abilization force ന് കൈമാറും.

18. ഇസ്രായേൽ ഭാവിയിൽ ഖത്തറിനെതിരെ ആക്രമണം നടത്തുകയില്ല. മധ്യസ്ഥതയിൽ ദോഹയുടെപങ്ക് യുഎസും അന്താരാഷ്ട്ര സമൂഹവും അംഗീകരിക്കും.

19. പരസ്പര ധാരണ വളർത്താനും ആഖ്യാനങ്ങൾ മാറ്റിയെടുക്കാനും തീവ്രവാദം കുറയ്ക്കുന്നതിനും വിവിധ മതങ്ങൾ തമ്മിലുള്ള ബന്ധം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പരിപാടികൾ ആരംഭിക്കും.

20. ഗാസയുടെ പുനർ നിർമ്മാണവും പാലസ്തീൻ അതോറിറ്റിയുടെ (PA) പരിഷ്കാരങ്ങളും ഒരു പാലസ്തീൻ രാഷ്ട്രത്തിനായി വിശ്വസിക്കാവുന്ന വഴി തുറക്കും. (കൃത്യമായ സമയപരിധിയില്ല)

21. സഹവർത്തിത്വത്തിനായുള്ള ശാശ്വത രാഷ്ട്രീയ ചട്ടക്കൂട് ഉണ്ടാക്കാൻ വേണ്ടി ഇസ്രായേലും പാലസ്തീനികളും തമ്മിൽ നടത്തേണ്ട ദീർഘകാല ചർച്ചകൾക്ക് യുഎസ് സൗകര്യമൊരുക്കും.








# വിജയ്‌യെ ഫോണിൽ വിളിച്ച് അമിത് ഷാ, സംസാരിക്കാൻ താൽപര്യമില്ലെന്ന് താരം

ചെന്നൈ: കരൂർ ദുരന്തത്തിന് പിന്നാലെ അമിത് ഷായോട് സംസാരിക്കാൻ വിസമ്മതിച്ച് ടിവികെ അധ്യക്ഷനും നടനുമായ വിജയ്. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ ഓഫിസിൽ നിന്നെത്തിയ ഫോൺ കോളിനോടാണ് വിജയ് മുഖം തിരിച്ചത്. ദുരന്തത്തിന്റെ പിറ്റേന്നായിരുന്നു അമിത് ഷായുടെ ഓഫിസിൽ നിന്ന് വിജയ്‌യെ ബന്ധപ്പെടാൻ ശ്രമിച്ചത്. എന്നാൽ സംസാരിക്കാൻ താൽപര്യമില്ലെന്ന് വിജയ് പറഞ്ഞുവെന്നാണ് റിപ്പോർട്ട്.

അതിനിടെ വിജയ് തന്റെ സംസ്ഥാന പര്യടനം മാറ്റിവച്ചു. ഔദ്യോഗിക എക്സ് അക്കൗണ്ടിലൂടെയാണ് ടിവികെ വിജയ്‌യുടെ സംസ്ഥാന പര്യടനം മാറ്റിവയ്ക്കുന്നതായി അറിയിച്ചത്. അടുത്ത രണ്ടാഴ്ചത്തെ പൊതുയോഗങ്ങൾ മാറ്റിയെന്നാണ് ടിവികെ അധികൃതർ അറിയിച്ചിരിക്കുന്നത്. തത്കാലത്തേക്കാണ് നടപടി. അതേസമയം കരൂരിൽ ദുരന്തം നടന്ന ദിവസത്തെ പരിപാടിയുടെ മുഴുവൻ വിഡിയോ ദൃശ്യങ്ങൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് ടിവികെ നേതാക്കൾക്ക് പൊലീസ് നോട്ടിസ് നൽകി. ജോയിന്റ് സെക്രട്ടറി നിർമൽ കുമാറിനാണ് നോട്ടിസ് അയച്ചിരിക്കുന്നത്. കരൂരിലെ ടിവികെ റാലിയിൽ തിക്കിലും തിരക്കിലുംപെട്ട് 41 പേർക്ക് ജീവൻ നഷ്ടപ്പെട്ടിരുന്നു.

### വിജയ്ക്കെതിരെ രൂക്ഷ വിമർശനവുമായി ശരത്കുമാർ

കരൂരിലുണ്ടായ ദുരന്തത്തിന്റെ മുഴുവൻ ഉത്തരവാദിത്വവും ടിവികെ. അധ്യക്ഷൻ വിജയ് ഏറ്റെടുക്കണമെന്നും രാഷ്ട്രീയ പരിപാടികളുടെ ആദ്യ അജണ്ട ജനങ്ങളുടെ സുരക്ഷ ആയിരിക്കണമെന്നും സ്വന്തം സുരക്ഷ മാത്രം നേതാവ് നോക്കിയാൽ പോരെന്ന് അദ്ദേഹം രൂക്ഷമായ ഭാഷയിൽ വിമർശിച്ചു.

ഇപ്പോൾ ഫ്രാൻസിലായതിനാൽ ദുരിതബാധിതരെ നേരിട്ട് കാണാൻ കഴിയാത്തതെന്നും എന്റെ രക്തം ദുഃഖത്താൽ തണുത്തുപോകുന്നുവെന്നും മരിച്ചവരുടെ കുടുംബങ്ങൾക്ക് എന്റെ അഗാധമായ അനുശോചനം അറിയിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. ഗുരുതരമായി പരിക്കേറ്റ് ചികിത്സയിൽ കഴിയുന്നവർക്ക് ഉയർന്ന നിലവാരത്തിലുള്ള വൈദ്യസഹായം ഉറപ്പാക്കാൻ തമിഴ്നാട് സർക്കാരിനോട് അദ്ദേഹം അഭ്യർത്ഥിച്ചു.

# പാക് സർക്കാരിനെതിരെ മൂന്നാം ദിവസവും പ്രതിഷേധം, എട്ട് സിവിലിയൻമാർ കൊല്ലപ്പെട്ടു



ന്യൂഡൽഹി : പാക് സർക്കാരിനെതിരെ പാക് അധീന കാശ്മീരിൽ മൂന്നാം ദിവസവും ജനങ്ങളുടെ പ്രതിഷേധം തുടരുന്നു. സംഘർഷത്തെ തുടർന്നുണ്ടായ പാക് സൈനിക നടപടിയിൽ എട്ട്സിവിലിയൻമാർ കൊല്ലപ്പെട്ടു. ബാഗ് ജില്ലയിലെ ധിർകോട്ടിൽ നിന്നുള്ള നാലുപേരും മുസാഫറാബാദിൽ നിന്നുള്ള രണ്ടുപേരും മിർപൂർ സ്വദേശികളുമായ രണ്ടുപേരുമാണ് കൊല്ലപ്പെട്ടത്. ഇന്നലെ മുസഫറാബാദിൽ രണ്ടുപേർ കൊലപ്പെട്ടിരുന്നു.

മൗലികാവകാശങ്ങൾ സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് ജോയിന്റ് അവാമി ആക്ഷൻ കമ്മിറ്റിയുടെ നേതൃത്വത്തിലാണ് പ്രതിഷേധം നടക്കുന്നത്. മുസാഫറാബാദിൽ പ്രതിഷേധക്കാരെ തടയാൻ പാലത്തിന് മുകളിൽ സ്ഥാപിച്ചിരുന്ന കണ്ടെയിനറുകൾക്ക് നേരെ സമരക്കാർ കല്ലെറിയുന്നതിന്റെയും കണ്ടെയ്നർ നദിയിലേക്ക് തള്ളിയിടുന്നതിന്റെയും വീഡിയോ പുറത്തുവന്നിട്ടുണ്ട്.

# ആർ.എസ്.എസ് ശതാബ്ദി: ഭാരതാംബയുടെ ചിത്രം ഉൾപ്പെടുത്തിയ 100 രൂപയുടെ നാണയവുമായി മോദി




ന്യൂഡൽഹി: ആർഎസ്എസ് ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ഭാരതാംബയുടെ ചിത്രം ഉൾപ്പെടുത്തിയ 100 രൂപയുടെ നാണയം പുറത്തിറക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യൻ കറൻസിയിൽ ആദ്യമായാണ് ഭാരതാംബയെ ഉൾപ്പെടുത്തുന്നത്. ഇതിനൊപ്പം പ്രത്യേക സ്റ്റാംപും പുറത്തിറക്കിയിട്ടുണ്ട്. 100 രൂപ നാണയത്തിൽ ഒരു വശത്ത് ദേശീയ ചിഹ്നവും മറുവശത്ത് വരദമുദ്രയിൽ സിംഹത്തോടുകൂടിയ ഭാരതാംബയുടെ ചിത്രവുമാണുള്ളത്. ഭക്തിയോടെയും അർപ്പണബോധത്തോടെയും സ്വയംസേവകർ ഭാരതാംബയ്ക്കു മുന്നിൽ പ്രണമിക്കുന്നതായും ഇതിൽ ചിത്രീകരിച്ചിട്ടുണ്ട്.

"സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായി ഭാരതാംബയുടെ ചിത്രം ഇന്ത്യൻ കറൻസിയിൽ ഇടംപിടിക്കുന്നത് അഭിമാനത്തിന്റെയും ചരിത്ര പ്രാധാന്യത്തിന്റെയും നിമിഷമാണ്" – പ്രകാശനവേളയിൽ മോദി പറഞ്ഞു. രാഷ്ട്രായ സ്വാഹ, ഇദം രാഷ്ട്രായ, ഇദം ന മമ' എന്ന ആർഎസ്എസ് മുദ്രാവാക്യവും നാണയത്തിൽ ആലേഖനം ചെയ്തിട്ടുണ്ട്. 'എല്ലാം രാഷ്ട്രത്തിനായി സമർപ്പിക്കുന്നു, എല്ലാം രാഷ്ട്രത്തിന്റേതാണ്, എന്റേതായി ഒന്നുമില്ല' എന്നാണ് ഇതിനർഥം.

സ്റ്റാംപിൽ 1963ലെ റിപ്പബ്ലിക് ദിന പരേഡിൽ ആർഎസ്എസ് സ്വയം സേവകർ പങ്കെടുത്തത് ചിത്രീകരിച്ചിട്ടുണ്ട്. ഭാരതാംബയ്ക്കും ആർഎസ്എസ്സിന്റെ ഒരു നൂറ്റാണ്ടു നീണ്ട സേവനത്തിന്റെയും അർപ്പണബോധത്തിന്റെയും യാത്രയ്ക്കും നൽകുന്ന അഭിമാനകരമായ ആദരമാണ് ഈ നിമിഷമെന്ന് മോദി വിശേഷിപ്പിച്ചു. കേന്ദ്ര സാംസ്കാരിക മന്ത്രാലയമാണ് ശതാബ്ദി ആഘോഷങ്ങൾ സംഘടിപ്പിച്ചത്. ആർഎസ്എസ് ജനറൽ സെക്രട്ടറി ദത്താത്രേയ ഹൊസബാലെ, ഡൽഹി മുഖ്യമന്ത്രി രേഖാ ഗുപ്ത, കേന്ദ്ര സാംസ്കാരിക മന്ത്രി ഗജേന്ദ്ര സിങ് ശെഖാവത്ത് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

# കഫ് സിറപ്പ് കഴിച്ച് രണ്ട് കുട്ടികൾ മരിച്ച സംഭവം; സ്വയം പരീക്ഷിച്ച ഡോക്ടറും അബോധാവസ്ഥയിൽ



ജയ്പൂർ: ചുമയ്ക്കുള്ള കഫ്സിറപ്പ് കഴിച്ച് രണ്ട് കുട്ടികൾ മരിച്ചു. സികാർ ജില്ലയിലാണ് സംഭവം. നിതീഷ് എന്ന അഞ്ചുവയസ്സുകാരനും സാമ്രാട്ട് ജാദവ് എന്ന രണ്ടുവയസ്സുകാരനുമാണ് മരിച്ചത്. കേസൺ ഫാർമ നിർമിച്ച കഫ്സിറപ്പ് ആണ് കുട്ടികൾക്ക് നൽകിയത് എന്നാണ് റിപ്പോർട്ട്. മരുന്ന് ഉപയോഗിച്ച പത്തോളം പേർ ചികിത്സയിൽ കഴിയുകയാണ് എന്നും റിപ്പോർട്ടുകൾ പറയുന്നു.

അതേസമയം കഫ് സിറപ്പ് സുരക്ഷിതമാണെന്ന് തെളിയിക്കാൻ ഒരു ഡോസ് കഴിച്ച ഡോക്ടറെ അബോധാവസ്ഥയിൽ കണ്ടെത്തിയതായും റിപ്പോർട്ടുകളുണ്ട്. സികാർ ജില്ലയിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ഡോക്ടറായ താരാചന്ദ് യോഗിയാണ് മരുന്ന് സ്വയം പരീക്ഷിച്ചത്. മരുന്ന് കുടിച്ച ശേഷം ഭരത്പൂരിലേക്ക് കാറോടിച്ച് പോവുന്നതിനിടെയാണ് ഡോക്ടർക്ക് ആരോഗ്യ പ്രശ്നങ്ങൾ അനുഭവപ്പെട്ടത്. തുടർന്ന് എട്ടുമണിക്കൂറോളമായി കാറിൽ അബോധാവസ്ഥയിൽ കിടന്നു എന്നാണ് റിപ്പോർട്ട്.

സെപ്തം.30ന് ആണ് അഞ്ച് വയസുകാരൻ മരുന്ന് ഉപയോഗം മൂലം മരിച്ചത്. മരുന്ന് കഴിച്ച് മണിക്കൂറുകൾക്കുള്ളിൽ തന്നെ മരണം സംഭവിച്ചെന്നാണ് റിപ്പോർട്ട്. ചിരാനയിലുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ നിന്നും എഴുതിനൽകിയ മരുന്നായിരുന്നു കുട്ടിക്ക് നൽകിയത്. കുട്ടിക്ക് മറ്റ് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായിരുന്നില്ല. ഡോക്ടർ നിർദേശിച്ച ഡോസ് മരുന്ന് കുടിച്ച ശേഷം തളർന്നുറങ്ങിയ കുട്ടി പിന്നീട് എഴുന്നേറ്റില്ലെന്നും മാതാപിതാക്കളെ ഉദ്ധരിച്ച് റിപ്പോർട്ടുകൾ പറയുന്നു.

ചുമയും പനിയും ബാധിച്ച് സെപ്തംബർ 22നാണ് രണ്ട് വയസുകാരൻ സാമ്രാട്ടിനെ സർക്കാർ ഹെൽത്ത് സെന്ററിൽ എത്തിച്ചത്. രണ്ട് സഹോദരങ്ങൾക്കും സമാനമായ രോഗ ലക്ഷണങ്ങൾ ഉണ്ടായിരുന്നു. കേസൺ ഫാർമ നിർമിച്ച മരുന്നാണ് ഡോക്ടർ ശുപാർശ ചെയ്തത്. മൂന്നു മക്കൾക്കും മരുന്ന് കൊടുത്ത് അഞ്ചു മണിക്കൂറോളം അവർ എഴുന്നേറ്റില്ല. രണ്ട് പേരെ എഴുന്നേൽപ്പിച്ചതോടെ ഛർദിച്ചു. സാമ്രാട്ട് അബോധാവസ്ഥയിൽ തുടരുകയും ഭരത്പൂരിലുള്ള ആശുപത്രിയിലും ജയ്പൂരിലുള്ള ആശുപത്രിയിലും എത്തിച്ചെങ്കിലും മരണമടയുക ആയിരുന്നു എന്നുമാണ് റിപ്പോർട്ട്.

കഴിഞ്ഞ ഒരാഴ്ചയ്ക്കിടെ ഒന്നിനും അഞ്ചിനും ഇടയിൽ പ്രായമുള്ള എട്ട് കുട്ടികളെയാണ് രാജസ്ഥാനിൽ സമാന ലക്ഷണങ്ങളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. സംഭവങ്ങൾക്ക് പിന്നാലെ രാജസ്ഥാൻ സർക്കാർ സിറപ്പിന്റെ 22 ബാച്ചുകൾ വിലക്കുകയും മരുന്നിന്റെ വിതരണം മരവിപ്പിക്കുകയും ചെയ്തു.






# കിഡ്മാനും കീത്ത് അർബനും വിവാഹമോചിതരാകുന്നു



ഹോളിവുഡിലെ റൊമാന്റിക് ദമ്പതികളായ നിക്കോൾ കിഡ്മാനും കീത്ത് അർബനും 19 വർഷത്തെ ബന്ധം അവസാനിപ്പിച്ചു. മാസങ്ങളായി ഇരുവരും വേർപിരിഞ്ഞു താമസിക്കുകയായിരുന്നു.ബന്ധം തുടരാൻ കിഡ്മാൻ ശ്രമിച്ചു, പക്ഷേ ഇനി അത് സാധ്യമല്ലെന്ന് കീത്ത് അർബൻ ഉറച്ചുനിൽക്കുകയായിരുന്നു. നിക്കോൾ കിഡ്മാനും രണ്ട് പെൺമക്കളും താമസിച്ചിരുന്ന വീട്ടിൽ നിന്ന് കീത്ത് താമസം മാറിയതായി റിപ്പോർട്ടുകൾ പറയുന്നു.ഓസ്കർ പുരസ്കാര ജേതാവായ നിക്കോൾ കിഡ്മാനും നാല് തവണ ഗ്രാമി പുരസ്കാരം നേടിയ കീത്ത് അർബനും 2006 ജൂണിലാണ് വിവാഹിതരായത്. ഇരുവർക്കും പതിനേഴുകാരനായ സൺഡേ റോസ്, പതിനാലുകാരിയായ ഫെയ്ത്ത് മാർഗരറ്റ് എന്നീ രണ്ട് മക്കളുണ്ട്. വാടക ഗർഭധാരണത്തിലൂടെയാണ് ഫെയ്ത്തിനെ ഇരുവരു ജീവിതത്തിലേക്ക് സ്വീകരിച്ചത്.വിവാഹത്തിനുശേഷം മയക്കുമരുന്നിനും മദ്യത്തിനും അടിമയായതിനെ തുടർന്ന് കീത്ത് അർബൻ ലഹരിമുക്ത കേന്ദ്രത്തിൽ കഴിഞ്ഞിരുന്നു. അന്ന് നിക്കോൾ കിഡ്മാനും സുഹൃത്തുക്കളും ചേർന്ന് നടത്തിയ ഇടപെടലുകളാണ് അദ്ദേഹത്തെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവന്നത്. ഇത് തങ്ങളുടെ ബന്ധം ദൃഢമാക്കിയെന്ന് കീത്ത് അർബൻ 'ഓപ്ര വിൻഫി ഷോ'യിൽ പറഞ്ഞിരുന്നു.

ടോം ക്രൂയിസുമായി വേർപിരിഞ്ഞതിന് ശേഷമാണ് നിക്കോൾ കിഡ്മാന്റെ ജീവിതത്തിലേക്ക് കീത്ത് അർബൻ എത്തിയത്. വളരെ സ്വകാര്യമായിരുന്നു ഇരുവരുടെയും റിലേഷൻഷിപ്. 2005 ൽ ആണ് ആദ്യമായി ഇരുവരും പരസ്പരം കണ്ടുമുട്ടിയത്. 2006 ൽ വിവാഹ നിശ്ചയം പ്രഖ്യാപിച്ചു, മാസങ്ങൾക്കകം തന്നെ വിവാഹവും കഴിഞ്ഞു. പക്ഷേ അടുത്ത ബന്ധുക്കൾ മാത്രം പങ്കെടുത്ത തീർത്തും സ്വകാര്യമായ ചടങ്ങായിരുന്നു അത്.




# ഗ്രാമി ജേതാവായ ജാസ് സംഗീതജ്ഞൻ ജോൺ മേയർ അടുത്ത വർഷം ഇന്ത്യയിലേക്ക്

ഗ്രാമി ജേതാവായ ജാസ് സംഗീതജ്ഞൻ ജോൺ മേയർ അടുത്ത വർഷം ഇന്ത്യയിലേക്ക്. ഗായകനും ഗാനരചയിതാവുമായ അദ്ദേഹം 2026 ജനുവരി 22 ന് മുംബൈയിൽ പരിപാടി അവതരിപ്പിക്കും. ഷോ മുംബൈയിലെ മഹാലക്ഷ്മി റേസ് കോഴ്സിൽ നടക്കും.ഷോയെക്കുറിച്ച് സംസാരിച്ച ജോൺ മേയർ ഒരു പ്രസ്താവനയിൽ പറഞ്ഞു, 'ഇന്ത്യ വളരെക്കാലമായി എന്റെ സംഗീത പരിപാടികളുടെ പട്ടികയിൽ ഉണ്ട്.അതിന്റെ സംസ്കാരത്തിന്റെ ഊർജ്ജസ്വലതയ്ക്ക് മാത്രമല്ല, ഇവിടുത്തെ ആളുകളുടെ ദൈനംദിന ജീവിതത്തിൽ സംഗീതം എങ്ങനെ ജീവിക്കുന്നു എന്നതിനും. ഒടുവിൽ മുംബൈയിൽ പ്രകടനം നടത്തുന്നത് ഉന്മേഷവും നൽകുന്നു.' ജോൺ മേയർ പറഞ്ഞു.ആീസണ്ട്യടവീം ഘശ്്ല ആണ് ഈ ഷോ നിർമ്മിക്കുന്നതും പ്രൊമോട്ട് ചെയ്യുന്നതും. ജോൺ മേയർ സമകാലിക സംഗീതത്തിലെ ഏറ്റവും ആദരണീയരായ കലാകാരന്മാരിൽ ഒരാളാണ്. പോപ്പ്, റോക്ക്, ബ്ലൂസ് എന്നിവ സമന്വയിപ്പിച്ച് നിരൂപക പ്രശംസയും ആഗോളതലത്തിൽ ആരാധകരെയും നേടി. ലോകമെമ്പാടും 20 ദശലക്ഷത്തിലധികം ആൽബങ്ങൾ വിറ്റഴിക്കപ്പെട്ടു



# അമ്മയുടെ മരണം പലരും ആഘോഷിച്ചു: ശ്രീദേവിയുടെ മകൾ ജാൻവി പറയുന്നു

ഹിന്ദി സിനിമാ മേഖലയിലെ ഇന്നത്തെ ഏറ്റവും സുന്ദരിയായ നടിമാരിൽ ഒരാളാണ് ജാൻവി കപൂർ. അന്തരിച്ച സൂപ്പർസ്റ്റാർ ശ്രീദേവിയുടെയും നിർമ്മാതാവ് ബോണി കപൂറിന്റെയും മകളായ ജാൻവി എപ്പോഴും ട്രോളുകളുടെ ഇരയാണ്. ചെറുപ്പത്തിൽ തന്നെ നിരവധി പ്ലാസ്റ്റിക് സർജറികൾക്ക് വിധേയയായതും, നിരാശാജനകമായ അഭിനയം കാഴ്ചവെച്ചതും, ഇൻസ്റ്റാഗ്രാമിലും സിനിമകളിലും തന്റെ ശരീരം അതിരുകടന്ന രീതിയിൽ പ്രദർശിപ്പിക്കുന്നതും ജാൻവിക്കെതിരെ സോഷ്യൽ മീഡിയ ആക്രമണങ്ങൾക്ക് കാരണമായിട്ടുണ്ട്. എന്നാൽ, സോഷ്യൽ മീഡിയ തന്റെ അമ്മ ശ്രീദേവിയുടെ മരണസമയം മുതൽ തന്നെ വേട്ടയാടുന്നുണ്ടെന്ന് വെളിപ്പെടുത്തിയിരിക്കുകയാണ് ജാൻവി കപൂർ. പ്രേക്ഷകർ നടിയോട് സഹതാപം കാണിച്ചുവെന്ന് പലരും കരുതുന്നുണ്ടെങ്കിലും ജാൻവി ഇതിനോട് വിയോജിക്കുന്നു. വോഗിനോട് സംസാരിക്കുമ്പോൾ നടി പറഞ്ഞു: 'ഈ സഹാനുഭൂതി എവിടെയാണ്? എനിക്ക് ഈ സഹാനുഭൂതിയുടെ ഒരു ഭാഗം കാണണം.' അമ്മയുടെ മരണശേഷം താനും സഹോദരിയും നടിയുമായ ഖുഷി കപൂറും ശക്തമായ നിലപാട് സ്വീകരിച്ചുവെന്ന് ജാൻവി വിശദീകരിച്ചു.'എന്റെ സഹോദരിയും ഞാനും ഒരിക്കലും ഞങ്ങളുടെ ജീവിതത്തിൽ ഉണ്ടായ വിള്ളലുകൾ അവരെ (സോഷ്യൽ മീഡിയയിൽ ആക്രമിക്കുന്നവരെ) കാണാൻ അനുവദിച്ചിട്ടില്ല, ഇക്കാരണത്താൽ, നമ്മൾ യഥാർത്ഥത്തിൽ മനുഷ്യരല്ലെന്ന് ആളുകൾക്ക് തോന്നി തുടങ്ങി. ഞങ്ങൾക്ക് അമ്മയെ നഷ്ടപ്പെട്ടപ്പോൾ അതും പലരും ആഘോഷിച്ചു,'- ജാൻവി പറഞ്ഞു.



# ബിടിഎസ് വേൾഡ് ടൂറിന്

ബിടിഎസ് വേൾഡ് ടൂറിന് ഒരുങ്ങുന്നതായി റിപ്പോർട്ടുകൾ. 2026 മെയ് മാസം മുതൽ ഡിസംബർ വരെ എട്ട് മാസത്തെ വേൾഡ് ടൂർ ആണ് പ്ലാൻ ചെയ്തിരിയ്ക്കുന്നത് എന്നാണ് വിവരം.ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി പരമാവധി ഷോകൾ നടത്തും. ഏഴുപേരും പഴയ ഫോമിൽ, എനർജെറ്റിക് ആയി തിരിച്ചുവരുന്നതും കാത്തിരിയ്ക്കുകയാണ് ആരാധകർ.നിലവിൽ ബിടിഎസ് താരങ്ങളിൽ ചിലർ ഇപ്പോൾ നടന്നുകൊണ്ടിരിയ്ക്കുന്ന പാരീസ് വീക്കിലും ശ്രദ്ധ നേടിയിരുന്നു. പാട്ടുകൾക്കൊപ്പം ബിടിഎസ് താരങ്ങളുടെ ഡാൻസും ഫാഷനും സ്റ്റൈലും എല്ലാം ഫോളോ ചെയ്യുന്നവരാണ് ആരാധകർ.ദക്ഷിണ കൊറിയയുടെ നിർബന്ധിത സൈനിക സേവനത്തിന് ശേഷം ബിടി എസ് താരങ്ങൾ എല്ലാം ജൂൺ മാസത്തോടെ പുറത്തിറങ്ങുകയും കെ - പോപ് ലോകത്ത് സജീവമാവുകയും ചെയ്തു.


# സെൻഡായ 'കാമുകി' അല്ല; റിപ്പോർട്ടറെ തിരുത്തി ടോം ഹോളണ്ട്





ഹോളിവുഡിലെ ഏറ്റവും ക്യൂട്ടസ്റ്റ് കപ്പിളാണ് സ്പൈഡർമാൻ നോ വേ ഹോം താരങ്ങളായ ടോം ഹോളണ്ടും സെൻഡായയും. ഇരുവരുടേയും പ്രണയം വളരെ നാളുകളായി ഹോളിവുഡ് സിനിമാപ്രേമികൾക്കിടയിൽ ചൂടുള്ള ചർച്ചയാണ്. അടുത്തിടെ സെൻഡായയെ തന്റെ 'കാമുകി' എന്ന് വിശേഷിപ്പിച്ച ഒരു റിപ്പോർട്ടറെ നടൻ ടോം ഹോളണ്ട് തിരുത്തി. ഒരു പാനൽ ചർച്ചയിൽ ചോദ്യങ്ങൾക്ക് ഉത്തരം നൽകുകയായിരുന്നു അദ്ദേഹം. പകരം നടൻ 'പ്രതിശ്രുതവധു' എന്ന് തിരുത്തുകയായിരുന്നു. ടോമും സെൻഡായയും സോഷ്യൽ മീഡിയയിൽ വളരെയധികം ആരാധകരുള്ള താരങ്ങളാണ്. ഈ വർഷം ജനുവരിയിലാണ് ടോമും സെൻഡായയും വിവാഹനിശ്ചയം നടത്തിയത്. വിവാഹം എന്നുണ്ടാകുമെന്ന് ഇരുവരും വെളിപ്പെടുത്തിയിട്ടില്ല മികച്ച നടിക്കുള്ള എമ്മി അവാർഡ് 2020ൽ സെൻഡായയയ്ക്ക് ലഭിച്ചിരുന്നു. എമ്മി നേടുന്ന ഏറ്റവും പ്രായം കുറവുള്ള കലാകാരിയായി ഇതിലൂടെ സെൻഡായ മാറി. യുഫോറിയ എന്ന സീരിസിലെ അഭിനയത്തിനാണ് സെൻഡായ മികച്ച നടിയായത്. യുവ തലമുറയിലെ ഏറ്റവും ജനപ്രിയ നടന്മാരിൽ ഒരാൾ കൂടിയാണ് ടോം ഹോളണ്ട്. 2021ൽ ഏറ്റവും കൂടുതൽ കളക്ഷൻ നേടിയ ഹോളിവുഡ് സിനിമകളിൽ ഒന്നായിരുന്നു സ്പൈഡർമാൻ നോ വേ ഹോം. ടോ ഹോളണ്ടും സെൻഡായയും പ്രധാന വേഷങ്ങളിൽ എത്തിയ സിനിമ കൊളംബിയ പിക്ചേഴ്സും മാർവെൽ സ്റ്റുഡിയോസും ചേർന്നാണ് നിർമ്മിച്ചത്. ജോൺ വാട്ട്സാണ് ചിത്രം സംവിധാനം ചെയ്തിരിക്കുന്നത്.

# മാർക്കറ്റിങ് മാത്രമാണ് വിജയം; 'എമ്പുരാന്' എതിരെ അടൂർ ഗോപാലകൃഷ്ണൻ






പ്രശസ്ത സംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ, പൃഥ്വിരാജ് സുകുമാരൻ സംവിധാനം ചെയ്ത മോഹൻലാൽ ചിത്രം 'എമ്പുരാന്' എതിരെ രംഗത്തെത്തി. 'എമ്പുരാൻ' കണ്ട ഒരാൾ പോലും നല്ല അഭിപ്രായം പറഞ്ഞിട്ടില്ല എന്നാണ് അടൂർ ഗോപാലകൃഷ്ണൻ പറഞ്ഞത്. എങ്കിലും, സിനിമയുടെ അണിയറ പ്രവർത്തകർ ചിത്രത്തെ മികച്ച രീതിയിൽ മാർക്കറ്റ് ചെയ്തു എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ബി.ജെ.പി.യെയും സർക്കാരിനെയും വിമർശിച്ചതിന്റെ പേരിൽ 'എമ്പുരാൻ' വാർത്തകളിൽ ഇടം നേടിയിരുന്നു. ഈ പ്രചാരം (ഹൈപ്പ്) ചിത്രത്തിന്റെ അണിയറപ്രവർത്തകർ നല്ല രീതിയിൽ ഉപയോഗിച്ചുവെന്നും അടൂർ അഭിപ്രായപ്പെട്ടു. 'ഒരുപാട് ബൂസ്റ്റ് ചെയ്തൊരു പടമായിരുന്നു എമ്പുരാൻ. അതിനെക്കുറിച്ച് നല്ല അഭിപ്രായം പറഞ്ഞ ഒരാളെയും ഞാൻ കണ്ടിട്ടില്ല. പക്ഷേ അവർ ആ ചിത്രത്തെ നന്നായി മാർക്കറ്റ് ചെയ്തു. സർക്കാരിനെയും ബിജെപിയെയും വിമർശിക്കുന്ന ചില രംഗങ്ങൾ ചിത്രത്തിൽ ഉണ്ടായിരുന്നു. വലിയ വാർത്തയായി അപ്പോൾ എല്ലാവർക്കും കാണാൻ തോന്നി, കൂടാതെ റീ സെൻസറിങ് ചെയ്യണമെന്ന് പറഞ്ഞപ്പോൾ അതിന് മുൻപ് ഇറക്കിയ പതിപ്പ് കാണാൻ ജനങ്ങൾ തിയേറ്ററിലേക്ക് എത്തി. എന്നിട്ടും ആരും സിനിമ കൊള്ളാമെന്ന് പറഞ്ഞില്ല. ഒരു അത്ഭുതം നടക്കുന്ന പോലൊരു പബ്ലിസിറ്റി കൊടുത്തു പത്രത്തിൽ പരസ്യം കൊടുക്കേണ്ട ആവശ്യംപോലും വേണ്ടി വന്നില്ല. കാരണം അതായിരുന്നല്ലോ വാർത്ത. പരസ്യത്തേക്കാൾ ക്രെഡിബിലിറ്റി ഈ വാർത്തകൾക്ക് ഉണ്ടായിരുന്നു. വളരെ ബുദ്ധിപരമായി അവർ ആ വിഷയം കൈകാര്യം ചെയ്തു. പക്ഷേ ആ ബുദ്ധി സിനിമ എടുത്തപ്പോഴും ഉണ്ടാവണമായിരുന്നു', അടൂർ ഗോപാലകൃഷ്ണൻ പറഞ്ഞു. എമ്പുരാനെതിരെ ബഹിഷ്കരണാഹ്വാനവുമായി സംഘപരിവാർ രംഗത്തെത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ വിവാദ ഭാഗങ്ങൾ സിനിമയിൽ നിന്ന് ഒഴിവാക്കിയിരുന്നു. 20 ൽ കൂടുതൽ ഭാഗങ്ങളാണ് സിനിമയിൽ നിന്ന് കട്ട് ചെയ്ത് മാറ്റിയത്. വിവിധ അന്വേഷണ ഏജൻസികൾക്കെതിരെ വിമർശനം ഉന്നയിക്കുന്ന ഭാഗങ്ങളും വെട്ടിമാറ്റിയിരുന്നു. അതേസമയം, ബോക്സ് ഓഫീസിൽ വമ്പൻ വിജയമായിരുന്നു സിനിമ നേടിയത്. ലോകമെമ്പാട് നിന്നും 268 കോടിയോളമാണ് എമ്പുരാൻ കളക്ട് ചെയ്തത്. ഇതിൽ തന്നെ 142 കോടിയോളം രൂപ എമ്പുരാൻ കളക്ട് ചെയ്തത് ഓവർസീസിൽ നിന്നുമാണ്. മോളിവുഡിന്റെ മാർക്കറ്റ് വളർച്ചയെ അടയാളപ്പെടുത്തുന്ന നമ്പറുകളാണ് ഇത്. സംഘപരിവാർ ആക്രമണങ്ങൾക്കിടയിലും സമ്മിശ്ര പ്രതികരണങ്ങൾക്കിടയിലുമാണ് സിനിമയുടെ ഈ റെക്കോർഡ് നേട്ടം എന്നതും ശ്രദ്ധേയമാണ്.

# നടി റോഷ്ന ആനും നടൻ കിച്ചു ടെല്ലസും വിവാഹമോചിതരായി



നടനും തിരക്കഥാകൃത്തുമായ കിച്ചു ടെല്ലസും നടിയും മേക്കപ്പ് ആർട്ടിസ്റ്റുമായ റോഷ്ന ആൻ റോയിയും വിവാഹമോചിതരായി. അഞ്ച് വർഷത്തെ ദാമ്പത്യത്തിനുശേഷം ഔദ്യോഗികമായി വേർപിരിഞ്ഞുവെന്ന് സോഷ്യൽ മീഡിയയിൽ പങ്കുവെച്ച കുറിപ്പിലൂടെ റോഷ്ന വ്യക്തമാക്കി. 2020 നവംബറിലായിരുന്നു ഇവരുടെ വിവാഹം. ഒരുമിച്ച് ചിലവഴിച്ച 5 മനോഹര വർഷങ്ങൾക്ക് ശേഷം, ഞങ്ങൾ സ്നേഹത്തോടും ബഹുമാനത്തോടും കൂടി വഴി പിരിയാൻ തീരുമാനിച്ചു. മനോഹരമായ ഓർമകൾക്ക് നന്ദി. ഞങ്ങളുടെ ജീവിതത്തിൽ പുതിയ അധ്യായങ്ങൾ ആരംഭിക്കുമ്പോൾ, നിങ്ങളുടെ പ്രാർഥനകളും സ്വകാര്യതയും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. അതെ, രക്തബന്ധമാണ് എല്ലാത്തിനെക്കാൾ വലുത്. അതുകൊണ്ടാണ് ഞാൻ മാറിനിന്ന്, നിങ്ങൾക്കാവശ്യമുള്ള എല്ലാ ഇടവും നൽകിയത്. ഞാൻ സ്വതന്ത്രയാണ്, അവനും സ്വതന്ത്രനാണ്, എല്ലാവർക്കും സമാധാനം നേരുന്നു. ഞങ്ങൾ വളരെ അടുത്ത സുഹൃത്തുക്കളായിരുന്നു, പല രീതികളിലും ഞങ്ങൾ ഇപ്പോഴും അങ്ങനെയാണ്.സെപ്റ്റംബർ 30 എന്റെ അച്ഛനെ നഷ്ടപ്പെട്ട ദിവസം, എന്റെ ജീവിതത്തിലെ ആദ്യത്തെ വേദന. ഇന്ന്, ഞാൻ മറ്റൊരു അവസാനത്തിന് സാക്ഷ്യം വഹിക്കുന്നു, മുന്നോട്ട് പോകുന്നു...നഷ്ടങ്ങളിൽ നിന്ന് നഷ്ടങ്ങളിലേക്ക്, ഞാൻ ഉയർത്തെഴുന്നേൽക്കാൻ തിരഞ്ഞെടുക്കുന്നു'. എന്നാണ് റോഷ്ന സോഷ്യൽ മീഡിയയിൽ കുറിച്ചത്.

# മദ്യം ഉപേക്ഷിച്ചിട്ട് വർഷങ്ങളായി ! ഫിറ്റ്നസ് രഹസ്യം പറഞ്ഞ് അക്ഷയ് കുമാർ

ബോളിവുഡിൽ ഫിറ്റ്നസിന്റെ കാര്യത്തിൽ വിട്ടുവീഴ്ച ചെയ്യാത്ത താരങ്ങളിൽ ഒരാളാണ് അക്ഷയ് കുമാർ. എപ്പോഴും അച്ചടക്കമുള്ള ജീവിതശൈലി പിന്തുടരുന്ന താരമാണ് അദ്ദേഹം. തന്റെ ആരോഗ്യത്തിന്റെ രഹസ്യം ശരിയായ ഭക്ഷണക്രമം, ഉറക്കം, വ്യായാമം എന്നിവയാണെന്ന് അക്ഷയ് പലപ്പോഴും പറഞ്ഞിട്ടുണ്ട്. ഇപ്പോഴിതാ വൈകുന്നേരം , 6:30 ന് ശേഷം താൻ ഒന്നും കഴിക്കാറില്ലെന്നും മദ്യം ഉപേക്ഷിച്ചിട്ട് വർഷങ്ങളായിട്ടുണ്ടെന്നും അക്ഷയ് കുമാർ പറയുന്നു. എപ്പോഴും കലോറിയോ പ്രോട്ടീനോ എണ്ണുന്ന ആളല്ല താനെന്നും അദ്ദേഹം പറഞ്ഞു.'ഞാൻ പോപ്കോൺ, ജിലേബി, ബർഫിസ് എന്നിവ കഴിക്കുന്നു. എപ്പോഴും കലോറിയോ പ്രോട്ടീനോ എണ്ണുന്ന ആളല്ല ഞാൻ. ഞാൻ ഒരു സാധാരണ വ്യക്തിയെപ്പോലെയാണ് ജീവിക്കുന്നത്. പക്ഷേ വൈകുന്നേരം 6:30 ന് ശേഷം ഞാൻ ഒന്നും കഴിക്കാറില്ല, ഒരു ലഘുഭക്ഷണം പോലും കഴിക്കാറില്ല. 20 വർഷമായി ഞാൻ ഇത് പിന്തുടരുന്നു.പാർട്ടികളിൽ, ചിലപ്പോൾ ഞാൻ ഒരു ഡ്രിങ്കിനൊപ്പം ടോസ്റ്റ് ചെയ്യുന്നതായി നടിക്കുകയോ ഒരു കഷണം കേക്ക് കഴിക്കുകയോ ചെയ്യും, പക്ഷേ എനിക്ക് അത് ആസ്വദിക്കാൻ കഴിയില്ല. വർഷങ്ങളായി ഞാൻ മദ്യം കഴിച്ചിട്ടില്ല,' അക്ഷയ് കുമാർ പറഞ്ഞു.



# ‘കാന്താര’ യ്ക്ക് ഋഷഭ് ഷെട്ടി വാങ്ങിയ പ്രതിഫലം എത്ര ?



പ്രേക്ഷകർ ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ചിത്രമാണ് ഋഷഭ് ഷെട്ടി നായകനായ ‘കാന്താര ചാപ്റ്റർ 1’. ഒക്ടോബർ 2 നാണ് ചിത്രം എത്തുന്നത്. കഴിഞ്ഞ ദിവസം ചിത്രത്തിന്റെ ട്രെയിലർ പുറത്തുവിട്ടിരുന്നു. കണ്ണഞ്ചിപ്പിക്കുന്ന ദൃശ്യങ്ങൾ കാന്താര രണ്ടാം ഭാഗത്തിലും ഉണ്ടാകുമെന്നാണ് ട്രെയിലർ നൽകുന്ന സൂചന. രാജ്യമൊട്ടാകെ 6000ത്തിൽ പരം പ്രദർശനങ്ങളാകും കാന്താര സിനിമയുടെ റിലീസിന് ഉണ്ടാകുക എന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.’കാന്താര’യിൽ നടൻ ഋഷഭ് ഷെട്ടിയുടെ പങ്കാളിത്തം അഭിനയത്തിനപ്പുറം കടന്നതാണ്. അദ്ദേഹം സിനിമയുടെ സംവിധായകനും എഴുത്തുകാരനും കൂടിയാണ്. ’കാന്താര: ചാപ്റ്റർ 1’ റിലീസിന് മുന്നോടിയായി, അദ്ദേഹത്തിന്റെ പ്രതിഫലത്തിന്റെ വിശദാംശങ്ങളും പുറത്തു വന്നിട്ടുണ്ട്.നടനും സംവിധായകനുമായ അദ്ദേഹം ഒരു നിശ്ചിത പ്രതിഫലം വാങ്ങേണ്ടതില്ലെന്നാണ് തീരുമാനിച്ചിരിക്കുന്നത്. റിപ്പോർട്ട് അനുസരിച്ച്, ചിത്രം ബോക്സ് ഓഫീസിൽ എത്രത്തോളം മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നു എന്നതിനെ മാത്രം അടിസ്ഥാനമാക്കിയാണ് ഋഷഭ് വരുമാനം സ്വീകരിക്കാൻ തീരുമാനിച്ചത്. ശമ്പളം ഉപേക്ഷിച്ചതിനു പുറമേ, താരം സ്വന്തം പണം കൂടി ഈ പ്രോജെക്ടിൽ നിക്ഷേപിച്ചതായി പറയപ്പെടുന്നു. 125 കോടി രൂപയാണ് ചിത്രത്തിന്റെ ബജറ്റ് എന്നാണ് റിപ്പോർട്ട്.ചിത്രം കന്നഡ, ഹിന്ദി, തെലുങ്ക്, തമിഴ്, മലയാളം, ഇംഗ്ലീഷ് ഭാഷകളിലാണ് ആരാധകർക്ക് മുന്നിൽ എത്തുന്നത്. ചിത്രത്തിന്റെ കേരളത്തിലെ വിതരണം ഏറ്റെടുത്തിരിക്കുന്നത് പൃഥ്വിരാജ് പ്രൊഡക്ഷൻസാണ്. ചിത്രത്തിന്റെ ആദ്യഭാഗത്തിന്റെയും വിതരണം പൃഥ്വിരാജ് പ്രൊഡക്ഷൻസായിരുന്നു.

# ‘ബ്രിഡ്ജർട്ടൺ സീസൺ 4’ 2026 ൽ; ഫസ്റ്റ് ലുക്ക് പോസ്റ്റർ എത്തി




ബ്രിഡ്ജർട്ടൺ സീസൺ 4 ന്റെ ആദ്യ പോസ്റ്റർ പുറത്തിറക്കി നെറ്റ്ഫ്ലിക്സ്. ഷോയുടെ ഔദ്യോഗിക ഇൻസ്റ്റാഗ്രാം പേജിലൂടെയാണ് പ്രഖ്യാപനം വന്നത്. അടുത്ത വർഷം സീസൺ 4 പ്രീമിയർ ചെയ്യുമെന്ന് നിർമ്മാതാക്കൾ പ്രഖ്യാപിച്ചു.വെള്ള ഗൗൺ ധരിച്ച് പിന്നിൽ ഒരു മാസ്ക് പിടിച്ച സോഫി ബെയ്ക്ക് എന്ന കഥാപാത്രമായി യെറിൻ ഹായെ കാണിക്കുന്നതാണ് പോസ്റ്റർ.2024 മെയ് മുതൽ ജൂൺ വരെ നെറ്റ്ഫ്ലിക്സിൽ രണ്ട് ഭാഗങ്ങളായി പുറത്തിറങ്ങിയ ബ്രിഡ്ജർട്ടൺ സീസൺ 3, കോളിൻ ബ്രിഡ്ജർട്ടൺ (ലൂക്ക് ന്യൂട്ടൺ), പെനലോപ്പ് ഫെതറിംഗ്ടൺ (നിക്കോള കോഫ്ലാൻ) എന്നിവരെ കേന്ദ്രീകരിച്ചായിരുന്നു.2022 മാർച്ചിൽ സീസൺ 2 ആന്റണി ബ്രിഡ്ജർട്ടൺ (ജോനാഥൻ ബെയ്ലി), കേറ്റ് ശർമ്മ (സിമോൺ ആഷ്ലി) എന്നിവരെ കേന്ദ്രീകരിച്ചായിരുന്നു, 2020 ഡിസംബറിലെ ആദ്യ ഭാഗം ഡാഫ്നെ ബ്രിഡ്ജർട്ടൺ (ഫോബ് ഡൈനെവർ), സൈമൺ ബാസെറ്റ് (റീജ്-ജീൻ പേജ്) എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി.സീസൺ 4-ൽ ജോനാഥൻ ബെയ്ലി, യെറിൻ ഹാ, വിക്ടർ അല്ലി (ലോർഡ് ജോൺ സ്റ്റിർലിംഗ്), അഡ്ജോവ ആൻഡോ (ലേഡി ഡാൻബറി), ലേഡി വിസിൽഡൗണിന്റെ ശബ്ദമായി ജൂലി ആൻഡ്രൂസ്, ലോറൈൻ ആഷ്ബോൺ (മിസ്സിസ് വാർലി), മസാലി ബദൂസ (മൈക്കീല സ്റ്റിർലിംഗ്), നിക്കോള കഫ്ലാൻ, ഹന്ന ഡോഡ്, ഡാനിയൽ ഫ്രാൻസിസ് (ലോർഡ് മാർക്കസ് ആൻഡേഴ്സൺ), റൂത്ത് ജെമ്മൽ (വയലറ്റ് ബ്രിഡ്ജർട്ടൺ), ഫ്ലോറൻസ് ഹണ്ട്, മാർട്ടിൻസ് ഇംഹാങ്ബെ (വിൽ മോൺഡ്രിച്ച്), ക്ലോഡിയ ജെസ്സി, ലൂക്ക് ന്യൂട്ടൺ, ഗോൾഡ റോഷ്യൂവൽ (ക്വീൻ ഷാർലറ്റ്), വിൽ ടിൽസ്റ്റൺ, പോളി വാക്കർ (പോർട്ടിയ ഫെതറിംഗ്ടൺ), എമ്മ നവോമി (ആലീസ് മോൺഡ്രിച്ച്), ഹഗ് സാക്സ് (ബ്രിംസ്ലി) എന്നിവരുൾപ്പെടെ ഒരു വലിയ താരനിര ഒരുമിക്കുന്നു.

# ‘ജാനകി’ക്ക് വീണ്ടും സെൻസർ കട്ട്




’ജാനകി’ എന്ന പേര് സിനിമയിൽ ഉപയോഗിക്കുന്നതിന് എതിരെ വീണ്ടും സെൻസർ ബോർഡ്. ’ജാൻകി ചാപ്റ്റർ 1’ എന്ന ഭോജ്പൂരി ചിത്രത്തിന് എതിരെയാണ് സെൻസർ ബോർഡ് രംഗത്തെത്തിയത്. ഹിന്ദിയിൽ സിനിമ റിലീസ് ചെയ്യാനിരിക്കെയാണ് സിബിഎഫ്സി എതിർപ്പറിയിച്ചത്. നിർമാതാക്കൾ സമർപ്പിച്ച ഹർജിയിൽ ബോംബെ ഹൈക്കോടതി ബോർഡിന് നോട്ടീസ് അയച്ചു.സീതാ ദേവിയുടെ മറ്റൊരു പേരാണ് ’ജാനകി’ എന്ന് കാട്ടിയാണ് സിബിഎഫ്സി ടൈറ്റിലിനോട് എതിർപ്പറിയിച്ചത് എന്നാണ് സിനിമയുടെ നിർമാതാക്കൾ പറയുന്നത്. സിനിമയിലെ കേന്ദ്ര കഥാപാത്രമായ പുരുഷന്റെ പേരിനോടും സെൻസർ ബോർഡ് എതിർപ്പറിയിച്ചിട്ടുണ്ട്. ’രഘുറാം’ എന്നാണ് നായകന്റെ പേര്.രഘുറാമിന്റെയും ജാനകിയുടെയും ജീവിതത്തിന് ചുറ്റും വികസിക്കുന്ന മെഗാ ആക്ഷൻ സിനിമയാണിത്.നിർമാതാക്കളുടെ ഹർജി പരിഗണിച്ച ജസ്റ്റിസ് രേവതി മോഹിതെ-ദേരെയും സന്ദേശ് പാട്ടീലുമാണ് സെൻസർ ബോർഡിന് നോട്ടീസ് അയച്ചത്. ഒക്ടോബർ ആറിന് മുൻപ് മറുപടി നൽകാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ദിലേഷ് സാഹു, അനുകൃതി ചൗഹാൻ എന്നിവർ അഭിനയിച്ച ചിത്രം സംവിധാനം ചെയ്തത് കൗശൽ ഉപാധ്യായയാണ്. ഭോജ്പൂരി ഭാഷയിൽ റിലീസ് ആയ ചിത്രം പിന്നീട് ഹിന്ദിയിലേക്ക് എത്തിക്കാൻ തീരുമാനിക്കുകയായിരുന്നു. 2025 മെയ് 16 ന് സിബിഎഫ്സിയുടെ അംഗീകാരത്തോടെ ചിത്രത്തിന്റെ ട്രെയ്ലറും പുറത്തിറക്കിയിരുന്നു. ജൂൺ 10ന് സിനിമയ്ക്ക് ബോർഡ് യു/എ 16+ സർട്ടിഫിക്കറ്റോടെ പ്രദർശനാനുമതി നൽകിയിരുന്നു.

# 'തിയേറ്റർ മിത്ത് ഓഫ് റിയാലിറ്റി' ലോക പ്രീമിയറിന്




അഞ്ജന ടാക്കീസിന്റെ ബാനറിൽ അഞ്ജന ഫിലിപ്പ് നിർമിച്ച് സജിൻ ബാബു സംവിധാനം ചെയ്യുന്ന 'തിയേറ്റർ: ദി മിത്ത് ഓഫ് റിയാലിറ്റി' ഒക്ടോബർ 7-ന് കത യാൾട്ട അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ , യൂറേഷ്യൻ ബ്രിഡ്ജ് ഇന്റർനാഷണൽ കോമ്പറ്റീഷൻ വിഭാഗത്തിൽ ലോക പ്രീമിയർ ചെയ്യാനൊരുങ്ങുന്നു.ഈ അഭിമാനകരമായ മത്സര വിഭാഗത്തിൽ തിരഞ്ഞെടുക്കപ്പെട്ട എട്ട് സിനിമകളിൽ ഒന്നാണ് തിയേറ്റർ: ദി മിത്ത് ഓഫ് റിയാലിറ്റി.റിമ കല്ലിങ്കൽ കേന്ദ്ര കഥാപാത്രത്തെ അവതരിപ്പിക്കുന്ന ചിത്രം ആഗോള ചലച്ചിത്രമേള സർക്യൂട്ടുകളിൽ ഇതിനോടകം തന്നെ ശ്രദ്ധനേടിക്കഴിഞ്ഞു.കാൻ ചലച്ചിത്രമേളയിൽ വെച്ച് ചിത്രത്തിന്റെ ട്രെയിലർ ഔദ്യോഗികമായി പുറത്തിറക്കിയിരുന്നു. കൂടാതെ, റഷ്യയിലെ കസാൻ ചലച്ചിത്രമേളയിലും ചിത്രം പ്രദർശിനത്തിന് ഒരുങ്ങുകയാണ്.'ബിരിയാണി' എന്ന ചിത്രത്തിന് ശേഷം സജിൻ ബാബുവിന്റെ തനതും ശക്തവുമായ സിനിമാശൈലി ഈ ചിത്രത്തിലും കാണാൻ സാധിക്കും. അഞ്ജന ടാക്കീസ് നിർമിച്ചചിത്രത്തിന്റെ സഹ നിർമാണം നിർവഹിച്ചിരിക്കുന്നത് സന്തോഷ് കോട്ടായി ആണ്. 'തിയേറ്റർ: ദി മിത്ത് ഓഫ് റിയാലിറ്റി' റിലീസിന് മുമ്പ് തന്നെ നിരവധി അംഗീകാരങ്ങൾ നേടിയിരുന്നു. 48-ാമത് കേരള ഫിലിം ക്രിട്ടിക്സ് അവാർഡിൽ മികച്ച നടിക്കുള്ള പുരസ്കാരവും പ്രത്യേക ജൂറി പുരസ്കാരവും ചിത്രം സ്വന്തമാക്കി.

# 'ലോകയ്ക്ക് ശേഷം മതിയാക്കിയാലോ എന്ന് ചിന്തിച്ചു'; കല്യാണി പ്രിയദർശൻ




'ലോക'യുടെ ഗംഭീര വിജയത്തിന് ശേഷം സിനിമ മതിയാക്കിയാലോ എന്ന് ആലോചിച്ചതായി വെളിപ്പെടുത്തി നടി കല്യാണി പ്രിയദർശൻ. അച്ഛൻ പ്രിയദർശൻ നൽകിയ ഉപദേശമാണ് പിന്നീട് തനിക്ക് പ്രചോദനമായതെന്നും കല്യാണി പറഞ്ഞു.ലോകയുടെ യുകെ സക്സസ് ഇവന്റിൽ സംസാരിക്കവെയായിരുന്നു കല്യാണിയുടെ വെളിപ്പെടുത്തൽ. '' 'ലോക'യ്ക്ക് ശേഷം സിനിമ മതിയാക്കിയാലോ എന്ന് ഞാൻ ആലോചിച്ചു. ഇനിയെന്ത് ചെയ്യണമെന്ന് എനിക്ക് അറിയില്ലായിരുന്നു. അപ്പോൾ അച്ഛൻ എനിക്കൊരു ഉപദേശം തന്നു.'ചിത്രം' സിനിമ 365 ദിവസം തിയറ്ററിൽ പ്രദർശനം തുടർന്നപ്പോൾ ഞാൻ വിചാരിച്ചു എല്ലാം നേടിയെന്ന്. അതിന് ശേഷമാണ് 'കിലുക്കം' റിലീസ് ചെയ്തത്. ഇതാണ് ഏറ്റവും വലിയ വിജയം എന്ന് കരുതരുത്. പരിശ്രമിച്ച് മുന്നേറികൊണ്ടിരിക്കണം എന്നാണ് അച്ഛൻ പറഞ്ഞത്.'' അച്ഛന്റെ ആ വാക്കുകൾ വലിയ പ്രചോദനമായെന്ന് കല്യാണി പ്രിയദർശൻ പറഞ്ഞു. മലയാളത്തിലെ സകലമാന റെക്കോർഡുകളും തകർത്തുകൊണ്ടാണ് 'ലോക'യുടെ മുന്നേറ്റം. ബുക്ക് മൈ ഷോയിൽ ഏറ്റവും കൂടുതൽ വോട്ടുകൾ നേടുന്ന മലയാള സിനിമയായും 'ലോക' മാറി. രണ്ട് ലക്ഷത്തിലേറെ വോട്ടുകളാണ് സിനിമ നേടിയത്.

## മമ്മൂട്ടി 'പേട്രിയറ്റ്' ഹൈദരാബാദ് ലൊക്കേഷനിലേക്ക്

ഏഴ് മാസത്തിനു ശേഷം സിനിമയിലേക്ക് തിരിച്ചു വരുന്ന മമ്മൂട്ടി മഹേഷ് നാരായണൻ ഒരുക്കുന്ന മൾട്ടിസ്റ്റാർ ചിത്രം 'പേട്രിയറ്റ്' ലൊക്കേഷനിലേക്ക്. ഹൈദരാബാദിലാണ് ചിത്രത്തിൻറെ പുതിയ ഷെഡ്യൂൾ നടക്കുന്നത്.രാവിലെ 9 മണിക്ക് ശേഷം മമ്മൂട്ടി സെറ്റിലെത്തും. നിലവിൽ ഹൈദരബാദിലെ പഞ്ചനക്ഷത്ര ഹോട്ടലിൽ ആണ് മമ്മൂട്ടിയുള്ളത്. നഗരത്തിൽ 4 ഇടങ്ങളിലായാണ് ചിത്രീകരണം നടക്കുന്നത്. സംവിധായകൻ മഹേഷ് നാരായണൻ ലോക്കേഷനിൽ എത്തിയിട്ടുണ്ട്. തെലങ്കാന സർക്കാർ ട്രാൻസ് പോർട് ആസ്ഥാനമായ ബസ് ഭവനിൽ ആയിരിക്കും മമ്മൂട്ടി ആദ്യമെത്തുക.

# ഇന്ത്യയിലെ ഏറ്റവും മികച്ച താരമായി ഷാരൂഖ് ഖാൻ, ജനപ്രിയ താരം ദീപിക പദുക്കോൺ



ഇന്ത്യയിലെ ഏറ്റവും മികച്ച താരമായി ഷാരൂഖ് ഖാനെ തിരഞ്ഞെടുത്ത് ഐഎംഡിബി. ലോകമെമ്പാടുമുള്ള 9.1 ദശലക്ഷത്തിലധികം ഉപയോക്തൃ റേറ്റിംഗുകളെ അടിസ്ഥാനമാക്കിയുള്ളതാണ് റാങ്കിങ്. 2000 ജനുവരി മുതൽ 2025 ഓഗസ്റ്റ് വരെയുള്ള കാലയളവിൽ ഏറ്റവും ജനപ്രിയമായ 130 ഇന്ത്യൻ സിനിമകളിൽ 20 എണ്ണത്തിലും ഖാൻ അഭിനയിച്ചിട്ടുണ്ട്.സിനിമ റിലീസുകളില്ലാത്ത വർഷങ്ങളിൽ പോലും, ഖാൻ ശക്തമായ സാന്നിധ്യം നിലനിർത്തി, 2024 ൽ ഉടനീളം എല്ലാ ആഴ്ചയും ഐഎംഡിബിയുടെ ജനപ്രിയ ഇന്ത്യൻ സെലിബ്രിറ്റികളുടെ പട്ടികയിലെ ആദ്യ 10 പേരിൽ സ്ഥിരമായി ഇടം നേടി. അതേസമയം കഴിഞ്ഞ ദശകത്തിൽ ഏറ്റവും കൂടുതൽ ആളുകൾ ചർച്ച ചെയ്ത 100 ഇന്ത്യൻ താരങ്ങളുടെ പട്ടികയിൽ ഒന്നാം സ്ഥാനത്താണ് ദീപിക പദുക്കോൺ. ലോകമെമ്പാടുമുള്ള ഐഎംഡിബിയിലെ 250 ദശലക്ഷം പ്രതിമാസ സന്ദർശകരുടെ പേജ് വ്യൂകളെ അടിസ്ഥാനമാക്കിയാണ് പട്ടിക തയ്യാറാക്കിയിരിക്കുന്നത്.ഐശ്വര്യ റായ് ബച്ചൻ മൂന്നാം സ്ഥാനത്തെത്തിയപ്പോൾ, ആലിയ ഭട്ട് നാലാം സ്ഥാനത്തെത്തി. അന്തരിച്ച നടൻ ഇർഫാൻ ഖാൻ അഞ്ചാം സ്ഥാനത്തെത്തി. ആമിർ ഖാൻ ആറാം സ്ഥാനത്തെത്തി, അന്തരിച്ച നടൻ സുശാന്ത് സിംഗ് രജ്പുത് ഏഴാം സ്ഥാനത്തെത്തി.പട്ടികയിൽ സൽമാൻ ഖാൻ എട്ടാം സ്ഥാനത്തെത്തി.രസകരമെന്നു പറയട്ടെ, മികച്ച 20 താരങ്ങളിൽ ഭൂരിഭാഗവും ഹിന്ദി ചലച്ചിത്രമേഖലയിൽ നിന്നുള്ളവരാണ്.അതേസമയം, ഇന്ത്യയിലെ ദക്ഷിണേന്ത്യൻ ചലച്ചിത്ര വ്യവസായങ്ങളിൽ നിന്നുള്ള ഏറ്റവും ഉയർന്ന റാങ്കിലുള്ള നടിമാരെല്ലാം പട്ടികയിലെ സ്ത്രീകളാണ്. സാമന്ത റൂത്ത് പ്രഭു 13-ാം സ്ഥാനത്തും തമന്ന ഭാട്ടിയ 16-ാം സ്ഥാനത്തുമാണുള്ളത്. നയൻതാര 18-ാം സ്ഥാനത്തുമാണ്.

# ജനങ്ങളുടെ കണ്ണീർക്കായലിലാണോ തള്ളുകൊണ്ടുള്ള വള്ളംകളി?






ആന്റണി ചടയംമുറി





ആവേശം, മൂന്നാമൂഴം തുടങ്ങിയ സിനിമാപ്പേരുകൾ ഇന്ന് (ബുധൻ) രാവിലെ സി.പി.എം. സെക്രട്ടറിയുടെ വായിൽ നിന്നു വീഴുന്നതു കേട്ട് കേരളീയർ ചിരിക്കണോ കരയണോ എന്ന സന്ദേഹത്തിലാണ്. കേരളം എല്ലാ കാര്യത്തിലും നമ്പർവൺ ആണെന്നു പറയുമ്പോഴും നാഷണൽ ക്രൈം ബ്യൂറോയുടെ 2023ലെ കണക്കിൽ ആത്മഹത്യകളുടെ കാര്യത്തിൽ കേരളം മൂന്നാമതെത്തിക്കഴിഞ്ഞതായി പറയുന്നു. സ്ത്രീകൾക്കെതിരേയുള്ള കുറ്റകൃത്യങ്ങൾ 2023ൽ 16,025 ആയും കൊലപാതകക്കേസുകൾ 352 ആയും വർദ്ധിച്ചു കഴിഞ്ഞതായി ഇതേ രേഖയിലുണ്ട്. ഇനി പറയൂ, മൂന്നാമൂഴം ഇടതുമുന്നണി ലക്ഷ്യമിടുന്നുവെങ്കിൽ, പുറത്തുള്ള പെയിന്റടി മാത്രം പോരാ, ജനങ്ങളെ നേരിട്ട് ബാധിക്കുന്ന മാറ്റങ്ങളിലേക്ക് കടക്കേണ്ടതല്ലേ? ഇടതുപക്ഷസഹയാത്രികരായ ആരും ഗോവിന്ദന്റെയും ഇ.പി. ജയരാജന്റെയും ചപ്പടാച്ചികളിൽ വീഴാനിടയില്ല.

ഇനി നേരെ പണപ്പെട്ടിയിലേക്ക് നോക്കാം: കേരളത്തിന്റെ ധനപ്രതിസന്ധി നിയമസഭ 2 മണിക്കൂർ നേരമെടുത്ത് ചർച്ച ചെയ്തത് ലോകഹൃദയദിനമായ സെപ്തംബർ 29നാണ്. അതുകൊണ്ടുതന്നെ, മാത്യു കുഴൽനാടൻ അവതരിപ്പിച്ച ഈ വിഷയം സംബന്ധിച്ച അടിയന്തിര പ്രമേയത്തിൽ സർക്കാരിനെ ഹൃദയമില്ലാത്ത ഭരണകൂടം എന്ന് മുദ്രകുത്തിയത് കേട്ട് പ്രതിപക്ഷ ബെഞ്ചുകൾ കുരവയിട്ടു. ഭരണപക്ഷത്തെ അംഗങ്ങളാകട്ടെ ഇതിനെതിരെ ധനമന്ത്രിയെ ഒരു കീറത്തുണികൊണ്ടുപോലും മൂടി രക്ഷിക്കാൻ തയ്യാറായതുമില്ല. മണ്ഡലങ്ങൾ സന്ദർശിക്കുമ്പോൾ, ജനത്തിന്റെ പൂരത്തെറി കിട്ടുന്നതുകൊണ്ടാകാം ഈ മൗനമെന്നു കരുതാം.

## ഇങ്ങനെ ശരിയാക്കിയാൽ ചത്തു പോവില്ലേ?

ഒരു സിനിമയിൽ നായകകഥാപാത്രം കുനിച്ചുനിർത്തി മുതുകിനിടിക്കുമ്പോൾ, സുരാജ് വെഞ്ഞാറമൂടിന്റെ കഥാപാത്രം ചോദിക്കുന്നുണ്ട്, 'ഇങ്ങനെ ഇടിച്ചാൽ ചത്തുപോവില്ലേ' എന്ന്. അതുപോലെ എൽ.ഡി.എഫ്. വരും 'എല്ലാം ശരിയാകു' മെന്ന ഇടതുമുന്നണിയുടെ മുദ്രാവാക്യം ഇങ്ങനെ അറംപറ്റിയ വിധം ജനജീവിതത്തെ ബാധിക്കുമെന്ന് മലയാളികൾ ഒട്ടും കരുതിയിട്ടുണ്ടാവില്ല. ധനപ്രതിസന്ധിയുടെ ചർച്ചകൾക്ക് മറുപടി പറയുമ്പോൾ മന്ത്രി രാജഗോപാൽ പച്ചക്കള്ളം പറയുന്നതായി പ്രതിപക്ഷം കുറ്റപ്പെടുത്തുകയുണ്ടായി. കേരളത്തെ 'പണപരമായി' കേന്ദ്രം പഞ്ഞിക്കിട്ടിട്ടും ഒരു കാര്യത്തിനും കുറവ് വരുത്തിയിട്ടില്ലെന്ന മന്ത്രിയുടെ അവകാശവാദം പി.സി. ജോർജിന്റെ പഴയ മണ്ഡലത്തിൽ പോയി (ആ മണ്ഡലത്തിന്റെ പേര് ഇത്തരമൊരു സന്ദർഭത്തിൽ പറഞ്ഞാൽ അൺപാർലിമെന്ററി ആയിപ്പോകുമോയെന്ന പേടിയുള്ളതിനാലാണ് സ്ഥലനാമ സൂചന മാത്രം നൽകിയത്) പറഞ്ഞാൽ മതിയെന്ന് ഏത് വിവരദോഷിയും പറഞ്ഞേക്കാം. ജനത്തിനു നൽകാനുള്ള സർക്കാർ ആനുകൂല്യങ്ങൾ 1 ലക്ഷം കോടി കവിഞ്ഞുവെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ പറയുകയുണ്ടായി. എന്നാൽ കരാറുകാർക്ക് പോലും കുടിശ്ശിക നൽകാനില്ലെന്ന മന്ത്രിയുടെ അവകാശവാദം ഒരർത്ഥത്തിൽ എന്തൊരു അബദ്ധമാണ്?

ഉദാഹരണം പറയാം: പറയണമല്ലോ, അല്ലേ? ജൽ ജീവൻ പദ്ധതികൾക്ക് കേന്ദ്രം 60% സംസ്ഥാനം 40% എന്ന നിരക്കിലാണ് പണം ചെലവഴിക്കേണ്ടത്. 2025 ജൂൺ 11 ലെ മാധ്യമ വാർത്തയനുസരിച്ച് ജൽ ജീവൻ കരാറുകാർക്ക് 4874 കോടി രൂപ കുടിശ്ശികയുണ്ട്. ഭരണാനുമതി ലഭിച്ച പദ്ധതികൾക്കായി സംസ്ഥാന സർക്കാർ ചെലവഴിക്കേണ്ടത് 5951.89 കോടിയായിരുന്നു. കേന്ദ്രം നൽകേണ്ടതാകട്ടെ, 16848.47 കോടിയും. പക്ഷെ പണി പൂർത്തിയാക്കാൻ 2028 വരെ കേന്ദ്രം സമയം നീട്ടി നൽകിയതോടെ കരാറുകാർക്ക് പൂർത്തിയാക്കിയ പണികളുടെ ബിൽ പോലും ലഭിക്കാത്ത അവസ്ഥയാണിപ്പോൾ.

## പുറത്തുനിന്നു നോക്കുമ്പോൾ ചെറിയ കട (കടം)?

പഴയൊരു പരസ്യമുണ്ടായിരുന്നു. പുറത്തുനിന്ന് നോക്കുമ്പോൾ ചെറിയ കടയാണെന്നു തോന്നും. പക്ഷെ, അകത്തു കയറിയാൽ വിശാലമായ ഷോറൂം എന്ന ആ ടാഗ് ലൈൻ അന്നേ ഹിറ്റായി. ഇപ്പോൾ കേരള സർക്കാരിന്റെ കടബാധ്യതയുടെ കാര്യവും ഇതുപോലെ തന്നെയാണ്. കേരളത്തിന്റെ ധനപ്രതിസന്ധി പഴയ പല്ലി മിഠായി പോലെ പറഞ്ഞ് ചെറുതാക്കുക മാത്രമല്ല, കേന്ദ്രം തരാനുള്ളത് തന്നാൽ ഒരു ഭീമൻ ശർക്കര ഉരുളയായി ആനുകൂല്യമെല്ലാം ജനത്തിനു നൽകാമെന്ന ബാലഗോപാൽ സാറിന്റെ തള്ള് കേൾക്കുമ്പോൾ തന്നെ പ്രതിപക്ഷത്തിനു മാത്രമല്ല, ഭൂരിപക്ഷം ജനത്തിനും ചൊറിഞ്ഞു കയറും.

ദേശീയതലത്തിൽ 4,20,000 ചെറുകിട സംരംഭങ്ങളും കേരളത്തിന്റെ കണക്കിൽ 36,000 കൊച്ചു വിൽപന കേന്ദ്രങ്ങളും കോവിഡിനെ തുടർന്ന് പൂട്ടിപ്പോയതായി ഒരു പഴയ കണക്കുണ്ട്. ഇത്തരം സാമൂഹിക പ്രശനങ്ങൾക്ക് സ്റ്റാർട്ടപ്പുകൾ തുടങ്ങി പരിഹാരമുണ്ടാക്കാമെന്നു കരുതുന്നത്, ഒരു സ്പൂൺ കഞ്ഞിവെള്ളം വിശപ്പ് മാറ്റാൻ ചോദിക്കുന്നവൻ 1 കിലോ കേക്ക് തിന്ന് വിശപ്പടക്കട്ടെ എന്നു പറയുന്നതു പോലെയാണ്. ജനസമൂഹത്തിന്റെ നട്ടെല്ലൊടിച്ച നോട്ട് പിൻവലിക്കലും, പ്രളയവും, കോവിഡുമെല്ലാം ഏതെല്ലാം വിധത്തിൽ ജനങ്ങളെ ബാധിച്ചുവെന്ന പഠനത്തിനു പോലും ഇതുവരെ ഭരണകൂടങ്ങൾ മുതിർന്നിട്ടില്ല. കേന്ദ്രമായാലും കേരളമായാലും അത്തരം ഗവേഷണത്തിനു പോയാൽ കാര്യം കുഴയുമെന്ന് എല്ലാ രാഷ്ട്രീയ പാർട്ടിക്കാർക്കും അറിയാം. അതുകൊണ്ട് എല്ലാം ഭദ്രമാണ് ചെറിയ തോതിൽ അടിത്തറയൊന്ന് ഒലിച്ചു പോയിട്ടേയുള്ളുവെന്ന രീതിയിലുള്ള പ്രചരണം നടത്താൻ ഇവന്റ് മാനേജ്മെന്റു കമ്പനികളെയാണ് ഈ സർക്കാർ ഏൽപ്പിച്ചിട്ടുള്ളത്.

## പിൻവാതിൽ നിയമനങ്ങളുടെ പഞ്ചാരഭരണികൾ

ഉന്നത വിദ്യാഭ്യാസ രംഗത്ത് കേരളത്തിന്റെ നേട്ടങ്ങൾ കേട്ട് ലോകം മുഴുവൻ തരിച്ചിരിക്കുകയാണെന്നാണ് മന്ത്രി ബിന്ദു ചേച്ചി പറയുന്നത്. എന്നാൽ കേരളത്തിലെ 65 സർക്കാർ കോളേജുകളിലും പ്രിൻസിപ്പൽമാരെ നിയമിക്കാതെ, സ്വന്തം പാർട്ടിക്കാരായ യൂണിയൻ നേതാക്കളെ ഉപയോഗിച്ച് കലാലയങ്ങൾ ഇൻചാർജ് ഭരണരീതിയിൽ നിയന്ത്രിക്കുകയാണ് സർക്കാർ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. യോഗ്യരായവരെ കിട്ടിയാൽ നിയമനം ഉടനെയെന്നു പറയുന്ന മന്ത്രി ബിന്ദു പ്രിൻസിപ്പൽമാരായി നിയമിക്കാൻ പി.എസ്.സി. തയ്യാറാക്കി നൽകിയ പാനൽ തട്ടിൻപുറത്തുവച്ചിരിക്കുകയാണെന്ന യാഥാർത്ഥ്യം മറച്ചുവയ്ക്കുന്നതെന്ത്?

നിയമനങ്ങൾ ഔദ്യോഗികമായി വിലക്കാതിരിക്കുകയും, ഇഷ്ടക്കാരെ പിൻവാതിൽ വഴി നിയമിക്കുകയും ചെയ്യുന്ന കുതന്ത്രമാണ് സർക്കാരിന്റേതെന്ന് പലരും കുറ്റപ്പെടുത്തുന്നുണ്ട്. പുതിയ നിയമനങ്ങൾക്കായുള്ള കണക്കുകൾ വേണ്ടപ്പെട്ടവർക്ക് നൽകാതിരിക്കുക, മറ്റു പല തർക്കങ്ങളും തടസ്സങ്ങളും ഉന്നയിക്കുക തുടങ്ങിയ ഗൂഢ നീക്കങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടത്തുന്നുണ്ട്. സംസ്ഥാനത്തെ 1210 സർക്കാർ/എയിഡഡ്സ്കൂളുകളിലായിഅധ്യാപകരുടെയും അനധ്യാപകരുടെയും 2219 തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതായി 2025 മെയ് 28 ന് വാർത്തകൾ വന്നിരുന്നു. അപ്പോൾ ശിവൻകുട്ടിയും ഏമാന്മാരും ഒരു വ്യവസ്ഥ വച്ചു. ഡിവിഷൻ ഫാൾ മൂലം വന്ന തസ്തികകൾ നികത്തിയതിനുശേഷമേ പുതിയ നിയമനമുണ്ടാകൂ എന്ന്. എന്നാൽ ഇത്തരം സംരക്ഷിത ജീവനക്കാരുടെ കണക്ക് തയ്യാറാക്കാത്തതുകൊണ്ട് നിയമനം ഉടനെയില്ലെന്ന് പിന്നീട് സർക്കാർ വിശദീകരിച്ചു. ഈ പട്ടിക തയ്യാറാക്കേണ്ടത് സർക്കാരല്ലേ എന്ന ചോദ്യത്തിന് മറുപടിയില്ല. നിയമനങ്ങൾ നടത്താനുള്ള തസ്തികകളുടെ പട്ടിക പ്രസിദ്ധീകരിക്കുകയും, അതിൽ 'സംരക്ഷി'തരുടെ എണ്ണം മറച്ചു വയ്ക്കുകയാണിപ്പോൾ. 552 സർക്കാർ സ്കൂളുകളിൽ 915,658 എയിഡഡ് സ്കൂളുകളിൽ 1304 പുതിയ തസ്തികകൾ എന്നിങ്ങനെ 2024 ഒക്ടോബർ 1 ഒന്നാം തീയതി വച്ച് സർക്കാർ കണക്കുണ്ട്. സംരക്ഷിതരുടെ കണക്ക് ലഭ്യമല്ലാത്തതു മൂലം 2023 ൽ മാത്രം 3764 തസ്തികകൾ നഷ്ടമാവുകയായിരുന്നു. 2023–24ൽ തസ്തികകൾ അനുവദിച്ചു. പക്ഷെ, 967 തസ്തികകൾ സർക്കാർ സ്കൂളുകളിലായിരുന്നിട്ടും, ഈ ഒഴിവുകളുടെ കാര്യം സർക്കാർ പി.എസ്.സി.യെ അറിയിച്ചതേയില്ല. അതോടെ, ഈ വർഷം സർക്കാർ സ്കൂളുകളിൽ പുതിയ അധ്യാപക നിയമനം തന്നെ നടക്കാത്ത അവസ്ഥയാണിപ്പോഴുള്ളത്. നിയമം കാത്തിരുന്ന ഉദ്യോഗാർത്ഥികളെ പറഞ്ഞു പറ്റിച്ചു സർക്കാർ.

## ആനുകൂല്യങ്ങളുടെ 'ആന'ക്കണക്ക് !

ആനുകൂല്യങ്ങൾ എല്ലാം വിഴുങ്ങി ഏമ്പക്കമിട്ടിരിക്കുകയാണ് ജനമെന്ന ധനമന്ത്രിയുടെ ഡയലോഗിലുമുണ്ട് കള്ളത്തരം. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ളവരുടെ വിരമിക്കൽ ആനുകൂല്യങ്ങൾ നൽകിയിട്ട് ഏഴു വർഷമായി. ഈ കുടിശ്ശിക മാത്രം 450 കോടി വരും. കെട്ടിടനിർമ്മാണത്തൊഴിലാളി ക്ഷേമനിധിയിൽ 3.8 ലക്ഷം അംഗങ്ങളാണുള്ളത്. 16 മാസമായി ഇവരുടെ പെൻഷനും കുടിശ്ശികയാണ്. ഈ പട്ടികയിൽ വേറെയും പരാതിക്കാരുണ്ട്. അവരുടെ കാര്യം കൂടി ഇവിടെ പരത്തിപ്പറഞ്ഞിട്ട് എന്തു കാര്യം?

ലൈഫ് ഭവന പദ്ധതിയാണ് മറ്റൊരു നേട്ടമായി സർക്കാർ പറയുന്നത്. 1100 കോടി രൂപ കൂടി കിട്ടിയില്ലെങ്കിൽ സംസ്ഥാനത്ത് ഈ പദ്ധതിക്കു കീഴിൽ നിർമ്മിച്ച 1.22 ലക്ഷം വീടുകളും പൂർത്തിയാക്കാൻ കഴിയില്ലെന്ന് തദ്ദേശ വകുപ്പ് തന്നെ സർക്കാരിനെ അറിയിച്ചതായി വാർത്ത കണ്ടു. ഈ ഇനത്തിൽ 98.34 കോടി രൂപ മാത്രമേ ഇപ്പോൾ വകുപ്പിന്റെ കൈവശമുള്ളൂ.

1100 കോടി രൂപ ഹഡ്കോ വായ്പയായി കിട്ടിയാലും പദ്ധതിപൂർത്തിയാക്കാമെന്ന് ഇതേ വകുപ്പ് വ്യക്തമാക്കിയിരുന്നു. 2025 നവബർ 1 ന് അതിദരിദ്രരില്ലാത്ത സംസ്ഥാനമായി കേരളം പ്രഖ്യാപിക്കപ്പെടുമ്പോൾ തലയ്ക്കു മുകളിൽ പ്ലാസ്റ്റിക് ഷീറ്റുകളും, ഭിത്തികളായി വലിച്ചു കെട്ടിയ പഴയ സാരിത്തുണ്ടുകളുമായി കഴിയുന്ന ഇവരെ ഏത് തലവരിയിലാണോ, അധികൃതർ ഉൾപ്പെടുത്തുക?

## വന്യമൃഗങ്ങളും വാക്ക് പാലിക്കാത്ത സർക്കാരും

കർഷകരുടെ കാര്യം മാത്യു കുഴൽനാടൻ നിയമസഭയിൽ ഉന്നയിക്കുകയുണ്ടായി. ലോക്കൽ കർഷകദിനം ചിങ്ങം ഒന്നിനും ആഗോളകർഷക ദിനം സെപ്തംബർ 9നും ആഘോഷിച്ചിട്ടും, നെല്ല് സംഭരിച്ചവകയിൽ ഈ സർക്കാർ 359 കോടി രൂപ കർഷകർക്ക് കൊടുക്കാനുണ്ടെന്ന് അദ്ദേഹം പറയുകയുണ്ടായി. മാത്രമല്ല, റബ്ബറിന്റെ താങ്ങുവില 250 രൂപയായി ഉയർത്തിയിട്ടും ഇതുവരെ ആ വില നൽകാതെ പിടിച്ചുവച്ചിരിക്കുകയാണ്. 14 അഗ്രി പാർക്കുകൾ സ്ഥാപിക്കുമെന്ന വാഗ്ദാനവും പാഴായി. നെല്ലിന്റെ വില കിട്ടാത്തതുമൂലം പാലക്കാട് അച്ഛനും അമ്മയും മൂത്തമകനും ആസിഡ് കുടിച്ച് 2025 ഓഗസ്റ്റ് 28ന് ആത്മഹത്യ ചെയ്തത് അച്ചടി മാധ്യമങ്ങളുടെ 'ആറ് സെന്റി മീറ്റർ' വാർത്തയിൽ ഒതുങ്ങിയതും നാം കണ്ടു.

കർഷകരിൽ നിന്ന് തന്ത്രപരമായി പണമൂറ്റുന്നതിലും ഇപ്പോഴത്തെ ധനമന്ത്രി ഒരു പടി മുന്നിലാണ്. സർക്കാർ പതിച്ചു നൽകിയ പട്ടയ ഭൂമിയും അതിൽ നിർമ്മിച്ച നിർമ്മിതികളും ക്രമപ്പെടുത്താനായി പണം പിടുങ്ങുന്നതാണ് ഈ പുതിയ തന്ത്രങ്ങളിൽ ഒന്ന്. എങ്ങനെയെല്ലാം പണം ഖജനാവിൽ അടച്ചാലും ഈ ക്രമപ്പെടുത്തലിനുശേഷം അവിടെ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാനാവില്ലെന്ന വിചിത്ര നിലപാടും മലയോര ജനതയ്ക്കുള്ള പുതിയ 'പണി' യാണ്. ഇപ്പോൾ തന്നെ, തണ്ണീർത്തട നിയമലംഘനം നടത്തിയത് ക്രമപ്പെടുത്തിയതിന്റെ പേരിൽ ജനങ്ങളിൽ നിന്ന് ഇതിനകം 1500 കോടി രൂപയിലേറെ സർക്കാർ തട്ടിയെടുത്തുകഴിഞ്ഞു. വന്യജീവി ശല്യം നിയന്ത്രിക്കാനായി കുറെ പദ്ധതികളെല്ലാം പത്രങ്ങളിൽ കണ്ടു. കാട്ടുമൃഗങ്ങൾ പത്രം വായിക്കാത്തതുകൊണ്ടാകാം ഇപ്പോഴും അവറ്റകളുടെ താണ്ഡവം തുടരുകയാണ്. ഇതിനിടെ ഫോറസ്റ്റ് റേഞ്ച് ഓഫീസിൽ നിന്ന് കൈക്കൂലിയായി 1.07 കോടി രൂപ ബാങ്ക് വഴി കൈമാറ്റം ചെയ്തത് വിജിലൻസ് കണ്ടുപിടിച്ചിട്ടുണ്ട്! അത് കൊടുത്ത കാട്ടുമൃഗങ്ങൾ ആരായിരിക്കാം?

## 'ആഗോള' ഫണ്ട് വിഴുങ്ങികളോ, ഇവർ ?

കേരളത്തിൽ നടന്നുകഴിഞ്ഞ ഇവന്റുകളും ഇനി നടക്കാൻ പോകുന്ന സംഗമങ്ങളുമെല്ലാം 'ആഗോള' അഥവാ 'ഉണ്ട' പരുവത്തിലാണ്. ഈ സർക്കാരിന് കഷ്ടിച്ച് ഏതാനും മാസങ്ങളേ ഇനി ഭരിക്കാൻ കിട്ടൂ.

ഈ വൈകിയ വേളയിലാണ് മുഖ്യമന്ത്രി ജനങ്ങളുമായി നേരിട്ട് സംവദിക്കാൻ തുടങ്ങിയിട്ടുള്ളത്. മാത്രമല്ല ഭരണകാലയളവ് 10 മാസം കണക്കാക്കി 12 കോൺക്ലേവുകൾ സർക്കാർ നടത്താൻ പോകുകയാണ്. ഈ പന്തലിട്ടുള്ള മാമാങ്കങ്ങൾക്കുള്ള ഔദ്യോഗിക ചെലവ് പരസ്യമാക്കിയിട്ടില്ലെങ്കിലും അനൗദ്യോഗിക കണക്ക് 35 കോടിയാണ്.

2025 ഓഗസ്റ്റിൽ നടന്ന സ്കിൽ കേരള കോൺക്ലേവിന് ചെലവെത്ര എന്ന ചോദ്യത്തിന് മുഖ്യമന്ത്രി നിയമസഭയിൽ മൗനം പാലിച്ചു. വൃത്തിക്കും വിഴിഞ്ഞത്തിനും കശുവണ്ടിക്കും കോൺക്ലേവ് സംഘടിപ്പിക്കുന്ന സർക്കാരിന്റെ അനുയായികൾ കശുവണ്ടിക്ക് കോൺക്ലേവ് സംഘടിപ്പിച്ച് കോടികൾ ഉണ്ടാക്കിയത് തൃശ്ശൂരിലെ പുതിയ പൂരപ്പാട്ടാണ്. ദുർഗ, ശ്രീ അയ്യപ്പൻ തുടങ്ങിയ ഭക്തസിനിമകൾ പാർട്ടി നവമാധ്യമങ്ങളിലും മറ്റുമായി റിലീസ് ചെയ്തുകൊണ്ടിരിക്കെ, കപ്പലണ്ടിയും കോടികളുമെല്ലാം ആ ഉന്മാദത്തിൽ നിറം മങ്ങുന്ന സ്വർണപ്പാളികളായി മാറുന്നതു കണ്ട്, ഈ ആയുധപൂജാദിനത്തിൽ പ്രിയരേ ഞാനും 'ആയുധം' വച്ച് തൽക്കാലത്തേയ്ക്ക് കീഴടങ്ങുന്നു!

ആചാരലംഘനമാവില്ലെങ്കിൽ 'തുടരും' എന്ന സിനിമയിൽ മോഹൻലാൽ വിളിച്ചതുപോലെ 'മുരുകാ' എന്ന് വിളിക്കാം. അല്ലാതെന്തു ചെയ്യാൻ.

# വാങ്ചുക്ക് ലഡാക്കിന്റെ പ്രിയ പുത്രനോ..?

ഡൽഹി ഡെർബാർ





ഏറ്റവും ഒടുവിൽ ലഡാക്കിൻ നിന്നും കേൾക്കുന്നത് ജയിലഴിക്കുള്ളിലായ നേതാവ് സോനം വാങ്ചുക്കിന്റെ ഭാര്യ ഗീതാഞ്ജലി രാഷ്ട്രപതിക്കൊരു കത്തു നൽകി എന്നാണ്.രാഷ്ട്രത്തിന്റെ തലൈവി എന്ന നിലയ്ക്ക് തന്റെ ഭർത്താവിനോട് തനിക്കു സംസാരിക്കാൻ അനുമതി നൽകണമെന്നും താനിപ്പോൾ വീട്ടുതടങ്കലിലാണെന്നു പറയാതെ തന്നെ തന്റെ നിസ്സഹായാവസ്ഥ വിവരിച്ചുകൊണ്ടുള്ള കത്ത് എന്ത് പ്രതികരണമാണുണ്ടാവാൻ പോകുന്നതെന്നറിയില്ല. എത്രപെട്ടെന്നാണ് ഭരണകൂടം സോനം വാങ്ചുക്കിനെ ദേശദ്രോഹിയാക്കി ജയിലിലടച്ചത്.

ഇക്കണ്ടകാലമത്രയും സോനം വാങ്ചുക്കിയും സർക്കാരും അടയും ചക്കരയും ആയിരുന്നു. ആസാദി കാ അമൃത് മഹോത്സവ്ആഘോഷങ്ങൾ, ലോക പൈതൃക വാരാഘോഷം തുടങ്ങിയ ലഡാക്കിലെ പ്രധാന പരിപാടികൾക്ക് നേതൃത്വം നൽകാൻ കേന്ദ്രത്തിന്റെ പ്രിയപ്പെട്ട വ്യക്തിയും വാങ് ചുക്കായിരുന്നുവെന്ന് ഔദ്യോഗിക രേഖകൾ തന്നെ പറയുന്നു.

## അൽപം ചരിത്രം

രണ്ടു രാജ്യങ്ങളുമായി അതിർത്തി പങ്കിടുന്ന പ്രദേശമാണ് ലഡാക്ക്. മഞ്ഞു പെയ്യുന്ന ഈ മലമുകളിലെ ഇന്ത്യൻ ജനതയുടെ ജീവിതം ദുഷ്കരമാണ് 1962, 1971 വർഷങ്ങളിൽ ചൈനയുടെയും പാക്കിസ്ഥാന്റെയും അക്രമത്തെ സൈനികരോടൊപ്പം ചെറുത്തുനിന്ന് ജനത. 1999ൽ കാർഗിൽ യുദ്ധത്തിലും രാജ്യത്തോടുള്ള കൂറ് അവർ ഒരിക്കൽ കൂടി തെളിയിച്ചു. മഹാവീർ ചക്രം നേടിയ കേണൽ ഷെവാങ് റിഞ്ചൻ ലഡാക്കിന്റെ പുത്രനാണ്. ഇതുപോലെ ലഡാക്കിൽ നിന്നുള്ള നിരവധി ഷെവാങ് റിഞ്ചൻമാർ രാജ്യത്തിന്റെ കാവൽക്കാരായി അതിർത്തികളിൽ തോക്കേന്തി നിതാന്ത ജാഗ്രതയോടെ നിൽപ്പുണ്ട്.

ലഡാക്കിന്റെ വിശ്വാസ്യത ഒരിക്കൽ പോലും രാജ്യം ചോദ്യം ചെയ്യപ്പെട്ടിരുന്നില്ല. 2019ൽ കേന്ദ്രഭരണ പ്രദേശമായി ലഡാക്കിനെ പ്രഖ്യാപിച്ചപ്പോൾ ശ്രീനഗറിന്റെ നിഴലിൽ നിന്ന് മോചിതരായെന്നു ആശ്വസിച്ചവരാണവർ. ആ തീരുമാനത്തെ അവർ സഹർഷം സ്വാഗതം ചെയ്തു. ചൈനയുടെയും പാകിസ്ഥാന്റെയും അതിർത്തി പ്രദേശമെന്ന നിലയിൽ ഡൽഹിയുടെ നേരിട്ടുള്ള ഭരണം ആശ്വാസകരമായിരിക്കുമെന്നും തങ്ങളുടെ ആവശ്യങ്ങൾ വേഗത്തിൽ പരിഹരിക്കപ്പെടുമെന്നും അവർ പ്രതീക്ഷിച്ചു.

എന്നാൽ പ്രതീക്ഷകളും കണക്കു കൂട്ടലുകളും തെറ്റായിരുന്നു വെന്നു ബോധ്യമാകാൻ അവർക്കു ഏറെ നാളുകൾ കാത്തിരിക്കേണ്ടി വന്നില്ല. ലഡാക്കിന്റെ തനതായസാംസ്കാരികസ്വത്വം, ദുർബലമായ പരിസ്ഥിതിശാസ്ത്രം, മുഖ്യമായും ആദിവാസി ജനതയുടെ അവകാശങ്ങൾ എന്നിവ നിലനിർത്താൻ പുതിയ ഭരണ സംവിധാനത്തിന് സാധ്യമല്ലെന്ന് ഏറെ വൈകാതെ അവർക്ക് മനസ്സിലായി.

ജമ്മുകശ്മീരിൽ ഇപ്പോൾ തിരഞ്ഞെടുക്കപ്പെട്ട ഒരു നിയമസഭയുണ്ടെങ്കിലും, ലഡാക്ക് നേരിട്ടുള്ള കേന്ദ്രഭരണത്തിന് കീഴിലാണ്. തങ്ങൾക്കു സ്വയംഭരണാവകാശവും ഭരണഘടനാ സംരക്ഷണവും വേണമെന്നാണ് അവരുടെ ആവശ്യം.

പൂർണ്ണസംസ്ഥാന പദവി, ഇന്ത്യൻ ഭരണഘടനയുടെ ആറാം ഷെഡ്യൂളിൽ ലഡാക്കിനെ ഉൾപ്പെടുത്തുക, ലഡാക്കിനായി ഒരു പ്രത്യേക പബ്ലിക് സർവീസ് കമ്മീഷൻ ഏർപ്പെടുത്തുക, ലോകസഭാ സീറ്റുകളുടെ എണ്ണം ഒന്നിൽ നിന്ന് രണ്ടായി ഉയർത്തുക. ലഡാക്കികളുടെ പ്രധാന ആവശ്യം ഇവയാണ്.

2019 ആഗസ്റ്റിൽ ആർട്ടിക്കിൾ 370 റദ്ദാക്കിയതിനെത്തുടർന്ന് തങ്ങളുടെ ഭൂമി നഷ്ടപ്പെടുമെന്ന ആശങ്കയിലാണവർ. 370-ാം വകുപ്പ് നിലവിലുണ്ടായിരുന്നപ്പോൾ ലഡാക്ക് ഉൾപ്പെട്ട ജമ്മുകാശ്മീരിനു പുറത്തുനിന്നുള്ളവർക്കു ഭൂമി വാങ്ങാൻ അനുവാദം ഉണ്ടായിരുന്നില്ല. തദ്ദേശീയരല്ലാത്തവർക്കു ഭൂവുടമവകാശം അനുവദിച്ചതു ആശങ്കകൾ വർദ്ധിപ്പിച്ചു.

അവരെ സമരത്തിന്റെ വഴിയിലേക്കു തിരിച്ചു വിട്ടതിനു ഇതുംകൂടി കാരണമാണ്. കഴിഞ്ഞ അഞ്ച് വർഷമായി ലഡാക്കിലെ ജനത സംസ്ഥാന പദവിക്കായും ഭരണഘടനയുടെ ആറാം ഷെഡ്യൂളിൽ ലഡാക്കിനെ ഉൾപെടുത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ആറാം ഷെഡ്യൂൾ പ്രകാരം, സ്വയംഭരണ ജില്ലാ കൗൺസിലുകൾക്ക് ഭൂവിനിയോഗം, അനന്തരാവകാശ നിയമങ്ങൾ, സാമൂഹിക ആചാരങ്ങൾ എന്നിവ കൈകാര്യം ചെയ്യാൻ സാധിക്കും.

നികുതി പിരിക്കാനും പ്രാദേശിക വിഭവങ്ങൾ കൈകാര്യം ചെയ്യാനുമുള്ള നിയമനിർമ്മാണം നടത്താനുള്ള അധികാരവും ലഭിക്കും. അസം, മേഘാലയ, മിസോറാം, ത്രിപുര എന്നീ സംസ്ഥാനങ്ങളിൽ ഈ നിയമം നിലവിലുണ്ട്. മാഗ്സെസ അവാർഡ് ജേതാവും പരിസ്ഥിതി വിദഗ്ധനും വിദ്യാഭ്യാസ പ്രവർത്തകനുമായ സോനം വാങ്ചുക്കിന്റെ നേതൃത്വത്തിൽ ലേ അപെക്സ് ബോഡി (എൽ.എ.ബി)യും കാർഗിൽ ഡെമോക്രാറ്റിക് അലയൻസും ചേർന്നു പ്രക്ഷോപം തുടരുകയാണ്. ഇതിന്റെ ഭാഗമയി എൽ.എ.ബി സെപ്തംബർ 10 നു ആരംഭിച്ച നിരാഹാര സമരം 35-ാം ദിവസം അക്രമാസക്തമായിമാറുകയായിരുന്നു. നിരാഹാരസമരം നടത്തിയവരുടെ ആരോഗ്യ നില വഷളായത് സ്ഥിതിഗതിയിൽ മാറ്റം വരുത്തി. ആരോഗ്യസ്ഥിതി മോശമായ രണ്ടു വൃദ്ധ വനിതപ്രവർത്തകരെ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടതിനെ തുടർന്നു ലഡാക്കിന്റെ തലസ്ഥാനമായ ലേയിൽ സമരക്കാർ തെരുവിലിറങ്ങി. ബന്ദിനുആഹ്വാനം ചെയ്തു. തീവെപ്പിൽ സർക്കാർ സ്ഥാപനങ്ങളും ബി.ജെ.പി ഓഫീസും കത്തിനശിച്ചു. പോലീസ് വെടിവെപ്പിൽ നാലുപേർ മരണപ്പെട്ടു. പോലീസ്കാരടക്കം നിലവധി പേർക്കു പരിക്കേറ്റു. പോലീസ്നിരോധനാജ്ഞപ്രഖ്യാപിച്ചു. അക്രമാസക്തമായതിനെ തുടർന്നു സമരം നിർത്തിവെക്കാം സോനം വാങ് ചുക്കു ആവശ്യപ്പെട്ടു. ലഡാക്ക് തന്ത്രപരമായ പ്രാധാന്യമുള്ള ഒരു മേഖലയാണ്. ജനങ്ങളുടെ ന്യായമായ ആശങ്കകൾ പരിഹരിക്കുകയും സ്ഥിതിഗതികൾ വഷളാകാതിരിക്കാൻ സർക്കാർ ജാഗ്രപുലർത്തുകയും വേണമായിരുന്നു.

എന്നാൽ കേന്ദ്രസർക്കാർ ബലിയാടിനെ കണ്ടെത്താനുള്ള ശ്രമത്തിലാണ്. സോനം വാങ് ചുക്കിന്റെ അറസ്റ്റ് തെളിയിക്കുന്നത് അതാണ്. സമരം അക്രമാസക്തമാകാൻ കാരണം സോനം വാഗ്ചുക്കിന്റെ പ്രസംഗങ്ങളാണെന്നാണ് കേന്ദ്ര ആഭ്യന്തര വകുപ്പ് ആരോപിക്കുകയാണ്. പാക്കിസ്ഥാനിൽ നടന്ന പരിസ്ഥിതി സമ്മേളനത്തിൽ പങ്കെടുത്തതും ഷേക്ക് ഹസീനയുടെ ഭരണകാലത്ത് ബംഗ്ലാദേശ് സന്ദർശിച്ചതും സോനം വാങ് ചുക്കിനെതിരെയുള്ള വൻ കുറ്റമായി സർക്കാർ കാണുകയാണ്. യുവാക്കൾക്കിടയിൽ നിലനിൽക്കുന്ന അസംതൃപ്തിയെക്കുറിച്ച് വാങ്ചുക്ക് രണ്ടുവർഷം മുമ്പ് മുന്നറിയിപ്പ് നൽകിയിരുന്നു.

ബന്ധപ്പെട്ടവർ ആ മുന്നറിയിപ്പ് അവഗണിക്കുകയായിരുന്നു. രാജ്യദ്രോഹക്കുറ്റം, സാമ്പത്തിക കുറ്റം, ഭൂമി കയ്യേറ്റം തുടങ്ങി വിവിധകുറ്റങ്ങൾചുമത്തിവാഗ്ചുക്കിനെ നിശബ്ദനാക്കാനുള്ള ശ്രമത്തിലാണ് അധികൃതർ. വാങ് ചുക്കിന്റെ നേതൃത്വത്തിൽ ലാഭേച്ഛയില്ലാതെപ്രവർത്തിക്കുന്നസ്റ്റുഡന്റ്സ് എജ്യുക്കേഷണൽ ആൻഡ് കൾച്ചറൽ മൂവ്മെന്റ് ഓഫ് ലഡാക്ക് എന്ന സംഘടനയുടെ വിദേശ സംഭാവന സ്വീകരിക്കാനുള്ള അനുമതി കേന്ദ്രസർക്കാർ റദ്ദാക്കി. അദ്ദേഹത്തിന്റെ സന്നദ്ധ സംഘടനയായ ഹിമാലയൻ ഇൻസ്റ്റ്യൂട്ട് ഓഫ് ഓൾട്ടർനേറ്റീവ് ലഡാക്കിനു (എച്ച്.ഐ.എ.എൽ) നൽകിയ ഭൂമി സർക്കാർ തിരിച്ചെടുക്കുകയും ചെയ്തു.

സോനം മേഖലയിലെ ഏറെ ആദരണീയനായ നേതാവാണ്. ലഡാക്കിലെ ജനങ്ങളുടെ ആവശ്യങ്ങൾ ഉയർത്തിക്കാട്ടുന്നതിൽ അദ്ദേഹം ആരെയും ഭയപ്പെട്ടാറില്ല. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ അറേബ്യൻ വസന്തത്തെക്കുറിച്ചും നേപ്പാളിലെ ഇസഡ് പ്രതിഷേധങ്ങളെക്കുറിച്ചും സൂചിപ്പിക്കാറുണ്ടായിരുന്നു. ആ പ്രസംഗങ്ങൾ ഏറ്റുപിടിച്ചാണ് സോനം വാങ് ചുക്കിൽ രാജ്യദ്രോഹക്കുറ്റം ആരോപിക്കുന്നത്. കഴിഞ്ഞ വർഷം മാർച്ചിൽ, ലഡാക്കിന് പൂർണ്ണ സംസ്ഥാന പദവി നൽകണമെന്നും ആറാം ഷെഡ്യൂളിൽ ഉൾപ്പെടുത്തണമെന്നും ആവശ്യപ്പെട്ട് അദ്ദേഹം 21 ദിവസത്തെ നിരാഹാര സമരം നടത്തിയിരുന്നു. കഴിഞ്ഞ ഒക്ടോബറിൽ, ലഡാക്കിൽ നിന്ന് ഡൽഹിയിലേക്ക് ഒരു മാർച്ച് നടത്തിയ അദ്ദേഹത്തെ സിംഘു അതിർത്തിയിൽ വെച്ചു പോലീസ് കസ്റ്റഡിയിലെടുത്തു.

വാങ് ചുക്കിന്റെ അറസ്റ്റ് മേഖലയെ മറ്റൊരു കലാപത്തിലേക്ക് കൊണ്ടെത്തിക്കുമോ എന്നആശങ്കയുണ്ട്. ജമ്മു കാശ്മീരും സമ്പൂർണ്ണ സംസ്ഥാന പദവിക്കായി ആവശ്യപ്പെട്ടു കൊണ്ടിരിക്കുകയാണ്. സംസ്ഥാന പദവിയും സ്വയംഭരണാവകാശവും മാറ്റിവെച്ചാൽ പോലും ലഡാക്കിലെ യുവജനങ്ങൾ അസ്വസ്ഥരാണ്. ലഡാക്കിലെ ബിരുദധാരികളിൽ 26.5 ശതമാനം പേർതൊഴിൽരഹിതരാണ്. ഈ കണക്ക് ദേശീയ ശരാശരിയുടെ ഇരട്ടിയാണ്. ബിരുദധാരികളായ തൊഴിൽരഹിതരുടെ ദേശീയ തലത്തിലെ സംഖ്യ 13.4 ശതമാനമാണ്.

കേന്ദ്രം അഞ്ചുവർഷം മുമ്പ് ലഡാക്കിന് സംസ്ഥാന പദവി നൽകുമെന്ന് ഉറപ്പു നൽകിയിരുന്നു. എന്നാൽ അത് നടപ്പിലായില്ല. ഇതിൽ പ്രതിഷേധിച്ചുകഴിഞ്ഞ ഹിൽ കൗൺസിൽ തിരഞ്ഞെടുപ്പ് ബഹിഷ്കരിക്കാൻ അവിടത്തെ ജനത തീരുമാനിച്ചതായിരുന്നു. അപ്പോഴും കേന്ദ്രം ഉറപ്പാവർത്തിച്ചു. ഹിൽകൗൺസിൽ തിരഞ്ഞെടുപ്പിൽ ജയം ബി.ജെ.പിക്കു അനുകൂലമായിട്ടും കേന്ദ്രസർക്കാർ ഉറപ്പുപാലിക്കപ്പെട്ടില്ല. ഇതിന്നുള്ള തിരിച്ചടി ലഡാക്കിലെ ജനത കഴിഞ്ഞ ലോകസഭാ തിരഞ്ഞെടുപ്പിൽ ബി.ജെ.പിക്ക് നൽകുകയും ചെയ്തു. കഴിഞ്ഞ രണ്ടുതവണ വിജയിച്ച ലഡാക്കിലെ ഏക ലോക സഭാ സീറ്റിൽ വിജയിച്ച ബി.ജെ.പി 2024 ലെ തിരഞ്ഞെടുപ്പിൽ മൂന്നാം സ്ഥാനത്തേക്ക് തള്ളപ്പെട്ടു. സർക്കാരിന്റെ ഈ പ്രതികാരനടപടി ലഡാക്കിലെ ജനത പൊറുക്കുമെന്നു തോന്നുന്നില്ല. കാരണം അത്രയ്ക്ക് പ്രിയപ്പെട്ടവനാണ് ലഡാക്കുകാർക്കയാൾ. മാത്രമല്ല, തന്റെ എഞ്ചിനീയറിങ് വൈദഗ്ദ്യം നാടിന്റെ അഭിവൃദ്ധിക്ക് വേണ്ടി ഉപയോഗപ്പെടുത്താനാണ് വാങ്ചുക്ക് എന്നും ശ്രമിച്ചു പോന്നിട്ടുള്ളത്. കാലാവസ്ഥാ വ്യതിയാനം കാരണം വലിയ പ്രതിസന്ധിയിലായ ലഡാക്കിലെ ജലക്ഷാമം പരിഹരിക്കുന്നതിന് ആവശ്യമായ പല കണ്ടുപിടുത്തങ്ങളും നവീന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള സജ്ജീകരണങ്ങളും അദ്ദേഹം കണ്ടെത്തി എന്നതും അത്ര ചെറിയ കാര്യമല്ല.

എമ എൽസ എൽവിൻ

# സാമ്പത്തിക പ്രതിസന്ധിയിൽ പാക്കിസ്ഥാൻ; അമേരിക്കയ്ക്ക് ആ 50 കോടി നഷ്ടമാകുമോ?

പാകിസ്ഥാന് എക്കാലത്തും അമേരിക്കയുടെ സഹായം ലഭിച്ചിരുന്നു. അഫ്ഗാനിലെ സോവിയറ്റ് അധിനിവേശ കാലത്ത് അവരെ നേരിടാനും പിന്നീട് ഭീകരതക്കെതിരായ യുദ്ധം എന്ന പേരിലുമെല്ലാം യുഎസിൽ നിന്ന് സഹായം ലഭിച്ചുകൊണ്ടിരുന്ന രാജ്യമാണ് പാക്കിസ്ഥാൻ. ഒടുവിൽ ഉസാമ ബിൻ ലാദിനെ ഇസ്ലാമാബാദിൽ നിന്ന് അമേരിക്ക കണ്ടെത്തിയതോടെ പാകിസ്ഥാൻ മുഖംമൂടി വീഴുകയായിരുന്നു.

ഡൊണാൾഡ് ട്രംപ് ആദ്യതവണ അധികാരത്തിലെത്തിയ വേളയിൽ പാകിസ്ഥാന് നൽകി വന്നിരുന്ന സാമ്പത്തിക സഹായം നിർത്തിവയ്ക്കുകയാണ് ചെയ്തത്. എന്നാൽ വീണ്ടും അമേരിക്കയെ പാകിസ്ഥാൻ വരുതിയിലാക്കിയത് രാജ്യത്തെ ധാതു സമ്പത്ത് കാണിച്ചാണ്. ഇന്ത്യയ്ക്ക് വരെ 50 ശതമാനം ഇറക്കുമതി ചുങ്കം ചുമത്തിയ ഡൊണാൾഡ് ട്രംപ് പാകിസ്ഥാന് ചുമത്തിയത് 19 ശതമാനം മാത്രമാണ്.



അതേസമയം ഇപ്പോൾ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ് പാകിസ്ഥാൻ. കടം കുമിഞ്ഞ് കൂടിയെന്ന് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. ഇതിൽ നിന്ന് രക്ഷ കിട്ടാൻ പാകിസ്ഥാൻ കണ്ടെത്തിയ വഴി രാജ്യത്തെ ധാതു സമ്പത്ത് ലേലം ചെയ്യുക എന്നതാണ്. കഴിഞ്ഞ ഏപ്രിലിൽ ഇസ്ലാമാബാദിൽ നിക്ഷേപ സംഗമം നടത്തി. ലോകത്തെ പല രാജ്യങ്ങളിൽ നിന്നുള്ള വ്യവസായികൾ പങ്കെടുത്തിരുന്നു.

അതിന്റെ തുടർച്ചയാണ് അടുത്തിടെ അമേരിക്കയും പാകിസ്ഥാനും ഒപ്പുവച്ച കരാർ. മിസൂരിയിലുള്ള യുഎസ്എസ്എം എന്ന കമ്പനിയും പാകിസ്ഥാനിലെ എഫ്ഡബ്ല്യുഒ എന്ന കമ്പനിയും തമ്മിൽ ഒപ്പുവച്ച 50 കോടി ഡോളറിന്റെ കരാർ പ്രധാനമായും അപൂർവ ധാതുക്കൾ, ലിഥിയം, ചെമ്പ്, സ്വർണം എന്നിവയുടെ ഖനനത്തിനായുള്ളതാണ്. ഈ കരാർ രാജ്യത്തിന്റെ സാമ്പത്തിക രംഗത്തിന് ഉണർവേകുമെന്നാണ് പ്രധാനമന്ത്രി ഷഹബാസ് ഷരീഫിന്റെ ഓഫീസ് വ്യക്തമാക്കിയിരുന്നത്.

## ഗുണം കിട്ടുമോ എന്ന കാര്യം സംശയം

അപൂർവ ധാതുക്കൾ ഏറെയുള്ള രാജ്യമാണ് ചൈന. അടുത്തിടെ ഇവർ കയറ്റുമതി നിരോധിച്ചതോടെയാണ് അമേരിക്ക പാകിസ്ഥാനെ നോട്ടമിട്ടത്. വേഗത്തിൽ വഴങ്ങാൻ പാകിസ്ഥാന് ഇറക്കുമതി ചുങ്കം കുറച്ചുകൊടുക്കുകയും ചെയ്തു. എന്നാൽ ഇതിന്റെ ഗുണം അമേരിക്കക്ക് കിട്ടുമോ എന്ന കാര്യം സംശയമാണ്. കാരണം അടുത്തിടെ യുഎസ് ജിയോളജിക്കൽ സർവെ അപൂർവ ധാതുക്കളുള്ള രാജ്യങ്ങളുടെ പട്ടിക പുറത്തിറക്കിയിരുന്നു. ഇതിലെ 15 രാജ്യങ്ങളിൽ പാകിസ്ഥാൻ ഇല്ല.

ബലൂചിസ്ഥാൻ, ഖൈബർ പക്തുൻക, ഗിൽജിത് ബാൾട്ടിസ്ഥാൻ തുടങ്ങിയ മേഖലയിലാണ് പാകിസ്ഥാനിൽ അപൂർവ ധാതുക്കളും സ്വർണവും ചെമ്പും ഉണ്ട് എന്ന് പറയപ്പെടുന്നത്. ഒന്നര കോടി ജനങ്ങൾ താമസിക്കുന്ന ബലൂചിസ്ഥാനിലാണ് സ്വർണവും ചെമ്പും ഏറെയുള്ളത്. എന്നാൽ ഇവിടെ സർക്കാരിനെതിരെ കടുത്ത പ്രതിഷേധം നടക്കുന്നത് തിരിച്ചടിയാണ്. മാത്രമല്ല ഖനനം അത്ര എളുപ്പവും ആകില്ല.

## സർക്കാരിന് സ്വാധീനം കുറവാണ്

ഖൈബർ പക്തുൻക്വയിൽ അഫ്ഗാനിൽ നിന്നുള്ള സായുധ സംഘങ്ങൾ കുഴപ്പം ഉണ്ടാക്കുന്നു എന്നാണ് പാകിസ്ഥാൻ പറയുന്നത്. വലിയ തോതിൽ ധാതു സമ്പത്തുണ്ട് എന്ന് കരുതുന്ന വസീറിസ്താനിൽ ആദിവാസി വിഭാഗങ്ങൾക്ക് ശക്തമായ സ്വാധീനമാണ്. ഇവിടെ സർക്കാരിന് സ്വാധീനം കുറവാണ്. ചെമ്പ് കൂടുതലുള്ള സെയ്ദക് മേഖല ഇറാൻ അതിർത്തിയിലാണ്. ഇവിടെ ചൈനയുടെ എംസിസിയാണ് ഖനനം നടത്തുന്നത്.

സെയ്ദിക്കിൽ നിന്ന് 150 കിലോമീറ്റർ അകലെയുള്ള റെക്കോ ദിക് ഖനിയിൽ സ്വർണവുംചെമ്പുമാണ്ഉള്ളത്. കനേഡിയൻ കമ്പനിക്കാണ് ഈ ഖനിയുടെ കൂടുതൽ ഓഹരി. എത്രയാണ് ഇവിടെയുള്ള ധാതു സമ്പത്ത് എന്ന് കൃത്യമായി കണക്കാൻ ഇതുവരെ പാകിസ്ഥാന് സാധിച്ചിട്ടില്ല. ഏകദേശ കണക്കുകൾ മാത്രമാണ് പുറത്തുവന്നിട്ടുള്ളത്. പാകിസ്ഥാനിൽ വലിയ ക്രൂഡ് ഓയിൽ ശേഖരമുണ്ട് എന്ന റിപ്പോർട്ടുകൾ അടുത്തിടെ വന്നിരുന്നു. ഇതിൽ ലക്ഷ്യമിട്ട് കൂടിയാണ് ട്രംപ് പാകിസ്ഥാന് നികുതി ഇളവ് പ്രഖ്യാപിച്ചത്.



# ടെസ്റ്റിലും താണ്ഡവമാടി ഇന്ത്യൻ സൂപ്പർ കിഡ്

ബ്രിസ്ബേനിലെ ഇയാൻ ഹീലി ഓവലിൽ ഇന്ത്യൻ അണ്ടർ 19ന് വേണ്ടി സെഞ്ച്വറി കുറിച്ച് വൈഭവ് സൂര്യവംശി. രണ്ടാം ദിനത്തിൽ 78 പന്തിൽ നിന്ന് സെഞ്ച്വറി നേടിയാണ് വൈഭവ് സൂര്യവംശി റെക്കോർഡ് നേട്ടം കൈവരിച്ചത്.ആദ്യ ദിനം ഓസ്ട്രേലിയയെ 243 റൺസിന് ഓൾ ഔട്ടാക്കിയതിന് ശേഷം, ഇന്നിംഗ്സ് ആരംഭിച്ച സൂര്യവംശി ഇന്ത്യയുടെ മികച്ച പ്രതികരണത്തിന് നേതൃത്വം നൽകി.സൂര്യവംശി 86 പന്തിൽ നിന്ന് 113 റൺസ് നേടി, ഒമ്പത് ഫോറുകളും എട്ട് സിക്സറുകളും ഉൾപ്പെടുന്ന ഇന്നിംഗ്സായിരുന്നു അത്. തുടർച്ചയായ പന്തുകളിൽ സിക്സും ഫോറും നേടി സൂര്യവംശി ഈ നാഴികക്കല്ല് പിന്നിട്ടു. യൂത്ത് ടെസ്റ്റ് ചരിത്രത്തിലെ ഏറ്റവും വേഗതയേറിയ രണ്ടാമത്തെ സെഞ്ച്വറിയാണ് സൂര്യവംശിയുടെ 78 പന്തിൽ നിന്നുള്ള സെഞ്ച്വറി. ഈ വർഷം ജൂലൈയിൽ ഇംഗ്ലണ്ട് ഡ19 നെതിരെ നടന്ന മത്സരത്തിൽ വെറും 64 പന്തിൽ മൂന്ന് അക്ക സ്കോർ നേടിയ ആയുഷ് മാത്രെയ്ക്ക് തൊട്ടുപിന്നാലെയാണ് സൂര്യവംശിയുടെ 78 പന്തിൽ നിന്നുള്ള സെഞ്ച്വറി.14 വയസ്സുകാരനായ സൂര്യവംശിയുടെ സെഞ്ച്വറി ഓസ്ട്രേലിയൻ മണ്ണിൽ ഒരു യൂത്ത് ടെസ്റ്റിൽ ഏതൊരു ബാറ്റ്സ്മാനും നേടുന്ന ഏറ്റവും വേഗതയേറിയ സെഞ്ച്വറി കൂടിയാണ്.214 വർഷവും 188 ദിവസവും പ്രായമുള്ള സൂര്യവംശി, ഓസ്ട്രേലിയയിൽ ഒരു യൂത്ത് ടെസ്റ്റിൽ സെഞ്ച്വറി നേടുന്ന ചരിത്രത്തിലെ ഏറ്റവും പ്രായം കുറഞ്ഞ ബാറ്റ്സ്മാൻ കൂടിയാണ്. ഈ വർഷം ജൂലൈയിൽ, 15 വയസ്സ് തികയുന്നതിനുമുമ്പ് അതേ യൂത്ത് ടെസ്റ്റിൽ അർദ്ധസെഞ്ച്വറി നേടുകയും വിക്കറ്റ് നേടുകയും ചെയ്ത ആദ്യ കളിക്കാരനായി സൂര്യവംശി മാറി.

## ഇന്ത്യയോട് തോറ്റവർക്ക് എൻഒസി ഇല്ല; കർശന നടപടിയുമായി പാക്കിസ്ഥാൻ

ന്യൂഡൽഹി: ഏഷ്യാ കപ്പിൽ ഇന്ത്യയ്ക്കെതിരായ തുടർച്ചയായ തോൽവികൾക്ക് പിന്നാലെ സ്വന്തം ടീം അംഗങ്ങൾക്കെതിരെ കർശന നടപടി സ്വീകരിച്ച് പാകിസ്ഥാൻ ക്രിക്കറ്റ് ബോർഡ് (പിസിബി). ഏഷ്യാ കപ്പ് ഫൈനലിൽ പാകിസ്ഥാൻ ടീം ഇന്ത്യയോട് തോറ്റതിന് പിന്നാലെയാണ് പിസിബിയുടെ നടപടി.രാജ്യത്തിന് പുറത്തുനടക്കുന്ന ടി20 ലീഗുകളിൽ പങ്കെടുക്കുന്ന കളിക്കാർക്കുള്ള എല്ലാ നോ-ഒബ്ജക്ഷൻ സർട്ടിഫിക്കറ്റുകളും (എൻഒസി) താൽക്കാലികമായി നിർത്തിവെക്കാൻ പാകിസ്ഥാൻ പിസിബി തീരുമാനിച്ചതായാണ് റിപ്പോർട്ട്.

## വേദിയിൽ തന്നെ കാർട്ടൂൺ പോലെയാക്കി; ഏഷ്യാകപ്പ് ട്രോഫി വിവാദത്തിൽ ഇന്ത്യക്കെതിരെ മൊഹ്സിൻ നഖ്വി



ദുബായ് : ഏഷ്യാകപ്പ് ജേതാക്കളായ ഇന്ത്യൻ ടീമിന് ട്രോഫി കൈമാറാത്തത് സംബന്ധിച്ച വിവാദത്തിൽ പ്രതികരിച്ച് ഏഷ്യൻ ക്രിക്കറ്റ് കൗൺസിൽ ചെയർമാനും, പിസിബി ചെയർമാനുമായ മൊഹ്സിൻ നഖ്വി. ടൂർണമെന്റ് ജേതാക്കളായ ഇന്ത്യ നഖ്വിയിൽ നിന്ന് ട്രോഫി വാങ്ങില്ലെന്ന അറിയിച്ചതോടെ ട്രോഫിയുമായി നഖ്വി മടങ്ങിയത് വിവാദങ്ങൾക്കിടയാക്കിയിരുന്നു.എന്നാൽ ട്രോഫി ഇന്ത്യയ്ക്ക് തിരികെ നൽകണമെന്നാണ് ബിസിസിഐ ആവശ്യപ്പെടുന്നത്. ഇത് നഖ്വി തള്ളി. ഏഷ്യാ കപ്പ് ട്രോഫി സ്വീകരിക്കേണ്ടതില്ലെന്ന ഇന്ത്യൻ ടീമിന്റെ തീരുമാനം തന്നെ മുൻകൂട്ടി അറിയിച്ചിട്ടില്ലെന്നാണ് നഖ്വി പറയുന്നത്. മത്സരശേഷം സൂര്യകുമാർ യാദവിനും സംഘത്തിനും മെഡലുകളും ട്രോഫിയും കൈമാറാൻ എസിസി ചെയർമാൻ വേദിയിൽ എത്തിയിരുന്നു. വേദിയിൽ ഇന്ത്യൻ ടീം വരാൻ കാത്തുനിന്നപ്പോൾ തന്നെ കാർട്ടൂൺ ആക്കി മാറ്റിയ പോലെ തോന്നിയെന്ന് അദ്ദേഹം പറഞ്ഞു.ബിസിസിഐയുടെ ദുബൈ ഓഫീസിൽ ട്രോഫി സൂക്ഷിക്കണമെന്നും അവിടെ നിന്ന് ഇന്ത്യൻ ടീമിന് അയയ്ക്കണമെന്നും ബിസിസിഐ വൈസ്പ്രസിഡന്റ് രാജീവ് ശുക്ലയും ട്രഷറർ ആശിഷ് ഷേലറും നഖ്വിയോട് ആവശ്യപ്പെട്ടിരുന്നു.

## രണ്ട് താരങ്ങളെ ടീമിലേക്ക് തിരികെ വിളിച്ച് കേരള ബ്ലാസ്റ്റേഴ്സ്

ഒക്ടോബർ 25 ന് സൂപ്പർ ടൂർണമെന്റ് ആരംഭിക്കാൻ പോകുകയാണ്. ഇന്ത്യൻ സൂപ്പർ ലീഗുമായി ബന്ധപ്പെട്ട് അനിശ്ചിതത്വം തുടരുന്ന സമയത്താണ് സൂപ്പർ കപ്പ് വരുന്നത്.എന്തായാലും, ഇടവേളയ്ക്ക് ശേഷം സൂപ്പർ ക്ലബ്ബുകൾ ഫുട്ബോൾ കളിക്കുന്നത് കാണാൻ ആരാധകർ കാത്തിരിക്കുകയാണ്. വരാനിരിക്കുന്ന സൂപ്പർ ലീഗിൽ കേരള ബ്ലാസ്റ്റേഴ്സ് ആരാധകർക്കും വലിയ പ്രതീക്ഷകളുണ്ട്.ഏഴാം തീയ്യതി മുതൽ ഗോവയിൽ ടീമിന്റെ പരിശീലനം ആരംഭിക്കുമെന്നാണ് ടീം വൃത്തങ്ങൾ വ്യക്തമാക്കുന്നത്. ഇതിന് മുന്നോടിയായി ഇന്ത്യൻ ടീമിന്റെ ഭാഗമായിരുന്ന തങ്ങളുടെ രണ്ട് സൂപ്പർ താരങ്ങളെ ടീമിലേക്ക് തിരികെ വിളിച്ചിരിക്കുകയാണ് കേരള ബ്ലാസ്റ്റേഴ്സ്. മുഹമ്മദ് ഐമനേയും വിബിൻ മോഹനനേയുമാണ് ബ്ലാസ്റ്റേഴ്സ് ഇന്ത്യൻ ടീമിൽ നിന്ന് തിരികെ വിളിച്ചിരിക്കുന്നത്.22കാരനായ വിബിൻ മോഹനൻ സെൻട്രൽ മിഡ്ഫീൽഡർ റോളിലും ഡിഫൻസീവ് മിഡ്ഫീൽഡർ റോളിലും തകർത്ത് കളിക്കുന്ന താരമാണ്. ഇന്ത്യ അണ്ടർ 23 ടീമിനൊപ്പം തകർത്ത് കളിക്കുന്നവരിലൊരാളാണ് വിബിൻ. 2022 മുതൽ കേരള ബ്ലാസ്റ്റേഴ്സിന്റെ ഭാഗമാണ് വിബിൻ. സൂപ്പർ കപ്പിന് മുന്നോടിയായി വിബിനെ തിരികെ വിളിച്ച് ടീമിന്റെ കരുത്തുയർത്താം എന്നാണ് ക്ലബ്ബ് ലക്ഷ്യമിടുന്നത്.



# ലോക ചാംപ്യൻമാരായി തിരിച്ചെത്തിയപ്പോൾ തന്നത് 25 ലക്ഷത്തിന്റെ വണ്ടിച്ചെക്ക്; വെളിപ്പെടുത്തലുമായി സയീദ് അജ്മൽ

ന്യൂഡൽഹി: പാക് സർക്കാരിനെതിരെ ഗുരുതര വെളിപ്പെടുത്തലുമായി മുൻ പാക് ക്രിക്കറ്റ് താരം. 2009 ൽ പാകിസ്ഥാൻ ടി20 ലോക ചാമ്പ്യൻമാരായപ്പോൾ നടന്ന സംഭവമാണ് മുൻ സ്പിന്നർ സയീദ് അജ്മൽ വെളിപ്പെടുത്തിയത്. ടി20 ലോകകപ്പ് രണ്ടാം എഡിഷനിലെ ജേതാക്കളായിരുന്നു യൂനുസ് ഖാൻ നയിച്ച പാകിസ്ഥാൻ ടീം. ശ്രീലങ്കയെ തോൽപ്പിച്ച് കീരീടവുമായി തിരിച്ചെത്തിയ പാക് ടീമിലെ ഓരോ അംഗങ്ങൾക്കും അന്നത്തെ



പ്രധാനമന്ത്രിയായിരുന്ന യുസുഫ് റാസ ഗിലാനി 25 ലക്ഷത്തിന്റെ ചെക്ക് നൽകി. എന്നാൽ, ഈ ചെക്കുമായി ബാങ്കിലെത്തിയപ്പോൾ ബൗൺസ് ആയി എന്നാണ് സയീദ് അജ്മലിന്റെ വെളിപ്പെടുത്തൽ.ഒരു യൂട്യൂബ് ചാനലിനോടാണ് സയീദ് അജ്മലിന്റെ വെളിപ്പെടുത്തൽ. ലോക ചാംപ്യന്മാരായി പാകിസ്ഥാനിൽ തിരിച്ചെത്തിയപ്പോൾ കാര്യമായ പണമൊന്നും ലഭിച്ചിരുന്നില്ല.പിന്നാലെ, ശ്രീലങ്കയിലേക്കുള്ള പര്യടനത്തിനും പോയി. അന്നത്തെ പ്രധാനമന്ത്രി ടീമിനെ വിളിച്ചു വരുത്തി എല്ലാവർക്കും 25 ലക്ഷം രൂപയുടെ ഓരോ ചെക്ക് വീതം നൽകി. ഇത് ലഭിച്ചപ്പോൾ വലിയ സന്തോഷമായി. കാരണം ഈ ചെക്ക് മാത്രമായിരുന്നു ആകെ ലഭിച്ച പാരിതോഷികം.പക്ഷെ, ചെക്കുമായി ബാങ്കിലെത്തിയപ്പോൾ ബൗൺസായി. സർക്കാർ നൽകിയ ചെക്ക് ബൗൺസായപ്പോൾ ഞെട്ടിപ്പോയെന്നും സയീദ് അജ്മൽ പറഞ്ഞു.



## ‘നിങ്ങൾക്ക് ഇനി പന്തെറിയുന്ന കൈകൾക്ക് അൽപം വിശ്രമം നൽകാം, ഒപ്പം, എന്റെ കാലിനും! ?

ഇംഗ്ലണ്ടിന്റെ സ്റ്റാർ പേസറായ ക്രിസ് വോക്സ് കഴിഞ്ഞ ദിവസമാണ് അന്താരാഷ്ട്ര ക്രിക്കറ്റിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ചത്. ഇന്ത്യക്കെതിരായ ടെസ്റ്റ് പരമ്പരയിലെ മാഞ്ചസ്റ്റർ ടെസ്റ്റിനിടെ തോളിന് ഗുരുതരമായി പരിക്കേറ്റിട്ടും, ടീമിന് വേണ്ടി അദ്ദേഹം ബാറ്റിങ്ങിനിറങ്ങിയതിന്റെ ചിത്രങ്ങൾ അന്ന് വൈറലായിരുന്നു.?ഇപ്പോഴിതാ, വോക്സിന്റെ വിടവാങ്ങലിൽ ഇന്ത്യൻ വിക്കറ്റ് കീപ്പർ ബാറ്ററായ റിഷഭ് പന്ത് നടത്തിയ രസകരമായ പ്രതികരണമാണ് സോഷ്യൽ മീഡിയയിൽ തരംഗമായിരിക്കുന്നത്. തന്റെ കാലിന് വോക്സ് ‘പണി’ തന്നതിനെക്കുറിച്ച് സൂചിപ്പിച്ചാണ് പന്ത് ആശംസ അറിയിച്ചിരിക്കുന്നത്.വിരമിക്കൽ ആശംസകൾ വോക്സീ... ഫീൽഡിൽ നിങ്ങളുടെ പ്രകടനങ്ങൾ അവിസ്മരണീയമായിരുന്നു. നിങ്ങൾ എന്നും അച്ചടക്കമുള്ളവനും, മനോഹരമായി പുഞ്ചിരിക്കുന്ന, നല്ലൊരു വൈബുള്ള വ്യക്തിയുമാണ്. ?ഇനി നിങ്ങൾക്ക് പന്തെറിയുന്ന കൈകൾക്ക് അൽപം വിശ്രമം നൽകാം. ഒപ്പം, എന്റെ കാലിനും! ?പക്ഷേ, എന്റെ കാലിൽ ഒരു ‘മാർക്ക്’ അവശേഷിപ്പിച്ചാണ് താങ്കൾ വിരമിക്കുന്നത്. ഇനിയുള്ള ജീവിത യാത്രയ്ക്ക് എല്ലാ ആശംസകളും നേരുന്നു.’’ഇംഗ്ലണ്ടിനെതിരായ ടെസ്റ്റ് പരമ്പരക്കിടെ, ക്രിസ് വോക്സിന്റെ പന്തിൽ റിവേഴ്സ് സ്വീപ്പിന് ശ്രമിക്കവെയാണ് ഋഷഭ് പന്തിന് പരിക്കേറ്റത്. ഈ സംഭവത്തെയാണ് പന്ത് തന്റെ പോസ്റ്റിൽ രസകരമായി പരാമർശിച്ചത്.

# ദിനേഷ് കാർത്തിക് വീണ്ടും കളത്തിൽ!

അബുദാബി: മുൻ ഇന്ത്യൻ വിക്കറ്റ് കീപ്പർ ബാറ്റ്സ്മാനും കമന്റേറ്ററുമായ ദിനേശ് കാർത്തിക് യൂത്ത് ക്രിക്കറ്റിലേക്ക് തിരിച്ചെത്തുന്നു. ഇത്തവണ എമിറേറ്റ്സ് ക്രിക്കറ്റ് ബോർഡ് സംഘടിപ്പിക്കുന്ന ഇന്റർനാഷണൽ ലീഗ് ടി20 (ഐഎൽടി20) മത്സരത്തിലൂടെയാണ് താരം അരങ്ങേറ്റം കുറിക്കുന്നത്. ഷാർജ വാരിയേഴ്സിനായാണ് കാർത്തിക് കളിക്കുക.ശ്രീലങ്കൻ താരം കുശാൽ മെൻഡിസിന് പകരക്കാരനായി കാർത്തിക് എത്തുന്നു. മുൻ ദക്ഷിണാഫ്രിക്കൻ താരം ജെപി ഡുമിനിയാണ് ഷാർജ വാരിയേഴ്സിനെ പരിശീലിപ്പിക്കുന്നത്. അടുത്ത വർഷം ജനുവരി 10 മുതൽ ഫെബ്രുവരി 11 വരെ ടൂർണമെന്റ് നടക്കും.2013ൽ മുംബൈ ഇന്ത്യൻസിനൊപ്പം ഐപിഎൽ ചാംപ്യനായിട്ടുണ്ട് കാർത്തിക്. 2007ലെ പ്രഥമ ടി20 ലോകകപ്പിൽ കിരീടം നേടിയ ഇന്ത്യൻ ടീമിലും 2013ൽ ചാംപ്യൻസ് ട്രോഫി നേടിയ ഇന്ത്യൻ ടീമിലും കാർത്തിക് അംഗമായിരുന്നു.അന്താരാഷ്ട്ര, ഐപിഎൽ മത്സരങ്ങളിൽ നിന്നു വിരമിച്ച ശേഷം കാർത്തിക് റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിന്റെ ബാറ്റിങ് കോച്ചായും പ്രവർത്തിച്ചിട്ടുണ്ട്. ഇത്തവണ ഐപിഎൽ കിരീടം നടാടെ ആർസിബി ഉയർത്തിയപ്പോൾ താരവും കോച്ചിങ് സ്റ്റാഫിൽ അംഗമായിരുന്നു.412 ടി20 മത്സരങ്ങളിൽ 364 ഇന്നിങ്സ് കളിച്ച് 7,437 റൺസാണ് കാർത്തിക് നേടിയത്. 35 അർധ സെഞ്ചുറികളും ഈ ഫോർമാറ്റിലുണ്ട്. 136.66 ആണ് സ്ട്രൈക്ക് റേറ്റ്. ഇന്ത്യൻ ജേഴ്സിയിൽ 60 ടി20 മത്സരങ്ങൾ കളിച്ചു. 48 ഇന്നിങ്സുകൾ ബാറ്റ് ചെയ്തു 686 റൺസ് നേടി.





## നാണംകെട്ട തോൽവിയുമായി വെസ്റ്റിൻഡീസ്, ചരിത്ര നേട്ടവുമായി നേപ്പാൾ

ടി20 ക്രിക്കറ്റിൽ ചരിത്രനേട്ടവുമായി നേപ്പാൾ. ടി20 പരമ്പരയിലെ രണ്ടാം മത്സരത്തിൽ വെസ്റ്റ് ഇൻഡീസിനെ 90 റൺസിന് തോൽപിച്ച് നേപ്പാൾ മൂന്ന് മത്സര പരമ്പര 2-0ന് സ്വന്തമാക്കി.ആദ്യ മത്സരത്തിൽ നേപ്പാൾ 19 റൺസിന് ജയിച്ചിരുന്നു. ഷാർജ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ ആദ്യം ബാറ്റ് ചെയ്ത നേപ്പാൾ 20 ഓവറിൽ ആറ് വിക്കറ്റ് നഷ്ടത്തിൽ 173 റൺസടിച്ചപ്പോൾ 17.1 ഓവറിൽ വെറും 83 റൺസിന് ഓൾ ഔട്ടായി വിൻഡീസ് വീണ്ടും നാണംകെട്ടു.മൂന്ന് പേർ മാത്രമാണ് വിൻഡീസ് നിരയിൽ രണ്ടക്കം കടന്നത്. 21 റൺസെടുത്ത ജേസൺ ഹോൾഡറാണ് വിൻഡീസിന്റെ ടോപ് സ്കോറർ. അമിർ ജാംഗോ 16ഉം അക്കീം അഗസ്റ്റീ 17ഉം റൺസെടുത്തപ്പോൾ മറ്റ് ബാറ്റർമാരെല്ലാം ഒറ്റ അക്കത്തിൽ പുറത്തായി. നേപ്പാളിന് വേണ്ടി മുഹമ്മദ് ആദിൽ അലാം 24 റൺസിന് നാലു വിക്കറ്റ് വീഴ്ത്തിയപ്പോൾ കുശാൽ ബുർട്ടേൽ 16 റൺസിന് മൂന്ന് വിക്കറ്റെടുത്തു. നേരത്തെ ആദ്യം ബാറ്റ് ചെയ്ത നേപ്പാൾ ഓപ്പണർ ആസിഫ് ഷെയ്ഖിന്റെയും(47 പന്തിൽ 68), സുദീപ് ജോറ (39 പന്തിൽ 63) എന്നിവരുടെ അർധസെഞ്ചുറികളുടെ മികവിലാണ് 20 ഓവറിൽ ആറ് വിക്കറ്റ് നഷ്ടത്തിൽ 173 റൺസടിച്ചത്. നാലാം വിക്കറ്റിൽ ഇരുവരും ചേർന്ന് 100 റൺസ് കൂട്ടുകെട്ടുയർത്തി. വിൻഡീസിനു വേണ്ടി കെയ്ൽ മയേഴ്സും ക്യാപ്ടൻ അക്കീൽ ഹൊസൈനും രണ്ട് വിക്കറ്റ് വീതം വീഴ്ത്തി. ഇതാദ്യമായണ് നേപ്പാൾ ടെസ്റ്റ് പദവിയുള്ള ഒരു രാജ്യത്തിനെതിരെ ടി20 പരമ്പര സ്വന്തമാക്കുന്നത്. ഐസിസി ടി20 ടീം റാങ്കിംഗിൽ 18-ാം സ്ഥാനത്താണ് നിലവിൽ നേപ്പാൾ. ഐസിസി ടെസ്റ്റ് പദവിയുള്ള ഒരു രാജ്യത്തിനെതിരെ അസോസിയേറ്റ് പദവിയുള്ള രാജ്യം നേടുന്ന ഏറ്റവും വലിയ വിജയ മാർജിനുമാണിത്.

# കാൽമുട്ടുകൾ ശക്തമാക്കാൻ 20 കളിൽ ചെയ്യേണ്ടത്

കാൽമുട്ടുകൾ ശരീരത്തിന്റെ നിശബ്ദ തൊഴിലാളികളാണ്. അവ മിക്കവാറും എല്ലാ പ്രവർത്തനങ്ങളെയും പിന്തുണയ്ക്കുന്നു. നിങ്ങളുടെ ഇരുപതുകളിലും മുപ്പതുകളിലും ആരോഗ്യം ഏറ്റവും പ്രധാനപ്പെട്ട സമയങ്ങളിൽ ഒന്നാണ്. കാരണം ഈ പ്രായത്തിലെ പ്രതിരോധ നടപടികൾ ജീവിതത്തിലെ പിന്നീടുള്ള കാലഘട്ടത്തിൽ വിട്ടുമാറാത്ത വേദനയിൽ നിന്നും ചലനാത്മക പ്രശ്നങ്ങളിൽ നിന്നും ഒരാളെ രക്ഷിക്കും. കാൽമുട്ടുകൾ ശക്തവും ആരോഗ്യകരവുമായി നിലനിർത്തുന്നതിനുള്ള ഏഴ് പ്രധാന മുൻകരുതലുകൾ ഏതെന്ന് നോക്കാം



**1. നല്ല ആരോഗ്യം നിലനിർത്തുക**

അധിക ശരീരഭാരം കാൽമുട്ട് സന്ധികളിൽ സമ്മർദ്ദം വർദ്ധിപ്പിക്കുന്നു, ഇത് തരുണാസ്ഥി തേയ്മാനത്തിനും സന്ധി വേദനയ്ക്കും കൂടുതൽ സാധ്യത നൽകുന്നു. ശരിയായ ഭക്ഷണ നിയന്ത്രണത്തിലൂടെയും വ്യായാമത്തിലൂടെയും നേടുന്ന ആരോഗ്യകരമായ ഭാരം കാൽമുട്ട് സന്ധിയിലെ ആയാസം കുറയ്ക്കുകയും ദീർഘകാല പരിക്കുകൾ തടയുകയും ചെയ്യും.

**2. ശക്തി പരിശീലനം നടത്തണം**

കാൽമുട്ടുകൾക്ക് ചുറ്റുമുള്ള പേശികളെ പ്രത്യേകിച്ച് ക്വാഡ്രിസെപ്സ്, ഹാംസ്ട്രിംഗുകൾ, എന്നിവയെ ശക്തിപ്പെടുത്തുന്നത് സന്ധിയെ സ്ഥിരപ്പെടുത്തുകയും സംരക്ഷിക്കുകയും ചെയ്യുന്നു.

**3. കുറഞ്ഞ ആഘാതമുള്ള വ്യായാമം ചെയ്യണം**

ശാരീരിക പ്രവർത്തനങ്ങൾ പ്രധാനമാണെങ്കിലും, കഠിനമായ പ്രതലങ്ങളിൽ ഓടുകയോ ആവർത്തിച്ചുള്ള ജമ്പിംഗ് പാറ്റേണുകൾ പോലുള്ള ഉയർന്ന ആഘാതമുള്ള പ്രവർത്തനങ്ങൾ കാൽമുട്ടുകൾക്ക് ക്ഷീണം ഉണ്ടാക്കിയേക്കാം. കുറഞ്ഞ ആഘാതമുള്ള വ്യായാമങ്ങൾ തിരഞ്ഞെടുക്കുക: നീന്തൽ, സൈക്ലിംഗ്, അല്ലെങ്കിൽ വേഗതയുള്ള നടത്തം പോലും പേശികളെ വളർത്തുകയും സന്ധികളിൽ അമിതഭാരം ഉണ്ടാക്കാതിരിക്കുകയും ചെയ്യുന്നു.

**4. വാംഅപ്/സ്ട്രെച്ചിംഗ് നന്നായി ചെയ്യണം**

എല്ലാത്തരം ശാരീരിക പ്രവർത്തനങ്ങൾക്കും മുമ്പ് വാംഅപ്പ് ചെയ്യുന്നത് പേശികളിലേക്കുള്ള രക്തപ്രവാഹത്തെയും സന്ധികളിലേക്കുള്ള ലൂബ്രിക്കേഷനെയും ഉത്തേജിപ്പിക്കുന്നു, ഇത് പരിക്കേൽക്കാനുള്ള സാധ്യത കുറയ്ക്കുന്നു. തുടർന്ന്, വാംഅപ്പിന് ശേഷം, കാൽമുട്ടിന് ചുറ്റുമുള്ള വഴക്കത്തിനും ചലനത്തിനും ക്വാഡ്രിസെപ്സ്, ഹാംസ്ട്രിംഗുകൾ, എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് സ്ട്രെച്ചിംഗ് വ്യായാമങ്ങളിൽ ഏർപ്പെടുക.

**5. ശരിയായ ഷൂസ് ഉപയോഗിക്കുക**

നല്ല ആർച്ച് സപ്പോർട്ടും കുഷ്യനിംഗും ഉള്ള ഫിറ്റ് ചെയ്ത ഷൂസ് കാൽമുട്ടുകളിലെ സമ്മർദ്ദം കുറയ്ക്കാനും സഹായിക്കുന്നു.

**6. ദീർഘനേരം ഇരിക്കുകയോ മുട്ടുകുത്തുകയോ ചെയ്യുന്നത് ഒഴിവാക്കുക**

കൂടുതൽ സമയം ഇരിക്കുകയോ മുട്ടുകുത്തുകയോ ചെയ്യുന്നതിലൂടെ കാൽമുട്ടിന്റെ സന്ധികൾ കഠിനമാകാം, കാൽമുട്ടുകൾക്ക് ചുറ്റുമുള്ള പേശികൾ ദുർബലമാകാം. ഒരു ജോലിക്കിടയിൽ നിൽക്കാനോ, നീട്ടാനോ, നടക്കാനോ സമയം കണ്ടെത്തുക; ജോലി ചെയ്യുമ്പോഴോ വീട്ടിൽ ജോലികൾ ചെയ്യുമ്പോഴോ മുട്ടുകുത്തൽ അനിവാര്യമാണെങ്കിൽ, ലഭ്യമായ കുഷ്യനോ പായയോ ഉപയോഗിക്കുക.

**7. ആവശ്യമെങ്കിൽ വിശ്രമിക്കുകയും ചെയ്യുക**

മുട്ടുവേദന ഒരിക്കലും അവഗണിക്കരുത്. അത് കൂടുതൽ ഗുരുതരമായ പരിക്കിലേക്ക് നയിച്ചേക്കാം. കാൽമുട്ട് സന്ധി, വീക്കം, അസ്ഥിരത എന്നിവയെക്കുറിച്ച് അസ്വസ്ഥത നേരിടുമ്പോൾ, ദയവായി വിശ്രമിക്കുക. ലക്ഷണങ്ങൾ നിലനിൽക്കുമ്പോൾ തന്നെ കഠിനമായ പ്രവർത്തനങ്ങൾ ഒഴിവാക്കുക. അസ്വസ്ഥത നിലനിൽക്കുകയാണെങ്കിൽ, ഡോക്ടറെ കാണുക.

# ദീർഘനേരമുള്ള ഇരിപ്പ് ശ്വാസകോശം ദുർബലമാകാൻ കാരണമാകുന്നു



ദീർഘനേരം ഇരിക്കുന്നത് ഹൃദയാരോഗ്യത്തിന് മാത്രമല്ല, ശ്വാസകോശത്തിനും അപകടകരമാണ്. ശരീരത്തിലെ മറ്റ് അവയവങ്ങളെപ്പോലെ, ശ്വാസകോശം മികച്ച രീതിയിൽ പ്രവർത്തിക്കുന്നതിന് ശരീരം ചലിപ്പിക്കേണ്ടത് പ്രധാനമാണ്. എന്നിരുന്നാലും, നിങ്ങൾ ദീർഘനേരം ഇരിക്കുമ്പോൾ, ഡയഫ്രം, ഇന്റർകോസ്റ്റലുകൾ, നെഞ്ചിലെ പേശികൾ തുടങ്ങിയ ശ്വസിക്കാൻ സഹായിക്കുന്ന പേശികൾക്ക് ശരിയായി പ്രവർത്തിക്കാൻ കഴിയില്ല. ഇത് കാലക്രമേണ ശ്വാസകോശം ദുർബലമാകാൻ കാരണമാകുന്നു.

ശ്വാസകോശം ദുർബലമാകുമ്പോൾ അവയ്ക്ക് ഓക്സിജൻ വലിച്ചെടുക്കാനുള്ള കാര്യക്ഷമതയും കുറയുന്നു. ഇത് ശരീരത്തെ ശ്വസന പ്രശ്നങ്ങളിലേക്കും അണുബാധ സാധ്യതയിലേക്കും നയിക്കും. ഇത് ശ്വാസകോശം ചുരുങ്ങാനും കഫം പോലുള്ളവ കെട്ടിനിന്ന് ന്യുമോണിയ ഉണ്ടാകാനും കാരണമാകുമെന്ന് വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നു.

ഓക്സിജൻ അളവു കുറയുന്നത്, ആഴം കുറഞ്ഞ ശ്വസനത്തിന് കാരണമാകും. ഇത് ക്രോണിക് ഒബ്സ്ട്രക്റ്റീവ് പൾമണറി ഡിസീസ് (സിഒപിഡി) പോലുള്ള രോഗങ്ങൾക്കുള്ള സാധ്യത വർധിപ്പിക്കും. വീക്കം മൂലം ശ്വാസനാളങ്ങൾക്ക് തകരാറുകൾ സംഭവിക്കുകയും ശ്വസിക്കാൻ പ്രയാസമുണ്ടാക്കുകയും ചെയ്യുന്ന അവസ്ഥയാണ് സിഒപിഡി.

സജീവമായ ജീവിതശൈലി നയിക്കുന്ന വ്യക്തികളെ അപേക്ഷിച്ച് അങ്ങനെ അല്ലാത്തവരിൽ 12 മുതൽ 15 ശതമാനം വരെ ശ്വാസകോശത്തിന്റെ പ്രവർത്തനം തകരാറിലാണെന്ന് പഠനം കണ്ടെത്തിയിരുന്നു.

**പ്രതിരോധം എങ്ങനെ**

1. ഓരോ അരമണിക്കൂർ ഇടവേളയിൽ ഇരിക്കുന്നിടത്ത് നിന്ന് എഴുന്നേറ്റ് നടത്തം പോലെ ചെറിയ വ്യായാമം ചെയ്യാം.
2. ദിവസവും 30 മിനിറ്റ് മിതമായ വ്യായാമം ദിവസവും ചെയ്യാം.
3. വേഗത്തിലുള്ള നടത്തം, നീന്തൽ അല്ലെങ്കിൽ യോഗ പോലുള്ളവ പരിശീലിക്കുന്നത് ഉദാസീനമായ ജീവിതശൈലി കുറച്ചു കൊണ്ടുവരാൻ സഹായിക്കും.
4. ഇത് പോസ്ചർ മെച്ചപ്പെടുത്തുക മാത്രമല്ല, ശ്വാസകോശം വികസിക്കാനും ശ്വസന പേശികൾ ശക്തിപ്പെടാനും കാരണമാകുന്നു.

# 99 ശതമാനം ഹൃദ്രോഗത്തിൽ നിന്ന് രക്ഷനേടാം; ഈ നാല് ഘടകങ്ങൾ ശ്രദ്ധിച്ചാൽ



ലോകമെമ്പാടുമുള്ള മരണകാരണങ്ങളിൽ ഒന്നാണ് ഹൃദ്രോഗം. ഹൃദയസംബന്ധമായ മരണങ്ങളിൽ ഏകദേശം 85 ശതമാനവും ഹൃദയാഘാതവും പക്ഷാഘാതവും മൂലമാണ്.

വൈദ്യശാസ്ത്രരംഗത്ത് നിരവധി പുരോഗതികൾ ഉണ്ടായിട്ടും, ഈ രോഗങ്ങൾ തടയാനുള്ള ഏറ്റവും എളുപ്പ മാർഗം ജീവിതശൈലിയിൽ ചില മാറ്റങ്ങൾ വരുത്തുക എന്നതാണ് എന്ന് വിദഗ്ധർ പറയുന്നു.

ഈ വിഷയത്തിൽ ഒരു പഠനം പുറത്തുവന്നിട്ടുണ്ട്. ഹൃദയാഘാതം, പക്ഷാഘാതം അല്ലെങ്കിൽ ഹൃദയസ്തംഭനം എന്നിവ അനുഭവിച്ച 99 ശതമാനത്തിലധികം ആളുകൾക്കും അവരുടെ ആരോഗ്യ പ്രതിസന്ധിക്ക് വളരെ മുമ്പുതന്നെ കുറഞ്ഞത് ഒരു പ്രധാന അപകട ഘടകമെങ്കിലും ഉണ്ടായിരുന്നുവെന്ന് പഠനം പറയുന്നു.

ജേണൽ ഓഫ് ദി അമേരിക്കൻ കോളേജ് ഓഫ് കാർഡിയോളജിയിൽ പ്രസിദ്ധീകരിച്ച പഠനത്തിലാണ് ഇത് വെളിപ്പെടുത്തിയത്.

ദക്ഷിണ കൊറിയയിലെ 9 ദശലക്ഷത്തിലധികം ആളുകളുടെയും യുണൈറ്റഡ് സ്റ്റേറ്റ്സിലെ ഏകദേശം 7,000 ആളുകളുടെയും ദീർഘകാല ആരോഗ്യ ഡാറ്റ, ഗവേഷകർ പരിശോധിച്ചു.


അവർ നാല് പ്രധാന ഘടകങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. അത് ഇതാണ്

1. ഉയർന്ന രക്തസമ്മർദ്ദം
2. ഉയർന്ന കൊളസ്ട്രോൾ
3. ഉയർന്ന ഫാസ്റ്റിംഗ് ഗ്ലൂക്കോസ് (പ്രമേഹം)
4. പുകയില ഉപയോഗം

ഉയർന്ന രക്തസമ്മർദ്ദമായിരുന്നു ഇവയിൽ ഏറ്റവും സാധാരണമായത് എന്ന് മെഡിക്കൽ ന്യൂസ് ടുഡേ റിപ്പോർട്ട് ചെയ്യുന്നു. ദക്ഷിണ കൊറിയയിലെ 95%പേർക്കും യുഎസിലെ 93% പേർക്കും ഇത് കണ്ടെത്തി.

ഉയർന്ന രക്തസമ്മർദ്ദം പലപ്പോഴും ലക്ഷണങ്ങൾ കാണിക്കാറില്ല. അത് ഗുരുതരമായി മാറുന്നതുവരെ അവഗണിക്കപ്പെടുകയും ചെയ്യുന്നു. അപകട ഘടകങ്ങളെ നന്നായി നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകത നേരത്തെ വിദഗ്ധർ വ്യക്തമാക്കിയിരുന്നു. പുകവലി ഉപേക്ഷിക്കുക, ആരോഗ്യകരമായ ഭക്ഷണം കഴിക്കുക, വ്യായാമം ചെയ്യുക, രക്തസമ്മർദ്ദവും പ്രമേഹവും പരിശോധിക്കുക തുടങ്ങിയ കാര്യങ്ങൾ അപകടസാധ്യത വലിയ തോതിൽ കുറയ്ക്കുമെന്ന് പഠനം വ്യക്തമാക്കുന്നു.

# പ്രഭാതഭക്ഷണം തലച്ചോറിനുള്ള ഭക്ഷണം; ബ്രേക്ക്ഫാസ്റ്റ് ഒഴിവാക്കി ഫിറ്റാകാൻ നോക്കണ്ട!



ശരീരഭാരം നിയന്ത്രിക്കാനും ഫിറ്റ്നസ് നേടാനും എളുപ്പവഴി തേടുന്ന നിരവധി പേരുണ്ട്, അവരിൽ പലരും ആദ്യം ചെയ്യുന്നത് പ്രഭാതഭക്ഷണം ഒഴിവാക്കുക എന്നതാണ്. അങ്ങനെ ചെയ്താൽ രാവിലെ ജോലി കുറയുമെന്നതാണ് ആശ്വാസം. എന്നാൽ ഇതെല്ലാം ഗുണം ചെയ്യുമോ?

പ്രഭാതഭക്ഷണം ഒഴിവാക്കുന്നത് ചിലർക്ക് ഗുണം ചെയ്തേക്കാം. ഇത് ചെറിയ അളവിൽ ശരീരഭാരം കുറയ്ക്കാൻ സഹായകമായേക്കാം. പക്ഷേ ഇത് വളരെക്കാലം തുടർന്നാൽ അത് ഒരു പ്രശ്നമായി മാറും. ചെറിയ പ്രശ്നങ്ങളിൽ തുടങ്ങി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളിലേക്ക് നയിക്കും.

ആദ്യം ശ്രദ്ധിക്കപ്പെടുക രക്തത്തിലെ പഞ്ചസാരയുടെ അളവിലെ മാറ്റമാണ്. രക്തത്തിലെ പഞ്ചസാരയുടെ അളവ് കുറയുന്നത് ക്ഷീണത്തിന് കാരണമാകും. പതുക്കെ, ഇത് ഇൻസുലിൻ പ്രതിരോധത്തിലേക്ക് നയിക്കും.

മറ്റൊരു കാര്യം, ഇത് പോലെ ഭക്ഷണം ഒഴിവാക്കുന്നത് മധുരമുള്ള ഭക്ഷണങ്ങളോടുള്ള അമിതമായ ആസക്തിക്ക് കാരണമാകും. മറ്റ് സമയങ്ങളിൽ കഴിക്കുന്ന ഭക്ഷണത്തിന്റെ അളവ് മാത്രമല്ല വർദ്ധിക്കുക. ആളുകൾ അമിതമായി ഭക്ഷണം കഴിക്കുകയും മധുരപലഹാരങ്ങൾ കഴിക്കുകയും ചെയ്യുന്ന ശീലത്തിലേക്ക് മാറും.

പ്രഭാതഭക്ഷണം തലച്ചോറിനുള്ളതാണെന്ന് പറയപ്പെടുന്നു. നിങ്ങൾ അത് ഒഴിവാക്കിയാൽ, അത് നിങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കും.

ഇത് തലവേദന, ക്ഷീണം, ജോലി ചെയ്യാൻ കഴിയാത്ത അവസ്ഥ, അകാരണമായ കോപം എന്നിവയ്ക്ക് കാരണമായേക്കാം.

നിങ്ങൾ ഒരു ജോലിക്കാരനോ വിദ്യാർത്ഥിയോ ആണെങ്കിൽ, ഇത് നിങ്ങളെ കൂടുതൽ ബാധിക്കും. ഇത് ശരീരത്തിന്റെ മൊത്തത്തിലുള്ള മെറ്റബോളിസത്തെ ബാധിക്കുന്നതിനാൽ, കലോറി കത്തിക്കുന്നതും മന്ദഗതിയിലാകും. ഇത് നിങ്ങളുടെ ഭക്ഷണക്രമത്തിന് ഗുണം ചെയ്യില്ല.

ഹൃദയാരോഗ്യം തകരാറിലാക്കാനും പ്രഭാത ഭക്ഷണം ഒഴിവാക്കുന്നത് കാരണമാകും. ഹൈപ്പർടെൻഷൻ, പ്രമേഹം, കാർഡിയോവസ്കുലർ അസുഖങ്ങൾ എന്നിവയ്ക്ക് സാധ്യത വർധിപ്പിക്കും. മാനസികാരോഗ്യത്തെയും പ്രഭാതഭക്ഷണം ഒഴിവാക്കുന്നത് ബാധിക്കും. സമ്മർദം, ആശങ്ക, ഉത്കണ്ഠ, പ്രകോപന സാധ്യത എന്നിവയെയും ട്രിഗർ ചെയ്യും. മൂഡ് സ്വിങ്ങ്സ് വർധിക്കും.

# ഐക്കോണിക് 'ജി' ലോഗോയിൽ മാറ്റവുമായി ഗൂഗിൾ



വളരെക്കാലത്തിനു ശേഷം ഗൂഗിൾ അവരുടെ ഐക്കണിക് 'ജി' ലോഗോയിൽ മാറ്റം വരുത്തി. ഗൂഗിൾ ഇപ്പോൾ ഐക്കണിന് നാല് തിളക്കമുള്ളതും ഗ്രേഡിയന്റ് നിറങ്ങളും നൽകിയിട്ടുണ്ട്. ഗൂഗിളിന്റെ പുതിയ ലോഗോ കൃത്രിമബുദ്ധിയുടെ യുഗത്തെ പ്രതിനിധീകരിക്കുന്നു. പുതിയ ലോഗോ ഇനി എല്ലാ ഗൂഗിൾ പ്ലാറ്റ്ഫോമുകളിലും ടെക് ഉൽപ്പന്നങ്ങളിലും ഉപയോഗിക്കും.

നാല് നിറങ്ങൾ ചേർന്നുള്ള ജി അക്ഷരമാണ് ഗൂഗിളിന്റെ ഐക്കോണിക് ലോഗോ. ഒരു പതിറ്റാണ്ടിനിടെ ഈ ലോഗോയിൽ വലിയ അപ്ഡേറ്റ് വരുത്തിയിരിക്കുകയാണ് ഗൂഗിൾ കമ്പനി. കൂടുതൽ ബ്രൈറ്റും ഗ്രേഡിയന്റുമാണ് പുതിയ ജി ലോഗോയിലെ നാല് നിറങ്ങൾ.

ഈ പുത്തൻ ലോഗോ മെയ് മാസത്തിൽ ഗൂഗിൾ സെർച്ചിൽ അവതരിപ്പിച്ചിരുന്നു. എന്നാൽ ഗൂഗിളിന്റെ എല്ലാ പ്ലാറ്റ്ഫോമിലും ഉത്പന്നങ്ങളിലും സേവനങ്ങളിലും ഈ ലോഗോ അവതരിപ്പിക്കുന്നത് ഇപ്പോഴാണ്.

ലാറി പേജ്, സെർജി ബ്രിൻ എന്നിവർ കാലിഫോർണിയയിലെ സ്റ്റാൻഫോർഡ് സർവ്വകലാശാലയിലെ പിഎച്ച്ഡി പഠന കാലത്താണ് ഗൂഗിൾ ആരംഭിച്ചത്. ഒരു ഗാരേജിൽ സ്റ്റാർട്ടപ്പായി തുടങ്ങിയ ഗൂഗിൾ ഇന്ന് ടെക് ലോകത്തെ ആഗോള ഭീമൻമാരിലൊന്നാണ്.

# വാട്സ്ആപ്പ് ഇനി വേറെ ലെവൽ; ആറ് പുത്തൻ ഫീച്ചറുകൾ അവതരിപ്പിച്ചു



മെറ്റയുടെ ജനപ്രിയ ഇൻസ്റ്റന്റ് മെസേജിംഗ് ആപ്പായ വാട്ട്സ്ആപ്പ് ഐഒഎസ്, ആൻഡ്രോയിഡ് ഉപയോക്താക്കൾക്കായി ഒന്നിലധികം പുതിയ സവിശേഷതകൾ പ്രഖ്യാപിച്ചു. ഈ സവിശേഷതകൾ ആശയവിനിമയവും മീഡിയ ഷെയറിങ്ങും കൂടുതൽ എളുപ്പമാക്കും. ഏതൊക്കെയെന്ന് നോക്കാം.

### ലൈവ്, മോഷൻ ചിത്രങ്ങൾ

ഐഒഎസ്, ആൻഡ്രോയിഡ് ഉപയോക്താക്കൾക്ക് ആപ്പിൽ ലൈവ് ഫോട്ടോകളും മോഷൻ ഫോട്ടോകളും പങ്കിടാൻ വാട്ട്സ്ആപ്പ് ഇപ്പോൾ അനുവദിക്കും. ചിത്രങ്ങൾ ഓഡിയോയും ആനിമേഷനും നൽകി ജിഫാക്കി മാറ്റം. ഇവ വീഡിയോ ആയി സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ പങ്കുവെക്കാം.

### ചാറ്റ് തീമുകൾ

ഉപയോക്താക്കൾക്ക് സർഗ്ഗാത്മകത പുലർത്താനും സ്വന്തമായി ഇഷ്ടാനുസൃത ചാറ്റ് തീമുകൾ സൃഷ്ടിക്കാനും അനുവദിക്കുന്ന മെറ്റാ എഐയുമായി വാട്ട്സ്ആപ്പ് പുതിയ ചാറ്റ് തീമുകൾ പുറത്തിറക്കുന്നു. ചാറ്റ് തീമുകൾ ആപ്പിൽ ഇതിനകം ഉണ്ടായിരുന്നു, എന്നാൽ ഇപ്പോൾ ഇതിന് ഒരു എഐ ടച്ച് ലഭിക്കുന്നു.

### വീഡിയോ കോൾ ബാക്ക്ഗ്രൗണ്ട് വിത്ത് മെറ്റ എഐ

വീഡിയോ കോളുകൾക്കിടയിൽ, ഉപയോക്താക്കൾക്ക് അദ്വിതീയ പശ്ചാത്തലങ്ങൾ സൃഷ്ടിക്കാൻ മെറ്റാ എഐയെ ആശ്രയിക്കാം. ആപ്പിനുള്ളിൽ ഫോട്ടോകളും വീഡിയോകളും എടുക്കുമ്പോഴും ഈ പശ്ചാത്തലങ്ങൾ ഉപയോഗിക്കാം.

### ആൻഡ്രോയിഡിൽ ഡോക്യുമെന്റ് സ്കാനിംഗ്

ആൻഡ്രോയിഡ് ഉപയോക്താക്കൾക്ക്, വാട്ട്സ്ആപ്പിൽ നിന്ന് ഡോക്യുമെന്റുകൾ സ്കാൻ ചെയ്യാനും എഡിറ്റ് ചെയ്യാനും അയയ്ക്കാനും കഴിയും.

### സുഗമമായ ഗ്രൂപ്പ് തിരയൽ

ഗ്രൂപ്പ് നാമങ്ങൾ തിരയുന്നത് എളുപ്പമാക്കുന്ന ഒരു പുതിയ സവിശേഷതയും വാട്ട്സ്ആപ്പ് പ്രഖ്യാപിച്ചു. ഗ്രൂപ്പിലെ ഏതെങ്കിലുമൊരു വ്യക്തിയുടെ പേര് സെർച്ച് ചെയ്താൽ, നിങ്ങൾ ഒന്നിച്ച് അംഗങ്ങളായ എല്ലാ ഗ്രൂപ്പുകളും അറിയാൻ സാധിക്കും.

### പുതിയ സ്റ്റിക്കർ പാക്ക്

വാട്സ്ആപ്പിലേക്ക് ആകർഷകമായ സ്റ്റിക്കർ പാക്കുകൾ വരുന്നതാണ് ഈ പുത്തൻ ഫീച്ചറിന്റെ പ്രത്യേകത. ഇത് ഉപയോക്താക്കൾക്ക് സുഹൃത്തുക്കളുമായും കുടുംബാംഗങ്ങളുമായും ഉള്ള ചാറ്റുകളിൽ അവരുടെ വികാരങ്ങൾ നന്നായി പ്രകടിപ്പിക്കാൻ അനുവദിക്കുന്നു.

# ട്രംപ് – യൂട്യൂബ് നിയമയുദ്ധം ഒത്തുതീർപ്പിലേക്ക്




വാഷിംഗ്ടൺ: യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമായ യൂട്യൂബും തമ്മിലുള്ള നിയമയുദ്ധം ഒത്തുതീർന്നു. ട്രംപിന്റെ യൂട്യൂബ് അക്കൗണ്ട് പ്ലാറ്റ്ഫോം നിരോധിച്ചതുമായി ബന്ധപ്പെട്ട കേസിൽ ഇരുവിഭാഗവും ഒത്തുതീർപ്പിലെത്തി.

2021 ജനുവരി 6ന് നടന്ന കാപ്പിറ്റോൾ കലാപത്തെത്തുടർന്ന് ട്രംപിന്റെ യൂട്യൂബ് അക്കൗണ്ട് യൂട്യൂബ് നിരോധിച്ചിരുന്നു. ഈ സാഹചര്യത്തിലാണ് വൻ തുക നഷ്ടപരിഹാരം നൽകി ഒത്തുതീർപ്പാക്കാൻ യൂട്യൂബ് സമ്മതിച്ചത്.


ട്രംപിന് 24.5 മില്യൺ ഡോളർ (ഏകദേശം 204 കോടി ഇന്ത്യൻ രൂപ) നൽകി യൂട്യൂബ് കേസ് അവസാനിപ്പിച്ചത്. സോഷ്യൽ മീഡിയ നിരോധനവുമായി ബന്ധപ്പെട്ട് വലിയ ചർച്ചകൾക്ക് വഴിവെച്ച ഒരു നിയമപോരാട്ടമാണ് ഇതോടെ ഒത്തുതീർപ്പിലേക്ക് എത്തുന്നത്.

യൂട്യൂബിന്റെ മാതൃസ്ഥാപനമായ ഗൂഗിളും ട്രംപും തമ്മിലാണ് ഒത്തുതീർപ്പ് ഉടമ്പടിയിലെത്തിയത്. 2021 ജനുവരി 6ന് നടന്ന ക്യാപിറ്റോൾ കലാപത്തിന് പ്രോത്സാഹനം നൽകിയെന്നാരോപിച്ചാണ് യൂട്യൂബും ഫേസ്ബുക്കും അടക്കം പ്രമുഖ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളും ട്രംപിന്റെ അക്കൗണ്ടുകൾ ആദ്യം താൽക്കാലികമായും പിന്നീട് സ്ഥിരമായും നിരോധിച്ചത്. അഭിപ്രായ സ്വാതന്ത്ര്യം ലംഘിക്കപ്പെട്ടുവെന്ന് ആരോപിച്ചാണ് ട്രംപ് യൂട്യൂബിനെതിരെ നിയമനടപടിയിലേക്ക് നീങ്ങി. യൂട്യൂബിന് വലിയൊരു തിരിച്ചടിയാണ് ഈ കേസ് നൽകിയിരിക്കുന്നത്.

## കുട്ടികളുടെ എ.ഐ. ഉപയോഗം സുരക്ഷിതമാക്കാം:

# ജെമിനിക്കും ചാറ്റ്ജിപിടിക്കും പുതിയ 'രക്ഷാകർതൃ നിയന്ത്രണങ്ങൾ' നിർബന്ധം

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എഐ) ചാറ്റ്ബോട്ടുകളായ ചാറ്റ്ജിപിടി, ഗൂഗിൾ ജെമിനി എന്നിവയുടെ വർധിച്ചുവരുന്ന ഉപയോഗത്തിന്റെ പശ്ചാത്തലത്തിൽ, കുട്ടികളുടെ ഓൺലൈൻ സുരക്ഷിതത്വം ഉറപ്പാക്കാൻ രക്ഷാകർതൃ നിയന്ത്രണങ്ങൾ (Parental Cotnrols) നിർബന്ധമായും ഉപയോഗിച്ചിരിക്കണമെന്ന് വിദഗ്ധർ മുന്നറിയിപ്പ് നൽകി. എഐ ടൂളുകൾ പഠനത്തിനും വിനോദത്തിനും മികച്ചതാണെങ്കിലും, പ്രായത്തിനനുയോജ്യമല്ലാത്തതോ തെറ്റിദ്ധാരണ ഉണ്ടാക്കുന്നതോ ആയ വിവരങ്ങൾ, വ്യക്തിഗത വിവരങ്ങൾ ചോർത്താനുള്ള സാധ്യത, ഓൺലൈൻ ഭീഷണികൾ എന്നിവ കുട്ടികൾക്ക് അപകടമുണ്ടാക്കാൻ സാധ്യതയുണ്ട്. ഈ സാഹചര്യത്തിൽ പുതിയ പേരന്റൽ കൺട്രോൾസ് ശക്തമായ സുരക്ഷാ കവചമായി മാറുമെന്നാണ് വിലയിരുത്തൽ.




### ജെമിനി നിയന്ത്രണത്തിന് 'ഫാമിലി ലിങ്ക്'

ഗൂഗിൾ ജെമിനിയുടെ കാര്യത്തിൽ, ഉപയോഗം നിയന്ത്രിക്കുന്നത് ഗൂഗിളിന്റെ ഫാമിലി ലിങ്ക് സംവിധാനം വഴിയാണ്. നിങ്ങളുടെ കുട്ടിയുടെ സൂപ്പർവൈസ്ഡ് ഗൂഗിൾ അക്കൗണ്ട് ഫാമിലി ലിങ്കുമായി ബന്ധിപ്പിച്ച ശേഷമാണ് ഈ നിയന്ത്രണങ്ങൾ സജ്ജീകരിക്കേണ്ടത്.

### ജെമിനി ആക്സസ് നിയന്ത്രിക്കുന്നതിനുള്ള പ്രധാന ഘട്ടങ്ങൾ:

- Family Link ആപ്പ് (അല്ലെങ്കിൽ familylink.google.com) രക്ഷിതാവിന്റെ ഉപകരണത്തിൽ തുറക്കുക.
- നിങ്ങൾ നിയന്ത്രിക്കാൻ ഉദ്ദേശിക്കുന്ന കുട്ടിയുടെ പ്രൊഫൈൽ തിരഞ്ഞെടുക്കുക.
- നിയന്ത്രണങ്ങൾ (Cotnrols) എന്ന വിഭാഗത്തിൽ പോയി ജെമിനി (Gemini) > ജെമിനി ആപ്പുകൾ (Gemini Apps) എന്ന ഓപ്ഷൻ കണ്ടെത്തുക.
- ഇവിടെ കാണുന്ന ഓൺ/ഓഫ് സ്വിച്ച് (Toggle Switch) ഉപയോഗിച്ച് കുട്ടിയുടെ അക്കൗണ്ടിൽ ജെമിനി ഉപയോഗം അനുവദിക്കുകയോ (On) പൂർണ്ണമായി തടയുകയോ (Off) ചെയ്യാം.

കുട്ടി ആദ്യമായി ജെമിനി ഉപയോഗിക്കുമ്പോൾ രക്ഷിതാവിന് അറിയിപ്പ് ലഭിക്കും. സുരക്ഷ ഉറപ്പാക്കുന്നതിനായി അനുചിതമായ ഉള്ളടക്കങ്ങൾ തടയാനുള്ള ഫിൽട്ടറുകളും കുട്ടികളുടെ ഡാറ്റ എഐ പരിശീലനത്തിന് ഉപയോഗിക്കുന്നത് തടയുന്ന സംവിധാനങ്ങളും ജെമിനിയിൽ ഗൂഗിൾ ഏർപ്പെടുത്തിയിട്ടുണ്ട്.

### ചാറ്റ്ജിപിടിക്ക് വേണ്ട സുരക്ഷാ മാർഗ്ഗങ്ങൾ

ചാറ്റ്ജിപിടിക്ക് നിലവിൽ ഗൂഗിൾ ഫാമിലി ലിങ്കു പോലുള്ള സമഗ്രമായ പ്ലാറ്റ്ഫോം നിയന്ത്രണങ്ങൾ ലഭ്യമല്ലെങ്കിലും, രക്ഷിതാക്കൾക്ക് സ്വീകരിക്കാൻ കഴിയുന്ന പ്രധാന സുരക്ഷാ മാർഗ്ഗങ്ങൾ ഇവയാണ്:

- **അക്കൗണ്ട് നിരീക്ഷണം:** കുട്ടിയുടെ സംഭാഷണ ചരിത്രം (Chat History) ഇടയ്ക്കിടെ പരിശോധിക്കുകയും, അക്കൗണ്ടുമായി ബന്ധപ്പെട്ട സെറ്റിങ്സുകൾ ശ്രദ്ധിക്കുകയും ചെയ്യുക.
- **ഡാറ്റാ നിയന്ത്രണങ്ങൾ:** അക്കൗണ്ട് സെറ്റിങ്സിൽ പോയി സംഭാഷണ ചരിത്രം ഓഫ് ചെയ്യുക. ഇത് സംഭാഷണങ്ങൾ എഐ മോഡലിന്റെ പരിശീലനത്തിനായി ഉപയോഗിക്കുന്നത് തടയും.
- **വ്യക്തിവിവരങ്ങൾ പങ്കുവെക്കരുത്:** ചാറ്റ്ബോട്ടിൽ വ്യക്തിപരമായ വിവരങ്ങളോ രഹസ്യ വിവരങ്ങളോ നൽകരുതെന്ന് കുട്ടികളെ കൃത്യമായി പഠിപ്പിക്കുക.

### രക്ഷിതാക്കൾക്കുള്ള പ്രധാന നിർദ്ദേശങ്ങൾ

പുതിയ സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗിക്കുമ്പോൾ തന്നെ സുരക്ഷ ഉറപ്പാക്കാൻ രക്ഷിതാക്കൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്:

- **വിവരങ്ങൾ ഇരട്ട പരിശോധന നടത്തുക:** എഐ നൽകുന്ന വിവരങ്ങൾ എല്ലായ്പ്പോഴും കൃത്യമായിരിക്കില്ല. അതിനാൽ, സ്കൂൾ പ്രൊജക്റ്റുകൾക്കോ മറ്റോ ഈ വിവരങ്ങൾ ഉപയോഗിക്കുമ്പോൾ മറ്റ് ഉറവിടങ്ങളിൽ നിന്ന് (Source) ഇരട്ട പരിശോധന നടത്താൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക.
- **തുറന്ന സംസാരം:** എഐയുമായുള്ള ഇടപെടലുകളെക്കുറിച്ച് കുട്ടികളുമായി തുറന്ന് സംസാരിക്കുക. എന്തെങ്കിലും ബുദ്ധിമുട്ടുകളോ സംശയങ്ങളോ തോന്നിയാൽ ഉടൻ രക്ഷിതാക്കളെ അറിയിക്കണമെന്ന് അവരെ ബോധവാന്മാരാക്കുക.

പുതിയ സാങ്കേതികവിദ്യയുടെ ഗുണങ്ങൾ സ്വീകരിക്കുമ്പോൾ, ഡിജിറ്റൽ ലോകത്തെ അപകടങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കേണ്ടത് രക്ഷിതാക്കളുടെ കടമയാണ്. ഇതിനായുള്ള ഒരു സുപ്രധാന ചുവടുവെയ്പ്പാണ് ഈ പേരന്റൽ കൺട്രോൾ സംവിധാനങ്ങൾ.

techhub

◗ റോബിൻസ് ആന്റണി

വേൾഡ് വാചകം



# ഗാസ നഗരം വളഞ്ഞു, നെറ്റ്സാരിം ഇടനാഴി പിടിച്ചെടുത്തതായി ഇസ്രയേൽ

ഗാസ: ഗാസയിൽ നിർണായകമായ സൈനിക നടപടി നടത്തിയതായും നെറ്റ്സാരിം ഇടനാഴി പിടിച്ചെടുത്തതായും ഇസ്രായേൽ പ്രഖ്യാപിച്ചു. ഗാസ നഗരം പൂർണ്ണമായും വളഞ്ഞതായി ഇസ്രായേൽ പ്രതിരോധ മന്ത്രി അവകാശപ്പെട്ടു.ഗാസ നഗരത്തിൽ അവശേഷിക്കുന്ന ആളുകൾ ഉടൻ തന്നെ പുറത്തുപോകണമെന്ന് മന്ത്രി മുന്നറിയിപ്പ് നൽകി. അല്ലാത്തപക്ഷം, അവരെ തീവ്രവാദികളോ അവരുടെ പിന്തുണക്കാരോ ആയി കണക്കാക്കുമെന്ന് ഇസ്രായേൽ പ്രസ്താവിച്ചു. ഈ കടുത്ത നിലപാട് മേഖലയിലെ സംഘർഷം കൂടുതൽ വഷളാക്കി. സമാധാന ചർച്ചകൾക്കിടയിലും, ഇസ്രായേൽ ഗാസയെ ആക്രമിക്കുന്നത് തുടരുകയാണ്.നെറ്റ്സാരിം ഇടനാഴിയുടെ നിയന്ത്രണം ഏറ്റെടുത്തതോടെ, ഗാസയിലെ ജനങ്ങൾക്ക് നഗരം വിടാനുള്ള അവസാന അവസരമാണ് നൽകുന്നതെന്ന് ഇസ്രയേൽ പ്രതിരോധ മന്ത്രി ആവർത്തിച്ചു. ഇസ്രയേലിന്റെ ഈ നടപടികൾ പ്രദേശത്തെ മാനുഷിക പ്രതിസന്ധി കൂടുതൽ വഷളാക്കുമെന്ന് ആശങ്ക ഉയർത്തിയിട്ടുണ്ട്. യു എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ സമാധാന നിർദേശങ്ങൾക്കിടെയാണ് ഇസ്രയേലിൻറെ ശക്തമായ നീക്കമെന്നത് ശ്രദ്ധേയമാണ്.അതേസമയം ഗാസയിൽ സമാധാനത്തിന് ഡോണൾഡ് ട്രംപ് അവതരിപ്പിച്ച പദ്ധതിയിൽ നിലപാടറിയിക്കാൻ ഹമാസിന് മുന്നിലുള്ളത് മൂന്നോ നാലോ ദിവസങ്ങൾ മാത്രമാണ്. പദ്ധതി അംഗീകരിച്ചില്ലെങ്കിൽ ദുഖകരമായിരിക്കും പര്യവസാനമെന്ന് ട്രംപ് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.



## കുപ്പിവെള്ളത്തിൽ വിഷബാധ; ഒമാനിൽ രണ്ട് പേർ മരിച്ചു

മസ്കറ്റ്: ഒമാനിൽ കുപ്പിവെള്ളം കുടിച്ച രണ്ട് പേർ മരിച്ചു. ഇറാനിൽ നിന്നുള്ള യുറാനസ് സ്റ്റാർ എന്ന കമ്പനിയുടെ കുപ്പിവെള്ളമായിരുന്നു ഒരു ഒമാനി പൗരനും ഒരു പ്രവാസി സ്ത്രീയും മരിച്ചതായി റോയൽ ഒമാൻ പോലീസ് സ്ഥിരീകരിച്ചു. സംഭവത്തെത്തുടർന്ന് അധികൃതർ അടിയന്തര നടപടി സ്വീകരിച്ചു.ഇറാനിൽ നിന്ന് ഇറക്കുമതി ചെയ്ത 'യുറാനസ് സ്റ്റാർ' എന്ന കമ്പനിയുടെ കുപ്പിവെള്ളം കുടിച്ചതാണ് വിഷബാധയ്ക്ക് കാരണമായത്. സാമ്പിളുകൾ ശേഖരിച്ച് ലബോറട്ടറി പരിശോധനയിൽ വെള്ളത്തിൽ വിഷാംശം കലർന്നതായി സ്ഥിരീകരിച്ചു. പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിനായി, 'യുറാനസ് സ്റ്റാർ' ബ്രാൻഡിലുള്ള കുപ്പിവെള്ളം പ്രാദേശിക വിപണികളിൽ നിന്ന് ഉടൻ പിൻവലിച്ചു.കൂടുതൽ അന്വേഷണം പൂർത്തിയാകുന്നതുവരെ ഇറാനിൽ നിന്നുള്ള എല്ലാത്തരം കുപ്പിവെള്ളത്തിന്റെയും ഇറക്കുമതി ഒമാൻ സർക്കാർ താൽക്കാലികമായി നിർത്തിവച്ചു.'യുറാനസ് സ്റ്റാർ' ബ്രാൻഡിലുള്ള കുപ്പിവെള്ളം ഉപയോഗിക്കരുതെന്നും വിഷബാധയുണ്ടെന്ന് സംശയിക്കുന്ന കേസുകൾ അധികാരികളെ ഉടൻ അറിയിക്കണമെന്നും റോയൽ ഒമാൻ പോലീസ് പൗരന്മാരോടും താമസക്കാരോടും അഭ്യർത്ഥിച്ചു.

## അഫ്ഗാനിസ്ഥാനിൽ ഇന്റർനെറ്റ് തിരിച്ചെത്തി

അഫ്ഗാനിസ്ഥാൻ: താലിബാൻ സർക്കാർ ഇന്റർനെറ്റ്, ടെലികോം സേവനങ്ങൾ പുനഃസ്ഥാപിച്ചു. താലിബാൻ പ്രധാനമന്ത്രിയുടെ ഉത്തരവ് പ്രകാരം ഇന്റർനെറ്റ് പുനഃസ്ഥാപിച്ചതായി സർക്കാരുമായി അടുത്ത വൃത്തങ്ങൾ ബിബിസിയോട് സ്ഥിരീകരിച്ചു.'എല്ലാവരും സന്തുഷ്ടരാണ്, അവരുടെ മൊബൈൽ ഫോണുകൾ കൈവശം വച്ചുകൊണ്ട് അവരുടെ ബന്ധുക്കളുമായി സംസാരിക്കുന്നു. സേവനങ്ങൾ പുനഃസ്ഥാപിച്ചതിനുശേഷം സ്ത്രീകൾ മുതൽ പുരുഷന്മാർ, എല്ലാവരും ഫോണുകളിൽ സംസാരിക്കുകയായിരുന്നു. നഗരത്തിൽ ഇപ്പോൾ കൂടുതൽ തിരക്കുണ്ട്.'- കാബൂൾ നിവാസിയായ ഒരാൾ ബിബിസിയോട് പറഞ്ഞു.



തിങ്കളാഴ്ചയാണ് താലിബാൻ ഭരണകൂടം രാജ്യത്തെ ഇന്റർനെറ്റ് സേവനങ്ങൾ പൂർണമായും വിച്ഛേദിച്ചത്. ഇന്റർനെറ്റ് നിരോധനത്തിന് പിന്നിലെ കാരണമെന്താണെന്ന് താലിബാൻ ഔദ്യോഗികമായി വിശദീകരിച്ചിട്ടില്ലെങ്കിലും സദാചാരനിയമങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായാണ് ഈ നടപടിയെന്നാണ് റിപ്പോർട്ട്.48 മണിക്കൂർ നീണ്ടുനിന്ന ഇന്റർനെറ്റ് മുടക്കം ബിസിനസുകളെയും വിമാന സർവീസുകളെയും തടസ്സപ്പെടുത്തി. ഓൺലൈൻ ബാങ്കിങ് സേവനങ്ങളടക്കം നിശ്ചലമായി. ഇന്റർനെറ്റ് നിരോധനത്തോടെ അഫ്ഗാൻ ജനതയുടെ പുറംലോകവുമായുള്ള എല്ലാബന്ധങ്ങളും വിച്ഛേദിക്കപ്പെട്ടിരുന്നു.2021-ൽ അധികാരം പിടിച്ചെടുത്തതിനുശേഷം, താലിബാൻ സ്ത്രീകൾക്കും പെൺകുട്ടികൾക്കും മേൽ വ്യാപകമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. 12 വയസ്സിന് മുകളിലുള്ള പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നിരോധിച്ചിരിക്കുന്നു, സ്ത്രീകൾക്കുള്ള മിക്ക തൊഴിലവസരങ്ങളും ഇല്ലാതാക്കി, സെപ്റ്റംബറിൽ വനിതാ എഴുത്തുകാരുടെ പുസ്തകങ്ങൾ സർവകലാശാലകളിൽ നിന്ന് നീക്കം ചെയ്തിരുന്നു.

## യു.കെയിൽ പിആർ ആണോ സ്വപ്നം? കാര്യങ്ങൾ ഇനി എളുപ്പമാവില്ല






ലണ്ടൻ : ഇന്ത്യൻ വംശജർ ഉൾപ്പെടെ നിരവധി പേർക്ക് ബ്രിട്ടൻ ഒരു സ്വപ്നരാജ്യമാണ്. വിദ്യാഭ്യാസത്തിനും ജോലിക്കുമായി ബ്രിട്ടനിലേക്ക് കുടിയേറുന്നവരുടെ എണ്ണം ചെറുതല്ല. കഴിഞ്ഞ കുറച്ച് വർഷങ്ങളായി, വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള യുവാക്കളുടെ എണ്ണത്തിൽ വലിയ വർധനവുണ്ടായിട്ടുണ്ട്. ഇന്ത്യയിലെ സിഖുകാരാണ് ബ്രിട്ടനിൽ ഏറ്റവും കൂടുതൽ.അതേസമയം, രാജ്യത്തെ കുടിയേറ്റത്തെക്കുറിച്ച് അധികൃതർ ആശങ്ക പ്രകടിപ്പിച്ചിട്ടുണ്ട്. കുടിയേറ്റം നിയമവിരുദ്ധമാണെങ്കിൽ, അത്തരം ആളുകളെ നാടുകടത്തുമെന്ന് യുകെ പ്രധാനമന്ത്രി കെയർ സ്റ്റാർമർ പറഞ്ഞിരുന്നു. ഇപ്പോൾ രാജ്യത്ത് സ്ഥിര താമസത്തിനുള്ള നിയമങ്ങൾ കർശനമാക്കാൻ യുകെ ഒരുങ്ങുകയാണ്.കഴിഞ്ഞ ദിവസം, ആഭ്യന്തര സെക്രട്ടറി ഷബാന മഹമൂദ് ഇത് വീണ്ടും പ്രഖ്യാപിച്ചു. നിലവിൽ യുകെയിലുള്ള വിദേശ തൊഴിലാളികൾക്ക് രാജ്യത്ത് പിആർ ലഭിക്കാൻ കൂടുതൽ സമയം കാത്തിരിക്കേണ്ടിവരുമെന്ന് ഷബാന മഹമൂദ് പറഞ്ഞു. നിലവിൽ, യുകെയിൽ കുറഞ്ഞത് അഞ്ച് വർഷമെങ്കിലും ജോലി ചെയ്തിട്ടുണ്ടെങ്കിൽ മാത്രമേ പിആറിന് അപേക്ഷിക്കാൻ കഴിയൂ. ഇപ്പോൾ അത് പത്ത് വർഷമായി വർദ്ധിപ്പിക്കുകയാണ്. കൂടാതെ, നിങ്ങളുടെ ഇംഗ്ലീഷ് പ്രാവീണ്യം മെച്ചപ്പെടുത്തുകയും സാമൂഹിക ഇടപെടലുകളിൽ ഏർപ്പെടുകയും ചെയ്യണമെന്ന നിബന്ധനയുമുണ്ട്. യു.കെയിലെ കുടിയേറ്റക്കാർ, തൊഴിലാളികൾ, വിദ്യാർത്ഥികൾ എന്നിവരുടെ ഏറ്റവും വലിയ വിഭാഗങ്ങളിലൊന്നാണ് ഇന്ത്യക്കാർ എന്നതിനാൽ, ഈ നീക്കം അവരെ സാരമായി ബാധിക്കാൻ സാധ്യതയുണ്ട്.ഇത് അവരുടെ സാമ്പത്തിക ഭാരം വർദ്ധിപ്പിക്കും. കണക്കുകൾ പ്രകാരം 2024 ഡിസംബർ വരെ മാത്രം 975100 ഇന്ത്യക്കാരാണ് ബ്രിട്ടിടനിൽ വിവിധ ജോലികളിൽ ഏർപ്പെട്ടിരിക്കുന്നത്.2024ൽ 81463 ഇന്ത്യൻ പൗരന്മാർക്കാണ് ബ്രിട്ടൻ വർക്ക് വിസകൾ നൽകിയത്. ആരോഗ്യ മേഖലയിലും, സ്കിൽഡ് മേഖലയിലുമുള്ള തൊഴിൽ വിസകളാണ് ഏറ്റവും കൂടുതൽ ഇന്ത്യക്കാർക്ക് ലഭിച്ചത് എന്ന് കണക്കുകൾ പറയുന്നു.

# റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ ഇന്ത്യയിലേക്ക്; സന്ദർശനം ഡിസംബർ ആദ്യവാരം



റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ ഇന്ത്യയിലേക്ക്. ഇന്ത്യ-റഷ്യ ഉച്ചകോടിക്കായാണ് ഡിസംബർ 5-6 തീയതികളിൽ അദ്ദേഹം ഇന്ത്യയിലേക്ക് എത്തുക.സെപ്റ്റംബർ 1 ന് ഷാങ്ഹായ് സഹകരണ സംഘടന (എസ്‌സിഒ) ഉച്ചകോടിക്കിടെ ചൈനയിലെ ടിയാൻജിനിൽ പ്രധാനമന്ത്രി മോദി റഷ്യൻ പ്രസിഡന്റുമായി കൂടിക്കാഴ്ച നടത്തിയതിന് ശേഷമാണ് അദ്ദേഹത്തിന്റെ ഡിസംബറിലെ സന്ദർശനത്തെക്കുറിച്ചുള്ള വാർത്തകൾ വരുന്നത്. മാറിക്കൊണ്ടിരിക്കുന്ന ആഗോള ചലനാത്മകതയ്ക്കിടയിൽ പുടിന്റെ സന്ദർശനത്തിന് കാര്യമായ പ്രാധാന്യമുണ്ട്. അമേരിക്കയുമായുള്ള ഇന്ത്യയുടെ ബന്ധം വഷളായിക്കൊണ്ടിരിക്കുമ്പോൾ, റഷ്യയുമായും ചൈനയുമായും ഉള്ള ബന്ധം കൂടുതൽ ശക്തമായി.കഴിഞ്ഞാഴ്ച യുഎൻ പൊതുസഭയ്ക്കിടെ ഇന്ത്യൻ മാധ്യമങ്ങളോട് സംസാരിക്കുന്നതിനിടെ റഷ്യൻ പ്രസിഡന്റ് പുടിന്റെ ഇന്ത്യ സന്ദർശനവുമായി ബന്ധപ്പെട്ട് റഷ്യൻ വിദേശകാര്യ മന്ത്രി സെർജി ലാവ്റോവ് വിവരങ്ങൾ വ്യക്തമാക്കിയിരുന്നു. റഷ്യൻ പ്രസിഡന്റിന്റെ ഇന്ത്യ സന്ദർശനത്തിൽ വ്യാപാരം, പ്രതിരോധം, സാങ്കേതികവിദ്യ, സഹകരണം ഉൾപ്പെടെയുള്ള അജണ്ടകൾ ഉൾപ്പെടുമെന്നും അദ്ദേഹം വ്യക്തമാക്കി.



## പ്രശസ്ത പ്രൈമറ്റോളജിസ്റ്റും പരിസ്ഥിതി പ്രവർത്തകയുമായ ജെയ്ൻ ഗുഡാൾ അന്തരിച്ചു

ലണ്ടൻ : നരവംശശാസ്ത്രജ്ഞ, പ്രകൃതി സംരക്ഷക,പ്രൈമറ്റോളജിസ്റ്റ് എന്നീ നിലകളിൽ ലോകമെമ്പാടും പ്രശസ്തയായ ഡോ. ജെയ്ൻ ഗുഡാൾ അന്തരിച്ചു. 91-ാം വയസിലാണ് അന്ത്യം.അവരുടെ സ്ഥാപനമായ 'ജെയ്ൻ ഗുഡാൾ ഇൻസ്റ്റിറ്റ്യൂട്ട്' ആണ് മരണ വിവരം പുറത്ത് വിട്ടത്. യു.എസ് പര്യടനത്തിനിടെ കാലിഫോർണിയയിൽ വെച്ചായിരുന്നു ബ്രിട്ടീഷ് നരവംശശാസ്ത്രജ്ഞയുടെ അന്ത്യം. ചിമ്പാൻസികളെക്കുറിച്ചുള്ള വിപ്ലവകരമായ ഗവേഷണങ്ങളിലൂടെയാണ് ഗുഡാൾ ലോകമെമ്പാടും അറിയപ്പെടുന്നത്. 2002-ൽ ഐക്യരാഷ്ട്രസഭയുടെ 'മെസഞ്ചർ ഓഫ് പീസ്'ആയി തിരഞ്ഞെടുക്കപ്പെട്ടു.1960-കളിൽ തന്റെ 26-ാം വയസിൽ ടാൻസാനിയയിലെ ഗോംബെ സ്ട്രീം നാഷണൽ പാർക്കിൽ വെച്ച് ചിമ്പാൻസികളുടെ സാമൂഹിക പെരുമാറ്റത്തെക്കുറിച്ച് അവർ നടത്തിയ പഠനങ്ങളാണ് മൃഗങ്ങളെ കുറിച്ചുള്ള പഠനത്തിൽ വലിയ മാറ്റം വരുത്തിയത്.ഡോ. ജെയിൻ ഗുഡാൽ രണ്ടുതവണ വിവാഹിതയായി.പത്ത് വർഷത്തെ ദാമ്പത്യത്തിന് ശേഷം 1974 ൽ അവർ വിവാഹമോചനം നേടി.ഒരു വർഷത്തിനുശേഷം ഗുഡാൽ ഡെറക് ബ്രൈസണെ വിവാഹം കഴിച്ചു. ടാൻസാനിയയുടെ പാർലമെന്റ് അംഗവും അവരുടെ ദേശീയ ഉദ്യാനങ്ങളുടെ ഡയറക്ടറുമായിരുന്നു. 1980 ൽ അദ്ദേഹം കാൻസർ ബാധിച്ച് മരിച്ചു. അതിനുശേഷം ഒരിക്കലും വിവാഹം കഴിക്കാതിരിക്കുന്നതിനെക്കുറിച്ച് പീപ്പിളിനോട് ഗുഡാൾ തുറന്ന് സംസാരിച്ചിരുന്നു.'' ഞാൻ ശരിയായ വ്യക്തിയെ കണ്ടുമുട്ടിയില്ല, 46 വയസ്സുള്ളപ്പോൾ ഭർത്താവിനെ നഷ്ടപ്പെട്ടു. ''എനിക്ക് ധാരാളം പുരുഷ സുഹൃത്തുക്കളുണ്ടായിരുന്നു, എനിക്ക് ധാരാളം സ്ത്രീ സുഹൃത്തുക്കളും ഉണ്ടായിരുന്നു. എന്റെ ജീവിതം പൂർണ്ണമായിരുന്നു. എനിക്ക് ഒരു ഭർത്താവിന്റെ ആവശ്യമില്ലായിരുന്നു,'' ഗുഡാൾ കൂട്ടിച്ചേർത്തു.

## ഫിലിപ്പീൻസ് ഭൂചലനം: കനത്ത മഴ രക്ഷാപ്രവർത്തനം ദുഷ്കരമാക്കുന്നു



മനില: മധ്യ ഫിലിപ്പീൻസിലെ സെബു മേഖലയിൽ ശക്തമായ ഭൂചലനത്തിൽ 69 പേർ മരിച്ചു. ചൊവ്വാഴ്ച രാത്രി പ്രാദേശിക സമയം 10 ഓടെയാണ് റിക്ടർ സ്കെയിലിൽ 6.9 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പമുണ്ടായത്. നിരവധി കെട്ടിടങ്ങൾ തകർന്നുവീണു. മരണസംഖ്യ ഇനിയും ഉയർന്നേക്കുമെന്നാണ് റിപ്പോർട്ട്. നിരവധി ആളുകൾക്ക് പരിക്കേറ്റിട്ടുണ്ടെന്നും അധികൃതർ അറിയിച്ചു.യു എസ് ജിയോളജിക്കൽ ഡിപ്പാർട്മെന്റ് പറയുന്നത് അനുസരിച്ച്, ഭൂകമ്പത്തിന്റെ പ്രഭവകേന്ദ്രം ബോഹോൾ പ്രവിശ്യയിലെ കാലാപ്പെയ്ക്ക് ഏകദേശം 11 കിലോമീറ്റർ കിഴക്ക്-തെക്ക് കിഴക്കായിട്ടാണ്. ഈ പ്രദേശത്ത് ഏകദേശം 33,000 ആളുകൾ താമസിക്കുന്നുണ്ട്. ഭൂചലനത്തിന് പിന്നാലെ ചില പ്രദേശങ്ങളിൽ വൈദ്യുതി മുടങ്ങി. നാല് കെട്ടിടങ്ങളും ആറ് പാലങ്ങളും പൂർണമായി തകർന്നെന്ന് സെബു പ്രവിശ്യ അധികൃതർ അറിയിച്ചു. തകർന്ന കെട്ടിടങ്ങൾക്കടിയിൽപെട്ടാണു മരണം. രക്ഷാപ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. സുനാമി ഭീഷണിയില്ലെന്ന് അധികൃതർ അറിയിച്ചു.മൊത്തം കാണാതായവരുടെ എണ്ണത്തെക്കുറിച്ച് ഇതുവരെ കണക്കുകളൊന്നുമില്ല. ബുധനാഴ്ചയും കാണാതായവരുടെ എണ്ണം കൃത്യമായി കണക്കാക്കിയിട്ടില്ല. 186 പേർക്ക് പരിക്കേറ്റതായും അധികൃതർ പറഞ്ഞു. കനത്ത മഴയും വൈദ്യുതിയുടെ അഭാവവും രക്ഷാപ്രവർത്തനം കൂടുതൽ ദുഷ്കരമാക്കി.2013-ൽ അയൽ ദ്വീപായ ബൊഹോളിൽ 7.2 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പത്തിൽ 222 പേർ കൊല്ലപ്പെട്ടതിന് ശേഷമുള്ള ഏറ്റവും വലിയ ഭൂകമ്പമാണിത്. പസഫിക് 'റിംഗ് ഓഫ് ഫയർ' എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഫിലിപ്പീൻസിൽ എല്ലാ വർഷവും 800-ലധികം ഭൂകമ്പങ്ങൾ അനുഭവപ്പെടുന്നു.

## 'ഭൂമിയുടെ നിലവിളി കേൾക്കൂ': കാലാവസ്ഥാ വ്യതിയാനത്തെ നേരിടാൻ ആഗോളതലത്തിൽ നടപടിയെടുക്കണമെന്ന് ലിയോ മാർപാപ്പ



വത്തിക്കാൻ: പരിസ്ഥിതി സംരക്ഷണത്തിനായി സർക്കാരുകളിൽ സമ്മർദ്ദം ചെലുത്തണമെന്ന് ലിയോ പതിനാലാമൻ മാർപ്പാപ്പ. പ്രകൃതിയെ നശിപ്പിക്കുന്നത് ക്രിസ്തീയ വിശ്വാസത്തിന് നിരക്കാത്തതാണെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു.'ദൈവത്തെ സ്നേഹിക്കാനും അവന്റെ സൃഷ്ടികളെ പുച്ഛിക്കാനും നമുക്ക് കഴിയില്ല,' ഫ്രാൻസിസ് മാർപാപ്പയുടെ പരിസ്ഥിതിയെക്കുറിച്ചുള്ള നാഴികക്കല്ലായ രേഖയുടെ 10 വർഷം തികയുന്ന വേളയിൽ നടന്ന സമ്മേളനത്തിൽ ലിയോ പറഞ്ഞു. സമൂഹത്തിലെ എല്ലാവരും, സർക്കാരിതര സംഘടനകളിലൂടെയും അഭിഭാഷക ഗ്രൂപ്പുകളിലൂടെയും, കൂടുതൽ കർശനമായ നിയന്ത്രണങ്ങളും നടപടിക്രമങ്ങളും നിയന്ത്രണങ്ങളും വികസിപ്പിക്കാനും നടപ്പിലാക്കാനും സർക്കാരുകളിൽ സമ്മർദ്ദം ചെലുത്തണമെന്ന് അദ്ദേഹം പറഞ്ഞു. തന്റെ പ്രസ്താവനയിൽ, അടുത്ത മാസം ബ്രസീലിൽ നടക്കുന്ന COP30 കാലാവസ്ഥാ വ്യതിയാന സമ്മേളനത്തെക്കുറിച്ച് ലിയോ പരാമർശിച്ചുകൊണ്ട്, വരാനിരിക്കുന്ന മറ്റ് ഉച്ചകോടികൾ ഭൂമിയുടെയും ദരിദ്രരുടെയും, കുടുംബങ്ങളുടെയും, തദ്ദേശീയരുടെയും, സ്വമേധയാ കുടിയേറ്റക്കാരുടെയും, ലോകമെമ്പാടുമുള്ള വിശ്വാസികളുടെയും നിലവിളി കേൾക്കുമെന്ന് പ്രതീക്ഷിക്കുന്നു എന്ന് പറഞ്ഞു.


ALL PRINT & DESIGN JOBS
HERE & ABROAD
SOUVENIR/BUSINESS CARD/FLYER/BROCHURE/BOOKLET
ENTRY TICKET/FLEX BOARD/FLEX BANNER
WALL CALENDAR/PULL OUT BANNER/NEWSLETTER
LETTERHEAD/ENVELOPS/WEDDING MASS BOOKLET
CHENNIKKARA
Call: Jose Chennikkara Ph:773 842 9149
chennikkara@gmail.com / www.chennikkara.com
In association with Five Star Offset Printers & Packaging Ernakulam / 91 984 733 6960


ലോകമെമ്പാടുമുള്ള
ഏറ്റവും പുതിയ
വാർത്തകൾ
മലയാളത്തിൽ
വായിക്കുവാൻ
സോഷ്യൽമീഡിയ
സ്പോർട്സ്
സിനിമാ
വിശേഷങ്ങളും
ഈടുറ്റ
ലേഖനങ്ങളും
ഇ – പേപ്പറും
വായിക്കുവാൻ...
വാചകം
VACHAKAM
News Portal for Malayalees Worldwide
visit: www.vachakam.com
news@vachakam.com | vachakamonline@gmail.com
1 773 888 2243, 1 773 842 9149